

# യേശുമിശിഹാ ഇന്ത്യയിൽ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# യേശുമിശിഹാ ഇന്ത്യയിൽ

## JESUS IN INDIA


ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ്(അ)

വിവ: എൻ. അബ്ദുർറഹിം



പ്രസാധകർ

നസാറത് നശ്ർ വ ഇശാഅത്ത്

സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ – ഖാദിയാൻ

YESHU MISHIHA INDIAYIL (Jesus in India)
Malayalam Version of the original Urdu Work
*'Masih Hindusthan Mein'*

Author: Hadhrat Mirza Ghulam Ahmad(A)
Promised Messiah & Mahdi

Translator:N. Abdurrahim

Published by: Nazarat Islah-O-Irshad Markazia Qadian
Qadian 143516 Gurdaspur-Dt, Punjab-St, INDIA

Printing at : Orange Offset Printers,Calicut

Fourth Edition: 2016 March

Copies: 1000

ISBN: 9788179122525

# ഉള്ളടക്കം


അവതാരിക 5

ആമുഖം 7

**അധ്യായം 1**

യേശു കുരിശിൽ മരിച്ചിട്ടില്ല 25

**അധ്യായം 2**

ഈസാനബി കുരിശുസംഭവത്തിനുശേഷം 78

(ഖുർആൻ-ഹദീഥ് തെളിവുകൾ)

**അധ്യായം 3**

വൈദ്യശാസ്ത്രത്തെളിവുകൾ 87

**അധ്യായം 4**

ഒന്നാം കാണ്ഡം- ചരിത്രഗ്രന്ഥങ്ങളിൽനിന്ന് 100

ഈസാനബിയുടെ സഞ്ചാരമാർഗ്ഗം 102

രണ്ടാം കാണ്ഡം- ബുദ്ധമതഗ്രന്ഥങ്ങളിൽ 107

മൂന്നാം കാണ്ഡം- ഇസ്രായേല്യർ ഇന്ത്യയിൽ 136

24 ഗോത്രങ്ങൾ 145

അനുബന്ധം 155

പുനരുത്ഥാനമോ പുനരുജ്ജീവനമോ 158



ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ്(അ)

# അവതാരിക

ഹദ്റത്ത് വാഗ്ദത്ത് മഹ്ദീ മസീഹ്(അ)ന്റെ ഒരു കർത്തവ്യം കുരിശ്ശുടക്കുകയാണ്. ഇതു സംബന്ധമായി അദ്ദേഹത്തിന്റെ മസീഹ് ഹിന്ദുസ്ഥാൻ മേം (യേശു മിശിഹ ഇന്ത്യയിൽ) എന്ന ഈ ഗ്രന്ഥത്തെ അവസാന വാക്കെന്ന് പറയാവുന്നതാണ്. ഈ ഗ്രന്ഥത്തിൽ യേശു മിശിഹ കുരിശുസംഭവത്തിനു ശേഷം പല സ്തീനിൽ നിന്ന് പലായനം ചെയ്ത് വിവിധ രാജ്യങ്ങളിലൂടെ സഞ്ചരിച്ച് ഇന്ത്യയിലെത്തിയെന്ന് സ്ഥാപിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ്(അ)നെക്കുറിച്ച് ഇക്കാലഘട്ടത്തിൽ നടക്കുന്ന എല്ലാത്തരം ഗവേഷണങ്ങളുടേയും അടിത്തറ ഈ ഗ്രന്ഥം തന്നെയാണ്.

ഈ പുസ്തകത്തിൽ വിവിധ അദ്ധ്യായങ്ങളിൽ വിഷയത്തെ ക്രമീകരിച്ചിരിക്കുന്നു. അത് അനുവാചകർക്കും ഗവേഷകർക്കും ഏറെ പ്രയോജനപ്രദമാണ്.

ഈ ഗ്രന്ഥത്തിന്റെ പല പതിപ്പുകളും വിവിധ ഭാഷകളിൽ പരിഭാഷയും ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇപ്പോൾ ഇതിന്റെ മലയാളം പരിഭാഷ നാലാം പതിപ്പ് നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ (കേന്ദ്ര പ്രസിദ്ധീകരണ വിഭാഗം) പ്രസിദ്ധീകരിക്കുകയാണ്.

അല്ലാഹു ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാവർക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, ഈ പുസ്തകം സുമനസ്സുകളുടെ സന്മാർഗത്തിന് നിമിത്തമാക്കുമാറാകട്ടെ. ആമീൻ

സെക്രട്ടറി പബ്ലിക്കേഷൻസ്,
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

نَحْمَدُهٗ وَ نُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ

رَبَّنَا افْتَحْ بَيْنَنَا وَ بَيْنَ قَوْمِنَا بِالْحَقِّ وَ اَنْتَ خَيْرُ الْفَاتِحِيْنَ

## ആമുഖം

**മു**സ്ലിംകളിലും മിക്ക ക്രിസ്ത്യാനികളിലും യേശുവിന്റെ -ഈസാ നബിയുടെ-ആദ്യകാലത്തെയും അവസാന കാലത്തെയും ജീവിതത്തെപ്പറ്റി നിലനില്ക്കുന്ന ഗുരുതരമായ തെറ്റുധാരണകൾ, അംഗീകൃത യാഥാർത്ഥ്യങ്ങളെയും, അമുസ്ലിംകളുടെ പുരാതനരേഖകളിൽനിന്നും പൊതുവായ ചരിത്രത്തെളിവുകളിൽനിന്നുമുള്ള ന്യായവാദങ്ങളെയും അടിസ്ഥാനപ്പെടുത്തി തെളിയിച്ചു കാട്ടുവാനുദ്ദേശിച്ചാണ് ഞാൻ ഈ പുസ്തകം രചിച്ചിട്ടുള്ളത്. ഈ തെറ്റുധാരണകളുടെ അപകടകരമായ ദൂഷ്യഫലങ്ങൾ, തൗഹീദിനെ-ഏകദൈവ തത്ത്വത്തെ-ഹാനിപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തിട്ടുള്ളതിന് പുറമെ, ഈ രാജ്യത്തെ മുസ്ലിംജനസാമാന്യത്തിന്റെ ധാർമിക ജീവിതത്തിൽ, ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുഃസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗ്ഗത്തിന്റെ അഭാവം, ദുഷ്ടവിചാരങ്ങൾ, ഹൃദയകാഠിന്യം അനുകമ്പയില്ലായ്മ എന്നിങ്ങനെയുള്ള ആത്മീയരോഗങ്ങൾ ഇത്തരം അടിസ്ഥാനരഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിന്റെ ഫലമായി മിക്ക മുസ്ലിം കക്ഷികളിലും വ്യാപരിച്ചിരിക്കുകയാണ്. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേക്കുമായി വിട ചോദിച്ചു പിരിയുമെന്ന മട്ടിൽ, ദിവസംതോറും അപ്രത്യക്ഷ

മായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും ഈ അധാർമ്മികതയും അനേകം മുസ്ലിംകളെ കാട്ടുമൃഗങ്ങളെപ്പോലെയാക്കി മാറ്റിയിരിക്കുന്നു. ഒരു ജൈനനോ ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോപോലും കൊല്ലാൻ പേടിക്കുമ്പോൾ, അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവ്വശക്തനായ അല്ലാഹുവിനെപോലും- എല്ലാ ജീവജന്തുക്കളെക്കാളും മനുഷ്യജീവനു അവനാണ് ഏറ്റവും ഉയർന്ന വില കല്പിച്ചിട്ടുള്ളതെങ്കിലും ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങനെയാണുണ്ടായിത്തീർന്നത്? അതിനു കാരണം ഇതാണ്: ചെറുപ്പത്തിൽത്തന്നെ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്യുകയാൽ സാവധാനത്തിൽ അവർ ധാർമ്മികമായി ശവപ്രായക്കാരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ചു ബോധമറ്റവരായിത്തീരുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ഒരാൾ കൊല്ലപ്പെടുന്ന ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താനൊരു നന്മ പ്രവർത്തിച്ചവനെപ്പോലെയാണ് സ്വയം കരുതുന്നത്; അഥവാ, സ്വസമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കിയെന്നു ധരിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള ഉപദേശപ്രസംഗങ്ങളോ ഖുത്ബകളോ നമ്മുടെ നാട്ടിലെവിടെയും നിർവ്വഹിക്കപ്പെടുന്നില്ലാത്തതിനാൽ- അഥവാ അങ്ങനെ പ്രസംഗിക്കുന്നുവെങ്കിൽത്തന്നെ അല്പമൊരു കപടഭാവത്തോടെയാവാനേ തരമുള്ളൂ- സാധാരണക്കാർ ഇത്തരം ദുഷ്കൃത്യങ്ങൾക്ക് അംഗീകാരമുള്ളതായി കരുതും. ആകയാൽ, എന്റെ സ്വന്തം സമുദായക്കാരോടുള്ള അനുകമ്പ നിമിത്തം മുസ്ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നിലനില്ക്കുന്ന വിശ്വാസങ്ങൾ-ഇതര സമുദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുത്വവും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള, ദീർഘദൃഷ്ടിയില്ലാത്ത ഉലമാ

ക്കൾ പഠിപ്പിച്ചുപോന്ന തെറ്റായ വിശ്വാസങ്ങളാണെന്ന് വിവരിച്ചു കൊണ്ടുള്ള ഒട്ടേറെ പുസ്തകങ്ങൾ ഞാൻ അറബിയിലും ഉർദു വിലും പേർസ്യനിലും രചിച്ചിരിക്കുന്നു. മതവിശ്വാസകാര്യത്തിൽ വാളുപയോഗിക്കാൻ ഇസ്‌ലാം അനുവദിക്കുന്നേയില്ല; പ്രതിരോ ധയുദ്ധങ്ങളിലോ, ഒരു ഭീകരവാഴ്ചക്കാരനെ ശിക്ഷിക്കാനും സ്വാ തന്ത്ര്യം ഉയർത്തിപ്പിടിക്കാനുമുള്ള യുദ്ധങ്ങളിലോ മാത്രമേ വാളു പയോഗിച്ചുകൂടു. ഒരു എതിരാളി ജീവനുനേരെ ഭീഷണി ഉയ ർത്തുന്ന തരത്തിൽ ആക്രമണം നടത്തുമ്പോഴാണ് പ്രതിരോധ യുദ്ധത്തിന്റെ ആവശ്യം നേരിടുന്നത്. ഇതാണ് ശരീഅത്ത്- ധർ മ്മശാസ്ത്രമനുവദിച്ചിട്ടുള്ള മൂന്നുതരം യുദ്ധങ്ങൾ. ഇതല്ലാതെ മതം പരത്താൻവേണ്ടി മറ്റൊരുതരത്തിലുള്ള യുദ്ധത്തിനും ഇസ് ലാം അനുമതി നല്കുന്നേയില്ല. ഞാൻ ഈ ഗ്രന്ഥങ്ങൾക്ക് ഒട്ടേറെ തുക ചെലവാക്കുകയും ഈ രാജ്യത്തും അറേബ്യ, സിറിയ, ഖുറാസാൻ തുടങ്ങിയ സ്ഥലങ്ങളിലും അവ പ്രസിദ്ധപ്പെടുത്തു കയുമുണ്ടായി. എന്നാൽ, ദൈവാനുഗ്രഹത്താൽ ജനഹൃദയങ്ങ ളിൽനിന്ന് ഇത്തരം വിശ്വാസങ്ങളിൽ അത്ഭുതകരമായ മാറ്റം വരുത്തുവാൻ സഹായകമായിട്ടുള്ള വ്യക്തമായ സാഹചര്യത്തെ ളിവുകളും ചരിത്രരേഖകളും എന്റെ പക്കലുണ്ട്. സത്യങ്ങൾ മന സ്സിലാക്കിത്തുടങ്ങുന്നതോടെ ഇസ്‌ലാമിലെ സദ്വൃത്തന്മാരുടെ ഹൃദയങ്ങളിൽ വിനയത്തിന്റെയും വണക്കത്തിന്റെയും ദയാദാ ക്ഷിണ്യത്തിന്റെയും മധുരമനോഹരമായ നീരുറവകൾ ഒഴുകി ത്തുടങ്ങുകയും രാജ്യത്താകെ ഗുണകരവും അനുഗ്രഹ പൂർണ്ണ വുമായ സ്വാധീനം ഉണ്ടാക്കുന്ന ആത്മീയ പരിവർത്തനം സംജാ തമാകുകയും ചെയ്യും. ക്രിസ്തീയ ഗവേഷകന്മാരും സത്യത്തെ ഉറ്റു നോക്കുന്നവരും അതിനായി ദാഹിക്കുന്നവരും എന്റെ ഗ്രന്ഥ ത്തിൽനിന്ന് ഫലമെടുക്കുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും വിശ്വാസസംഹി തയുടെ ഭാഗമായിക്കഴിഞ്ഞിട്ടുള്ള അബദ്ധധാരണകൾ തിരുത്തു കയെന്നതാണ് ഈ പുസ്തകനിർമ്മിതിയുടെ പ്രധാന ഉദ്ദേ ശ്യമെന്നു ഞാനിപ്പോൾ പറഞ്ഞുവച്ച കാര്യം അല്പമൊരു വിശ ദീകരണം അർഹിക്കുന്നു; ഞാനത് ചുവടെ വിവരിക്കാം.

ഈസാനബി(അ)-യേശു-ജീവനോടെ ആകാശത്തേക്കുയർന്നുപോയി എന്നാണ് ബഹുഭൂരിപക്ഷം മുസ്‌ലിംകളും, ക്രിസ്ത്യാനികളും വിശ്വസിക്കുന്നത്. യേശു ഇപ്പോഴും ആകാശത്തിൽ ജീവിക്കുന്നുവെന്നും, അവസാനകാലത്തു ഒരു ദിവസം ഭൂമിയിൽ ഇറങ്ങി വരുമെന്നുമാണ് ഇത്രയുംകാലം അവർ വിശ്വസിച്ചുവന്നിട്ടുള്ളതും. അവരുടെ വീക്ഷണങ്ങളിൽ, അതായതു മുസ്‌ലിംകളുടെയും അതുപോലെത്തന്നെ ക്രിസ്ത്യാനികളുടെയും വിശ്വാസങ്ങളിലുള്ള വ്യത്യാസം ഇത്രയുമാണ്. യേശു കുരിശിന്മേൽ മരിച്ചുവെന്നും പിന്നീട് ഉയിർത്തെഴുന്നേറ്റ് ജഡശരീരത്തോടെ സ്വർഗ്ഗത്തിൽ കയറിപ്പോകുകയും തന്റെ പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിപ്പുറപ്പിക്കുകയും ചെയ്തുവെന്നും അവസാനനാളിൽ വിധി നടത്താനായി ഭൂമിയിൽ ഇറങ്ങി വരുമെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ലോകത്തിന്റെ സ്രഷ്ടാവും രക്ഷിതാവും ഈ യേശുമിശിഹാ അല്ലാതെ മറ്റാരുമല്ലെന്നും അവർ പറയുന്നു. അവസാനനാളിൽ ശിക്ഷാരക്ഷകൾ നല്കുന്നതിന് ഭൂമിയിൽ അവതരിക്കുന്നതും അദ്ദേഹം തന്നെയായിരിക്കും. തന്നെയും തന്റെ മാതാവിനെയും ദൈവമെന്നു വിശ്വസിക്കാത്തവരെല്ലാം നരകത്തിലെറിയപ്പെടും. അവിടെയാകട്ടെ, കരച്ചിലും, പല്ലുകടിയും ആയിരിക്കും അവർക്കുള്ള വിധി. എന്നാൽ, മേൽപറഞ്ഞ മുസ്‌ലിംകൾ പറയുന്നതാകട്ടെ, ഈസാ നബി(അ) കുരിശിൽതറയ്ക്കപ്പെടുകയുണ്ടായിട്ടില്ലെന്നും കുരിശിന്മേൽ മരിച്ചിട്ടില്ലെന്നും നേരമറിച്ച്, ക്രൂശിക്കാനായി ജൂതന്മാർ അദ്ദേഹത്തെ അറസ്റ്റ് ചെയ്തപ്പോൾ ഒരു മലക്കു പ്രത്യക്ഷപ്പെട്ട് ജഡദേഹത്തോടെ അദ്ദേഹത്തെ ആകാശത്തേക്ക് എടുത്തു കൊണ്ടു പോയിയെന്നും അദ്ദേഹം ഇപ്പോഴും ആകാശത്തിൽ-അതായത് യഹ്‌യാനബി (യോഹന്നാൻ)- താമസിക്കുന്ന രണ്ടാം ആകാശത്തിൽ-പാർത്തു വരികയാണെന്നു മത്രെ. ഇതുകൂടാതെ, ഈസാ നബി(അ) അല്ലാഹുവിന്റെ ഒരു വലിയ പ്രവാചകനാണെന്നും ദൈവമോ ദൈവപുത്രനോ അല്ലെന്നും മുസ്‌ലിംകൾ പറയുന്നുണ്ടെങ്കിലും, അവസാന നാളിൽ അദ്ദേഹം ഡമസ്കസിലെ മിനാരത്തിനടുത്ത് അഥവാ, മറ്റെന്തിന്റെയെങ്കിലും സമീപത്ത് രണ്ടു

മലക്കുകളുടെ ചുമലുകളിലൂന്നി ഭൂമിയിൽ ഇറങ്ങി വരുമെന്നും, അദ്ദേഹം ഭൂമിയിൽ അതിനകം വെളിപ്പെട്ടു കഴിഞ്ഞ **ഫാത്വിമ വംശജനായ മഹ്ദി ഇമാമി**നോടൊപ്പം ചേർന്ന് എല്ലാ അമുസ്ലിംകളേയും അവർ തൽക്ഷണം മുസ്ലിംകളായി മാറാത്ത പക്ഷം ഒരൊറ്റ ആളേയും ജീവനോടെ അവശേഷിപ്പിക്കാത്ത വിധം കൊന്നൊടുക്കുമെന്നും കൂടി മുസ്ലിംകൾ വിശ്വസിക്കുന്നു. ചുരുക്കത്തിൽ, ഈസാനബി(അ) ഈ ഭൂമിയിലിറങ്ങിവരുമെന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം വഹ്ഹാബികളെന്നു പൊതുവെ മുസ്ലിംകൾ വിളിച്ചുപോരുന്ന അഹ്ലെഹദീഥ് കക്ഷിക്കാരുടെ പക്കൽ, ഹിന്ദുക്കളുടെ മഹാദേവനെപ്പോലെ മുഴുവൻ ലോകത്തേയും നിഗ്രഹിക്കുക എന്നതത്രെ. മുസ്ലിമായിത്തീരണമെന്ന നിർദ്ദേശവുമായി ജനങ്ങളെ ആകെ ഭീഷണിപ്പെടുത്തുകയും അവർ അവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്ന പക്ഷം വാളുകൊണ്ട് അവരെ കൂട്ടക്കൊല ചെയ്യുകയും ചെയ്യും. അദ്ദേഹം ജഡശരീരത്തോടെ ഇപ്പോഴും ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്നും മുസ്ലിംഭരണകൂടങ്ങൾ ദുർബ്ബലമായിത്തീരുമ്പോൾ, അദ്ദേഹം ഇറങ്ങിവന്നു അമുസ്ലിംകളെ കൊല്ലുകയോ, കൊലപ്പെടുത്തുമെന്ന് ഭീഷണിമുഴക്കി മുസ്ലിമായിത്തീരാൻ പ്രേരിപ്പിക്കുകയോ ചെയ്യുമെന്നും അവർ ഘോഷിക്കുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, മുകളിൽ പറഞ്ഞ ഈ കക്ഷികളുടെ ഉലമാക്കൾ പറയുന്നത്, യേശു ആകാശത്തിൽ നിന്നിറങ്ങിവരുമ്പോൾ ലോകത്തുള്ള കുരിശുകളൊക്കെ അദ്ദേഹം മുറിക്കുമെന്നും കൂടാതെ വാളുകൊണ്ട് മറ്റൊട്ടേറെ ക്രൂരകൃത്യങ്ങൾ ചെയ്യുമെന്നും ഭൂമിയിൽ രക്തപ്രളയമുണ്ടാക്കുമെന്നുമത്രെ. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ മുസ്ലിംകളിൽപെട്ട ഇക്കൂട്ടർ അതായത്, അഹ്ലെഹദീഥുകാർ തുടങ്ങിയവർ ആവേശപൂർവ്വം വിശ്വസിക്കുന്നത്, ഈസാനബി(അ) ഭൂമിയിൽ ഇറങ്ങുന്നതിന് അല്പംമുമ്പേ ഫാത്വിമയുടെ സന്താനപരമ്പരയിൽനിന്നുള്ള മുഹമ്മദ് എന്നു പേരായ മഹ്ദി പ്രത്യക്ഷപ്പെടുമെന്നും അദ്ദേഹമായിരിക്കും ഖലീഫയും രാജാവുമായിരിക്കുകയെന്നുമാണ്. മഹ്ദി, ഖുറയ്ശി വംശജനായിരിക്കും. ഉടൻ കലിമ ചൊല്ലുന്നവരൊഴിച്ച്

മറ്റെല്ലാ അമുസ്ലിംകളെയും വാളിനിരയാക്കുകയാണ് അദ്ദേഹത്തിന്റെ ആവിർഭാവോദ്ദേശ്യം. ഇമാംമഹ്ദിയുടെ ദൗത്യത്തെ സഹായിക്കാനാണ് മസീഹ് ഇറങ്ങി വരുന്നത്. മസീഹുതന്നെയും ഒരു മഹ്ദി-വലിയ മഹ്ദി-ആയിരിക്കുമെങ്കിലും കാലത്തിന്റെ ഖലീഫ, ഖുറയ്ശി ആയിരിക്കുമെന്നതിനാൽ ഈസാനബി(അ) അന്നത്തെ ഖലീഫയായിരിക്കയില്ല. മുഹമ്മദ് എന്ന മഹ്ദിതന്നെയായിരിക്കും ഖലീഫ. ഈ രണ്ടുപേരുംകൂടി ഭൂമിയിൽ മനുഷ്യരക്തത്തിന്റെ പ്രളയം സൃഷ്ടിക്കുമെന്നാണ് മുസ്ലിംകൾ പറയുന്നത്. ലോകചരിത്രത്തിൽ മുമ്പേയെങ്ങുമുണ്ടായിട്ടില്ലാത്തവിധം രക്തം അവർ ചൊരിയുമത്രെ. വെളിപ്പെട്ടുടൻ അവർ ഈ രക്തയജ്ഞമായിരിക്കും ആരംഭിക്കുക. അവർ ഉപദേശിക്കാനോ ഉൽബോധിക്കാനോ ദൃഷ്ടാന്തങ്ങൾ കാണിക്കാനോ മിനക്കെടില്ല. മസീഹ്(അ) ഇമാം മുഹമ്മദ് മഹ്ദിയുടെ ഉപദേശകനോ പടനായകനോ ആയിരിക്കുന്നതാണ്. എന്നാൽ, മഹ്ദി ഇമാമിന്റെ കൈയിലായിരിക്കും ഭരണത്തിന്റെ കടിഞ്ഞാൺ. ലോകം മുഴുവനും കൂട്ടക്കൊല ചെയ്യാനും അതിരൂക്ഷമായ നടപടികൾ ആരംഭിക്കാനും ഹദ്റത്ത് ഇമാംമുഹമ്മദ്മഹ്ദിയെ മസീഹ് പ്രേരിപ്പിക്കും. എന്നുവച്ചാൽ, അദ്ദേഹം മുമ്പേ ലോകത്തിന് നല്കിയ "തിന്മയെ എതിരിടൊല്ലാ!" "ഇടത്തെ ചെകിട്ടത്തടിച്ചാൽ വലത്തേതും കാണിച്ചു കൊടുക്കുക" തുടങ്ങിയ ദയാർദ്രമായ പാഠങ്ങൾ തിരുത്തിപ്പറയും. എന്നിങ്ങനെയെല്ലാമാണ് അവർ പറയുന്നത്.

## യോദ്ധൃമഹ്ദി

യേശുവിനെപ്പറ്റി ക്രിസ്ത്യാനികളും മുസ്ലിംകളും വിശ്വസിക്കുന്നത് ഇതാണ്: ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെ ഒരു എളിയ മനുഷ്യനെ ദൈവം എന്നു വിളിക്കുന്നത് ഒരു വലിയ തെറ്റാണെങ്കിലും വഹ്ഹാബികൾ എന്നുകൂടി വിളിക്കപ്പെടുന്ന 'അഹ്ലെഹദീഥ്' കക്ഷിക്കാർ ഉൾപ്പെടെ ഇസ്ലാമിന്റെ അനുയായികളിൽ ചിലർ രക്തക്കൊതിയനായ മഹ്ദിയെയും മസീഹിനെയുംപറ്റി പുലർത്തിവന്നിരുന്ന വിശ്വാസങ്ങൾ അവരുടെ ധാർമികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കയാ

ണ്. അവയുടെ ദുസ്സ്വാധീനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾത്തന്നെ, വിശ്വസ്തതയിലും സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ളതല്ലാതായിരിക്കുന്നു. അവർക്ക് ഒരു അമുസ്ലിംഗവർമെന്റിനോട് ആത്മാർത്ഥമായും പൂർണ്ണമായും കൂറുപുലർത്താൻ സാധിക്കുന്നതുമല്ല. അമുസ്ലിംകളെല്ലാം ഉടൻ മുസ്ലിമായിത്തീരണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം വധിച്ചുകളയുമെന്നുമുള്ള ഭീഷണിയും നിർബന്ധവും നിലനില്ക്കുന്നിടത്തോളം അതുതന്നെ അങ്ങേയറ്റത്തെ വിമർശനത്തിനു വിധേയമായിരിക്കുന്നതാണെന്നു ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കും. ഒരു മതധർമ്മത്തിന്റെ സത്യവും സൗന്ദര്യവും ഗ്രഹിച്ചറിയുന്നതിനു മുമ്പേ, ഒരാൾ ആ മതം സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നതും വധഭീഷണിക്കിരയാക്കപ്പെടുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നു മനസ്സാക്ഷിയുള്ള ആരും സമ്മതിക്കുന്നതാണ്. ആ മതധർമ്മത്തിന്റെ വളർച്ചയ്ക്കുപകരം അതിന്റെ ശത്രുക്കൾക്ക് അതിൽ തെറ്റു കാണാൻ അവസരം സൃഷ്ടിക്കുകയാണ് ചെയ്യുകയെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യഹൃദയങ്ങളിൽനിന്ന് ആർദ്രതയും ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സദ്ഗുണങ്ങളും അപ്രത്യക്ഷമാവുകയും പകരം പകയും ശത്രുതയും വളരുകയും ചെയ്യുമെന്നുള്ളതാണ്. പിന്നെ അവശേഷിക്കുന്നതു മൃഗീയ വികാരങ്ങൾ മാത്രം. അതോടെ എല്ലാ ഗുണങ്ങളും തുടച്ചു നീക്കപ്പെടും. ഇത്തരം ഉപദേശങ്ങളൊരിക്കലും ദൈവത്തിൽനിന്നുള്ളതായിരിക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കേണ്ടതാണ്. ദൈവം എല്ലാ ന്യായവിധികളും പൂർത്തിയാക്കിയശേഷമല്ലാതെ ശിക്ഷയിറക്കുന്നവനല്ല.

അതുകൊണ്ട് ഇക്കാര്യം നല്ലപോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സത്യമതത്തെ അതിന്റെ സത്യത്തെയും സിദ്ധാന്തത്തെയും സംബന്ധിച്ചിടത്തോളം തീരെ അജ്ഞനും അറിവില്ലാത്തവനുമായതുകൊണ്ടുമാത്രം ഒരാൾ സ്വീകരിക്കാൻ തയ്യാറാകാത്ത പക്ഷം അയാളെ ഉടനടി കൊന്നുകളയുന്നത് ന്യായമാണോ? അല്ല, ഈ മനുഷ്യൻ സഹതാപമാണ് അർഹിക്കുന്ന

ത്. വളരെ ഉദാരമായും സ്നേഹസൗശീല്യങ്ങളോടുകൂടിയും അയാളെ മതത്തിന്റെ സത്യവും സൗന്ദര്യവും ആത്മീയനേട്ടവും ഉപദേശിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. അതിനാൽ, ഇസ്ലാമിലെ ഈ കക്ഷികൾ ഉയർത്തിപ്പിടിക്കുന്ന **ജിഹാദ് തത്ത്വവും**, ഇമാംമുഹമ്മദ് എന്ന പേരുള്ള രക്തദാഹിമഹ്ദി വെളിപ്പെടാനടുത്തുപോയിയെന്നും അദ്ദേഹത്തിന്റെ സഹായാർത്ഥം മസീഹ് ആകാശത്തുനിന്നിറങ്ങി വരുമെന്നും രണ്ടുപേരുംകൂടി അമുസ്ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസവും നമ്മുടെ ധാർമ്മികബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷിക സൽഗുണങ്ങളും ധർമ്മബോധവും നിശ്ചലമാക്കിക്കളയുകയും കാട്ടുനീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾകൊണ്ടു നടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപടജീവിതം നയിക്കുന്നവരാണ്. അതുപോലെതന്നെ മറ്റൊരു മതവിശ്വാസക്കാരുടെ ഗവൺമെന്റിനോട് യഥാർത്ഥമായ കൂറുപുലർത്തുവാനും ഇവർക്ക് സാദ്ധ്യമാവുകയില്ല. ഇവർ ഇത്തരം ഗവൺമെന്റുകളോടു കൂറുപുലർത്തുന്നുവെന്ന് വഞ്ചനാപരമായിട്ടാണ് പറയുന്നത്. അതു തെറ്റുമാണ്. അതുകൊണ്ടാണ് ഞാൻ മുകളിൽ പറഞ്ഞ ചില അഹ്ലെ ഹദീഥ് കക്ഷിക്കാർ ബ്രിട്ടീഷിന്ത്യയിൽ ബ്രിട്ടീഷ് ഗവർമെന്റിനെതിരെ ഇരട്ടജീവിതം നയിക്കുന്നത്. രഹസ്യത്തിൽ അവർ രക്തദാഹി മഹ്ദിയും രക്തദാഹി മസീഹും വെളിപ്പെടുന്ന ദിവസത്തെപ്പറ്റി ജനങ്ങൾക്ക് ആശയും ആവേശവും നല്കുകയും അങ്ങനെ പഠിപ്പിച്ചു ഒരുക്കിനിറുത്തുകയും ചെയ്യുമ്പോൾ, അധികൃതന്മാരുടെ മുന്നിൽ അവർക്ക് സ്തുതിഗീതം പാടുകയും അത്തരം വിശ്വാസങ്ങളൊന്നും തങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അവരുടെ മുന്നിലേറ്റുപറയുകയും ചെയ്യുന്നു. എന്നാൽ, അവർ യഥാർത്ഥത്തിൽ അത്തരം ആശയങ്ങളെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ടു അവരതു പരസ്യമായി എഴുതി പ്രദർശിപ്പിക്കുന്നില്ല? എന്തുകൊണ്ട് അവർ രക്തദാഹി മഹ്ദിയെയും രക്തദാഹി മസീഹിനെയും അവരിരുവരും വാതിൽപ്പടിക്കൽ എത്തി

ക്കഴിഞ്ഞുവെന്നോണം കാത്തുനില്ക്കുകയും അവരുടെ കൂട്ട ക്കൊലയജ്ഞത്തിൽ പങ്കുചേരാൻ ബദ്ധപ്പെടുകയും ചെയ്യുന്നു?

## മഹ്ദിയും ജിഹാദും

ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമികനില വാരംതന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാന തൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമ ല്ലാതെ വന്നു. മറിച്ച് ഒരു കാരണവുംകൂടാതെ മറ്റുള്ളവരെ കൊല്ലു കയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമ്മമായി മാറി യിരിക്കുകയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വി ശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീഥ് കക്ഷി ക്കാരിലുണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവി ക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെത്തന്നെയും കൊന്നിടുവാൻ അവ സരം കിട്ടുന്ന പക്ഷം കൊല്ലുന്നതു വലിയൊരു പുണ്യകൃത്യ മായിത്തന്നെ അവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാമെന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവ ചനങ്ങളിലുള്ള വിശ്വാസവും രക്തംചിന്തി ഇസ്ലാമിനെ പ്രച രിപ്പിക്കാനുള്ള അഭിവാഞ്ചയുമെല്ലാം വിശുദ്ധഖുർആന്റെയും വിശ്വസനീയമായ ഹദീഥുകളുടെയും പാഠങ്ങൾക്ക് കടകവിരു ദ്ധമായിട്ടുള്ളതത്രെ. നമ്മുടെ നബി(സ) തിരുമേനിക്ക് മക്കയിൽ അവിശ്വാസികളുടെ കൈയാലും അതിനുശേഷവും പീഡന ങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. ആ മഹാത്മാവ് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്ന് കൊല്ലക്കാലവും നാനാതര മായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതങ്ങളു ടെയും കാലമായിരുന്നു. അതോർക്കുമ്പോൾ ആരുടേയും കരള ലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി വാളൂ രിയില്ല. അവരുടെ ദുർഭാഷണങ്ങൾക്കു മറുപടി പറഞ്ഞുമില്ല.

ഇതിനകം അനേകം സഖാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്ക രുണം നിഗ്രഹിക്കപ്പെടുകയുണ്ടായി. ആ ദിവ്യാത്മാവ് തന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേ ഹത്തെ വിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ചു. നബിയെ വധി ക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാ രും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങ നെയെങ്കിലും വധിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കു കതന്നെ ചെയ്തു. അപ്പോഴാണ് ദൈവത്തിന്റെ പ്രതികാര നിയമം പ്രവർത്തനത്തിൽ വന്നത്. ആ സമയം തന്റെ വരിഷ്ഠന്മാരുടെ യും സത്യസന്ധന്മാരുടെയും സാത്ത്വികന്മാരുടെയും സഹായ കനും ആശ്രയ സ്ഥാനവുമായ ദൈവം, ആ നഗരത്തിൽ തിന്മ യല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്തതിനാലും, ജനങ്ങൾ നബിയെ വധിക്കുവാൻ കച്ചകെട്ടിപ്പുറപ്പെട്ടതിനാലും ഉടനെ നാടു വിട്ടു കൊള്ളണമെന്ന് നബിയ്ക്ക് അറിവു നല്കി. അങ്ങനെ ദൈവിക കല്പനപ്രകാരം ആ പുണ്യാത്മാവ് മദീനയ്ക്കു പുറ പ്പെട്ടു. ഈ അവസ്ഥയിലും ശത്രുക്കൾ അദ്ദേഹത്തെ തന്റെ പാ ട്ടിനു വിട്ടുകളയാതെ പിന്തുടരുകയും ഇസ്ലാമിനെ ചവിട്ടിമെ തിക്കാൻതന്നെ പുറപ്പെടുകയും ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർ കടക്കുകയും നിരപരാധിക ളുടെവധം അവർക്ക് ശിക്ഷ നല്കേണ്ടത് ആവശ്യമായിരിക്കു മാറ് വർദ്ധിച്ചുവരികയും ചെയ്തപ്പോൾ, ആത്മ രക്ഷാർത്ഥം പ്രതിരോധമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നല്കി. ശരിയായ യുദ്ധത്തിലല്ലാതെ വെറുമൊരു ദ്രോഹമെന്ന നിലയിൽ നിരവധി നിരപരാധികളെ കൊല്ലുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തതിന് പകരമെന്നോണം അത്തരം പെരുമാറ്റം അവരും അവരുടെ സഹായികളും അർഹിക്കുന്നതുമാത്രമായിരുന്നു. എന്നാൽ, ഇതി നെല്ലാമെതിരിൽ, മക്കാവിജയമുണ്ടായപ്പോൾ നമ്മുടെ പ്രവാച കനായകൻ(സ) അത്തരക്കാർക്കെല്ലാം മാപ്പു നല്കുകയാണു ണ്ടായത്. അതിനാൽ, തിരുനബിയും സഖാക്കളും മതം പര ത്താൻവേണ്ടി യുദ്ധം ചെയ്തുവെന്നോ അവർ ആളുകളെ മാർഗം

കൂട്ടാൻ സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിച്ചുവെന്നോ ആരോപിക്കുന്നതു അങ്ങേയറ്റത്തെ അന്യായവും അനീതിയും മാത്രമാണ്.

അക്കാലത്ത് സകലജനങ്ങളും ഇസ്ലാമിന്റെനേരെ പകയും വിദ്വേഷവും പുലർത്തിപ്പോന്നിരുന്നു. ഇസ്ലാം ഒരു പുതിയ പ്രസ്ഥാനവും മുസ്ലിംകൾ ഒരു ദുർബ്ബലന്യൂനപക്ഷവുമെന്ന് കരുതി ശത്രുക്കൾ ഇസ്ലാമിന്റെ വേരറുത്തുകളയാനുള്ള ദുരാലോചനകളിൽ ഏർപ്പെട്ടിരുന്നു. ഈ കൂട്ടർ വളരെ വേഗം നാമാവശേഷമായിപ്പോകുമെന്നും അവർ ഇനി തലയുയർത്തുമെന്നു സംശയിക്കാൻപോലും തരമില്ലെന്നും കൊട്ടിഘോഷിക്കുമാറാകണമെന്ന ആകാംക്ഷയിലായിരുന്നു ശത്രുക്കൾ. ഇക്കാരണത്താൽ, ഓരോ നിസ്സാര കാര്യത്തിലും അവരുടെ ഭാഗത്ത് തടസ്സങ്ങളും പ്രതിരോധങ്ങളും സൃഷ്ടിക്കപ്പെട്ടിരുന്നു. ഏതെങ്കിലും ഗോത്രത്തിൽനിന്ന് ആരെങ്കിലും ഇസ്ലാംമതമാശ്ലേഷിച്ചെങ്കിൽ അവർ ഉടൻ കൊല്ലപ്പെടുകയോ അഥവാ അവരുടെ ജീവൻ അപകടത്തിലാക്കപ്പെടുകയോ ചെയ്തിരുന്നു. അത്തരമൊരു ഘട്ടത്തിൽ ആ നവമുസ്ലിംകളിൽ കനിഞ്ഞു മതഭ്രാന്തന്മാരായ അമുസ്ലിം ഭരണാധിപന്മാർക്ക് ശിക്ഷയെന്നോണം, അവർ ഇസ്ലാമിന് കീഴ്പ്പെടണമെന്നും ഇസ്ലാമിക സ്വാതന്ത്ര്യത്തിന്റെ വാതിൽ തുറന്നു കിടക്കണമെന്നും അല്ലാഹു വിധിച്ചു. സത്യവിശ്വാസം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിലുള്ള തടസ്സങ്ങൾ നീക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. അതു ലോകത്തിനുനേരെ ദൈവം കാണിച്ച കാരുണ്യപ്രകടനമായിരുന്നു. അതാർക്കും ദ്രോഹം വരുത്തിവച്ചതുമില്ല.

## മതത്തിൽ ബലാൽക്കാരമില്ല

എന്നാൽ, ഇക്കാലത്ത് അമുസ്ലിം ഭരണാധിപന്മാർ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ലെന്നതു പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതുമുസ്ലിംകളെ അവർ കൊന്നുകളയുന്നില്ല. അവരെ തുറുങ്കിലടച്ച് ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർക്കെതിരെ ഇസ്ലാമിന്റെ വാൾ എന്തിനു ചുഴറ്റപ്പെടണം? മത

കാര്യത്തിൽ ബലപ്രയോഗത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധഖുർആനും ഹദീഥുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും കഴിയുന്നിടത്തോളം ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്യുകയാണെങ്കിൽ, മതധർമ്മം പരത്താനായി ഇസ്‌ലാം വാൾ ചുഴറ്റിയെന്ന ആരോപണം[1] തികച്ചും അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഖുർആനും ഹദീഥുകളും വിശ്വാസ്യങ്ങളായ ഇസ്‌ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ടു തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നുവെന്നു എനിക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം '**ലാ ഇക്റാഹ ഫിദ്ദീൻ**' മതത്തിൽ ബലാൽക്കാരമില്ല- അതായതു, മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ ഒരു ബലപ്രയോഗവും പാടില്ല - എന്നു വ്യക്തമായ മാർഗ്ഗനിർദ്ദേശം നല്കിയിരിക്കെ, ആ ഇസ്‌ലാംമതധർമ്മത്തെപ്പറ്റി ബലപ്രയോഗത്തിന്റെ മതമെന്നു പറയാമോ? പരിശുദ്ധമക്കയിൽ പതിമൂന്നുകൊല്ലക്കാലം തിന്മയെ തിന്മകൊണ്ട് നേരിടരുതെന്നും ക്ഷമയും സഹനവും കൈക്കൊ

---

1. ഈ ആരോപണത്തിന് ഏറ്റവും ശക്തിമത്തായ പിന്തുണനല്കുന്നത് ഇസ്‌ലാമിൽ അടുത്ത കാലത്ത് ഉടലെടുത്ത ഫാഷിസ്റ്റ് കക്ഷിയായ 'ജമാഅത്തെ ഇസ്‌ലാമി'യാണ്. അതിന്റെ സ്ഥാപകനായ **അബുൽഅഅ്‌ലാ സാഹിബ് മൗദൂദി** വാളിനെ പ്രകീർത്തിച്ച് പറഞ്ഞത് ഇങ്ങനെ: "പ്രബോധനങ്ങളും ഉപദേശങ്ങളും വ്യർത്ഥമായി പരിണമിച്ചശേഷം ഇസ്‌ലാംമതപ്രബോധകൻ വാൾ കൈയിലെടുത്തപ്പോൾ മനുഷ്യഹൃദയങ്ങളിൽനിന്ന് ക്രമത്തിൽ ക്രമത്തിൽ തിന്മയുടെയും അക്രമങ്ങളുടെയും കറകൾ നീങ്ങിത്തുടങ്ങി". (അൽജിഹാദ് ഫിൽഇസ്‌ലാം: 137-138) ഇസ്‌ലാമിന്റെ വിശ്വപ്രചാരത്തെപ്പറ്റി കൂലങ്കഷമായ പഠനം നടത്തിയ വിശ്രുത ഓറിയന്റലിസ്റ്റ് സർ. **തോമസ് ആർനോൾഡ്** തന്റെ വിശ്വവിഖ്യാതമായ 'പ്രീച്ചിംഗ് ഓഫ് ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി: "മുസ്‌ലിം ഭരണത്തിന്റെ ആദ്യഘട്ടത്തിൽ ക്രിസ്ത്യൻ പ്രജകളുടെനേരെ പ്രകടിപ്പിച്ചുപോന്നിരുന്ന സഹിഷ്ണുതവച്ചു നോക്കുമ്പോൾ മതപരിവർത്തനത്തിന്റെ അടിസ്ഥാന വസ്തുത വാളായിരുന്നുവെന്ന പൊതു നിഗമനം ഒട്ടും തൃപ്തികരമായി തോന്നുന്നില്ല. മർദ്ദനത്തിന്റേതല്ലാത്ത മറ്റേതെങ്കിലും ഉദ്ദേശ്യം അവരുടെ പ്രവർത്തനങ്ങളിൽ കണ്ടെത്താൻ നാം നിർബന്ധിതരാകുന്നതാണ്." (P.69)-പരി:

ള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചു കൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്ലാംധർമ്മത്തെ വേരോടെ നശിപ്പിക്കാനായി സകലശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ, 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചു മറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നല്കിയിട്ടില്ല. ബലപ്രയോഗത്തിന്റെ പാഠം നല്കിയിരുന്നെങ്കിൽ നമ്മുടെ നബി(സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാഘട്ടങ്ങളിൽ ആത്മാർത്ഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജ്ജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബി(സ) തിരുമേനിയുടേയും സ്വഹാബാക്കളുടേയും ആത്മാർത്ഥത ഇവിടെ എടുത്തു പറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാ ർത്ഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർത്ഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയത്തിൽ നിന്നും മനസ്സിൽ നിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർത്ഥതയും അവർ പരിശുദ്ധനബിയുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ, ഇസ്ലാമിൽ ബലപ്രയോഗത്തിനു ഒരു സ്ഥാനവുമില്ല.

മൂന്നുതരത്തിലുള്ള യുദ്ധത്തിന് മാത്രമെ ഇസ്ലാം അനുവാദം നല്കുന്നുള്ളൂ:

1. **പ്രതിരോധകം**– എന്നുവച്ചാൽ, ആത്മരക്ഷയക്കു വേണ്ടിയുള്ള യുദ്ധം.

2. **പ്രതിക്രിയാപരം**– എന്നുവച്ചാൽ, ചോരക്ക് ചോര എന്ന നിലയിൽ ശിക്ഷാരൂപത്തിലുള്ള യുദ്ധം.

3. **പ്രമോചനപരം-** എന്നുവച്ചാൽ, ഇസ്ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകരമർദ്ദക ഭരണാധികാരികളിൽനിന്നു മോചനം പ്രാപിക്കാനുള്ള സ്വാതന്ത്ര്യസമരം.

ബലംപ്രയോഗിച്ചും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും ആരെയെങ്കിലും മാർഗംകൂട്ടാനുള്ള നിർദ്ദേശം ഇസ്ലാമിലില്ലാത്തനിലക്ക് രക്തദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവത്തെ കുറിച്ചുള്ള പ്രതീക്ഷ നിരർത്ഥകമാണെന്നു വ്യക്തമാണല്ലോ. ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് വിപരീതമായി ജനങ്ങളെ മുസ്ലിംകളാക്കാൻ വാളുപയോഗിക്കുന്ന ഒരാൾ പ്രത്യക്ഷപ്പെടുകയെന്നത് ഒരിക്കലും സംഭാവ്യമല്ല. ഇത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമോ മനുഷ്യന്റെ ധാരണാശക്തിക്കതീതമായിട്ടുള്ള പ്രശ്നമോ അല്ല. സ്വാർത്ഥതാൽപര്യങ്ങൾ കാരണം, വിഡ്ഢികൾ ഒരു പക്ഷേ, അങ്ങനെയെല്ലാം വിശ്വസിച്ചെന്നുവരും. മഹ്ദിഇമാം യുദ്ധം ചെയ്ത് തങ്ങൾക്കു വഹിക്കാൻ കഴിയാത്തത്ര മുതലുകൾ നേടിക്കൊടുക്കുമെന്നാവും ഈ മൗലവിമാർ പുലർത്തിപ്പോരുന്ന ധാരണ! ഇക്കാലത്തെ മൗലവിമാരെല്ലാം ദരിദ്രരാണല്ലോ! അവരെല്ലാം മഹ്ദിഇമാമിന്റെ വരവും കാത്തിരിപ്പാണ്. തങ്ങളുടെ സ്വാർത്ഥപരമായ ആഗ്രഹങ്ങളെല്ലാം മഹ്ദി വെളിപ്പെടുന്നതോടെ നിറവേറ്റപ്പെടുമെന്ന വിചാരത്തിൽ പാവങ്ങൾ രാവും പകലും തള്ളിനീക്കുന്നു. അതുകൊണ്ട്, ഇത്തരമൊരു മഹ്ദിയിൽ വിശ്വാസം കൊള്ളാത്ത ആൾക്കെതിരെ അവർ അണിനിരക്കുന്നതിൽ അത്ഭുതമില്ല. അത്തരമൊരാളെ അവർ കാഫിറെന്നു മുദ്രകുത്തി ഇസ്ലാമിക വൃത്തത്തിൽനിന്നു പുറന്തള്ളാനൊരുങ്ങുന്നു. ഈ കൂട്ടരുടെ കണ്ണിൽ **ഞാനും ഒരു കാഫിറായിത്തീർന്നിരിക്കുന്നു**. അതെ, ഇക്കാരണത്താൽത്തന്നെ. എ ന്തെന്നാൽ, ഞാൻ രക്തദാഹി മഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ല, ഞാൻ അത്തരം നിരർ ത്ഥക ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു. അവരുടെ ഭാവനയിലുള്ള ഇത്തരം മഹ്ദിയിലും ഇത്തരം മസീഹിലും വിശ്വസിക്കാത്തതിനാണ് അവരെന്നെ കാഫിറാക്കിയിരിക്കുന്നത്. എന്നു

മാത്രമല്ല, ദൈവത്തിൽനിന്നുള്ള വ്യക്തമായ വെളിപാടനുസരിച്ച് ബൈബിളിലും ഖുർആനിലും ഹദീഥുകളിലും സുവിശേഷം അറിയിക്കപ്പെട്ട സത്യമഹ്ദിയും വാഗ്ദത്തം ചെയ്യപ്പെട്ട സത്യമസീഹും ഞാൻ തന്നെയാണെന്നു ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നെ കാഫിറാക്കിയതിനുള്ള കാരണം തന്നെ. എന്നാൽ, മഹ്ദീമസീഹാണെന്നു വാദിക്കുന്ന എനിയ്ക്ക് വാളോ തോക്കോ നല്കപ്പെട്ടിട്ടില്ല. വിനയത്തോടും സൗമ്യതയിലും ജനങ്ങളെ ദൈവത്തിങ്കലേക്ക് വിളിക്കാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ആ ദൈവമാകട്ടെ, നിത്യനും മാറ്റമില്ലാത്തവനും പരമപരിശുദ്ധനും പരമജ്ഞാനിയും പരമകാരുണികനും പരമനീതിമാനുമായ സത്യദൈവമാകുന്നു.

## ഞാൻ വെളിച്ചം

ഈ ഇരുണ്ടകാലഘട്ടത്തിലെ വെളിച്ചമാകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവച്ച പടുകുഴികളിൽ വീഴുന്നതിൽനിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്‌ലാമിൽ ധാർമ്മികതക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിനുമായിട്ടത്രെ എന്നെ ദൈവം അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയാടയാളങ്ങൾ ദൈവം എനിക്കുവേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നല്കിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ചുതരുന്നപ്രകാരം അദൃശ്യകാരണങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുമുള്ള രഹസ്യവിവരങ്ങൾ എനിക്ക് ദൈവം വെളിപ്പെടുത്തി തന്നിരിക്കുന്നു. അവൻ എനിക്കു പാവനവും വിശുദ്ധവുമായ ജ്ഞാനം നല്കി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. അതി നാൽ സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെ യ്യുന്ന ആത്മാക്കൾ എനിക്കെതിരെത്തിരിഞ്ഞു. എന്നാൽ, എനി ക്കാകുവോളം ഞാൻ മനുഷ്യവംശത്തിനു നേരെ അനുകമ്പാലു ആയിരിക്കുന്നതാണ്.

ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികളോടുള്ള ഏറ്റവും വലിയ അനുകമ്പാപ്രകടനം അവരുടെ ശ്രദ്ധ സത്യദൈവത്തിലേക്ക് ക്ഷണിക്കുക എന്നതു തന്നെയാണ്. ആ സത്യദൈവം ജനിക്കുകയും മരിക്കുകയും കഷ്ടമനുഭവിക്കുകയും ചെയ്യാത്ത ദൈവമാകുന്നു. ആദ്യത്തെ ഖേചരങ്ങളെ ഗോളാകൃതിയിൽ സൃഷ്ടിച്ചവനാണ് ദൈവം. ഗോളത്തിനെന്നപോലെ ദൈവത്തിൽ ഏകീഭാവവും ഉന്മുഖരാഹിത്യവുമാണുള്ളത്. ഇതത്രെ ഈ പ്രകൃതിനിയമം വഴി നല്കീട്ടുള്ള ആത്മീയദർശനത്തിലടങ്ങിയ തത്ത്വസാരം! അതുകൊണ്ടുതന്നെയാണ് ശൂന്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഒന്നും ത്രികോണാകൃതിയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തത്. എന്നുവച്ചാൽ, ദൈവം ആദ്യത്തിൽ സൃഷ്ടിച്ച ഭൂമി, ആകാശം, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, ധാതുക്കൾ തുടങ്ങിയവയെല്ലാംതന്നെ ഗോളരൂപത്തിലുള്ളതത്രെ. ഈ ഗോളരൂപം ഐക്യഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഏതൊരു ദൈവത്തിന്റെ സൃഷ്ടികൾ ദൈവം ത്രിത്വസങ്കല്പത്തിൽനിന്ന് മുക്തമാണെന്ന് പ്രഖ്യാപിക്കുന്നുവോ ആ പ്രത്യേക ദൈവത്തിലേക്ക് ക്രിസ്ത്യാനികളെ വഴി നടത്തുക എന്നതിനേക്കാൾ ഉപരിയായിട്ടുള്ള അനുകമ്പാ പ്രകടനം മറ്റൊന്നും തന്നെയില്ല.

മുസ്ലിംകളോട് കാണിക്കാനുള്ള ഏറ്റവും വലിയ സഹാനുഭൂതി അവരിൽ ധാർമ്മികപരിഷ്കരണം വരുത്തുകയും രക്തക്കൊതിയൻ മഹ്ദീമസീഹിന്റെ ആവിർഭാവം സംബന്ധിച്ച് അവർ പുലർത്തിപ്പോരുന്ന ഇസ്ലാമിക പാഠങ്ങൾക്ക് വിരുദ്ധമായ വിശ്വാസ പ്രതീക്ഷകൾ അവരിൽനിന്ന് അകറ്റിക്കളയുകയും ചെയ്യുകയെന്നതത്രെ. ഇസ്ലാമിനെ വാൾമുനകാട്ടി പ്രചരിപ്പിക്കുന്ന ഒരു യോദ്ധ്യമഹ്ദി വെളിപ്പെടുമെന്നു ഇക്കാലത്തെ ചില മുസ്ലിം പണ്ഡിതന്മാർ പ്രചരിപ്പിക്കുന്ന വിശ്വാസപ്രതീക്ഷകൾ ഖുർആന്റെ പാഠങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും അത്യാർത്തിയുടെയും സ്വാർത്ഥവിചാരത്തിന്റെയും ഫലമായിട്ടുള്ളതുമാണെന്നു ഞാൻ മുകളിൽ വ്യക്തമാക്കിക്കഴിഞ്ഞു. അതുകൊണ്ട് നേർക്കുനേരെ ചിന്തിക്കുന്ന സത്യസ്നേഹിയായ ഒരു മുസ്ലിമിന് ഇത്തരം വിശ്വാസങ്ങളും ആശയങ്ങളും ഉപേക്ഷിക്കാൻ ഖുർ

ആൻ ശ്രദ്ധാപൂർവ്വം വായിക്കുകയും ഇസ്‌ലാമിലേക്ക് ഒരാളെ മാർഗ്ഗം കൂട്ടുന്നതിന് കൊല്ലുമെന്ന ഭീഷണി പ്രയോഗിക്കുന്നത് ദിവ്യവചനങ്ങൾക്ക് തികച്ചും എതിരായിട്ടുള്ളതാണെന്ന് ചിന്തിച്ചറിയുകയും മാത്രമേ വേണ്ടൂ. ഈ തെറ്റായ ആശയങ്ങളെ ഖണ്ഡിക്കുന്നതിന് ഈ ഒരൊറ്റ വാദഗതി മതിയാകും. എന്നാലും ഈ സഹാനുഭൂതി കാരണമായിത്തന്നെ മേല്പ്പറഞ്ഞ ആശയങ്ങളെ ചരിത്രത്തിൽനിന്നും മറ്റുമുള്ള വ്യക്തമായ അനുകൂല ത്തെളിവുകൾ മുഖേന ഖണ്ഡിച്ചുകാട്ടാൻ ഞാൻ നിശ്ചയിച്ചിരിക്കുകയാണ്. അതുകൊണ്ട്, യേശു കുരിശിന്മേൽ മരിച്ചിട്ടില്ലെന്നും അദ്ദേഹം ആകാശത്തേക്കുയർന്ന് പോയിട്ടില്ലെന്നും ആകാശത്തിൽനിന്ന് അദ്ദേഹം എന്നെങ്കിലും വീണ്ടും ഭൂമിയിൽ ഇറങ്ങിവരുമെന്ന് കരുതാവതല്ലെന്നും നേരെമറിച്ച് അദ്ദേഹം 120 -ാം വയസ്സിൽ കശ്മീരിലെ ശ്രീനഗറിൽവച്ച് ചരമം പ്രാപിച്ചുവെന്നും ആ നഗരത്തിലെ ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ മൃതകുടീരം സ്ഥിതിചെയ്യുന്നുവെന്നും ഞാൻ ഈ ഗ്രന്ഥത്തിൽ തെളിയിച്ചു കാട്ടുന്നതാണ്.

ഞാൻ ഈ ഗവേഷണഗ്രന്ഥത്തെ പത്തു അദ്ധ്യായങ്ങളും ഒരു സമാപ്തവുമായി തരം തിരിച്ചിരിയ്ക്കുന്നു. 1. ബൈബിൾ തെളിവുകൾ. 2. വിശുദ്ധ ഖുർആൻ, ഹദീഥ് തെളിവുകൾ. 3. വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളുടെ തെളിവുകൾ. 4. ചരിത്രരേഖകളുടെ തെളിവുകൾ. 5. പരമ്പരയാ പറഞ്ഞു വന്നിട്ടുള്ള വാമൊഴികൾ. 6. അനുവാചകരുടെ അഭിപ്രായ ഐക്യത്തിൽനിന്ന് നമുക്കു കിട്ടിയ തെളിവുകൾ. 7. യുക്തിന്യായപരമായ തെളിവുകൾ. 8. എനിയ്ക്കു ലഭിച്ച പുതിയ വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള തെളിവുകൾ. ഇങ്ങനെ എട്ടു തെളിവുകൾക്കു പുറമെ, ഒമ്പതാമതായി ഇസ്‌ലാമിലേയും, ക്രിസ്തുമതത്തിലേയും അദ്ധ്യാപനങ്ങളുടെ സംക്ഷിപ്തമായ ഒരു താരതമ്യപഠനവും ഇസ്‌ലാമിന്റെ സത്യത്തിലേയ്ക്കുള്ള തെളിവുകളുമടങ്ങിയ ഒരദ്ധ്യായവും. പത്താമത്തെ അദ്ധ്യായത്തിൽ ദൈവം എന്നെ നിയോഗിച്ചതിലേയ്ക്കുള്ള തെളിവുകൾ വിവരിയ്ക്കുന്നതാണ്.

ഒടുവിലത്തെ സമാപ്തത്തിൽ ചില പ്രധാനപ്പെട്ട ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും അടങ്ങിയിരിക്കും.

അനുവാചകർ ഈ ഗ്രന്ഥം അതീവശ്രദ്ധയോടുകൂടി പഠിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ദുരൂഹങ്ങളെ അടിസ്ഥാനമാക്കി മുൻവിധിയോടെ ഈ സത്യങ്ങളെ വലിച്ചെറിഞ്ഞുകളയരുതെന്നു ഞാനവരോടഭ്യർത്ഥിച്ചുകൊള്ളുന്നു. എന്റെ ഈ ഗവേഷണഗ്രന്ഥം ധിറുതിയിൽ എഴുതിത്തള്ളിയതല്ലെന്നു ഞാനവരെ ഓർമ്മപ്പെടുത്തട്ടെ. അല്ല, ഈ ഗ്രന്ഥത്തിലുന്നയിച്ചിട്ടുള്ള തെളിവുകൾ ഗവേഷണനിഷ്ണാതവും അഗാധചിന്തയുടെ ഫലവുമത്രെ! ഈ സംരംഭത്തിൽ എനിയ്ക്ക് സഹായം നല്കുന്നതിനും അവന്റെ സവിശേഷമായ വെളിപാടുകളാലും ആത്മപ്രചോദനങ്ങളാലും സത്യത്തിന്റെ സമ്പൂർണ്ണമായ പ്രകാശം എനിയ്ക്കു ലഭ്യമാകുന്നതിനും അങ്ങനെ എല്ലാ സത്യമായ ജ്ഞാനങ്ങളും സംശുദ്ധമായ അറിവുകളും അവനിൽനിന്നുതന്നെ ഇറങ്ങിക്കിട്ടുന്നതിനും, മനുഷ്യഹൃദയങ്ങളിൽ മാർഗദർശനമുണ്ടാക്കുന്നതിൽ അവന്റെ സൗഭാഗ്യം ലഭിയ്ക്കുമാറാകുന്നതിനും ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ആമീൻ ! ആമീൻ!

ഖാദിയാൻ – മിർസാ ഗുലാംഅഹ്മദ്

ഏപ്രിൽ 25, 1899

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

### അധ്യായം 1

# യേശു കുരിശിൽ മരിച്ചിട്ടില്ല

യൂദാഇസ്കരിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാമസീഹ്(അ) ശത്രുക്കളുടെ പിടിയിൽപെട്ട് ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റു ആകാശത്തിൽ കരേറിപ്പോവുകയും ചെയ്തുവെന്നു ക്രിസ്ത്യാനികൾ വിശ്വസിച്ചുപോരുന്നുവെങ്കിലും അവരുടെ വിശുദ്ധഗ്രന്ഥത്തിൽ-ബൈബിളിൽ-വിചിന്തനം ചെയ്യുമ്പോൾ ഈ വിശ്വാസസിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. യൂനുസ് (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നപോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് മത്തായിയുടെ സുവിശേഷ(12:40)ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചില്ലെന്നത് സ്പഷ്ടമായ ഒരു വസ്തുതയാണല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായതു മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും അതിൽനിന്ന് ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദപുസ്തകങ്ങൾ സാക്ഷിക്കുന്നു. അതിനാൽ യേശുമിശിഹാ, ക്രിസ്ത്യർ പറയുന്നതുപോലെ, ഭൂമിയുടെ വയറ്റിൽ മരിച്ചുകിടക്കുകയാണ് ചെയ്തതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്നയാളുമായി എന്തു സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചിരിക്കുന്നവനുമായി താരതമ്യപ്പെടുത്തുന്നതെങ്ങനെ? വാസ്തവമെന്താണെന്നു

വച്ചാൽ ഹദ്റത്ത് ഈസാമസീഹ് ഒരു സത്യപ്രവാചകനായിരുന്നതിനാൽ താൻ ഏതൊരുവന്റെ പ്രിയദാസനാണോ ആ പ്രത്യേക ദൈവം തീർച്ചയായും, തന്നെ ശാപമരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹം ബോധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുണ്ടായ വെളിപാടനുസരിച്ചൊരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്തുപറഞ്ഞിരിക്കുന്നത്. താൻ കുരിശിന്മേൽവച്ച് മരിക്കുകയില്ലെന്നും ആ ശാപമരത്തിന്മേൽ തന്റെ പ്രാണൻ വിടുകയില്ലെന്നും മറിച്ചു യോനാപ്രവാചകനെപ്പോലെ മോഹാലസ്യപ്പെടുക മാത്രമാണുണ്ടാവുകയെന്നും അദ്ദേഹം പ്രസ്തുത ഉപമ കൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല താൻ ഭൂമിയുടെ വയറ്റിൽനിന്ന് പുറത്ത് വന്നശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെപ്പോലെ താൻ അവരുടെ ഇടയിൽ സമാദൃതനായി ഭവിക്കുകയും ചെയ്യുമെന്നുകൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരംതന്നെ ഈ പ്രവചനം നിവർത്തിയാവുകയും ചെയ്തു.

എങ്ങനെയെന്നാൽ ഭൂമിയുടെ ഉദരത്തിൽനിന്നു പുറത്തുവന്നതിൽപിന്നെ, മിശിഹാ കശ്മീർ, തിബത്ത് തുടങ്ങിയ പൂർവ്വ പ്രദേശങ്ങളിൽ വസിക്കുന്നുണ്ടായിരുന്ന തന്റെ ജനങ്ങളുടെ അടുക്കൽ– അതായത് അസ്സൂറിയാ രാജാവായ ശാൽമൻദർ ക്രി.മു. 721 ൽ സാമിരിയ്യ (Sameria)യിൽനിന്ന് തടവുകാരായി പിടിച്ചുകൊണ്ടുപോയ പത്ത് ഗോത്രക്കാരിൽപെട്ട ഇസ്രായേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽവന്നു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിപാർക്കുന്നുണ്ടായിരുന്നു. അതിനാൽ മിശിഹാ ഈ സ്ഥലങ്ങളിലും സഞ്ചരിക്കേണ്ടത് ആവശ്യമാണ്. അദ്ദേഹത്തിന് ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമലക്ഷ്യം കാണാതെപോയ ആടുകളായ യഹൂദഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സ്വസന്ദേശം എത്തിച്ചുകൊടുക്കുക എന്നുള്ളതായിരുന്നു. ആ കുടിയേറിയ ജൂതവർഗ്ഗക്കാർ തന്നെയായിരുന്നു ഇസ്രായേൽ ഗൃഹത്തിലെ കാണാതെ

പോയ ആടുകൾ. അവർ ഈ പൂർവ്വരാജ്യങ്ങളിൽ താമസമുറപ്പിച്ചതിൽപിന്നെ തങ്ങളുടെ പൂർവ്വമതം ഉപേക്ഷിക്കുകയും അവരിൽ ഭൂരിഭാഗക്കാരും ബൗദ്ധധർമ്മം അവലംബിക്കുകയും ക്രമേണ വിഗ്രഹാരാധനക്കാരായി അധഃപതിച്ചു പോകുകയും ചെയ്തിട്ടുണ്ടായിരുന്നു. കശ്മീർ നിവാസികൾ വാസ്തവത്തിൽ ജൂതന്മാരായിരുന്നുവെന്നും അസ്സൂറിയാ രാജാവിന്റെ ആക്രമണഫലമായി ചിതറിപ്പോവുകയും ഈ രാജ്യത്തിൽ കുടിയേറിപ്പാർത്തു തുടങ്ങുകയും ചെയ്തിട്ടുള്ളവരായിരുന്നുവെന്നും അനേകം വിദ്വാന്മാരുടെ പ്രമാണങ്ങളെ ഉദ്ധരിച്ചുകൊണ്ട് പാശ്ചാത്യ സഞ്ചാരിയായ **ഡോക്ടർ ബെർണ്യർ** തന്റെ സഞ്ചാരക്കുറിപ്പിൽ തെളിയിച്ചിട്ടുണ്ട്[2]. അങ്ങനെ ഈ രാജ്യത്തിൽവന്നു താമസമാക്കിയ ഇവർ ഈ രാജ്യക്കാരുമായി കലർന്നു മിശ്രിതരായിപ്പോയിരുന്നതിനാൽ ഈ കാണാതെപോയ ആടുകളെ തിരഞ്ഞുപിടിക്കേണ്ടതു ഈസാമസീഹിന്റെ ഒഴിച്ചുകൂടാത്ത ധർമ്മമാകുന്നു. അതിൻപ്രകാരം അദ്ദേഹം വാസ്തവത്തിൽ ഇന്ത്യയിൽ വരുകയും പല താവളങ്ങളിലൂടെ സഞ്ചരിച്ചു ഒടുവിൽ കശ്മീരിലെത്തിച്ചേരുകയും അവിടെ ബുദ്ധമതം ആചരിച്ചു പോന്നവർക്കിടയിൽ തന്റെ ജനത്തെ കണ്ടെത്തുകയുമുണ്ടായി. ഒടുവിൽ യോനായെ അദ്ദേഹത്തിന്റെ ജനം സ്വീകരിച്ചിരുന്നപോലെ മിശിഹാ തന്റെ ജനങ്ങളാലും സ്വീകരിക്കപ്പെട്ടു. ഇതെല്ലാം ഇപ്രകാരംതന്നെ സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ താൻ ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുത്തേക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല എന്നു മിശിഹാ സുവിശേഷത്തിൽ സുവ്യക്തം പറഞ്ഞിട്ടുള്ളതാണ്.

## യേശു ശപ്തനല്ല

'മരത്തിന്മേൽ തൂക്കിക്കൊല്ലപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവൻ' എന്നു വിശുദ്ധവേദപുസ്തകത്തിൽ[3] എഴുതപ്പെട്ടിരിക്കുന്നതിനാലും യേശുമിശിഹാ കുരിശുമരണത്തിൽനിന്ന് രക്ഷ

2. ഡോക്ടർ ബെർണ്യർസ് ട്രാവൽസ്.

3. ആവർത്തനം, 21:22

പ്പെട്ടിരിക്കേണ്ടത് അനിവാര്യമായ ഒരാവശ്യമായിരുന്നു. 'ലഅ്നത്ത്' അഥവാ ശാപം എന്ന പദംകൊണ്ട് സൂചിതമാകുന്ന അർത്ഥം ഈസാമസീഹിനെപ്പോലുള്ള ഒരു വരിഷ്ഠാത്മാവിന്റെ പേരിൽ ഒരു നിമിഷനേരത്തേക്കുപോലും ആരോപിക്കുന്നതു അങ്ങേയറ്റത്തെ അനീതിയും അധർമ്മവുമാകുന്നു. എന്തുകൊണ്ടെന്നാൽ ഭാഷാഭിജ്ഞന്മാരായ പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ശാപ(ലഅ്നത്ത്) ശബ്ദത്തിന്റെ അർത്ഥം മാനസനിലയേയും ആത്മീയസ്ഥിതിയേയും ബാധിക്കുന്ന തരത്തിലുള്ളതാണ്. ആരെക്കുറിച്ചാകിലും 'ശപിക്കപ്പെട്ടവൻ' എന്ന് പറയപ്പെടുന്നത് അവന്റെ ഹൃദയം വാസ്തവത്തിൽ ഇരുണ്ടുപോകുകയും ദൈവത്തിന്റെ കാരുണ്യത്തിനും പ്രേമത്തിനും അപാത്രമായി ഹൃദയം ജ്ഞാനശൂന്യമായി ഭവിക്കുകയും സാത്താനെപ്പോലെ ആത്മീയാന്ധനായി അവിശ്വാസമാകുന്ന വിഷംകൊണ്ട് നിറഞ്ഞ ഹൃദയത്തോടുകൂടിയ ദുർഭഗനായിത്തീരുകയും ദൈവാനുരാഗത്തിന്റേയോ ദൈവബോധത്തിന്റേയോ കണികപോലും ഇല്ലാതായി സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും എല്ലാ ബന്ധവും അറ്റവനായിത്തീരുകയും ചെയ്തിരിക്കുമ്പോഴാണ്. മറ്റൊരു പ്രകാരത്തിൽ അവനും ദൈവവും തമ്മിൽ വിരോധവും വെറുപ്പും സംജാതമാവുകയും ഇങ്ങേയറ്റം ദൈവം അവന്റെയും അവൻ ദൈവത്തിന്റെയും ശത്രുവായിത്തീരുകയും ദൈവം അവനെയും അവൻ ദൈവത്തെയും വെറുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിപര്യയം സംഭവിച്ചിരിക്കുമ്പോഴത്രെ. ഒരുവൻ സർവ്വഥാ സാത്താന്റെ അനന്തരാവകാശിയായി തീരുമാറ് അത്രക്കും അധഃപതിച്ചിരിക്കുമ്പോഴാണ് 'ശപിക്കപ്പെട്ടവൻ' എന്ന പേര് സാർത്ഥകമായി ഭവിക്കുക. സാത്താന് 'ലഈൻ' അഥവാ 'ശപ്തൻ' എന്നു പേരായിരിക്കുന്നത് ഇതുകൊണ്ടുതന്നെയാണ്[4]. അപ്പോൾ ശപ്തൻ എന്നുപറഞ്ഞാൽ അഭക്തനും അധർമ്മിയുമായ ഒരു ദുരാത്മാവാണെന്ന് സിദ്ധിച്ചു. ഹൃദയത്തിൽ ദൈവപ്രേമം കുടികൊള്ളുന്ന ഒരു ധർമ്മാത്മാവിന്റെപേരിൽ ഒരു പ്രകാരത്തിലും

4. ലിസാനുൽ അറബ്, സിഹാഹുജൗഹരി, ഖാമൂസ്, മുഹീത്, താജുൽ അറൂസ് മുതലായ ശബ്ദകോശങ്ങൾ നോക്കുക.

സംബന്ധിപ്പിച്ചു പറഞ്ഞുകൂടാത്ത തരത്തിൽ എത്രയും നീചവും നിന്ദ്യവുമായിട്ടുള്ളതാണ് ഈ ശപ്ത ശബ്ദം. അഹോ കഷ്ടം! ക്രിസ്ത്യാനികൾ അവരുടെ വിശ്വാസപ്രമാണങ്ങൾ രൂപപ്പെടുത്തിയിരുന്ന കാലത്തു ശാപശബ്ദത്തിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുകയുണ്ടായില്ലെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ ഇത്രയും ദുഷ്ടാർത്ഥകമായ ഈ പദം മിശിഹായെപ്പോലുള്ള സത്യാത്മാവിന്റെ പേരിൽ അവർ സംബന്ധിക്കുമായിരുന്നില്ല. മിശിഹായുടെ ഹൃദയം യഥാർത്ഥത്തിൽ ദൈവത്തിങ്കൽനിന്ന് വേർപ്പെട്ടകന്നുപോവുകയും അദ്ദേഹം ദൈവത്തെ നിഷേധിക്കുകയും അവനെ വെറുക്കുകയും ദ്വേഷിക്കുകയും ചെയ്ത ഒരു ഘട്ടം അദ്ദേഹത്തിന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും കഴിഞ്ഞിട്ടുണ്ടായിരുന്നതായി സങ്കല്പിക്കുവാൻ നമുക്ക് കഴിയുമോ? അഥവാ, അദ്ദേഹം ദൈവത്തിങ്കൽനിന്ന് അകന്നു അവനെ വെറുക്കുകയും നിഷേധിക്കുകയും ചെയ്യുമാറുള്ള തരത്തിൽ അദ്ദേഹത്തിന്റെ ഹൃദയം തമോമയമായിത്തീർന്ന ഒരനുഭവം അദ്ദേഹത്തിന് വല്ലപ്പോഴെങ്കിലും ഉണ്ടായിട്ടുള്ളതായി നമുക്ക് ഊഹിക്കാൻ ഒക്കുമോ? വാസ്തവത്തിൽ അദ്ദേഹത്തിന്റെ മനോതലത്തിൽ ഇത്തരമൊരു വിപര്യയം ഒരിക്കലും സംഭവിച്ചിരുന്നില്ലെങ്കിൽ– മറിച്ചു അദ്ദേഹത്തിന്റെ മാനസം എല്ലായ്പ്പോഴും ദൈവബോധവും ദൈവപ്രേമവും കൊണ്ട് പൂർണ്ണോജ്ജ്വലമായിരിക്കുകയാണ് ചെയ്തിരുന്നതെങ്കിൽ– അല്ലയോ മതിമാന്മാരേ, ഇതെത്രയും ചിന്ത്യമായൊരു വിഷയമാണ്. ദൈവശാപം ഒന്നല്ല, സഹസ്രോപി സഹസ്രം, തത്സാഹചര്യങ്ങളോടൊപ്പം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആപതിച്ചുവെന്നു പറയുന്ന തരത്തിലുള്ള ഈ വിശ്വാസസംഹിതയെ പുലർത്തിപ്പോരാൻ നമുക്കെങ്ങനെ കഴിയും? ഇല്ല! ഒരിക്കലും കഴിയുകയില്ല. എന്നാൽപിന്നെ, അദ്ദേഹം ശാപഗ്രസ്തനായെ ന്നു പറയുകയും വിശ്വസിക്കുകയും ചെയ്യുന്നതെന്തിന്?

ഹാ, കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ ഏതാകിലുമൊരു വിശ്വാസസിദ്ധാന്തം കൈക്കൊള്ളുക

യോ ചെയ്തുകഴിഞ്ഞാൽപിന്നെ ആ സംഗതിയുടെയോ ആ സിദ്ധാന്തത്തിന്റെയോ യുക്തിഭംഗവും നിരർത്ഥകതയും എത്ര തന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്രയും ശോചനീയമായിട്ടുള്ളതാണ്. മോക്ഷപ്രാപ്തിക്കുള്ള അഭിലാഷം സത്യത്തിന്മേൽ അധിഷ്ഠിതമാണെങ്കിൽ അതു സ്തുത്യർഹം തന്നെ. എന്നാൽ, സത്യപ്രവാചകനായ ഒരു പാവനാത്മാവിന് ദൈവവുമായുള്ള ബന്ധം അറ്റുപോകത്തക്ക അന്യഥാത്വം സംഭവിച്ച്, ഏകാഗ്രഭക്തിയ്ക്കും വിശ്വാസനിഷ്ഠയ്ക്കും ഭംഗകരമാംവിധം അദ്ദേഹത്തിന് ദൈവ വുമായി അന്യാത്വവും വിരഹവും വിരാഗവും സംജാതമായി, അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗപ്രഭയ്ക്കുപകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിനു തുല്യമായ തരത്തിലുള്ള ആ വിശ്വാസസിദ്ധാന്തത്തെ കൈക്കൊള്ളുകയും അങ്ങനെ ഒരു സത്യതത്ത്വത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന് എന്തർത്ഥമാണുള്ളത്.

തന്നെയുമല്ല, ഈ വിശ്വാസസിദ്ധാന്തം യേശുമിശിഹായുടെ ദിവ്യമായ പ്രവാചകദൗത്യം 'സുവിശേഷ'ത്തിൽ ഉടനീളം അദ്ദേഹം അവകാശപ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതയ്ക്കും ദൈവപ്രേമത്തിനും ദിവ്യജ്ഞാനലബ്ധിക്കുമെല്ലാം കടക വിരുദ്ധമായിരിക്കുന്നതുമാണ്. താൻ ലോകത്തിന്റെ പ്രദീപമാണെന്നും സത്യമാർഗ്ഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽക്കൃഷ്ടമായ തരത്തിലുള്ള ഒരു സ്നേഹബന്ധമുണ്ടെന്നും താൻ അവങ്കൽ ഒരു പാവനജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാണെന്നുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി 'സുവിശേഷ'ങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ്. ഇങ്ങനെ അദ്ദേഹത്തിന് ദൈവവുമായി അവിഭാജ്യമായ പാവന പ്രേമബന്ധം നിലനിന്നിരിക്കെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപസംബന്ധിയായ അശുദ്ധാർത്ഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതൊരിക്കലും സംഭാവ്യമല്ലതന്നെ. അതുകൊണ്ട് അദ്ദേഹത്തെ ക്രൂശിച്ചു കൊ

ന്നിട്ടില്ലെന്നതു തെളിഞ്ഞൊരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരുന്നില്ല. എന്തെന്നാൽ ക്രൂശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിട്ടുള്ളതത്രെ. ഇങ്ങനെ അദ്ദേഹം കുരിശിന്മേൽ മരിച്ചില്ലെന്നു വരുമ്പോൾ ശാപത്തിന്റെ അശുദ്ധവും അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലുംനിന്ന് സന്ദേഹമന്യേ അദ്ദേഹത്തിന്റെ ഹൃദയം നിർബാധവും സുരക്ഷിതവുമാക്കപ്പെട്ടിരിക്കുന്നുവെന്നു സിദ്ധിക്കുന്നു. ഇതിൽനിന്ന്, അദ്ദേഹം ആകാശത്തിൽ കരേറിപ്പോയിട്ടില്ലെന്നും തെളിഞ്ഞിരിക്കയാണ്. എന്തെന്നാൽ, അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കല്പം ക്രൂശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രെ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനായിരുന്നില്ലെന്നും മൂന്നു ദിവസം നരകത്തിലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെ വശമായ ആകാശാരോഹണവും അവാസ്തവമെന്നു സിദ്ധിച്ചു. ഇതിലേക്കു സുവിശേഷത്തിൽനിന്നു വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. അവയെക്കുറിച്ച് താഴെ പ്രതിപാദിച്ചുകൊള്ളാം.

## കല്ലറയിൽനിന്ന് ഗലീലയ്ക്ക്

ആ തെളിവുകളിലൊന്നു ഹദ്റത്ത് മിശിഹായുടെ മുഖത്തുനിന്നു പുറപ്പെട്ടിട്ടുള്ള ഈ വചനമത്രെ: “എന്നാൽ, ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പായി ഗലീലയ്ക്കു പോകും” (മത്താ.26:32). സംഭവിക്കാനിരിക്കുന്ന അത്യാഹിതത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള ഈ വാക്കിൽനിന്ന് സ്പഷ്ടമാകുന്നത്, അദ്ദേഹം കല്ലറയിൽനിന്ന് പുറത്തുവന്നതിനുശേഷം ആകാശത്തിലേക്കല്ല, നേരെ ഗലീലയിലേക്കാണ് പോയത് എന്നത്രെ. ‘ഉയിർത്തെഴുന്നേറ്റ ശേഷം’ എന്നു പറഞ്ഞതിന്റെ വിവക്ഷിതം ക്രിസ്തു യഥാർത്ഥത്തിൽ മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റതിനുശേഷം എന്നായിരിക്കാവതല്ല. യഹൂദരുടേയും മറ്റു സാമാന്യ ജനങ്ങളുടേയും കാഴ്ചപ്പാടിൽ അദ്ദേഹം കുരിശിന്മേൽ മരിച്ചു

പോയിരുന്നതാണല്ലോ. അതിനാൽ, അദ്ദേഹം മുൻകൂട്ടിത്തന്നെ അവരുടെ ഭവിഷ്യവിചാരത്തെ വിഭാവനം ചെയ്തുകൊണ്ടാണ് ഈ വാക്കുകളുപയോഗിക്കുകയുണ്ടായത്. കുരിശിന്മേൽ തൂക്കപ്പെടുന്നയാളുടെ കാലുകളിലും കൈകളിലും ആണികളടിച്ചു കയറ്റപ്പെടുക പതിവാണ്. അങ്ങനെ അതിന്മേൽ തൂങ്ങിക്കിടന്ന് തീവ്രവേദനയാൽ മൂർച്ഛിച്ചു മരിച്ച നിലയിൽ ആയിത്തീരുന്നയാൾ ആ കൊടുംയാതനയ്ക്കുശേഷം ബോധംവീണു പൂർവ്വാവസ്ഥപ്രാപിക്കുന്ന പക്ഷം, 'ഉയിർത്തെഴുന്നേറ്റു വന്നു' എന്ന് അയാളെപ്പറ്റി പറയപ്പെടുന്നതു അതിശയോക്തിയായിരിക്കില്ല തന്നെ. അങ്ങനെയുള്ള ഒരു കൊടുംയാതന അനുഭവിച്ചതിനു ശേഷം മിശിഹാ രക്ഷപ്പെട്ടതു ഒരു സാധാരണ സംഭവമല്ല, ഒരു അത്ഭുതദൃഷ്ടാന്തമായിരുന്നുവെന്നു നിസ്സംശയം പറയാം. എന്നാൽ, അദ്ദേഹം മരത്തിന്മേൽ പ്രാണൻ വിട്ടു മൃതനായി എന്നു പറയുന്നതൊരിക്കലും ശരിയല്ല. അത്തരം പ്രസ്താവന സുവിശേഷാദി പുതിയ നിയമവിഭാഗത്തിൽ കാണപ്പെടുന്നു വെന്നതു വാസ്തവംതന്നെ. എന്നാൽ, ഇതാകട്ടെ ആ പുസ്തകങ്ങളുടെ രചയിതാക്കൾക്കു പറ്റിയ പിശകാകുന്നു. മറ്റനേകം ചരിത്ര വൃത്താന്തങ്ങൾ രേഖപ്പെടുത്തുന്ന വിഷയത്തിൽ അവർക്കു പറ്റിയ അബദ്ധങ്ങളുടെ മാതിരി ഒരബദ്ധം! വേദപര്യേഷകന്മാരായ സുവിശേഷ വ്യാഖ്യാതാക്കൾ സമ്മതിച്ചു പറഞ്ഞിരിക്കുന്നതാണ്, ഉള്ളടക്കത്തെ അടിസ്ഥാനമാക്കി സുവിശേഷത്തെ രണ്ടുതരത്തിലാക്കി കണക്കാക്കപ്പെടാമെന്നു. ഒന്നു, മിശിഹായിൽനിന്നു ശിഷ്യഗണത്തിനു ലഭിച്ച മതബോധനവും ധർമോപദേശവും ഉൾക്കൊണ്ട ഭാഗം. ഇതു വാസ്തവത്തിൽ സുവിശേഷത്തിന്റെ ജീവനത്രെ. മറ്റേതു ക്രിസ്തുവിന്റെ വംശപാരമ്പര്യം, അദ്ദേഹം പിടിക്കപ്പെടുകയും മർദ്ദനങ്ങൾക്കു ലക്ഷീഭവിക്കുകയും ചെയ്യുന്നതു, അദ്ദേഹത്തിന്റെ കാലത്തുള്ള ഒരത്ഭുതക്കുളത്തിന്റെ വിവരം ഇത്യാദി ചരിത്രവൃത്താന്തങ്ങളടങ്ങിയ വിഭാഗം. ഇതെല്ലാം ആ ലേഖനകാരന്മാർ സ്വയമായി എഴുതിയിട്ടുള്ളവയാണ്; ദൈവനിശ്വസിതമൊന്നുമല്ല. കേവലം ആ ലേഖകന്മാരുടെ സ്വന്തമായ അഭിപ്രായവും ബോധ്യവും അനുസരിച്ചു എഴുതപ്പെട്ടിട്ടു

ള്ളതാണെന്നു പറയാം. ചിലേടത്ത് അവർ അതിരുകവിഞ്ഞ അത്യുക്തിയും അതിവർണ്ണനകളും ചെയ്തു കാണുന്നുമുണ്ട്. ഉദാഹരണമായി, യേശുമിശിഹാ പ്രവർത്തിച്ച കാര്യങ്ങളും കാണിച്ച അത്ഭുതദൃഷ്ടാന്തങ്ങളും ഓരോന്നായി പുസ്തകങ്ങളിൽ എഴുതി റിക്കാർഡാക്കുന്ന പക്ഷം ആ പുസ്തകങ്ങൾ വിശ്വത്തിലെങ്ങും ഒതുങ്ങുകയില്ലെന്നുകൂടിയും ഒരിടത്തു പറഞ്ഞു കാണുന്നു. ഇതെന്തൊരു മാതിരി അതിശയോക്തിയാണാവോ!

ഇതിനു പുറമെ, ക്രിസ്തുവിനു സംഭവിച്ച തരത്തിലുള്ള കൊടുംയാതനയെ ഒരുതരം മരണാനുഭവമായി വിവരിക്കുന്ന പക്ഷം അതൊരിക്കലും ഭാഷാശൈലിക്കു വിരുദ്ധമാകയില്ല. ഇത്തരത്തിലുള്ള പ്രയോഗം മിക്കവാറുമെല്ലാ രാജ്യക്കാരുടെയും ഭാഷക്കാരുടെയും ഇടയിൽ സുലഭമായി കാണാം. മാരകമായ വിപത്തിന് അടിപ്പെട്ടശേഷം ഒരാൾ അതിൽനിന്ന് ഒടുവിലായി രക്ഷപ്പെടുന്നപക്ഷം അയാൾ പുതുതായി ഉയിർത്തെഴുന്നേറ്റുവന്നുവെന്നു നാം പറയാറുണ്ടല്ലോ. ഒരു രാജ്യക്കാരുടേയും ഭാഷാശൈലിയിൽ ഇത്തരം പ്രയോഗം കൃത്രിമമായി കരുതപ്പെടുന്നില്ല.

## ബർണബാസിന്റെ സുവിശേഷം

മറ്റൊരു സംഗതി ഗൗനിക്കത്തക്കതായിട്ടുള്ളതു, 'ബർണബാസിന്റെ സുവിശേഷ'(The Gospel of Bernabas)ത്തിലെ ഒരു പ്രസ്താവനയാണ്. അതായത്, ക്രിസ്തുവിനെ ക്രൂശിച്ചു കൊന്നിട്ടില്ലെന്നും അദ്ദേഹം കുരിശിന്മേൽ പ്രാണൻ വിട്ടിരുന്നില്ലെന്നും അതിൽ എഴുതപ്പെട്ടു കാണ്മാനുണ്ട്. ഈ സുവിശേഷം ലണ്ടനിലെ മ്യൂസിയം ഗ്രന്ഥശാലയിലും ഉണ്ടായിരിക്കണം. ഈ പുസ്തകം നിലവിലുള്ള സുവിശേഷ സംഹിതയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ലെന്നത് ശരിതന്നെ. എങ്കിലും, അതങ്ങനെ സ്വീകാര്യമല്ലാത്തവിധം തള്ളപ്പെട്ടിരിക്കുന്നത് ന്യായമായ ഒരു വിധിപ്രകാരമായിരുന്നില്ല. ഏതായാലും അത് മറ്റു സുവിശേഷങ്ങളുടെ രചനാകാലത്തുതന്നെ വിരചിതമായിട്ടുള്ള ഒരു പൗരാണിക കൃതിയാണെന്നതു അനിഷേധ്യമാണ്. ഈ സ്ഥിതിക്ക്,

ഈ പഴയ പുസ്തകത്തെ പുരാതന ചരിത്രരേഖയായി കരുതുവാനും അതിൻപ്രകാരം അതിനെ പ്രയോജനപ്പെടുത്തുവാനും നമുക്കവകാശമില്ലേ? ഈ സുവിശേഷത്തിലെ മുൻപറഞ്ഞ പ്രസ്താവനയിൽനിന്ന്, കുറഞ്ഞപക്ഷം മിശിഹായുടെ കുരിശുസംഭവകാലത്തെയെല്ലാവരും അദ്ദേഹം കുരിശിന്മേൽ മരിച്ചുവെന്നു വിശ്വസിച്ചിരുന്നില്ലെന്ന് അനുമാനിക്കാവുന്നതല്ലേ? തന്നെയുമല്ല, നിലവിലുള്ള നാലു സുവിശേഷങ്ങളിലും മരിച്ചുപോയ ഒരാളിനെക്കുറിച്ചു അയാൾ മരിച്ചിട്ടില്ല, ഉറങ്ങുകയാണ് എന്നു പറയപ്പെട്ടിരിക്കുന്നതുപോലുള്ള അലങ്കാരോക്തികൾ കാണപ്പെടുന്നുമുണ്ടെന്നിരിക്കെ, മൂർച്ഛിച്ചു കിടന്നയാളെക്കുറിച്ചു മരിച്ചവനെന്നു പറയപ്പെട്ടിരുന്നുവെങ്കിൽ അതിൽ യുക്തിഭംഗമോ അസാംഗത്യമോ ഇല്ലതന്നെ.

എന്നാൽ, ഒരു പ്രവാചകന്റെ വചനത്തിൽ അസത്യം സംഭവിച്ചു കൂടാത്തതാണെന്നു മുമ്പേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൻപ്രകാരം, മിശിഹാ കല്ലറയിലെ തന്റെ മൂന്നു ദിവസത്തെ താമസത്തെ മത്സ്യോദരത്തിലെ യോനായുടെ മൂന്നു ദിവസത്തോടു സാദൃശ്യപ്പെടുത്തി പറഞ്ഞിരിക്കുന്നതു സത്യമായി പുലരുകതന്നെ വേണം. ഈ ഉപമയിൽനിന്നു, യോനാ മൂന്നു ദിവസം മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരുന്നപ്രകാരം മിശിഹായും മൂന്ന് വാസരം കല്ലറയിൽ ജീവനോടിരുന്നിരിക്കണമെന്നാണ് സിദ്ധിക്കുന്നത്. അക്കാലത്തെ യഹൂദന്മാരുടെ ശവകുടീരങ്ങൾ ഇക്കാലത്തെ കല്ലറകളുടെ മാതിരി ആയിരുന്നില്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അവ വിശാലമായ അറപോലെ ധാരാളം സ്ഥലസൗകര്യമുള്ളവയും ഒരു ഭാഗത്ത് വലിയ ശില കൊണ്ട് അടച്ചിടാവുന്ന തരത്തിൽ പ്രവേശനദ്വാരത്തോടു കൂടിയവയുമായിരുന്നു. കശ്മീരിൽ ശ്രീനഗർ എന്ന സ്ഥലത്തു അടുത്തുതന്നെ കണ്ടെത്തപ്പെട്ട ഈസാമസീഹിന്റെ ശിലാകുടീരം മൂർച്ഛിതാവസ്ഥയിൽ അദ്ദേഹം വെക്കപ്പെട്ടിരുന്ന ആ കല്ലറ പോലുള്ളതു തന്നെയാണ്. ഈ സംഗതി പ്രകൃതപുസ്തകത്തിൽ യഥാസന്ദർഭം തെളിയിക്കുന്നതായിരിക്കും.

ഞാൻ മുമ്പേ ഉദ്ധരിച്ച സുവിശേഷവചനത്തിൽനിന്ന്, മിശിഹാ കല്ലറ വിട്ടു പുറത്തുവന്നപാട് ഗലീലയ്ക്കാണ് പുറപ്പെട്ടു പോയതെന്ന് സുവ്യക്തമായിരിക്കുന്നു. മാർക്കോസിന്റെ സുവിശേഷത്തിലും, കല്ലറയിൽനിന്നു പുറത്തുവന്നതിനുശേഷം ക്രിസ്തു ഗലീലയ്ക്കുള്ള നിരത്തിലൂടെ പോകുന്നതായി കാണപ്പെട്ടുവെന്നും, ഒടുവിൽ, അദ്ദേഹം തന്റെ ശിഷ്യന്മാരായ പതിനൊന്നു അപ്പോസ്തലന്മാർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നപ്പോൾ അവരുമായി കാണുകയുണ്ടായെന്നും പ്രസ്താവിച്ചു കാൺമാനുണ്ട്.[5] തന്നെയുമല്ല അവർക്കു അദ്ദേഹം തന്റെ വ്രണപ്പെട്ട കൈകാലുകൾ കാട്ടിക്കൊടുത്തുവെന്നും അവർ അദ്ദേഹത്തെ ഭൂതമെന്ന് ശങ്കിച്ചു ഭയപ്പെട്ടുവെന്നും അപ്പോൾ, 'നിങ്ങൾ എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോലെ പ്രേതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ' എന്ന് അദ്ദേഹം പറഞ്ഞുവെന്നും പിന്നെ 'അവരോട് വറുത്ത മീനും തേൻകട്ടയും വാങ്ങി അവർ കാൺകെ തിന്നു'വെന്നും മറ്റും ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രസ്താവിച്ചു കാണുന്നുമുണ്ട്[6]. ഈ വചനങ്ങളിൽനിന്നു, മിശിഹാ ആകാശത്തിലേക്ക് കരേറിപ്പോയിട്ടേയില്ലെന്നും കല്ലറയിൽനിന്നു പുറത്തുവന്നിട്ട് നേരെ ഗലീലയ്ക്കാണ് പോയതെന്നും അദ്ദേഹം അപ്പോൾ മനുഷ്യ സാധാരണമായ മൃണ്മയശരീരത്തോടും സാധാരണവസ്ത്രധാരണത്തോടും കൂടിയായിരുന്നുവെന്നും സ്പഷ്ടമാകുന്നുണ്ട്. അഥവാ അദ്ദേഹം മരിച്ചതിനുശേഷം ഉയിർത്തു വന്നതായിരുന്നുവെങ്കിൽ ആ പ്രേതത്തിന്റെ സൂക്ഷ്മശരീരത്തിൽ കുരിശിന്റെ വ്രണങ്ങൾ അവശേഷിക്കുമായിരുന്നതെങ്ങനെ? ആ ആത്മാവിനു അപ്പം തിന്നേണ്ടുന്ന ആവശ്യമെന്ത്? അപ്പോൾ ആത്മാവുമാത്രമായ അദ്ദേഹത്തിന് ആഹാരത്തിന്റെ ആവശ്യമുണ്ടായിരുന്നെങ്കിൽ ഇപ്പോഴും അദ്ദേഹത്തിന് ആഹാരത്തിന്റെ ആവശ്യമുണ്ടായിരിക്കണമല്ലോ!

5. മാർക്കോസ്, 16:14.

6. ലൂക്കോസ്, 24:39-42 (ജോസഫ് പുലിക്കുന്നേലിന്റെ ഏറ്റവും പുതിയ സുവിശേഷവിവർത്തനത്തിൽ തേൻകട്ട എന്ന വാക്ക് എടുത്തു കളഞ്ഞിരിക്കുന്നു - വിവ:)

## ക്രൂശിപ്പ്: രക്ഷപ്പെടാൻ സാദ്ധ്യത

അനുവാചകർക്കു തെറ്റുധാരണയില്ലാതിരിക്കുന്നതിന് ഒരു സംഗതികൂടി പ്രസ്താവിച്ചുകൊള്ളട്ടെ. അക്കാലത്തെ യഹൂദരുടെ 'സ്വലീബ്' (കുരിശ്) ഇന്നത്തെ തൂക്കുശിക്ഷപോലെ രക്ഷപ്പെടാൻ അസാദ്ധ്യമായ തരത്തിലുള്ളതായിരുന്നില്ല. കയർകൊണ്ട് കുരുക്ക് കഴുത്തിലിടുകയോ പലകതട്ടിവീഴ്ത്തി തൂക്കിലിടുകയോ ആയിരുന്നില്ല ആ ക്രൂശിപ്പ്. അന്നാകട്ടെ കുരിശുമരത്തിന്മേൽ കുറ്റവാളിയെവച്ചുകെട്ടി കൈകാലുകളിൽ ആണികളടിച്ചു കയറ്റുകയായിരുന്നു പതിവ്. അങ്ങനെ കുരിശിലേറ്റി ആണിയടിച്ചതിനുശേഷം ഒന്നോ രണ്ടോ ദിവസത്തിനകം കുറ്റക്കാരന് മാപ്പ് കൊടുത്ത് അവനെ രക്ഷിക്കുന്നതിന് തീരുമാനിക്കുന്നപക്ഷം, അനുഭവിച്ചിടത്തോളം ശിക്ഷകൊണ്ടു മതിയാക്കി എല്ലുകളൊടിക്കാതെ അയാളെ ജീവനോടെ താഴെയിറക്കുന്നതായിരിക്കും. അഥവാ കൊല്ലാൻതന്നെ തീരുമാനിച്ചുവെങ്കിൽ കുറഞ്ഞാൽ മൂന്നു ദിവസമെങ്കിലും ശരീരം കുരിശിന്മേൽ തറച്ച നിലയിൽത്തന്നെ നിറുത്തുന്നതാണ്. അങ്ങനെ ആഹാരപാനീയങ്ങളൊന്നും അടുത്തെങ്ങും കൊണ്ടുചെല്ലാൻ അനുവദിക്കാതെ മൂന്നോ അതിലധികമോ ദിവസങ്ങളോളം ശരീരത്തെ വെയിലത്തു പൊരിഞ്ഞുകൊണ്ടു കിടന്നുകൊള്ളാൻ വിട്ടേയ്ക്കുകയും അതിനുശേഷം എല്ലുകൾ ഒടിച്ചിടുകയുമാണ് പതിവ്. ഇത്തരം യാതനകളുടെയെല്ലാം ഫലമായി അയാൾ മരിച്ചുപോകുന്നു.

എന്നാൽ, ദൈവാനുഗ്രഹത്താൽ ഹദ്റത്ത് മിശിഹാ(അ) ഇത്തരം ദയനീയമായ മരണത്തിന് കാരണമാക്കുന്ന തീവ്രയാതനയിൽനിന്നു രക്ഷപ്പെട്ടുവെന്നതാണ് വാസ്തവം. സുവിശേഷങ്ങൾ സശ്രദ്ധം വായിച്ചു നോക്കുന്ന ഏവർക്കും സുഗ്രാഹ്യമാകുന്ന ഒരു വസ്തുതയാണ്, മിശിഹാ(അ) മൂന്നു ദിവസംവരെ കുരിശിന്മേലിരിക്കുകയോ മൂന്നു ദിവസത്തോളം പൈദാഹങ്ങൾ സഹിക്കേണ്ടിവരികയോ അദ്ദേഹത്തിന്റെ എല്ലുകൾ ഒടിക്കപ്പെടുകയോ ഉണ്ടായില്ല എന്നത്. സുമാറു രണ്ടു മണിക്കൂറു മാത്രമേ അദ്ദേഹം കുരിശിന്മേൽ കിടന്നിരുന്നുള്ളൂ. ദൈവകാരുണ്യം

കൊണ്ടു, പകലിന്റെ അന്ത്യയാമത്തിലാണ് അദ്ദേഹത്തെ ക്രൂശിക്കാൻ തീരുമാനമെടുക്കാനുള്ള സാഹചര്യമുണ്ടായത്. അന്നു വെള്ളിയാഴ്ച ദിവസമായിരുന്നു. പകൽ കുറഞ്ഞനേരം മാത്രമേ ശേഷിച്ചിരുന്നുള്ളൂ. പിറ്റേദിവസം ശബ്ബത്തും യഹൂദരുടെ പെസഹ പെരുന്നാൾ കൂടിയുമായിരുന്നു. ശബ്ബത്ത് നാളിലോ തലേരാത്രിയിലോ ആരെങ്കിലും സ്വലീബയിന്മേൽ തറക്കപ്പെട്ട നിലയിൽ കിടന്നുകൊള്ളാൻ അനുവദിക്കുന്നത് ജൂദരുടെ പക്കൽ നിഷിദ്ധവും ശിക്ഷാർഹവുമായ ഒരു കുറ്റമായിരുന്നു. ജൂദരും മുസ്‌ലിംകളെപ്പോലെ ചാന്ദ്രമാസത്തെയാണ് ആചരിച്ചുപോന്നത്. തലേരാത്രിയെ അടുത്ത പകലിനോടു ചേർത്താണ് അവർ ദിവസം കണക്കാക്കിയിരുന്നതും. മിശിഹായുടെ രക്ഷയ്ക്കായി ഒരുഭാഗത്തു ഇത്തരത്തിലുള്ള ഭൗമികമായ അനുകൂല സാഹചര്യങ്ങളുണ്ടായിത്തീർന്നുവെങ്കിൽ മറുഭാഗത്തു ദൈവികമായ മറ്റു ചില അനുകൂലസാഹചര്യങ്ങളും സംജാതമായി ഭവിച്ചു. അതായത്, ആറാം മണി നേരമായപ്പോൾ നാടാകെ അന്ധകാരാവൃതമായി. ഭയങ്കരമായ കൊടുങ്കാറ്റുണ്ടായി. മൂന്നു മണിക്കൂറോളം ഈ അന്ധകാരം നിലനിന്നു. (മാർക്കോസ്, 15:33). ഈ ആറാം മണി, 12 മണിക്കു ശേഷമുള്ളതായിരുന്നു. അതായതു, സന്ധ്യ അടുത്ത സമയമായിരുന്നു അത്. ഈ ഘോരാന്ധകാരത്തിൽ യഹൂദർ അതീവ ഉൽക്കണ്ഠാകുലരായി ഭവിച്ചു. ശബ്ബത്തു രാത്രി ആരംഭിക്കുകയും കുരിശിന്മേൽ ശരീരം തൂക്കപ്പെട്ടു കിടക്കുകയും ചെയ്തകാരണം തങ്ങൾ ശബ്ബത്തിനെ ലംഘിച്ച കുറ്റവാളികളായിത്തീരുകയും ശിക്ഷയ്ക്കു പാത്രീഭവിക്കുകയും ചെയ്തെങ്കിലോ എന്നു അവർ ഭയപ്പെട്ടു! അതിനാൽ അവർ ധൃതിയിൽ ക്രിസ്തുവിനെയും കൂടെ തറക്കപ്പെട്ട രണ്ടുകള്ളന്മാരെയും കുരിശിന്മേൽനിന്നു ഇറക്കുവാൻ വെമ്പൽകൊണ്ടു.

## സ്വപ്നത്തിൽ ഉൽബോധനം

ഇതോടൊപ്പം ദിവ്യമായ മറ്റൊരു അനുകൂല സാഹചര്യവും കൂടി സംജാതമായി: പിലാത്തോസ് ന്യായാസനത്തിലിരിക്കുകയായിരുന്നപ്പോൾ, അദ്ദേഹത്തിന്റെ പത്നി അദ്ദേഹത്തിന്റെയടു

ക്കൽ ആളയച്ച്, ആ നീതിമാന്റെ കാര്യത്തിൽ ഇടപെടാതിരിക്കാൻ, അതായത് അദ്ദേഹത്തെ കൊലയ്ക്കു വിധിക്കാതിരിക്കാൻ അറിയിച്ചു. എന്തെന്നാൽ, താൻ തലേരാത്രിയിൽ അദ്ദേഹം നിമിത്തം സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചുവെന്നും പറയിച്ചു( മത്തായി, 27:19). പിലാത്തോസിന്റെ ഭാര്യയുടെ ദർശനത്തിൽ നിന്നു, ദൈവോദ്ദേശ്യം ക്രിസ്തു കുരിശിന്മേൽ മരിക്കണമെന്നായിരുന്നില്ലെന്നാണ് നീതിബോധമുള്ള ഏവർക്കും മനസ്സിലാക്കാൻ കഴിയുക. ഒരാളെ രക്ഷിക്കുന്നതിനു ദൈവം ആർക്കെങ്കിലും പ്രേരണ നല്കുകയോ അതിലേക്ക് ഇന്ന പ്രകാരം ചെയ്യണമെന്നു ഉൽബോധിപ്പിക്കുകയോ ചെയ്തിട്ട് അതു പിഴച്ചുപോവുകയെ ന്നതു ലോകാരംഭംതൊട്ടു നാളിതുവരെ സംഭവിക്കുകയുണ്ടായിട്ടില്ല. ഉദാഹരണമായി, മത്തായിയുടെ സുവിശേഷത്തിൽ എഴുതിയിരിക്കുന്നതു പ്രകാരം, സ്വർഗ്ഗദൂതൻ യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: "നീ എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രി (ഈജിപ്ത്)യീമിലേക്ക് ഓടിപ്പോയി, ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്കുക; എ ന്തെന്നാൽ ഹെരോദാവു( രാജാവ്) ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു" (മത്തായി 2:13). അപ്പോൾ, യേശു മിസ്രിലെത്തിയാൽ അവിടെവച്ച് കൊല്ലപ്പെട്ടേക്കുമെന്നൂഹിക്കുന്നത് ശരിയാവുകയില്ലല്ലോ. അപ്പോലെതന്നെ ഇവിടെ അദ്ദേഹത്തിന്റെ രക്ഷയ്ക്കായുള്ള ഈ ദൈവികതന്ത്രവും- അതായത്, പിലാത്തോസിന്റെ ഭാര്യ കണ്ട സ്വപ്നവും- പിഴച്ചുപോകാവതല്ല. അതിനാൽ, മിസ്രിലേക്കുള്ള യാത്രയിൽ ശിശുവായ യേശുവിനു ജീവഹാനി വരുകയെന്നതു എപ്രകാരം ദൈവത്തിന്റെ നിയതമായ വാഗ്ദാനത്തിന് വിരുദ്ധമാകയാൽ സംഭാവ്യമല്ലയോ അപ്രകാരംതന്നെ ഇവിടേയും ഈ ഉദ്ദേശ്യം പിഴയ്ക്കുക സംഭാവ്യമല്ല. എന്തെന്നാൽ, ദൈവത്തിന്റെ ദൂതൻ (മാലാഖ) പിലാത്തോസിന്റെ ഭാര്യക്കു വെളിപ്പെടുകയും, മിശിഹാ കുരിശിന്മേൽ മരിക്കാൻ കാരണമാകുന്ന പക്ഷം അതു നിങ്ങൾക്കു നല്ലതിനായിരിക്കില്ലെന്നു ഭർത്താവിനെ അറിയിക്കാൻ സൂചന നല്കുകയും

ചെയ്തിരുന്നതു മിശിഹായുടെ രക്ഷയ്ക്കു വേണ്ടിയായിരുന്നല്ലോ. അങ്ങനെ രക്ഷ ലഭിക്കാതെ അദ്ദേഹം കുരിശിൽ കൊല്ലപ്പെട്ടു പോവുകയും മാലാഖയുടെ വെളിപാടു വ്യർത്ഥമാകുകയും ചെയ്തുവെന്നാണെങ്കിൽ ഇതിലേക്കു ലോകത്തു ഒരു ദൃഷ്ടാന്തം എടുത്തു കാണിക്കാമോ? ഇല്ല, ഒരിക്കലും കാണിക്കാൻ കഴിയുകയില്ല! പിലാത്തോസിന്റെ ഭാര്യക്കുണ്ടായ ദർശനത്തിന്റെ ഉദ്ദേശ്യം മിശിഹായുടെ വിടുതലിന് വഴിയൊരുക്കുക എന്നതായിരുന്നുവെന്നു ആ സ്വപ്നത്തെക്കുറിച്ച് അറിയാറാകുന്ന ഏതൊരു നിർമ്മലബുദ്ധിയും സാക്ഷ്യം വഹിക്കുന്നതായിരിക്കും. എന്തെന്നാൽ, വിശ്വാസപരമായ പക്ഷപാതം കൊണ്ടോ മത്സരബുദ്ധിയാലോ പ്രത്യക്ഷമായ ഒരു സത്യത്തെ ആരെങ്കിലും നിഷേധിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെ യ്യുന്നുവെങ്കിൽ അതു അയാളുടെ ഇഷ്ടവും അവകാശവുമാണ്, എങ്കിലും നീതിദൃഷ്ട്യാ വീക്ഷിക്കുമ്പോൾ പിലാത്തോസിന്റെ ഭാര്യ കണ്ട സ്വപ്നം കുരിശുമരണത്തിൽനിന്നുള്ള മിശിഹായുടെ രക്ഷയെക്കുറിക്കുന്ന ഭാരിച്ച ഒരു സാക്ഷ്യം തന്നെയാണെന്നു സമ്മതിക്കേണ്ടതായിവരുന്നു. സുവിശേഷങ്ങളിൽവച്ചു ഒന്നാംകിടയിലുള്ള മത്തായിയുടെ സുവിശേഷമാണ് ഈ സാക്ഷ്യത്തെ രേഖപ്പെടുത്തിയിരിക്കുന്നതും. പ്രകൃതഗ്രന്ഥത്തിൽ ശക്തിയുക്തം വിവരിക്കുന്ന ഇത്തരത്തിലുള്ള അനേകം സാക്ഷ്യങ്ങളാൽ യേശുവിന്റെ ദൈവത്വവും പാപപരിഹാരസിദ്ധാന്തവും അപ്പടി മിഥ്യയാണെന്നു തെളിയുന്നതാണ്. എന്നാൽ, സത്യം സ്വീകരിക്കുന്ന വിഷയത്തിൽ സമാജത്തിന്റെയോ പാരമ്പര്യവിശ്വാസത്തിന്റെയോ പരിഗണന കൂടാതെയുള്ള നീതിബോധവും ആത്മാർത്ഥതയുമായിരിക്കണം നമുക്കു പ്രേരകമായിരിക്കേണ്ടത്. ആരംഭം മുതൽ നാളിതുവരെ മനുഷ്യൻ തന്റെ ഹ്രസ്വബുദ്ധിയാൽ പരസ്സഹസ്രം സൃഷ്ടിവസ്തുക്കളിൽ ദൈവത്വം സങ്കല്പിച്ചു അവയെയെല്ലാം പൂജിച്ചു വരികയാണ്. ഇങ്ങേയറ്റം പൂച്ചകളെയും പാമ്പുകളെയും കൂടി അവർ ആരാധിച്ചു വന്നിരിക്കുന്നു. എന്നാൽ, ബുദ്ധിമാന്മാരും ജ്ഞാനികളുമായുള്ളവർ ദൈവസഹായത്താൽ ഇത്തരം ബഹുദൈവവിശ്വാസങ്ങളിൽനിന്നും

തജ്ജന്യമായ ഭക്തിപൂജാദികളിൽനിന്നും സ്വയം സംരക്ഷിക്കപ്പെട്ടുവന്നിരിക്കുകയാണ്.

## മൃണ്മയശരീരം

മർയംപുത്രനായ മിശിഹാ കുരിശുമരണത്തിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതിലേക്ക് ഇഞ്ചീലിൽനിന്ന് നമുക്കു ലഭിക്കുന്ന മറ്റൊരു സാക്ഷ്യം, അദ്ദേഹം കല്ലറയിൽനിന്നു പുറത്തുവന്നിട്ടു ഗലീലയിലേക്കുപോയ ആ നീണ്ടയാത്രയെ സംബന്ധിച്ച വിവരണമാണ്. എങ്ങനെയെന്നാൽ, ഞായറാഴ്ച രാവിലെ ആദ്യമായി അദ്ദേഹം മഗ്ദലനമർയയുമായി കണ്ടു. മർയയാകട്ടെ ഉടൻതന്നെ മിശിഹാ ജീവിച്ചിരിപ്പുണ്ടെന്നു ശിഷ്യന്മാർക്കു അറിവുകൊടുത്തു. എന്നാൽ, അവർ അതു വിശ്വസിച്ചില്ല. പിന്നെ ശിഷ്യന്മാരിൽ രണ്ടുപേർ ഗ്രാമത്തിലേക്ക് പോവുകയായിരുന്നപ്പോൾ അവർക്കു അദ്ദേഹം പ്രത്യക്ഷനായി. ഒടുക്കം പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവരുടെ അടുക്കൽ അദ്ദേഹം ചെന്നു നിന്നു. താൻ ജീവനോടിരിക്കുന്നതായി കണ്ടവരുടെ സാക്ഷ്യം അവർ വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും അദ്ദേഹം ശാസിച്ചു. (മാർക്കോസ് 16:9 മുതൽ 14 വരെ വാക്യങ്ങൾ നോക്കുക). അതുപോലെതന്നെ ശിഷ്യന്മാർ യരൂശലേമിൽനിന്നു ഏതാണ്ടു ആറു മൈൽസ് ($3^{3}/_{4}$ കോസ്) അകലെയുള്ള എമ്മവുസ് ഗ്രാമത്തിലേക്കു പോകയായിരുന്നപ്പോൾ അവരെ മിശിഹാ കണ്ടെത്തി. അവർ ആ ഗ്രാമത്തിനടുത്തെത്തിയപ്പോൾ അവരിൽനിന്നു വേർപിരിഞ്ഞു പോകുന്നതിനെന്നോണം അദ്ദേഹം മുന്നോട്ടു കടന്നു പോകുവാൻ ഭാവിച്ചു. അപ്പോൾ അവർ 'ഇന്നുരാത്രി നമുക്കൊന്നിച്ചു താമസിക്കാം' എന്നു പറഞ്ഞ് അദ്ദേഹത്തെ തടഞ്ഞുനിറുത്തി. അങ്ങനെ അദ്ദേഹം അവരോടൊപ്പം താമസിച്ചു. രാത്രി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു അവരെല്ലാവരും മിശിഹായോടൊപ്പം ഏമാവൂസ് എന്ന നാട്ടുമ്പുറത്ത് രാത്രി കഴിച്ചുകൂട്ടി. (ലൂക്കോസ്, അ. 24:13 മുതൽ 31 വരെ വചനങ്ങൾ നോക്കുക)

ഇത്രയുംകൊണ്ടു വ്യക്തമാകുന്നതു, മിശിഹാ മരണത്തിനു

ശേഷം കേവലം തേജോരൂപിയായ ആത്മാവായിട്ടിരിക്കുമ്പോൾ അദ്ദേഹത്തിൽനിന്നു സ്ഥൂലദേഹപ്രകൃതിക്കനുരൂപമായ ധർമ്മങ്ങൾ സംഭവിച്ചുവെന്നാണല്ലോ. അങ്ങനെ, തേജോരൂപിയായിരിക്കുമ്പോൾ തിന്നുക, കുടിക്കുക, ഉറങ്ങുക, പദയാത്ര ചെയ്യുക തുടങ്ങിയ ശാരീരിക വ്യവഹാരം അദ്ദേഹത്തിൽനിന്നുണ്ടാവുക കേവലം അസംഭാവ്യവും അസംഗതവും തന്നെയാണ്. യാഥാർത്ഥ്യം ഇതാണെങ്കിലും, വാർത്താനിവേദകന്മാരുടെ വ്യക്തിപരമായ വിശ്വാസാഭിപ്രായങ്ങൾക്കു വിധേയമായി ഇഞ്ചീലിലെ കഥാകഥനത്തിലും വളരെയേറെ ഭേദഭാവങ്ങൾ സംഭവിച്ചു പോയിരിക്കയാണ്. എന്നിരുന്നാലും ഇപ്പോൾ നിലവിലുള്ള ഇഞ്ചീലുകളിലെ വിവരണങ്ങളിൽനിന്നുതന്നെയും വ്യക്തമായിത്തെളിയുന്നത്, മിശിഹാ തന്റെ ശിഷ്യരുമായി കണ്ടതും, നൂറിൽ പരം മൈൽസ് ദൂരെയുള്ള ഗലീലയിലേക്കു പദയാത്ര ചെയ്തതും ശിഷ്യന്മാർക്കു തന്റെ ശരീരത്തിലെ വ്രണങ്ങൾ കാട്ടിക്കൊടുത്തതും അവരുടെ അടുക്കൽനിന്ന് റൊട്ടി തിന്നതും അവിടെ രാപാർത്തതുമെല്ലാം നശ്വരമായ തന്റെ ഈ മൃണ്മയശരീരത്തോടുകൂടിത്തന്നെയാണെന്നത്രെ. അദ്ദേഹം ഒരു സവിശേഷ ലേപനൗഷധം ഉപയോഗിച്ചാണ് തന്റെ ദേഹത്തിലുണ്ടായ മുറിവുകൾ കരിച്ചിരുന്നത്. ഈ വസ്തുതയെപ്പറ്റി പിറകോട്ട് പ്രതിപാദിക്കുന്നതായിരിക്കും.

നല്ലപോലെ ചിന്തിക്കേണ്ടുന്ന ഒരു സന്ദർഭമാണിത്. തേജോരൂപമായ അനശ്വരദേഹം പ്രാപിച്ചതിനുശേഷവും, അതായത്, പാനാശനാദി ആവശ്യങ്ങൾക്കൊന്നും അടിപ്പെടാത്തതും ഒരു വിധ ക്ഷതമോ ആതങ്കമോ ദൗർബല്യമോ ബാധിക്കാത്തതും നിത്യപാവനവുമായ സൂക്ഷ്മദേഹം ലഭിച്ചതിൽപിന്നെയും, മിശിഹായിൽ മർത്ത്യശരീരസാധാരണമായ അവശതകൾ ശേഷിക്കുമാറായതെന്തു? ദൈവത്തിന്റെ വലതുകരത്തിൽ ഉപവിഷ്ഠനാകേണ്ടിയിരുന്ന അദ്ദേഹമെന്തേ അപ്പോഴും കുരിശിന്റെയും ആണിപ്പഴുതിന്റെയും മുറിവുകളാലും ചതവുകളാലും പീഡിതനായിരുന്നതു? രക്തം തുളിക്കുന്നതും വേദനിക്കുന്നതുമായ ഈ വ്രണങ്ങൾ കരി

ക്കുന്നതിനായിട്ടു ഒരു ലേപനൗഷധം തന്നെ യും തയ്യാർ ചെയ്യപ്പെട്ടിരുന്നു. തേജോമയമായ സൂക്ഷ്മദേഹം പ്രാപിച്ചതിനുശേഷം നിത്യനിർമ്മലവും അന്യൂനവും നിർഭേദവുമായ നിലയിലിരിക്കേണ്ടതായിരുന്നിട്ടും അദ്ദേഹം പലതരത്തിലുള്ള പീഡകൾക്കും ക്ലേശങ്ങൾക്കും വശഗനായി! താൻതന്നെ തന്റെ ശരീരത്തിലെ മാംസവും എല്ലുകളും ശിഷ്യർക്കു കാണിച്ചു കൊണ്ടു അദ്ദേഹം അപ്പോഴും സ്ഥൂലശരീരിയാണെന്നു വെളിപ്പെടുത്തി. ഇത്രയുമല്ല നശ്വരശരീരത്തിന്റെ അനിവാര്യസ്വഭാവമനുസരിച്ചു പശിയും ദാഹവും അദ്ദേഹത്തെ പീഡിപ്പിക്കുകയും ചെയ്തു. അല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഗലീലയാത്രയിൽ അനാവശ്യകാര്യങ്ങൾ കാട്ടിക്കൂട്ടിയതെന്തിനു? അതായതു, തിന്നുകയും, കുടിക്കുകയും, വിശ്രമിക്കുകയും, നിദ്രകൊള്ളുകയും മറ്റും ചെയ്തതു! ഈ ലോകത്ത് മർത്ത്യശരീരം സംബന്ധിച്ചിടത്തോളം ക്ഷുൽപിപാസകൾ ഒരു തരം പീഡ തന്നെയാണ്. അവ വർദ്ധിച്ചു അതിർകവിഞ്ഞാൽ പ്രാണഹരവും കൂടി ആയിത്തീരും.

## വിശാലമായ കല്ലറ

ക്രിസ്തു കുരിശിന്മേൽ മരിക്കുകയോ തേജോമയമായ ഒരു സൂക്ഷ്മദേഹം പ്രാപിക്കുകയോ ഉണ്ടായിട്ടില്ലെന്നതു നിസ്സന്ദേഹമായ ഒരു വസ്തുതയാണ്. എന്നാൽ, അദ്ദേഹത്തിനു കുരിശിന്മേൽ മരണതുല്യമായ ഒരു മൂർച്ഛാവസ്ഥയാണ് അനുഭവപ്പെട്ടിരുന്നത്. അനന്തരം അദ്ദേഹം ദൈവാനുഗ്രഹത്താൽ ഏ തൊരു ഖബ്റിലാണോ വെക്കപ്പെട്ടിരുന്നതു അതു നമ്മുടെ രാജ്യത്തിലെ ഖബ്റുകളുടെ മാതിരിയുള്ളതായിരുന്നില്ല; വായുസഞ്ചാരമുള്ളതും പ്രവേശനദ്വാരത്തോടുകൂടിയതുമായ ഒരു അറകണക്കെയുള്ളതായിരുന്നു. അക്കാലത്ത് യഹൂദന്മാരുടെ സമ്പ്രദായപ്രകാരം ഖബ്റുകൾ അകത്തു പ്രവേശിക്കാനുള്ള തുറപ്പോടുകൂടിയതും കാറ്റുകടക്കുന്നതുമായ രീതിയിലാണ് ഉണ്ടാക്കപ്പെട്ടിരുന്നതു. ഇത്തരം ശിലാഗൃഹങ്ങൾ ആദ്യമേ ഉണ്ടാക്കി വച്ചിരിക്കും. ആവശ്യം വരുമ്പോൾ ശവം മറവു ചെയ്യുന്നതിനു അവ ഉപയോഗിക്കപ്പെടുമായിരുന്നു. ഇതിലേയ്ക്ക് സുവിശേഷങ്ങളിൽ നിന്നു

തന്നെ സാക്ഷ്യങ്ങൾ ലഭിക്കുന്നുമുണ്ട്. ലൂക്കോസ് പറയുന്നതു കാണുക:-

"അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്ത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത് (ഇരുട്ടുള്ളപ്പോൾതന്നെ) കല്ലറയ്ക്കൽ എത്തി, കല്ലറയിൽനിന്നു കല്ലുരുട്ടിക്കളഞ്ഞതായി കണ്ടു. അകത്തു കടന്നാറെ (ഇവിടെ സ്വല്പം ചിന്തിക്കേണ്ടതായിട്ടുണ്ട്) കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല" (ലൂക്കോ 24: 1-3).

ഇവിടെ "അകത്തു കടന്നാറെ" എന്ന വാക്കുകൾ പ്രത്യേകം ചിന്ത്യമാണ്. ഇതിൽ നിന്നു, ആ ഖബ്ർ ആളുകൾക്ക് കടന്നു ചെല്ലാവുന്നതും ഒരു അറപോലെ പ്രവേശനദ്വാരത്തോടുകൂടിയതുമായിരുന്നുവെന്നു സിദ്ധിക്കുന്നുണ്ട്. ഇത്തരത്തിൽ അകത്തുകടക്കാനുള്ള തുറപ്പോടുകൂടിയ ഒരു കല്ലറയാണ് അടുത്തകാലത്തു കശ്മീരിൽ ശ്രീനഗർ എന്നിടത്തു കണ്ടെത്തപ്പെട്ടിട്ടുള്ള ഹദ്റത്ത് ഈസാ(അ)യുടെ ഖബ്ർ. ഇതൊരു മർമപ്രധാനമായ വസ്തുതയാണ്. ഇതിനെക്കുറിച്ചുള്ള പരിചിന്തനവും പര്യേഷണവും സൂക്ഷ്മാന്വേഷികളെ മഹത്തായ നിഗമനത്തിലേയ്ക്കു നയിക്കുന്നതായിരിക്കുമെന്നത് തീർച്ചയാണ്.

## പിലാത്തോസിന്റെ സംശയം

ഇഞ്ചീലിൽനിന്നു നമുക്ക് ലഭിച്ചിരിക്കുന്ന സാക്ഷ്യങ്ങളിൽ ഇനിയൊന്ന്, മാർക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെട്ടുകാണുന്ന പിലാത്തോസിന്റെ വചനമത്രെ. "വൈകുന്നേരമായപ്പോൾ ശബ്ബത്തിന്റെ തലേനാളായ ഒരുക്കനാൾ ആകകൊണ്ട് ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്യയിലെ യോസേഫ് വന്നു ധൈര്യത്തോടെ പിലാത്തോസിന്റെ അടുക്കൽചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചു കഴിഞ്ഞോ എന്നു പിലാത്തോസ് ആശ്ചര്യപ്പെട്ടു!" (മാർക്കോസ്, അ. 15: വചനം 42-44). ഇതു വ്യക്തമാക്കിത്തരുന്നതു, കുരിശു സംഭവം നടന്ന ആ കാലത്തുതന്നെ യേശു വാസ്തവത്തിൽ മരിച്ചുവോ എന്ന ഒരു സന്ദേഹം പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടെ

ന്നാണ്. കുരിശിന്മേൽവച്ചു ക്രൂശിതന്റെ പ്രാണൻ പോകാൻ എത്ര കാലയളവ് ആവശ്യമായി വരുമെന്നുള്ളിടത്തോളം നല്ല പരിചയമുള്ളയാളാണ് ഈ സന്ദേഹം പുറപ്പെടുവിച്ചിട്ടുള്ള തെന്നും ചിന്ത്യമാണ്!

## എല്ലൊടിച്ചില്ല

സുവിശേഷത്തിൽനിന്നു നമുക്ക് ലഭിച്ചിരിക്കുന്ന സാക്ഷ്യ ങ്ങളിൽ മറ്റൊന്നു, യോഹന്നാന്റെ ഇഞ്ചീലിലെ താഴെ ഉദ്ധരി ക്കുന്ന വചനങ്ങളാണ്:- "അന്നു ഒരുക്കനാളും ആ ശബ്ബത്ത്നാൾ വലിയതും ആകകൊണ്ട്, ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുത് എന്നു വച്ചു അവരുടെ കാൽഒടിച്ചു എടുക്കേണം എന്നു യഹൂദന്മാർ പിലാത്തോസിനോട് അപേക്ഷിച്ചു. ആക യാൽ, പടയാളികൾ വന്ന് ഒന്നാമന്റെയും അവനോടു കൂടെ ക്രൂശി ക്കപ്പെട്ട മറ്റവന്റേയും കാൽ ഒടിച്ചു. അവർ യേശുവിന്റെ അടു ക്കൽ വന്നു, അവൻ മരിച്ചു പോയി എന്നു കാൺകയാൽ അവ ന്റെ കാൽ ഒടിച്ചില്ല; എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തം കൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെ ള്ളവും പുറപ്പെട്ടു" (യോഹ. 19: 31-34).

ആ കാലത്തു കുരിശിന്മേൽ തറക്കപ്പെട്ട ഒരുവന്റെ ജീവിത ത്തിനു അറുതി വരുത്തേണ്ടതിന് അവനെ അങ്ങനെത്തന്നെ ഏതാനും ദിവസങ്ങളോളം ക്രൂശിന്മേൽ നിറുത്തുകയും പിന്നെ അവന്റെ എല്ലുകൾ തല്ലി ഉടയ്ക്കുകയും ചെയ്യുക പതിവായി രുന്നു വെന്നു പ്രസ്തുത വചനങ്ങളിൽനിന്നു സുവ്യക്തം മന സ്സിലാകുന്നു. എന്നാൽ, ക്രൂശിതനായ ക്രിസ്തുവിന്റെ അസ്ഥി കൾ മനഃപൂർവ്വം ഒടിക്കാതിരുന്നതാണെന്നു മനസ്സിലാക്കാം. കൂടെ യുണ്ടായിരുന്ന രണ്ടു കള്ളന്മാരെപ്പോലെതന്നെ അദ്ദേഹവും ജീവനോടുകൂടിയാണ് ഇറക്കപ്പെട്ടത്. അതു കൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ വിലാപ്പുറം തുളച്ചപ്പോൾ രക്തം തുളിച്ചു വന്ന തും. മൃതന്റെ രക്തം ഉറച്ചുപോകുന്നുവല്ലോ.

ഇവിടെ ആന്തരമായി ഒരു ഗൂഢാലോചന നടത്തപ്പെട്ടിട്ടു

ണ്ടെന്നു മനസ്സിലാക്കാവുന്നതാണ്. പിലാത്തോസ് ദൈവഭയമുള്ള ഒരു നല്ല മനുഷ്യനായിരുന്നു. തുറന്നനിലയിൽ മിശിഹായോടു ആനുകൂല്യം കാണിക്കുന്നതിൽ കൈസറിനെ ഭയപ്പെട്ടിരുന്ന അദ്ദേ ഹം ഒരു പ്രകാരത്തിൽ ഭാഗ്യവാനായിരുന്നു. എന്തെന്നാൽ അദ്ദേ ഹം മിശിഹായെ കാണുക മാത്രമല്ല അദ്ദേഹത്തിനു കുറെയെല്ലാം ആനുകൂല്യം ചെയ്തു കൊടുക്കുകയുമുണ്ടായി. മിശിഹാ ക്രൂശിക്കപ്പെടണമെന്നു പിലാത്തോസിന് ഒരിക്കലും ഉദ്ദേശ്യമുണ്ടായിരുന്നില്ല. അദ്ദേഹം പലതവണ ക്രിസ്തുവിനെ വിട്ടയക്കുവാൻ ശ്രമിച്ചതായിട്ടു സുവിശേഷങ്ങൾ വായിച്ചു നോക്കുമ്പോൾ കാണാൻ കഴിയും. എന്നാൽ, യഹൂദന്മാർ വിളിച്ചു പറഞ്ഞതു, 'നീ ഇവനെ വിട്ടയച്ചാൽ കൈസറുടെ സ്നേഹിതൻ അല്ല; തന്നത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മത്സരിക്കുന്നുവല്ലോ എന്നായിരുന്നു (യോഹ, 19:12).

പിന്നെ, പിലാത്തോസിന്റെ പത്നി കണ്ട സ്വപ്നവും അദ്ദേഹത്തിനു ക്രിസ്തുവിന്റെ നേർക്ക് ആനുകൂല്യം ഭാവിക്കുവാൻ കൂടുതൽ പ്രേരകമായിത്തീർന്നു. അതിനാൽ എങ്ങനെയെങ്കിലും ആ മഹാത്മാവിനെ കുരിശിൽ തറക്കാതെ കഴിക്കണമെന്നും അല്ലാത്തപക്ഷം അതു തനിക്കും ഭാര്യക്കും നാശകരമായിത്തീരുമെന്നും അദ്ദേഹം കരുതി. എന്നാൽ, യഹൂദർ ഒരു നാശംപിടിച്ച ജനതയായിരുന്നു. അവർ കൈസറുടെ അടുക്കൽ പിലാത്തോസിനെക്കുറിച്ചു രഹസ്യമായി ആവലാതിപ്പെടുന്നതിനും തയ്യാറായിരുന്നതാണ്. അതുകൊണ്ടു അദ്ദേഹം മിശിഹായെ വിടുവിക്കാൻ നയോപായങ്ങൾ പ്രയോഗിക്കുകയാണുണ്ടായത്.

ഒന്നാമതായി, ക്രിസ്തുവിനെ ക്രൂശിക്കാനുള്ള ദിവസമായി നിർണ്ണയിച്ചതുതന്നെ വെള്ളിയാഴ്ചയായിരുന്നു. അതും പകൽ ഏതാനും മണിക്കൂർ മാത്രം ബാക്കിയായിരിക്കെയും വലിയ ശബ്ബത്ത് രാത്രി ആസന്നമായിരിക്കയും ചെയ്തപ്പോഴത്രേ. യഹൂദരുടെ ധർമശാസ്ത്രവിധിപ്രകാരം ക്രൂശിതനെ അന്നു സായംസന്ധ്യവരെ മാത്രമേ കുരിശിൽ വയ്ക്കാൻ പാടുള്ളൂവെന്നു പിലാത്തോസിന് നല്ലപോലെ അറിയാമായിരുന്നു.

## ഗൂഢാലോചന

സന്ധ്യയാകുന്നതിനു മുമ്പേ യേശുവിനെ കുരിശിൽനിന്നു താഴെയിറക്കി. യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാർ ജീവനോടുകൂടിത്തന്നെയിരിക്കെ രണ്ടു മണിക്കൂറിനകം യേശു മരിച്ചുപോയി എന്നു വരിക സംഭാവ്യമായിരുന്നില്ല. കാലൊടിക്കുന്ന പ്രക്രിയയിൽനിന്നു യേശുവിനെ ഒഴിവാക്കാനുള്ള ഒരു ഒഴികഴിവ് മാത്രമായിരുന്നു അത്. രണ്ടുകള്ളന്മാരും കുരിശിൽനിന്നു ജീവനോടെയാണ് താഴെയിറക്കപ്പെട്ടിരുന്നതെന്ന വസ്തുതതന്നെ ബുദ്ധിമാനായ ഒരാൾക്ക് വേണ്ടുവോളം തെളിവായിരിക്കുന്നുണ്ട്. കുരിശിൽനിന്നു ക്രൂശിക്കപ്പെട്ടവരെ ജീവനോടെ താഴെയിറക്കുന്നതു അക്കാലത്തു നടപ്പുണ്ടായിരുന്നതു മത്രെ. എല്ലൊടിക്കപ്പെട്ടിരുന്നെങ്കിൽ മാത്രമേ, അഥവാ, ദിവസങ്ങളോളം ആഹാരമോ വെള്ളമോ കഴിക്കാതെ കുരിശിൽ തൂങ്ങിക്കിടന്നിരുന്നെങ്കിൽ മാത്രമേ, മരണം ഉറപ്പുവരുമായിരുന്നുള്ളൂ. എന്നാൽ, ഈ രണ്ടനുഭവങ്ങളും യേശുവിന്നുണ്ടായിട്ടില്ല. യേശു കുരിശിൽ ദിവസങ്ങളോളം തൂങ്ങിക്കിടന്നിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ എല്ലുകൾ ഒടിച്ചിരുന്നില്ല. എന്നാൽ, അദ്ദേഹം കുരിശിന്മേൽ മരിച്ചുപോയപ്രകാരം കാണപ്പെടുകയാൽ യഹൂദർ സകലതും മറന്നു. രണ്ടു കള്ളന്മാരെയും വേഗം കൊന്നു. അവരുടെ കാലുകൾ തല്ലിയൊടിക്കുകയുമുണ്ടായി. മരിച്ചുപോയെന്നും എല്ലൊടിക്കേണ്ടതില്ലെന്നും കള്ളന്മാരിൽ ഒരുവനെപ്പറ്റിക്കൂടി പറയപ്പെട്ടിരുന്നെങ്കിൽ സംഭവം മറ്റൊന്നാകുമായിരുന്നു. യോസേഫ് എന്നുപേരായ ഒരാൾ– പിലാത്തോസിന്റെ വിശ്വസ്ത സുഹൃത്തും തദ്ദേശത്തെ ഒരു പ്രമുഖ വ്യക്തിയും യേശുവിന്റെ ഒരു രഹസ്യശിഷ്യനും ആയിരുന്ന ഇദ്ദേഹം, തക്കസമയത്തു തന്നെ അവിടെയെത്തി പിലാത്തോസിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തെ വിളിപ്പിച്ചതായിരിക്കണമെന്നാണ് ഞാൻ ഊഹിക്കുന്നത്. യേശു മരിച്ച പ്രകാരം കാണപ്പെടുകയാൽ അദ്ദേഹത്തിന്റെ ശരീരം യോസേഫിനെ ഏല്പിച്ചു. പ്രമുഖനായ ഒരാളെന്ന നിലയിൽ ശരീരം അദ്ദേഹത്തെ ഏല്പിക്കുന്നതിൽ ജൂദ

ന്മാർക്ക് തർക്കമുണ്ടാകാനിടയില്ലായിരുന്നു. ആ രംഗത്ത് വന്നെത്തിയ യോസേഫ് വെറുമൊരു ജഡമെന്നോണം യേശുവിനെ എടുത്തുകൊണ്ടുപോയി. യഥാർത്ഥത്തിൽ യേശു തികച്ചും ഒരു മൂർച്ഛാവസ്ഥയിലായിരുന്നു. അപ്പോൾ അവിടെ സമീപത്തുതന്നെ അക്കാലത്തെ നടപ്പനുസരിച്ച് പണിയിച്ചുവന്നിരുന്നതും ഒരു കവാടത്തോടുകൂടിയതുമായ ഭവനം പോലുള്ള ഒരു കല്ലറ ഉണ്ടായിരുന്നു. ജൂതന്മാർക്ക് ഒന്നും ചെയ്യാനാകാത്ത ഒരു സ്ഥലത്താണ് അതു സ്ഥിതിചെയ്തിരുന്നതും. പിലാത്തോസിന്റെതന്നെ നിർദ്ദേശപ്രകാരം ഈ ഭവനത്തിൽ യേശുവെ കിടത്തി. മോശയുടെ മരണത്തിനുശേഷം പതിനാലു നൂറ്റാണ്ടു കഴിഞ്ഞാണ് ഇതെല്ലാം സംഭവിച്ചത്. പതിനാലാം നൂറ്റാണ്ടിൽ അവതരിക്കേണ്ട വാഗ്ദത്തമിശിഹായെ യഹൂദർ കാത്തിരിക്കയായിരുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാരുടെയെല്ലാം ദീർഘദർശനമനുസരിച്ചു അദ്ദേഹം പ്രത്യക്ഷപ്പെടേണ്ട കാലവും അതുതന്നെയായിരുന്നു. എന്നാൽ, കഷ്ടം! ജൂദന്മാരുടെ ആ കൊള്ളരുതാത്ത പുരോഹിതന്മാർ ആ കാലത്തെ തിരിച്ചറിഞ്ഞില്ല. വാഗ്ദത്ത മിശിഹായെ അവർ കപടവാദിയായി തള്ളിപ്പറയുകയും ചെയ്തു. അത്രയുമല്ല, അവർ അദ്ദേഹത്തെ കാഫിർ– സത്യനിഷേധി എന്നു വിധിക്കുകയും വധശിക്ഷയ്ക്കുള്ള കുറ്റം ചുമത്തി കോടതി കയറ്റുകയുമുണ്ടായി. ജനങ്ങളുടെ ഹൃദയം സ്വാർത്ഥ ജടിലമായിത്തീരുകയും പുരോഹിതന്മാർ ലൗകികരും കുരുടരും സത്യവിരോധികളുമായി ചമയുകയും ചെയ്യുമാറുള്ള വിവിധതരം ദുസ്സ്വാധീനങ്ങൾ പതിനാലാം നൂറ്റാണ്ടിൽ ദൈവം ഒരുമിച്ചുകൂട്ടി.

ഇവിടെ മോശെയുടെ പതിനാലാം നൂറ്റാണ്ടും മോശെയുടെ പ്രതിബിംബമായ നബി(സ) തിരുമേനിയുടെ പതിനാലാം നൂറ്റാണ്ടും തമ്മിൽ താരതമ്യപ്പെടുത്തുന്നപക്ഷം രണ്ടു പതിനാലാം നൂറ്റാണ്ടുകളിലും വാഗ്ദത്ത മസീഹ് എന്നു വാദിച്ച രണ്ടു വ്യക്തികളെ കാണാവുന്നതാണ്. രണ്ടുപേരും സത്യവാദികളും ദൈവത്തിൽ നിന്നുള്ളവരുമായിരുന്നു. ഇതിനുപുറമെ പുരോഹിതവർഗ്ഗം കാഫിറെന്നു മുദ്രകുത്തുകയും, കറ്റുകെട്ടുകാരെന്നും

ദജ്ജാലെന്നും ഇരുവർക്കും പേരിടുകയും രണ്ടാളെയും കൊലയ്ക്ക് വിധിക്കുകയും ഇരുവരെയും കോടതി കയറ്റുകയുമുണ്ടായി; ഒരാളെ റോമൻ കോടതിയിലും മറ്റെയാളെ ഇംഗ്ലീഷ് കോടതിയിലും! ഒടുവിൽ, രണ്ടാളും രക്ഷപ്പെടുകയും യഹൂദരും മുസ്ലിംകളുമായ പുരോഹിതവർഗ്ഗങ്ങൾ പരാജയപ്പെടുകയും ചെയ്തു. രണ്ടു മിശിഹാമാർക്കും ഓരോ വലിയ അനുയായി സംഘത്തെ സൃഷ്ടിക്കാനും രണ്ടുതരം ശത്രുസമൂഹങ്ങളെയും നിരാശയിലാഴ്ത്താനും ദൈവം ഇച്ഛിച്ചു. മൂസാനബിയുടെ പതിനാലാം നൂറ്റാണ്ടും നബി(സ) തിരുമേനിയുടെ പതിനാലാം നൂറ്റാണ്ടും അതാതു കാലഘട്ടങ്ങളിലെ മിശിഹാമാർക്ക് കഠിന കഷ്ടതകളുടെ കാലങ്ങളായി അനുഭവപ്പെട്ടുവെങ്കിലും ഒടുപുലർച്ച അനുഗൃഹീതമായിത്തീരുകയാണ് ചെയ്തത്.

## യേശുവിന്റെ പ്രാർത്ഥന

മിശിഹാ കുരിശിൽനിന്ന് രക്ഷപ്പെട്ടത് സംബന്ധിച്ച തെളിവുകളുടെ കൂട്ടത്തിൽ മറ്റൊന്ന് സുവിശേഷത്തിൽ 'മത്തായി' 26 -ാം അദ്ധ്യായത്തിലെ 36 മുതൽ 46 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളാണ്. താൻ പിടിക്കപ്പെടുമെന്ന വെളിപാടു ലഭിച്ചതിനെത്തുടർന്നു യേശു, രാത്രി മുഴുവൻ ഹൃദയം പൊട്ടിക്കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു കഴിച്ചുകൂട്ടി. അത്രയും ദീർഘനേരത്തെ അത്രയും എളിയപ്രാർത്ഥന സ്വീകരിക്കപ്പെടാതിരിക്കാൻ തരമില്ലായിരുന്നു. എന്തെന്നാൽ, അത്യന്തം അസ്വസ്ഥമായ ആ അവസ്ഥയിലുള്ള ഒരു വൃതദാസന്റെ പ്രാർത്ഥനകളൊരിക്കലും ദൈവസവിധത്തിൽ തള്ളപ്പെടുകയില്ലെന്നിരിക്കെ, രാത്രിമുഴുവൻ ഉറക്കമിളച്ചുള്ള ആ പ്രാർത്ഥനകൾ, ഹൃദയം പൊട്ടിനുറുങ്ങുമാറുള്ള ആ പ്രാർത്ഥനകൾ, നൊമ്പരപ്പെട്ട ആത്മാവിന്റെ ആ അഭയയാചനകൾ എങ്ങനെ തിരസ്കരിക്കപ്പെടാനാണ്! സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ പ്രാർത്ഥനകൾ സ്വീകരിക്കുന്നുവെന്നു മിശിഹാതന്നെ അവകാശപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയിൽ അദ്ദേഹത്തിനു ഉറച്ചവിശ്വാസമായിരുന്നു. അതുകൊണ്ടാണ് അറസ്റ്റ് ചെയ്യപ്പെടുകയും കുരിശിലേറ്റപ്പെടുകയും

ചെയ്തപ്പോൾ സാഹചര്യങ്ങൾ തന്റെ പ്രതീക്ഷക്കൊത്തല്ല രൂപ പ്പെട്ടിട്ടുള്ളതെന്നു കണ്ടയവസരത്തിൽ, 'ഏലീ, ഏലീ ലമാ സബ ക്താനീ' (എൻ ദൈവമേ, എൻ ദൈവമേ നീ എന്നെ കൈവിട്ട തെന്തേ?) എന്നിങ്ങനെ അദ്ദേഹം നിലവിളിച്ചത്. എന്നുവച്ചാൽ ഇത്തരത്തിൽ സംഭവിക്കുമെന്നു-കുരിശിന്മേൽ താൻ മരിക്കാൻ ഇടയാകുമെന്നു- അദ്ദേഹമൊരിക്കലും പ്രതീക്ഷിച്ചിരുന്നി ല്ലെന്നുതന്നെ. സുവിശേഷങ്ങളിൽ കാണപ്പെടുന്ന ഈ രണ്ടു പരാമർശങ്ങളും തെളിയിച്ചത് തന്റെ പ്രാർത്ഥന ദൈവം കേൾക്കു മെന്നും സ്വീകരിക്കുമെന്നും യേശു പൂർണ്ണഹൃദയത്തോടെ വിശ്വ സിച്ചിരുന്നുവെന്നാണ്. രാത്രി മുഴുവൻ ഉറക്കമിളച്ചും കണ്ണീർ വാർത്തും താൻ ചെയ്ത സുവിനീത പ്രാർത്ഥനകളൊരിക്കലും പാഴായിപ്പോകില്ലെന്നു അദ്ദേഹത്തിനു റപ്പായിരുന്നു. തന്റെ ശിഷ്യ ന്മാരെ അദ്ദേഹം ദൈവികമായ അധികാരത്തോടു കൂടിത്തന്നെ 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടും' എന്നു പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ, മനു ഷ്യനെയും ദൈവത്തെയും ഭയപ്പെടാത്ത ന്യായാധിപനെക്കുറി ച്ചുള്ള ഒരന്യാപദേശവും അദ്ദേഹം വിവരിച്ചു കൊടുത്തു. ദൈവം നിശ്ചയമായും പ്രാർത്ഥനകൾ സ്വീകരിക്കുന്നുവെന്നു ശിഷ്യ ന്മാരെ ബോധ്യപ്പെടുത്തുകയായിരുന്നു ഈ ഉപമാ കഥകൊണ്ടു ദ്ദേശിക്കപ്പെട്ടിരുന്നത്. ഒരു വലിയ വിപത്ത് തനിയ്ക്ക് തരണം ചെയ്യാനുണ്ടെന്നു യേശു അറിഞ്ഞിരുന്നെങ്കിലും മറ്റെല്ലാ നീതി മാന്മാരെയുംപോലെ അദ്ദേഹവും ദൈവത്തോടു പ്രാർത്ഥിച്ചു, ദൈവത്തിനു കഴിയാത്തതായി ഒന്നുംതന്നെയില്ലെന്നും ഏതു കാര്യവും അതു നടക്കണമോ വേണ്ടയോ എന്നു ദൈവം തന്നെ യാണ് നിശ്ചയിക്കുന്നതെന്നും ഉറച്ചു വിശ്വസിച്ചുകൊണ്ടുതന്നെ. അതിനാൽ, യേശുവിന്റെ സ്വന്തം പ്രാർത്ഥന തിരസ്കരിക്കപ്പെ ടുന്നപക്ഷം അതു ശിഷ്യരുടെ വിശ്വാസത്തെ തകർത്തു തരിപ്പ ണമാക്കാൻ കാരണമാകുമായിരുന്നു. ശിഷ്യരുടെ വിശ്വാസത്തെ തകർക്കുന്ന ഒരു ഉദാഹരണം അവരുടെ മുമ്പിൽ അവതരിപ്പി ക്കുക സാധ്യമായിരുന്നുവോ? യേശുവിനെപ്പോലുള്ള ഒരു മഹാ പ്രവാചകൻ ദുരിതഹൃദയത്തോടെ രാത്രി മുഴുവൻ ഉറക്കമിളച്ചു

ചെയ്ത പ്രാർത്ഥ നതന്നെ സ്വീകരിക്കപ്പെട്ടില്ലെന്നുവന്നാൽ ആ നിർഭാഗ്യകരമായ സംഭവം ശിഷ്യഗണത്തിന്റെ വിശ്വാസത്തിനു ഒരു വലിയ പരീക്ഷയാകുമായിരുന്നു. അതുകൊണ്ട്, കരുണാനിധിയായ ദൈവം ഈ പ്രാർത്ഥന തള്ളിക്കളയുകയില്ലായിരുന്നു. ഗത്ശമന തോട്ടത്തിൽവച്ചു യേശു നടത്തിയ പ്രാർത്ഥന ദൈവം സ്വീകരിച്ചു വെന്നതാണ് പരമാർത്ഥം.

## പുണ്യവാളർക്കെതിരെ

മറ്റൊരു കാര്യവുംകൂടി ഇവിടെ ഓർക്കേണ്ടതുണ്ടു. യേശുവിനെ കൊല്ലാൻ ഗൂഢാലോചന ഉണ്ടായിരുന്നതു പോലെയും മുഖ്യപുരോഹിതന്മാരും ശാസ്ത്രിമാരും കയ്യഫാസ് എന്ന മഹാപുരോഹിതന്റെ ഭവനത്തിൽ യേശുവിനെ കൊല്ലാനുള്ള ആസൂത്രണങ്ങൾക്കായി സമ്മേളിച്ചിരുന്നതുപോലെയും മോശയെ കൊല്ലുവാനും അപ്രകാരംതന്നെ നബി(സ) തിരുമേനിയെ വധിക്കാൻ മക്കയിലെ ദാറുന്നദ്വയിൽവച്ചു ഗൂഢാലോചനകൾ നടന്നിട്ടുണ്ടായിരുന്നു. എന്നാൽ, സർവ്വശക്തനായ ദൈവം മഹാത്മാക്കളായ ആ രണ്ടു നബിമാരേയും ആ ഗൂഢാലോചനയുടെ ദുഷ്ഫല ത്തിൽനിന്ന് രക്ഷിച്ചു. യേശുവിനെതിരെ നടന്ന ഗൂഢാലോചന മേൽരണ്ടു പ്രവാചകന്മാരുടേയും കാലത്തിനിടയിൽ സംഭവിച്ച താണ്. ഈ രണ്ട് പ്രവാചകന്മാരേക്കാൾ കൂടുതൽ ഹൃദയവേദനയോടുകൂടി യേശു പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നിരിക്കെ അദ്ദേഹം എന്തുകൊണ്ടു രക്ഷപ്പെട്ടില്ല? തന്റെ വരിഷ്ഠദാസരുടെ പ്രാർത്ഥനകൾ സ്വീകരിക്കുകയും ദ്രോഹികളുടെ ആസൂത്രണങ്ങൾ പരാജയപ്പെടുത്തുകയും ചെയ്യുന്ന ദൈവം എന്തുകൊണ്ടു യേശുവിന്റെ പ്രാർത്ഥന സ്വീകരിച്ചില്ല? വിഷമിക്കുന്നവരുടെയും വേദനിക്കുന്നവരുടെയും പ്രാർത്ഥനകൾ ദൈവം സ്വീകരിക്കുന്നുവെന്നതു എല്ലാ സദ്വൃത്തന്മാരുടെയും അനുഭവമാണ്. അല്ല, ഒരു സദ്വൃത്തനെ സംബന്ധിച്ചിടത്തോളം പരീക്ഷയുടെ നാൾ ദൃഷ്ടാന്തത്തിന്റെ നാളാകുന്നു. ഇത്തരം എത്രയോ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. പഞ്ചാബിൽ അമൃത്സറിൽ പാർത്തുവന്ന ക്രിസ്ത്യാനിയായ **ഡോ. മാർട്ടിൻ ക്ലാർക്ക്** രണ്ടുകൊല്ലം

മുമ്പേ ഗുർദാസ്പൂർ ജില്ലാ മജിസ്ട്രേട്ട് കോടതിയിൽ ഒരു വധ ശ്രമം ആരോപിച്ചു എനിക്കെതിരെ കള്ളക്കേസുണ്ടാക്കി. ഡോക്ടറെ കൊല്ലാൻ **അബ്ദുൽ ഹമീദ്** എന്നു പേരായ ഒരുവനെ ഞാൻ അയച്ചുവെന്നതായിരുന്നു എന്റെ പേരിൽ ഉന്നയിച്ച ആരോപണം. ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലിംകളുമായ മൂന്നു സമുദായങ്ങളിൽപ്പെട്ട പല ഗൂഢാലോചനക്കാരും ഈ കേസ്സിൽ എന്നെ എതിർക്കാൻ ഒത്തുചേർന്നു. എനിക്കെതിരെ ആ കുറ്റാരോപണം തെളിയിക്കുവാൻ അവർ കൊണ്ടുപിടിച്ചു നോക്കി. യേശുവിനെപ്പറ്റി ക്രിസ്ത്യാനികൾ പുലർത്തുന്ന തെറ്റായ ആശയങ്ങളിൽനിന്നു ലോകരെ രക്ഷപ്പെടുത്താൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു– ഞാൻ ഇപ്പോഴും ആ ശ്രമത്തിൽത്തന്നെയാണ്– എന്നതത്രെ എനിക്കെതിരിൽ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന പരാതി. അവരിൽനിന്ന് എനിക്കുണ്ടായ ആദ്യത്തെ ദുരനുഭവവും ഇതുതന്നെയായിരുന്നു. **പണ്ഡിറ്റ് ലേഖ്റാമി**ന്റെ മരണത്തെപ്പറ്റി ഞാൻ പ്രവചിച്ചു എന്നതിനെച്ചൊല്ലി ഹിന്ദുക്കളും എന്റെ നേരെ അനിഷ്ടം പുലർത്തിയിരുന്നു. ലേഖ്റാമിന്റെ പൂർണ്ണാനുമതിയോടെയാണ് ഞാൻ ആ പ്രവചനം ചെയ്തിരുന്നത്. ആ പ്രവചനം നിശ്ചിതസമയത്ത് പൂർത്തിയായി. അതൊരു ഭീകരമായ ദിവ്യാടയാളമായിരുന്നു. യോധൃമഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ച ആശയത്തെയും തങ്ങൾ ധരിച്ചുവച്ച ജിഹാദിനെയും എതിർത്തുപോന്നതിനാൽ മുസ്ലിം ഉലമാക്കളും എനിക്കെതിരായിരുന്നു. ഈ മൂന്നു സമുദായങ്ങളിലെയും പ്രമുഖരായ ചില വ്യക്തികൾ എനിക്കെതിരായുള്ള വധശ്രമക്കുറ്റം തെളിയിക്കാനും അങ്ങനെ തൂക്കിലേറ്റുകയോ ജയിലിലടക്കുകയോ ചെയ്യാനുമായി പരസ്പരം ഗൂഢാലോചന നടത്തി. ദൈവത്തിന്റെ ദൃഷ്ടിയിൽ ഇവർ അങ്ങനെ അധർമ്മികളായിത്തീർന്നു. അവരുടെ രഹസ്യാലോചനകൾക്ക് മുമ്പേതന്നെ ദൈവം എന്നെ ഇക്കാര്യമറിയിച്ചു. കുറ്റമോചിതനായി വിട്ടയക്കപ്പെടുമെന്നു ദൈവം എനിക്ക് മുൻകൂട്ടി സുവാർത്തയും നല്കി. നൂറുകണക്കിലാളുകളുടെ മുമ്പാകെ ദൈവത്തിന്റെ വിശുദ്ധവെളിപാടു ഞാൻ മുൻകൂട്ടിത്തന്നെ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഈ വെളിപാടു

കൾക്കുശേഷം 'അല്ലയോ നാഥാ, നീ എന്നെ ഈ പരീക്ഷയിൽ നിന്ന് രക്ഷിക്കേണമേ' എന്നു ഞാൻ പ്രാർത്ഥിച്ചപ്പോൾ എന്നെ രക്ഷിക്കുമെന്നും എനിക്കെതിരെ അവർ കൊണ്ടുവന്ന ആരോപണങ്ങളിൽനിന്നു ഞാൻ ശുദ്ധീകരിക്കപ്പെടുമെന്നും ദൈവം എനിക്കു വെളിപാടു നല്കി. മുന്നൂറിലധികം പേരെ ഞാൻ ഈ വെളിപാടു നേരിട്ടു കേൾപ്പിച്ചിട്ടുണ്ടായിരുന്നു. അവരിൽ പലരും ഇന്ന് ജീവിച്ചിരിക്കുന്നുമുണ്ട്. എന്റെ ശത്രുക്കൾ കോടതിയിൽ കള്ളസാക്ഷ്യം നല്കി. മൂന്നു സമുദായങ്ങളിലെ പ്രമുഖവ്യക്തികൾ എനിക്കെതിരെ മൊഴി നല്കിയപ്പോൾ അവർ കേസ് ഏതാണ്ടൊക്കെ തെളിയിക്കുകതന്നെ ചെയ്തിരുന്നു. അങ്ങനെയിരിക്കെ ആ കേസിന്റെ നിജസ്ഥിതി പല പ്രകാരത്തിലും അതു വിചാരണ ചെയ്യുന്ന ന്യായാധിപനായിരുന്ന ഗുർദാസ്പൂർ ഡപ്യൂട്ടി കമ്മീഷണറായിരുന്ന **ക്യാപ്റ്റൻ ഡബ്ല്യു ഡഗ്ലസി**ന് ദൈവം വെളിപ്പെടുത്തിക്കൊടുത്തു. ഇതൊരു കള്ളക്കേസാണെന്ന് അദ്ദേഹത്തിനു ബോധ്യമാവുകയും ചെയ്തു. അപ്പോൾ ഒരു മിഷണറികൂടി ആയിരുന്ന ഡോക്ടറെ ഒട്ടും ഗൗനിക്കാതെ കേസ് തള്ളിക്കളയാൻതന്നെ നീതിബോധം അദ്ദേഹത്തിൽ പ്രേരണ ചെലുത്തി. അങ്ങനെ ദൈവികവെളിപാടുകളുടെ അടിസ്ഥാനത്തിൽ എന്റെ വിടുതി സംബന്ധിച്ച നൂറുകണക്കിനാളുകളുടെ മുമ്പാകെയും പൊതുയോഗങ്ങളിൽവച്ചും മുൻകൂട്ടിത്തന്നെ ഞാൻ പ്രഖ്യാപിച്ചിരുന്നതെന്തോ അതെല്ലാം പൂർത്തിയായി. അന്നത്തെ ആപത്ക്കരമായ സാഹചര്യങ്ങളിലാണ് ഇപ്രകാരം സംഭവിച്ചിരുന്നതെന്നതിനാൽ അതു പൂർത്തിയാവാൻ അതു കാരണമാവുകയും ചെയ്തു. ഇതു മാത്രമല്ല ഇപ്രകാരമുള്ള മറ്റനേകം കുറ്റാരോപണങ്ങളും മേൽ കാരണങ്ങളാൽത്തന്നെ എനിക്കെതിരെ ഉന്നയിക്കപ്പെടുകയും കോടതിയിൽ അവയെത്തിക്കുകയും ചെയ്തു. കോടതിയിൽ ഞാൻ ഹാജരാക്കപ്പെടുന്നതിന് മുമ്പേതന്നെ മുഴുവൻ കാര്യങ്ങളുടെയും തുടക്കവും ഒടുക്കവുമെല്ലാം അല്ലാഹു എന്നെ മുൻകൂട്ടി അറിയിക്കുകയും ഓരോ പ്രധാന കേസ്സിലും വിടുതിയെ കുറിച്ചുള്ള സുവാർത്ത എനിക്കു നല്കുകയും ചെയ്തിരുന്നു.

## യേശു പ്രീതദാസൻ

സർവ്വശക്തനായ ദൈവം, അവന്റെ വിശ്വസ്തരായ ദാസർ മർദ്ദിതരായ നിലയിൽ വാതിൽക്കൽചെന്നു മുട്ടുമ്പോൾ അവരുടെ അർത്ഥിതങ്ങൾ സാധിപ്പിച്ചുകൊടുക്കുന്നുവെന്നതിൽ സംശയമില്ലെന്നാണ് ഇത്രയും പറഞ്ഞതിന്റെ ആകസ്സാരം. അവൻ അവരുടെ പരിദേവനങ്ങൾ കേൾക്കുകയും അത്ഭുതകരമായതരത്തിൽ അവർക്ക് സഹായം നല്കുകയും ചെയ്യുന്നു. ഇതിനു ഞാൻതന്നെ ഒരു സാക്ഷിയാണ്. അപ്പോൾ, ഇത്രയും വലിയ ഒരു പരീക്ഷാഘട്ടത്തിൽ യേശു നടത്തിയ വേദനനിറഞ്ഞ പ്രാർത്ഥന എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല? അല്ല! ആ പ്രാർത്ഥന സ്വീകരിക്കപ്പെടുക തന്നെയാണുണ്ടായത്. ദൈവം അദ്ദേഹത്തെ രക്ഷിച്ചു. അദ്ദേഹത്തെ രക്ഷപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ ഭൂമിയിലും ആകാശത്തിലും ദൈവം സൃഷ്ടിച്ചൊരുക്കി. യോഹന്നാൻ അഥവാ യഹ്യാപ്രവാചകനു പ്രാർത്ഥിക്കാൻ വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സമയം എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നുതാനും, എന്നാൽ, യേശുവിനു ഒരു രാത്രി മുഴുവനും പ്രാർത്ഥിക്കാൻ സമയം കിട്ടി. അദ്ദേഹം മുഴുവൻ രാത്രിയും ദൈവത്തിനു മുമ്പിൽ കുമ്പിട്ടുവീണു പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. തന്റെ കഠിനയാതനകൾ യേശു ദൈവത്തിനു മുമ്പിൽ വ്യക്തമാക്കിക്കൊടുക്കുകയും ദൈവത്തോട് മോചനം തേടുകയും ചെയ്യണമെന്നതു ദൈവഹിതമായിരുന്നു. ദൈവത്തിനു അസാധ്യമായിട്ടൊന്നുംതന്നെയില്ല. അതുകൊണ്ട്, ദൈവം സനാതനമായ അവന്റെ നീതിയനുസരിച്ചു ആ പ്രാർത്ഥന സ്വീകരിക്കുകയുണ്ടായി. യേശുവെ കുരിശിലേറ്റിയശേഷം യഹൂദർ പറഞ്ഞു, ‘അയാൾ ദൈവം, തന്നെ രക്ഷിക്കുമെന്നല്ലേ വീമ്പിളക്കിയത്. ദൈവം അയാളെ രക്ഷിച്ചിട്ടില്ലല്ലോ’ എന്നു! യഹൂദർ ഇക്കാര്യത്തിൽ കാപട്യം പുലർത്തുകയായിരുന്നു. യഹൂദരുടെ സകല ആസൂത്രണങ്ങളെയും ദൈവം പരാജയപ്പെടുത്തുകയും തന്റെ പ്രിയമുള്ള മിശിഹായെ കുരിശിൽനിന്നും അതിന്റെ ശാപത്തിൽനിന്നും രക്ഷപ്പെടുത്തുകയുമാണ് ചെയ്തത്. യഹൂദർക്കാകട്ടെ, നിരാശരായിരിക്കേണ്ടിയും വന്നു.

സുവിശേഷങ്ങളിൽനിന്നു നമുക്കു ലഭിക്കുന്ന സാക്ഷ്യങ്ങളുടെ കൂട്ടത്തിൽ മറ്റൊന്നു 'മത്തായി' യിലെ താഴെ ഉദ്ധരിക്കുന്ന വാചകങ്ങളാണ്: "നീതിമാനായ ഹാബേലിന്റെ രക്തംമുതൽ നിങ്ങൾ മന്ദിരത്തിനും യാഗപീഠത്തിനും നടുവിൽവച്ചു കൊന്നവനായ ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്റെ രക്തംവരെ ഭൂമിയിൽ ചൊരിയപ്പെട്ട നീതിയുള്ള രക്തമെല്ലാം നിങ്ങളുടെമേൽ വരേണ്ടതാകുന്നു. ഇതൊക്കെയും ഈ തലമുറമേൽ വരുമെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി,23: 35, 36). ജൂതന്മാർ പ്രവാചകന്മാരെ കൊല്ലുന്നതു സെഖര്യാപ്രവാചകനോടെ അവസാനിച്ചുവെന്നു യേശു വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതായി ഈ വാക്യങ്ങളിൽ ചിന്തിക്കുന്ന പക്ഷം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അതിനുശേഷം ജൂതന്മാർക്ക് ഒരു പ്രവാചകനെയും കൊല്ലാൻ കഴിയുകയില്ല. യേശു കുരിശിൽ വധിക്കപ്പെട്ടിട്ടില്ലെന്നു തെളിയിച്ചു കാട്ടുന്ന ഒരു മഹാപ്രവചനമാണത്. അദ്ദേഹം കുരിശിൽനിന്ന് രക്ഷപ്പെടുകയാണുണ്ടായത്. പിന്നീട് പ്രകൃതി സാധാരണമായ നിലയിൽ അദ്ദേഹം ചരമമടയുകയും ചെയ്തു. യേശുവും സെഖര്യാവിനെപ്പോലെ ജൂതന്മാരുടെ കൈയാൽ കൊല്ലപ്പെടുമായിരുന്നുവെങ്കിൽ തന്റെ മരണത്തെപ്പറ്റി ഈ വാചകങ്ങളിൽ സൂചന നല്കിയിരിക്കുമായിരുന്നു. എന്നാൽ, മിശിഹാ യഹൂദികളുടെ കൈയാൽ മരിച്ചുവെങ്കിലും അദ്ദേഹത്തെ കൊന്നത് യഹൂദരെ സംബന്ധിച്ചിടത്തോളം ഒരു പാപമല്ലെന്നും പാപപരിഹാരമെന്നോണമാണ് അദ്ദേഹം കൊല്ലപ്പെട്ടതെന്നും വരുകിലും ആ നിഗമനം ശരിയാവുകയില്ല. എന്തെന്നാൽ, 'യോഹന്നാൻ' 19-ാം അദ്ധ്യായം 11-ാം വചനത്തിൽ മിശിഹായെ കൊല്ലുവാനുള്ള ദുരാലോചന കാരണം യഹൂദർ കൊടും പാപികളായിരിക്കുകയാണെന്നു മിശി ഹാതന്നെ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ മറ്റു പല സ്ഥലങ്ങളിലും ഇക്കാര്യം സൂചിപ്പിക്കുക യും ചെയ്തിരിക്കുന്നു. മിശിഹാവിന്റെ കാര്യത്തിൽ പ്രവർത്തിച്ച മഹാപരാധം നിമിത്തം ദൈവദൃഷ്ടിയിൽ യഹൂദർ ശിക്ഷാർഹരായിത്തീർന്നിരുന്നുവെന്നും വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. (മത്തായി, 26:24).

## മനുഷ്യപുത്രൻ വീണ്ടും വരുമ്പോൾ

സുവിശേഷങ്ങളിൽനിന്നുള്ള സാക്ഷ്യങ്ങളിൽ മറ്റൊന്നു 'മത്തായി'യിലെ താഴെപറയുന്ന വചനങ്ങളാണ്, "മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (16:28). അപ്പോലെത്തന്നെ, 'യോഹന്നാ'നിൽ ഇപ്രകാരം കാണുന്നു: 'യേശു അവനോടു: ഞാൻ വരുവോളം ഇവൻ (യോഹന്നാൻ) ഇരിക്കേണമെന്നു (യരൂശലേമിൽ) എനിക്കു ഇഷ്ടമുണ്ടെങ്കിൽ അതു നിനക്ക് എന്ത്' (യോഹന്നാൻ, 21:22). അതായതു, താനാഗ്രഹിക്കുകയാണെങ്കിൽ താൻ വീണ്ടും വരുന്നതുവരെ യോഹന്നാൻ മരിക്കുകയില്ല. താൻ വീണ്ടും വരുന്നതുവരെയും ശിഷ്യരിൽ ചിലർ ജീവിച്ചിരിക്കണമെന്നു മിശിഹാ വാഗ്ദാനം ചെയ്തിരുന്നതായിട്ടാണ് മേൽവാക്യങ്ങളിൽനിന്നു വ്യക്തമാകുന്നത്. അങ്ങനെ ജീവിച്ചിരിക്കുന്നവരിൽ ഒരുവൻ യോഹന്നാൻ ആയിരിക്കും. അതിനാൽ, ഈ വാഗ്ദത്തം പുലരേണ്ടത് അനിവാര്യമായിരുന്നു. ഇപ്രകാരം ഈ പ്രവചനം പുലർന്നതായി കരുതപ്പെടേണ്ടതിനു പ്രവചനം വാഗ്ദത്തപ്രകാരം പൂർത്തിയാക്കാനായി അന്നുള്ളവരിൽ ചിലർ ജീവിച്ചിരിക്കുമ്പോൾ യേശു വരേണ്ടത് ആവശ്യമായിരുന്നുവെന്നു ക്രിസ്ത്യാനികൾതന്നെ സമ്മതിച്ചിരിക്കയാണ്. ഇതാണ് യേശു തന്റെ വാഗ്ദത്തപ്രകാരം യരൂശലേമിന്റെ നാശനാളിൽ യരൂശലേമിൽ വന്നിട്ടുണ്ടായിരുന്നുവെന്നും അപ്പോൾ ജീവിച്ചിരുന്ന യോഹന്നാൻ അദ്ദേഹത്തെ കണ്ടിരുന്നുവെന്നുമുള്ള ക്രിസ്തീയ പുരോഹിതന്മാരുടെ പ്രഖ്യാപനത്തിനടിസ്ഥാനം. എന്നാൽ, പ്രവചിക്കപ്പെട്ട അടയാളങ്ങളോടുകൂടി യേശു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നുവെന്നു ക്രിസ്ത്യാനികൾ പറയുന്നില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. 'മത്തായി' 16-ാം അദ്ധ്യായത്തിലെ 28-ാം വചനത്തിൽ പറഞ്ഞ വാഗ്ദത്തം പുലരുമാറാകുന്നതിനു അദ്ദേഹം യോഹന്നാനും ദർശനത്തിൽ പ്രത്യക്ഷനായി എന്നാണ് പറയുന്നത്. എന്നാൽ,

ഇത്തരത്തിലുള്ള വരവ് പ്രവചനം പുലർന്നുവെന്നു വരുത്തിത്തീർക്കാൻ സഹായകമാകില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. തികച്ചും ദുർബ്ബലമായ ഒരു വ്യാഖ്യാനമാണിത്. വിമർശകരിൽനിന്ന് വിനയപൂർവ്വം ഒഴിഞ്ഞുമാറുന്ന ഒരു വ്യാഖ്യാനം. ഇതു തികച്ചും തെറ്റായിട്ടുള്ളതും നിലനില്ക്കാത്തതുമായ വ്യാഖ്യാനമാണ്. ഇതിനെ ഖണ്ഡിക്കേണ്ട ആവശ്യംതന്നെയില്ല. ആർക്കെങ്കിലും സ്വപ്നത്തിലോ ദിവ്യദർശനത്തിലോ ആണ് യേശു പ്രത്യക്ഷപ്പെടേണ്ടിയിരുന്നതെങ്കിൽ, ഇത്തരത്തിലുള്ള പ്രവചനം പരിഹാസ്യമായിരിക്കുന്നതേയുള്ളൂ.[7]

ഇപ്രകാരം യേശു വളരെ മുമ്പേതന്നെ പൗലോസിനും പ്രത്യക്ഷനായിരുന്നുവല്ലോ. 'മത്തായി' 16-ാം അദ്ധ്യായം 28-ാം വചനത്തിൽ പറഞ്ഞ പ്രവചനം പാതിരിമാർക്കിടയിൽ ഒരു ആശയക്കുഴപ്പത്തിനു കാരണമാക്കിയിരിക്കയാണ്. അതിനു തങ്ങളുടെ വിശ്വാസമനുസരിച്ചു യുക്തിയുക്തമായ അർത്ഥം നല്കാൻ അവർക്കു സാധിച്ചിട്ടില്ല. യരൂശലേം വിനാശകാലത്ത് മിശിഹാ തന്റെ പ്രതാപങ്ങളോടെ ആകാശത്തിൽനിന്നിറങ്ങി വന്നിട്ടുണ്ടായിരുന്നുവെന്നും, ആകാശത്തിൽനിന്ന് ഉജ്ജ്വലിക്കുന്ന മിന്നൽപിണർ സകലർക്കും ദൃശ്യമാകുന്നതുപോലെ അദ്ദേഹത്തെ എല്ലാവരും കണ്ടിരുന്നുവെന്നും പറയാൻ ഏതായാലും അവർക്ക് സാധിക്കുമായിരുന്നില്ല. മനുഷ്യപുത്രൻ തന്റെ രാജത്ത്വത്തോടെ വരുന്നതുവരെ ഇവിടെ കൂടിയവരിൽ ചിലർ മരണം രുചിച്ചറിയില്ല എന്ന പ്രസ്താവനയും അവഗണിച്ചു തള്ളാൻ അവർക്ക് അത്രവേഗം സാധിക്കുമായിരുന്നില്ല. അതിനാൽ, വളരെ പ്രയാ

---

7. 'മത്തായി' 16-ാം അദ്ധ്യായം 28-ാം വചനത്തിന്നു ചില മൗലവിമാർ ക്രിസ്ത്യാനികളുടേതിനേക്കാൾ ശ്രമാവഹമായ വ്യാഖ്യാനങ്ങൾ നല്കിയിട്ടുള്ളതായി ഞാൻ ചില ഗ്രന്ഥങ്ങളിൽ കാണുകയുണ്ടായി. മിശിഹാ വരുന്ന കാലത്തിന്റെ അടയാളമായി, ആ തലമുറയിൽപെട്ട ചിലർ അക്കാലത്ത് ജീവിച്ചിരുന്നിട്ടുണ്ടായിരിക്കുമെന്നും മസീഹ് പ്രത്യക്ഷപ്പെടുമ്പോൾ ഒരു ശിഷ്യൻ കൂടിയും ജീവിച്ചിരുന്നിട്ടുണ്ടായിരിക്കുമെന്ന് യേശു പ്രഖ്യാപിച്ചിരുന്നിട്ടുള്ളപ്പോൾ ആ ശിഷ്യൻ ഇന്നോളവും ജീവിച്ചിരിക്കേണ്ടതാവശ്യമാണെന്നും അവർ പറയുന്നു. എന്തെന്നാൽ, മസീഹ് ഇനിയും പ്രത്യക്ഷനായിട്ടില്ല. ഈ ശിഷ്യൻ മസീഹിനെയും പ്രതീക്ഷിച്ച് ഏതോ മലയിൽ ഇപ്പോഴും ഒളിച്ചിരിക്കുകയാണത്രെ!

സകരമായ ഒരു വ്യാഖ്യാനം നല്കിക്കൊണ്ടു പ്രവചനം ആത്മ ദർശനത്തിലൂടെ പൂർത്തിയായതായി അവർ വിശ്വസിച്ചു. എന്നാൽ, ഇതു ശരിയല്ല. നീതിമാന്മാരായ ദൈവദാസർ വരിഷ്ഠന്മാർക്ക് എപ്പോഴും ദർശനത്തിൽ വെളിപ്പെടാറുണ്ട്. അവർ സ്വപ്നത്തിൽ മാത്രമെ പ്രത്യക്ഷരാകൂ എന്നുമില്ല. ജാഗ്രത്തിൽ തന്നെ അവരെ കാണാൻ കഴിയും. എനിക്കുതന്നെ അത്തരം ധാരാളം അനുഭവങ്ങൾ ഉണ്ടായിരിക്കുന്നു.

ഞാൻ എത്രയോ തവണ ആത്മദർശനത്തിൽ ഹദ്റത്ത് മസീഹിനെ കാണുകയുണ്ടായിട്ടുണ്ട്. മറ്റു ചില പ്രവാചകന്മാരുമായും ഞാൻ ജാഗ്രത്തിൽത്തന്നെ അഭിമുഖദർശനം നടത്തീട്ടുണ്ട്. നമ്മുടെ യജമാനരും നേതാവും എന്റെ ഇമാമുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെത്തന്നെയും ജാഗ്രത്തിൽ ഞാൻ പലതവണ കാണുകയും ആ ദിവ്യാത്മാവിനോടു സംസാരിക്കുകയും ചെയ്യുകയുണ്ടായി. സ്വപ്നത്തിന്റെയോ മയക്കത്തിന്റെയോ സൂചനപോലും ഇല്ലാത്ത അവസ്ഥയിൽ ഉണർന്നിരിക്കുമ്പോൾത്തന്നെ മരിച്ചുപോയ ചിലരെ ഖബ്റുകൾക്കടുത്തോ മറ്റിടങ്ങളിലോവച്ചു ജാഗ്രത്തിൽ കാണുകയും അവരുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ജാഗ്രതാവസ്ഥയിൽത്തന്നെ ഇപ്രകാരം മരിച്ചവരെ കാണാൻ സാദ്ധ്യമാണെന്നതു എന്റെ അനുഭവമാണ്. കാണുക മാത്രമല്ല, അവരുമായി സംസാരിക്കുകയും അവർക്ക് ഹസ്തദാനം ചെയ്യുകയും ചെയ്യുന്നതുപോലും സാദ്ധ്യമാണ്. ഇതും സാധാരണ ബോധാവസ്ഥയും തമ്മിൽ അനുഭവത്തിൽ ഒരു വ്യത്യാസവുമില്ല; ഈ ലോകത്തിൽത്തന്നെയാണെന്ന നല്ല ബോധത്തോടുകൂടിത്തന്നെ. ഇതേ കാതുകളും ഇതേ കണ്ണുകളും ഇതേ നാവും തന്നെ! എന്നാൽ, ആഴത്തിൽ ചിന്തിക്കുമ്പോൾ അതു മറ്റൊരു പ്രപഞ്ചമാണെന്നു വെളിപ്പെടും. ഈ ലോകത്തിനു ഇത്തരം അനുഭവങ്ങൾ അറിഞ്ഞു കൂടാ! ഇതു പക്ഷേ, സ്വർഗ്ഗീയമായ ഒരു സമ്മാനമാകുന്നു. നവേന്ദ്രിയങ്ങൾ പ്രദാനം ചെയ്യപ്പെട്ടവർക്കുള്ള സവിശേഷാനുഭൂതിയത്രെ ഇത്. ഇതു ഒരു യാഥാർത്ഥ്യ

മാണ്. സത്യവസ്തുതയുംതന്നെ. അതിനാൽ, യരൂശലേം നാശത്തിനുശേഷം യേശു യോഹന്നാനു പ്രത്യക്ഷനായപ്പോൾ അദ്ദേഹം യേശുവിനെ ജാഗ്രത്തിൽ തന്നെയാണ് കണ്ടതെങ്കിലും അവർ തമ്മിൽ സംസാരിക്കുകയും ഹസ്തദാനം ചെയ്യുകയും ചെയ്തിരിക്കാമെങ്കിലും ആ സംഭവത്തെ പ്രവചനത്തിന്റെ പുലർച്ചയുമായി ഒരു തരത്തിലും ബന്ധപ്പെടുത്താവുന്നതല്ല. ഇത്തരം പ്രതിഭാസങ്ങൾ പലപ്പോഴും ഈ ലോകത്ത് സംഭവിക്കാറുണ്ട്. ഇപ്പോൾത്തന്നെ, ഞാൻ എന്റെ ശ്രദ്ധ അല്പമൊന്നു ആ വശത്തേക്കു തിരിക്കുന്ന പക്ഷം ദൈവാനുഗ്രഹത്താൽ, ഈ ജാഗ്രതാവസ്ഥയിൽതന്നെ യേശുവിനേയോ മറ്റേതെങ്കിലും പരിശുദ്ധപ്രവാചകനേയോ എനിക്ക് കാണാൻ കഴിയും. എന്നാൽ, ഇത്തരം ഒരു കാണൽ 'മത്തായി' 16-ാം അദ്ധ്യായം 28-ാം വചനത്തിലടങ്ങിയ പ്രവചനത്തിന്റെ പൂർത്തീകരണമൊരിക്കലും ആവുകയില്ല.

താൻ കുരിശിൽനിന്നു രക്ഷിക്കപ്പെടുമെന്നും പിന്നീടു മറ്റൊരു നാട്ടിൽ മാറിപ്പാർക്കുമെന്നും ജൂദന്മാരുടെ നാശം സ്വന്തം കണ്ണുകൊണ്ടു കാണുവോളം ദൈവംതന്നെ മരിപ്പിക്കുകയോ ഈ ലോകത്തുനിന്നു എടുത്തുകൊള്ളുകയോ ചെയ്യുന്നതല്ലെന്നും ആത്മീയമായ ഔന്നത്യം പ്രാപിച്ചവർക്ക് ദൈവം അനുഗ്രഹിച്ചരുളിയ സ്വർഗ്ഗരാജ്യത്തിലെ ഫലസിദ്ധികൾ സാക്ഷാൽകരിക്കപ്പെടുന്നതുവരെ താൻ മരണമടയുന്നതല്ലെന്നും യേശു അറിഞ്ഞിരുന്നുവെന്നതാണ് സത്യം. തനിക്കെതിരെ വാളുയർത്തിയവർ തന്റെ ജീവിതകാലത്ത് തന്റെ കൺമുമ്പിൽവച്ചുതന്നെ വാളിന്നിരയായിത്തീരുന്ന മഹാദൃഷ്ടാന്തങ്ങൾ ഉടൻ കാണുമാറാകുമെന്നു സ്വശിഷ്യർക്ക് ഉറപ്പു നല്കുന്നതിനുവേണ്ടിയാണ് യേശു ഈ പ്രവചനം അരുളിയത്. അതുകൊണ്ട് തെളിവുകൾക്ക് എന്തെങ്കിലും വിലയുണ്ടെങ്കിൽ, ഇതിനെക്കാൾ വലിയ മറ്റൊരു തെളിവ് ക്രിസ്ത്യാനികൾക്ക് ഉന്നയിക്കാനുണ്ടായിരുന്നില്ല. താൻ വീണ്ടും വരുമ്പോൾ, അവരിൽ ചിലർ ജീവിച്ചിരിക്കുന്നുണ്ടാകുമെന്നു യേശു തന്റെ സ്വന്തം നാവുകൊണ്ടു പ്രവചിച്ചുവെന്നുള്ളതു തന്നെയാണ് തെളിവ്.

## പുനരാഗമനപ്രവചനം

യേശുവിന്റെ പ്രത്യാഗമനത്തെപ്പറ്റി സുവിശേഷങ്ങളിൽ രണ്ടുതരത്തിലുള്ള പ്രവചനങ്ങളുണ്ടെന്നു മനസ്സിലാക്കണം.

1. അന്ത്യനാളിലെ ആഗമനത്തെപ്പറ്റിയുള്ള വാഗ്ദാനം. ഈ വരവ് ആത്മീയസ്വഭാവമുള്ളതും യേശുവിന്റെ കാലത്തെ, പ്രവാചകനായ ഏലിയാവിന്റെ രണ്ടാം വരവിനോടു സാദൃശ്യമുള്ളതുമത്രെ. ഏലിയാവിനെപ്പോലെ അദ്ദേഹം ഇക്കാലത്ത് പ്രത്യക്ഷപ്പെട്ടു. **അതു ഈ വരികളെഴുതുന്ന ഈയുള്ളവൻ തന്നെയാണ്**. യേശുവിന്റെ നാമത്തിൽ വാഗ്ദത്തമിശിഹാ ആയി അവതരിച്ച ഒരു മനുഷ്യവംശദാസൻ. എന്റെ വരവിനെപ്പറ്റി സുവിശേഷങ്ങളിൽ യേശുതന്നെ സുവാർത്തകൾ നല്കീട്ടുണ്ട്. യേശുവിനോടുള്ള ആദരം നിമിത്തം സത്യസന്ധതയോടും ആർജ്ജവത്തോടും എന്റെ വരവിനെപ്പറ്റി ചിന്തിക്കുകയും കാലിടർച്ചയിൽനിന്നു സ്വയം രക്ഷപ്പെടുകയും ചെയ്യുന്നവനാരോ അവനത്രെ ഭാഗ്യവാൻ.

2. രണ്ടാം വരവിനെപ്പറ്റിയുള്ള സുവിശേഷങ്ങളിലെ മറ്റൊരു പ്രവചനം യഥാർത്ഥത്തിൽ, കുരിശുസംഭവത്തിലെ അനുഭവങ്ങൾക്കിടയിലും ദൈവാനുഗ്രഹത്താൽ അതേപടി നിലനിന്ന ജീവന്റെ ലക്ഷണമായി പറയപ്പെട്ടിട്ടുള്ളതാണ്. ഈ മഹോന്നതദാസനെ ദൈവം ഇപ്പോൾ പറഞ്ഞ പ്രകാരം ക്രൂശുമരണത്തിൽനിന്നു രക്ഷപ്പെടുത്തുകതന്നെ ചെയ്തു. ഈ രണ്ടു സംഭവങ്ങളെയും കൂട്ടിക്കുഴക്കുന്നതിൽ ക്രിസ്ത്യാനികൾക്ക് തെറ്റുപറ്റിയിരിക്കുകയാണ്. ഇതുമൂലം അവർ വലിയ കുഴപ്പത്തിൽപ്പെട്ടിരിക്കുന്നു. വളരെയേറെ പ്രയാസങ്ങളെ അവർക്ക് അഭിമുഖീകരിക്കേണ്ടിയും വന്നിരിക്കുന്നു, ചുരുക്കത്തിൽ മത്തായി 16-ാം അദ്ധ്യായത്തിലെ പ്രസ്തുതവാചകം യേശു കുരിശിൽനിന്ന് രക്ഷപ്പെട്ടുവെന്നു തെളിയിച്ചുകാണിക്കുന്ന സുപ്രധാനമായൊരു സാക്ഷ്യരേഖയാകുന്നു. നമുക്ക് ലഭിച്ചിട്ടുള്ള സുവിശേഷസാക്ഷ്യങ്ങളിൽ മറ്റൊന്നു മത്തായിയിലെ ഈ വരികളാണ്. “ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും, ..... അപ്പോൾ മനുഷ്യപു

ത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതുകാണും." (24:29) ഈ വാചകത്തിന്റെ അർത്ഥം ഇതാണ്: ആകാശത്തിൽനിന്ന്, അതായതു ദൈവികമായ ഇടപെടൽ മൂലം, യേശുവിന്റെ ദൈവത്വത്തെയും കുരിശിന്മേലുള്ള മരണത്തെയും സ്വർഗ്ഗാരോഹണത്തെയും പുനരാഗമനത്തെയും സംബന്ധിച്ച വിശ്വാസങ്ങളെല്ലാം അർത്ഥശൂന്യങ്ങളും അടിസ്ഥാനരഹിതങ്ങളുമാണെന്ന് തെളിയിച്ചു കാട്ടുന്ന അറിവുകളും ന്യായവാദങ്ങളും തെളിവുകളും വെളിപ്പെട്ടു തുടങ്ങും. യേശു ദൈവത്തിന്റെ സത്യപ്രവാചകനാണെന്ന വസ്തുത നിഷേധിച്ചവരുടെ അതായതു, യഹൂദരുടെ കളവുകൾക്കെതിരിൽ സ്വർഗ്ഗീയശക്തികൾ സാക്ഷ്യം നല്കും. എന്തെന്നാൽ അവർ കുരിശുസംഭവം കാരണം യേശുവെ ശപിക്കപ്പെട്ട ഒരാളായി കരുതിപ്പോന്നുവെങ്കിലും അദ്ദേഹം കുരിശിന്മേൽ മരിച്ചിട്ടില്ലെന്നും ശപ്തമരണത്തിന്നിരയായിട്ടില്ലെന്നുമുള്ള യാഥാർത്ഥ്യം വ്യക്തമായും സ്ഥാപിക്കപ്പെട്ടിരിക്കും. അപ്പോൾ, ഭൂമിയിലെ സകല ഗോത്രങ്ങളും എന്നുവച്ചാൽ യേശുവിന്റെ യഥാർത്ഥനില മനസ്സിലാക്കാതെ അദ്ദേഹത്തെ അസ്ഥാനത്ത് ഉയർത്തിക്കാണിക്കുകയോ താഴ്ത്തിക്കെട്ടുകയോ ചെയ്തിട്ടുള്ളവരെല്ലാം തങ്ങൾക്ക് പിണഞ്ഞ പിഴവ് ഓർത്ത് അത്യന്തം ലജ്ജിതരായിത്തീരുകയും, അതേ കാലഘട്ടത്തിൽതന്നെ, ഈ യാഥാർത്ഥ്യം സ്ഥാപിക്കപ്പെടുമ്പോൾ യേശു പ്രതിരൂപാത്മകമായി ഭൂമിയിൽ അവതരിക്കുന്നതു ലോകം കാണുകയും ചെയ്യും. അതായത്, ആത്മീയശക്തിയിലും സ്വഭാവഗുണത്തിലും യേശുവിനു സദൃശനായ വാഗ്ദത്ത മസീഹ് തിളങ്ങുന്ന ദൃഷ്ടാന്തങ്ങളോടും സ്വർഗ്ഗീയപിന്തുണയോടും അത്ഭുതശക്തിയോടും മഹിമാവിലാസത്തോടും വെളിപ്പെടുകയും, ലോകം അദ്ദേഹത്തെ തിരിച്ചറിയുകയും ചെയ്യുമെന്നുതന്നെ. പരസ്പരവിരുദ്ധങ്ങളായ ആത്യന്തിക വിശ്വാസങ്ങൾ വിവിധ സമുദായങ്ങൾവച്ചു പുലർത്താനിടയായ സവിശേഷ വ്യക്തിത്വവും ജീവിതസംഭവങ്ങളുമാണ് യേശുവിൽ സമ്മേളിച്ചിരുന്നതെന്നാണ് ഈ വാചകം മനസ്സിലാക്കിത്തരുന്നത്. ചില സമുദായങ്ങൾ അദ്ദേഹത്തെപ്പറ്റി ഒരറ്റ

ത്തുള്ള വിശ്വാസം പുലർത്തിയപ്പോൾ മറ്റുചില സമുദായങ്ങൾ മറ്റേഅറ്റത്തുള്ള വിശ്വാസം സ്വീകരിച്ചു. ഒരു വിഭാഗം അദ്ദേഹത്തെ മാനുഷികമായ അവസ്ഥകൾക്കെല്ലാം അതീതമായ സ്ഥാനത്തേക്കുയർത്തിയപ്പോൾ അദ്ദേഹം മരിച്ചിട്ടില്ലെന്നും അദ്ദേഹം ആകാശത്തിൽ ഇന്നും ജീവിച്ചിരിക്കുന്നുണ്ടെന്നുപോലും അവരിൽ ഒരു വിഭാഗം ഘോഷിക്കുന്നു- മറ്റൊരു വിഭാഗം അതിന്നപ്പുറവും കടന്ന് അദ്ദേഹം കുരിശിൽ മരിച്ചശേഷം വീണ്ടും ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് ഉയർന്നുപോയെന്നും ദൈവത്തിന്റെ എല്ലാ അധികാര ശക്തികളും അദ്ദേഹത്തിന് സ്വായത്തമാണെന്നും എന്നല്ല, അദ്ദേഹം ദൈവം തന്നെയാണെന്നും പറയുന്നു. മറ്റൊരു ഭാഗത്ത് യഹൂദികൾ ഘോഷിക്കുന്നതാകട്ടെ, യേശു കുരിശിന്മേൽ മരിച്ചുവെന്നും അതിനാൽ കാലാകാലത്തേക്കും ശപിക്കപ്പെട്ടവനും (ദൈവത്തിൽ ശരണം!) ദൈവക്രോധത്തിന് ഇരയായവനും ആയിത്തീർന്നുവെ ന്നും അത്രെ. ദൈവം അദ്ദേഹത്തെ കൈവിട്ടു. അതൃപ്തിയോടും ശത്രുതയോടും കൂടിയാണ് ദൈവം അദ്ദേഹത്തെ നോക്കുന്നത്. യേശു ഒരു കള്ളവാദിയും കപടനും കാഫിറും അവിശ്വാസി നേതാവുമായതിനാൽ ദൈവത്തിൽനിന്നുള്ളവനല്ലെന്നും അവർ ഘോഷിക്കുന്നു. ഈ ആത്യന്തിക വൈരുദ്ധ്യവാദങ്ങൾ അങ്ങേയറ്റം അനീതിപരമായിരുന്നതിനാൽ ഈ ആരോപണങ്ങളിൽനിന്നെല്ലാം തന്റെ സത്യദൂതനെ ദൈവം മോചിപ്പിക്കേണ്ടതുണ്ടായിരുന്നു. മുകളിൽ ഉദ്ധരിച്ച സുവിശേഷ വാചകം ഈ യാഥാർത്ഥ്യമാണ് ചൂണ്ടിക്കാണിക്കുന്നത്.

'ഭൂമിയിലെ എല്ലാ ഗോത്രങ്ങളും വിലപിക്കും' എന്ന പ്രസ്താവനകൊണ്ട് വിവക്ഷിക്കപ്പെടുന്നത്, 'ജനം' എന്ന പദത്തിന്റെ അർത്ഥ വ്യാപ്തിയിൽ ഉൾക്കൊള്ളാവുന്ന എല്ലാ ഗോത്രങ്ങളും ആ നാളിൽ ദുഃഖിക്കും എന്നത്രേ. 'അവർ മാറത്തടിച്ചു വിലപിക്കും. അവരുടെ ദുഃഖം വലുതായ ദുഃഖം ആയിരിക്കും.' ഈ വാചകം ക്രിസ്ത്യാനികൾ അല്പമൊന്നു ശ്രദ്ധിച്ചു വായിക്കേണ്ടതാണ്. ജനത മുഴുവൻ മാറത്തടിച്ചു നിലവിളിക്കുന്നതു

സംബന്ധിച്ച ഒരു പ്രവചനമാണ് ഈ വാചകത്തിൽ അടങ്ങിയിരിക്കുന്നത്. എന്നിരിക്കേ, ക്രിസ്ത്യാനികൾക്ക് ഈ വിലാപത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കാൻ എങ്ങനെ കഴിയും? അവർ ജനതയിൽപ്പെടുകയില്ലേ? അവരും മാറത്തടിച്ചു നിലവിളിക്കുന്നവരുടെ കൂട്ടത്തിൽപ്പെടുമെങ്കിൽ അവർ എന്തുകൊണ്ട് തങ്ങളുടെ രക്ഷയെക്കുറിച്ച് ചിന്തിക്കുന്നില്ല? മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ വിളങ്ങുമ്പോൾ ഭൂമിയിലെ സകല ഗോത്രങ്ങളും വിലപിക്കുമെന്നാണ് പറയപ്പെട്ടിട്ടുള്ളത്. തന്റെ ഗോത്രം വിലപിക്കില്ല എന്ന് വാദിക്കുന്നയാൾ യേശുവിനെ തള്ളിപ്പറയുകയാണ് ചെയ്യുന്നത്. ജനം എന്നു പറയാൻ അർഹരല്ലാത്തവിധം കുറഞ്ഞവരായിട്ടുള്ളവർ ഇതിൽപ്പെടുകയില്ല. അതാകട്ടെ **നമ്മുടെ സംഘമാണുതാനും; അല്ല നമ്മുടെ വിഭാഗം മാത്രം!** എന്തെന്നാൽ ഈ വിഭാഗം ഇപ്പോഴും ഒരു ജനം എന്നു പറയാൻ കഴിയാത്തവിധം വളരെ കുറഞ്ഞ അംഗസംഖ്യ ഉള്ളവരത്രെ. ആകാശത്തിൽ ഒരടയാളം വെളിപ്പെടുമ്പോൾ ഭൂമിയിൽ ജനം എന്നു വിളിക്കപ്പെടാൻ അർഹതയുള്ള വിഭാഗമെല്ലാം വിലപിക്കുമെന്നും ജനം എന്ന പേരിന് അർഹരല്ലാത്തവിധം എണ്ണത്തിൽ കുറഞ്ഞിരിക്കുന്നവർ മാത്രം ഒഴിഞ്ഞിരിക്കുമെന്നുമാണ് മിശിഹാ ദൈവത്തിൽനിന്നുള്ള വെളിപാടിന്റെ അടിസ്ഥാനത്തിൽ ഇവിടെ പ്രവചനം ചെയ്തിട്ടുള്ളത്. ക്രിസ്ത്യാനികൾക്കോ മുസ്ലിംകൾക്കോ ജൂതന്മാർക്കോ എന്നല്ല മറ്റേതെങ്കിലും സമൂഹത്തിനോ ഇതിൽ നിന്ന് ഒഴിഞ്ഞുനില്ക്കാനാവില്ല. എന്നാൽ, നമ്മുടെ 'ജമാഅത്ത്' മാത്രം എന്തായാലും ഇതിന് പുറത്താണ്. കാരണം, ഈ ജമാഅത്തിന്റെ ബീജാവാപം നടന്നിട്ടുമാത്രമേ ഉള്ളൂ. ഒരു നബിയുടെ പ്രവചനം ഒരിക്കലും കളവായിപോകുകയില്ല. ഭൂമിയിലുള്ള സകല ജനങ്ങളും മാറത്തടിച്ച് വിലപിക്കുമെന്നു പ്രവചിച്ചിരിക്കെ ഇതിൽനിന്ന് ഏത് വിഭാഗത്തിന് ഒഴിഞ്ഞുനില്ക്കാൻ കഴിയും? മിശിഹാ ഈ പ്രവചനത്തിൽ ആരേയും ഒഴിച്ചുനിറുത്തിയിട്ടില്ല. എന്നാൽ, ഒരു ജനം എന്നു പറയപ്പെടാൻ മാത്രം പാകത്തിലെത്തിയിട്ടില്ലാത്ത നമ്മുടെ ജമാഅത്ത്

നിശ്ചയമായും ഇതിൽനിന്ന് ഭിന്നമാണ്. ഈ പ്രവചനം ഇക്കാലത്ത് വളരെ വ്യക്തമായ തരത്തിൽ പുലർന്നു കഴിഞ്ഞിരിക്കുന്നു. മസീഹിന്റെ കാര്യത്തിൽ പൂർത്തീകരിക്കപ്പെട്ട ആ സത്യം എല്ലാ ജനവിഭാഗങ്ങളും വിലപിക്കുമാറാകുന്നതിന് കാരണമായിരിക്കുകയാണ്. അതുവഴി എല്ലാവരുടെയും തെറ്റ് വെളിപ്പെട്ടിരിക്കുന്നു. യേശുവെ ദൈവമാക്കാനുള്ള ക്രിസ്ത്യാനികളുടെ കൊണ്ടുപിടിച്ച ശ്രമങ്ങളെല്ലാം അതോടെ ഒരലമുറയായി മാറി. മസീഹ് ആകാശത്ത് ജീവനോടെ ഉയർത്തപ്പെട്ടുവെന്ന് രാപ്പകൽ പ്രകടിപ്പിച്ചുപോന്നവരുടെ അട്ടഹാസങ്ങൾ ദീനരോദനങ്ങളായി കലാശിച്ചു. യഹൂദികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവർക്ക് എല്ലാം നഷ്ടപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

മേൽ പ്രവചനവാക്യത്തിൽ 'ഭൂമി' എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് വിവക്ഷിതം മൂന്നു സമുദായങ്ങളുമായി ബന്ധപ്പെട്ട 'ശാം' (പലസ്തീൻ-സിറിയ) ദേശമാണ്. ജൂദന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ ഉത്ഭവകേന്ദ്രവും ആരാധനാകേന്ദ്രവുമാണത്. യേശു അവിടെ ജനിക്കുകയും ആദ്യത്തെ ക്രൈസ്തവ സമൂഹം അവിടെ ഉടലെടുക്കുകയും ചെയ്തതിനാൽ ക്രിസ്ത്യാനികളുമായും അവിടം ബന്ധപ്പെട്ടിരിക്കുന്നു. അന്ത്യകാലംവരെ ഈ ദേശത്തിന്റെ അവകാശികൾ ആയിരിക്കുമെന്നതിനാൽ മുസ്ലിംകളും ഈ ദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇനി 'ഭൂമി' എന്നതിൽ സകല രാജ്യങ്ങളേയും ഉൾപ്പെടുത്തുന്നുവെങ്കിൽക്കൂടിയും കുഴപ്പമൊന്നുമില്ല. എന്തെന്നാൽ, സത്യം പ്രത്യക്ഷപ്പെടുമ്പോൾ എല്ലാ നിഷേധികളും ഒരുപോലെ അപമാനിതരും ലജ്ജിതരുമായിത്തീരും.

## കല്ലറകളിലെ വിശുദ്ധന്മാർ

സുവിശേഷങ്ങളിൽനിന്നുള്ള മറ്റൊരു തെളിവ് താഴെ കാണുന്ന പ്രസ്താവനയടങ്ങിയ 'മത്തായി'യിലെ വചനമാണ്: "കല്ലറകൾ തുറന്നു. നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു. അവന്റെ (യേശുവിന്റെ) പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധ നഗരത്തിൽ ചെന്നു

പലർക്കും പ്രത്യക്ഷമായി ” (മത്തായി, 27:53). യേശുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം വിശുദ്ധന്മാർ കല്ലറകളിൽനിന്നു പുറത്തുവന്നുവെന്ന സുവിശേഷകഥ ചരിത്ര വസ്തുതയല്ലെന്നതിൽ നേരിയ സംശയം പോലുമില്ല. ആയിരുന്നുവെങ്കിൽ, ഈ ലോകത്തുവച്ചുതന്നെ 'ഖിയാമത്ത്' (അന്ത്യദിനം) പ്രത്യക്ഷമായിത്തീരുന്നതാണ്. സത്യസന്ധതയും സത്യവിശ്വാസവും പരീക്ഷിച്ചറിയുന്നതിനു ഈ ലോകത്തുനിന്ന് മറച്ചുവയ്ക്കപ്പെട്ട ആ കാര്യം എല്ലാവരുടേയും മുമ്പിൽ തുറക്കപ്പെടുകയും സത്യവിശ്വാസം സത്യവിശ്വാസമല്ലാതായിത്തീരുകയും ചെയ്യുമായിരുന്നു. ഓരോ സത്യവിശ്വാസിയുടെയും അവിശ്വാസിയുടെയും ദൃഷ്ടിയിൽ വരുവാനുള്ള ആ ലോകം ചന്ദ്രനോ സൂര്യനോ ദിനരാത്രങ്ങളോ പോലെ പ്രത്യക്ഷവസ്തുവായിത്തീരുകയും ചെയ്യുമായിരുന്നു. അപ്പോൾ സത്യവിശ്വാസം പ്രതിഫലത്തിന്നർഹമായ വിലപ്പെട്ട ഒന്നായി പരിഗണിക്കാൻ സാദ്ധ്യമല്ലാതെ വരും.

ഇസ്രായേൽ സന്തതികളിൽ പ്രത്യക്ഷപ്പെട്ട ലക്ഷക്കണക്കായ നബിമാരും വിശുദ്ധാത്മാക്കളും കുരിശുസംഭവവേളയിൽ പുനർജ്ജീവിച്ചു വരികയും ജീവനോടുകൂടി നഗരത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിരുന്നെങ്കിൽ, മിശിഹായുടെ സത്യതയും ദൈവത്വവും സ്ഥാപിക്കാനുള്ള ദിവ്യത്ഭുതമെന്നോണം യഥാർത്ഥത്തിൽ ഇപ്രകാരം വെളിപ്പെട്ടതായിരുന്നുവെങ്കിൽ, നൂറായിരം പ്രവാചകന്മാരും ലക്ഷക്കണക്കിൽ വിശുദ്ധന്മാരും ഒരു വീർപ്പിടയിൽ പുനർജ്ജീവിച്ച് വന്നിട്ടുണ്ടായിരുന്നുവെങ്കിൽ ഉയിർത്തെഴുന്നേറ്റ നബിമാരോടും മറ്റു വിശുദ്ധന്മാരോടും മരിച്ചു പോയിരുന്ന തങ്ങളുടെ പിതാക്കന്മാരോടും മിശിഹായെപ്പറ്റി, ദൈവമാണെന്നു വാദിക്കുന്ന ഈ മനുഷ്യൻ യഥാർത്ഥത്തിൽ ദൈവം തന്നെയാണോ അതോ കള്ളവാദിയോ എന്നു ചോദിച്ചറിയാൻ യഹൂദന്മാർക്ക് നല്ലൊരവസരം ലഭിച്ചിരിക്കുമായിരുന്നു. ഈ അവസരം അവർ പാഴാക്കിയിരുന്നില്ലെന്നും ഈ മനുഷ്യൻ എങ്ങനെയുള്ള ആളാണെന്ന് അവർ അന്വേഷിച്ചിരിക്കുമെന്നും കരുതാനേ നിവർത്തിയുള്ളൂ. യഹൂദരാകട്ടെ, മരിച്ചുപോയവർ ജീവി

ച്ചുവരികയാണെങ്കിൽ അതൊക്കെയും ചോദിച്ചറിയാൻ ഉത്സുകരായിരുന്നുതാനും! ലക്ഷക്കണക്കിൽ മൃതന്മാർ പുനർജ്ജീവിച്ചു നഗരത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കെ ഓരോ പ്രദേശത്തും ആയിരക്കണക്കിനാളുകൾ ഇപ്രകാരം ജീവിച്ചു വരികയും ചെയ്തിരുന്നിരിക്കെ അത്തരം ഒരവസരം യഹൂദർക്ക് പാഴാക്കാൻ കഴിയുമായിരുന്നതെങ്ങനെ? ഒന്നോ രണ്ടോ പേരോടെന്നല്ല, ആയിരക്കണക്കിനാളുകളോടുതന്നെ അവർ ചോദിച്ചിട്ടുണ്ടായിരിക്കണം. ഇവർ തങ്ങളുടെ വീടുകളിൽ പ്രവേശിച്ച അവസരത്തിൽ, ലക്ഷക്കണക്കായ ആളുകൾ ഇപ്രകാരം ലോകത്ത് വീ ണ്ടും ജീവിച്ചു വന്ന സാഹചര്യത്തിൽ വീടുവീടാന്തരം ബഹളം സൃഷ്ടിക്കപ്പെടുകയും ഓരോ വീട്ടിലും ഇതേ തരത്തിലുള്ള ചോദ്യോത്തരങ്ങളും സംഭവവിവരണങ്ങളും വിശദീകരണങ്ങളും നടന്നുകൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ടാകുമായിരുന്നു. ‘യേശുമിശിഹാ എന്നു പറയുന്ന ഈ മനുഷ്യൻ യഥാർത്ഥത്തിൽ ദൈവം തന്നെയെന്നു നിങ്ങൾക്കറിയാമോ, അങ്ങനെ വിശ്വസിക്കുന്നുവോ’ എന്നൊക്കെ അവർ ചോദിച്ചിരിക്കും. എന്നാൽ, യഹൂദർ മിശിഹായിൽ അപ്രകാരം പിന്നീടു വിശ്വസിച്ചിട്ടില്ലാത്തതിനാലും അവരുടെ ഹൃദയങ്ങൾ മൃദുലങ്ങളായിത്തീർന്നിട്ടില്ലാത്തതിനാലും മരിച്ചെണീറ്റുവന്ന ആ വിശുദ്ധാത്മാക്കൾ അനുകൂലമായ സാക്ഷ്യമല്ല നല്കിയതെന്നും മറിച്ചു താൻ ദൈവമാണെന്നു വാദിച്ച ഈ മനുഷ്യൻ മുരത്ത കള്ളനാണെന്നും ദൈവത്തിന്റെമേൽ കറ്റുകെട്ടിപ്പറയുകയാണെന്നും അവർ മറുപടി നല്കുകയുണ്ടായെന്നും കരുതേണ്ടിയിരുന്നു. അതുകൊണ്ടുതന്നെയായിരിക്കണം, ആ ലക്ഷക്കണക്കിനാളുകളും പ്രവാചകന്മാരും ദിവ്യദൂതന്മാരുംകൂടി ജീവിച്ചു വന്നശേഷവും യഹൂദർ തങ്ങളുടെ കുത്സിത പ്രവർത്തിയിൽനിന്നു പിന്തിരിയാതിരിക്കുകയും ചെയ്യുകയുണ്ടായത്. ഹദ്റത്ത് മിശിഹായെ കൊന്ന ശേഷം അവർ മറ്റുള്ളവരെയും കൂടി കൊല്ലാൻ പുറപ്പെടുകയാണ് ചെയ്തത്. ആ പുണ്യഭൂമിയിൽ അന്ത്യവിശ്രമം കൊള്ളുകയായിരുന്ന ആദാമിന്റെ കാലംതൊട്ടു യോഹന്നാൻ സ്നാപകന്റെ കാലംവരെയുള്ള ലക്ഷക്കണക്കായ പുണ്യാവാളന്മാരെല്ലാം കല്ലറകളിൽനിന്നു

എണീറ്റു വന്നു നഗരത്തിലേയ്ക്കു നീങ്ങുകയും ഓരോരുത്തരും ജനങ്ങളുടെ മുമ്പിൽ യേശുമിശിഹാ യഥാർത്ഥത്തിൽ ദൈവ പുത്രനാണെന്നും അല്ല, ദൈവം തന്നെയാണെന്നും അവനെ ത്തന്നെ ആരാധിച്ചു തുടങ്ങണമെന്നും മുൻവിശ്വാസധാരണക ളെല്ലാം കയ്യൊഴിയണമെന്നും അല്ലാത്തപക്ഷം തങ്ങൾ നേരിട്ടു കണ്ടറിഞ്ഞ ആ നരകത്തിനു അർഹരാകേണ്ടിവരുമെന്നുമെല്ലാം സാക്ഷ്യം പറയുകയും ചെയ്തിട്ടും ഈ ഏറ്റവും ഉന്നതക്കിടയി ലുള്ള സാക്ഷീകരണത്തിനും സത്യപ്പെടുത്തലിനും ശേഷവും യഹൂദർ തങ്ങളുടെ നിഷേധത്തിൽനിന്ന് പിന്തിരിഞ്ഞിട്ടില്ലെന്നു എങ്ങനെയാണ് കരുതുക? എന്റെ മനസ്സാക്ഷി ഇതു സമ്മതി ക്കുന്നേയില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ ലക്ഷക്കണക്കായ വിശുദ്ധന്മാരും മരിച്ചുപോയ പ്രവാചകന്മാരും ദൈവദൂതന്മാരും മറ്റും പുനർജ്ജീവിച്ചു സാക്ഷ്യം പറയാൻ നഗരത്തിൽവന്നിരു ന്നുവെങ്കിൽ, അവർ എതിർ സാക്ഷ്യം നല്കിയതായി കരുതേ ണ്ടിയിരിക്കുന്നു, ഒരിക്കലും ഹദ്റത്ത് മസീഹിന്റെ ദൈവത്വത്തെ അവർ സത്യപ്പെടുത്തിയിട്ടുണ്ടാവില്ല. അതുകൊണ്ടായിരിക്കണം ആ മരിച്ചെണീറ്റ ആത്മാക്കളുടെ സാക്ഷീകരണം കേട്ടറിഞ്ഞിട്ടും യഹൂദർ തങ്ങളുടെ അവിശ്വാസത്തിൽ തന്നെ ഉറച്ചുനിന്നത്. മിശിഹാ തന്റെ ദൈവത്വത്തിൽ അവരെക്കൊണ്ടു വിശ്വസിപ്പി ക്കാൻ ആഗ്രഹിച്ചുവെങ്കിലും അവർ ആ സാക്ഷീകരണത്തെ ത്തന്നെയും തള്ളിക്കളഞ്ഞുവെന്നു വേണമല്ലോ കരുതാൻ!!

ഇത്തരം വിശ്വാസങ്ങൾ മരണപ്പെട്ട ലക്ഷക്കണക്കിനാളുക ളേയോ മുമ്പേ മരണപ്പെട്ട ഒരാളെയെങ്കിലുമോ യേശു വീണ്ടും ജീവിപ്പിച്ചുവെന്ന വിശ്വാസംതന്നെ വളരെയേറെ ദ്രോഹകരവും ദോഷഫലങ്ങൾ ഉളവാക്കുന്നതുമത്രെ. എന്തുകൊണ്ടെന്നാൽ, ആ മരിച്ചവർ ജീവിച്ചതിനുശേഷം ഒരു സൽഫവുമുണ്ടായില്ല. ദൂരദേശങ്ങൾ സന്ദർശിച്ചു വളരെക്കാലത്തെ വിപ്രവാസത്തിനു ശേഷം സ്വന്തം നാട്ടിൽ തിരിച്ചെത്തുന്ന ഒരാൾ തന്റെ അത്ഭുത കരമായ അനുഭവങ്ങളും താൻ സന്ദർശിച്ച രാജ്യങ്ങളിലെ ആശ്ച ര്യകരങ്ങളായ കഥകളും വിവരിച്ചു കേൾപ്പിക്കാൻ ഔത്സുക്യം

കാണിക്കും. വളരെക്കാലത്തെ വേർപാടിനുശേഷം ആളുകളെ കണ്ടുമുട്ടുമ്പോൾ അയാൾ മൂകനായി കഴിയുകയില്ല; ഒരിക്കലു മില്ല. അത്തരം അവസരങ്ങളിൽ മറ്റുള്ളവർ അയാളുടെ അടു ത്തുകൂടി ആ രാജ്യത്തെ കാര്യങ്ങളെല്ലാം അന്വേഷിച്ചറിയാൻ ബദ്ധപ്പെടും. പാവപ്പെട്ടവനും സുവിനീതനും കാഴ്ചയിൽ എളി യവനും എന്നാൽ, അന്നാട്ടിലെ രാജാവെന്നു വാദിക്കുന്നയാ ളും– ആ രാജ്യത്തിലെ മുഖ്യപട്ടണം ഇവർ ചുറ്റിക്കേണ്ടതാണ്– മാത്രമല്ല, രാജത്വപദവിയിൽ മറ്റു പല രാജാക്കന്മാരെക്കാളെല്ലാം ഉയർന്നതാണെന്നു അവകാശപ്പെടുന്നയാളും സന്ദർഭവശാൽ ഇവരുടെ അടുക്കൽ വന്നാൽ, തങ്ങളുടെ നാട്ടിൽ അക്കാലത്ത് അങ്ങനെ ചുറ്റിത്തിരിഞ്ഞ അത്തരമൊരാൾ അന്നാട്ടിലെ രാജാ വുതന്നെയോ എന്നും അവരോടു ജനങ്ങൾ ചോദിക്കാതിരിക്കി ല്ല. അപ്പോൾ ആ യാത്രികർ അത്തരം ചോദ്യങ്ങൾക്ക് തങ്ങൾ കണ്ടറിഞ്ഞപോലെയെല്ലാം മറുപടി നല്കുകയും ചെയ്യും. അങ്ങ നെയിരിക്കെ, മരിച്ചവരോടു ചോദിച്ചിട്ടുണ്ടായിരിക്കാവുന്ന ചോദ്യ ങ്ങളെ (ഈ ചോദ്യങ്ങൾ സ്വാഭാവികം മാത്രമാണ്) ആസ്പദ മാക്കിയ തെളിവുകൾ പ്രയോജനകരമായ ഫലം ഉളവാക്കിയിട്ടു ണ്ടായിരുന്നെങ്കിൽ മാത്രമെ ഞാൻ നേരത്തെ പറഞ്ഞതുപോ ലെ, യേശു മരിച്ചവരെ ജീവിപ്പിച്ചുവെന്നതിൽ വിശ്വസിക്കുന്ന തുകൊണ്ടു എന്തെങ്കിലും കാര്യമുള്ളൂ. എന്നാൽ, ഇവിടെ അങ്ങ നെയൊന്നുമായിരുന്നില്ല പറഞ്ഞൊപ്പിച്ചിട്ടുള്ളതു. മരിച്ചവരെ ജീവിപ്പിച്ചുവെന്നു കരുതുന്നതായാൽതന്നെ ആ മരിച്ചവരാരും സത്യത്തിൽ വിശ്വസിക്കാൻ പ്രേരകമായ തരത്തിൽ അദ്ദേഹ ത്തിനു അനുകൂലമായ തെളിവുകളൊന്നും നല്കിയിരുന്നി ല്ലെന്നും കരുതേണ്ടിവരും. കുഴപ്പം കൂടുതലാക്കുമാറുള്ള തെളി വുകളാണവർ നല്കിയത്. മനുഷ്യജീവികളെ ഉയിർത്തെഴുന്നേ ല്പ്പിക്കുന്നതിനുപകരം കുറേ ജന്തുക്കളെ വീണ്ടും ജീവിപ്പിച്ചു എന്നു പ്രഖ്യാപിക്കപ്പെട്ടിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. അതു പല പ്രശ്നങ്ങൾക്കും പരിഹാരമായേനെ. ആയിരം എരു തുകളെ യേശു പുനർജ്ജീവിപ്പിച്ചു വെന്നാണ് പ്രസ്താവിക്ക പ്പെട്ടിരുന്നതെങ്കിൽ അതു കുറേയൊക്കെ യുക്തിപൂർവ്വം ആകു

മായിരുന്നു. ഈ ഉയിർത്തെണീറ്റ ജന്തുക്കൾ എന്തുതെളിവുകളാണ് നല്കിയതെന്നു ചോദിക്കപ്പെട്ടെങ്കിൽ അവയെല്ലാം കാളകളാണെന്നും അവയ്ക്കനുകൂലമോ പ്രതികൂലമോ ആയ തെളിവുകളൊന്നും നല്കാൻ കഴിയുന്നതല്ലെന്നും പറഞ്ഞൊഴിയാമായിരുന്നു. എന്നാൽ, യേശു ജീവിപ്പിച്ചതു മനുഷ്യരെയായിപ്പോയി; ലക്ഷക്കണക്കിൽ മനുഷ്യരെ, മരിച്ചുപോയ പൂർവ്വപിതാക്കളിൽ പത്തോ ഇരുപതോ പേർ ഉയിർത്തെഴുന്നേറ്റു ഈ ലോകത്തേക്ക് തിരിച്ചുവരികയും ഇന്നിന്നമതങ്ങൾ സത്യമതങ്ങളാണെന്നു അവർ സാക്ഷ്യം നല്കുകയും ചെയ്താൽ ആ മതങ്ങളുടെ സത്യതയെപ്പറ്റി സംശയിക്കുമോ എന്നു ഏതാനും ഹിന്ദുക്കളോടു ചോദിച്ചാൽ അവർ നിഷേധരൂപത്തിൽ മറുപടി നല്കുകയില്ലെന്നു കാണാം. ഈ തരത്തിലെല്ലാം വസ്തുതകൾ വ്യക്തമായിക്കഴിഞ്ഞ ശേഷവും അവിശ്വാസത്തിലും നിഷേധത്തിലും ഒട്ടിനില്ക്കുന്ന ഒരാളും ഈ ലോകത്തുണ്ടാകയില്ലെന്നു ഉറപ്പി ച്ചുകൊള്ളുക.

കഷ്ടം! ഇത്തരം കഥകൾ പടച്ചുണ്ടാക്കുന്ന കാര്യത്തിൽ നമ്മുടെ രാജ്യത്തെ **സിക്ക്ഖാൽസ** ഈ ക്രിസ്ത്യാനികളെക്കാൾ എത്ര ബുദ്ധിശാലികൾ. കെട്ടുകഥകൾ നിർമിക്കുന്നതിൽ അവർ കൂടുതൽ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. **ഗുരുബാബാനാനക്ക്** ഒരിക്കൽ ഒരു ചത്ത ആനയെ ജീവിപ്പിച്ചിരുന്നതായി അവർ പറയുന്നു. മുകളിൽ പറഞ്ഞ തരത്തിലുള്ള ഒരു ആക്ഷേപം പുറപ്പെടുവിക്കുവാൻ സാധിക്കാത്ത ഒരു അത്ഭുതകൃത്യമാണിത്. ബാബാനാനാക്കിനെ സത്യപ്പെടുത്തുകയോ കള്ളനാക്കുകയോ ചെയ്യുന്നതിനു ആനക്കെന്തോ സംസാരിക്കാനാവുമോ എന്നു സിക്കുകാർക്ക് ചോദിക്കാമല്ലോ. സാധാരണക്കാർ തങ്ങളുടെ ചെറിയ ബുദ്ധിയിൽ ഇത്തരം അത്ഭുതകൃത്യങ്ങൾ കേട്ടു ആനന്ദം കൊള്ളുന്നുണ്ടെങ്കിലും ബുദ്ധിമാന്മാർ മറ്റു സമുദായക്കാരുടെ ആക്ഷേപങ്ങൾക്കിരയാകുന്നതു കാരണം അസ്വസ്ഥരായിത്തീരുന്നു. ഇത്തരം നിരർത്ഥക കഥകൾ വിവരിക്കുന്ന സദസ്സുകളിൽ അവർ സ്വയം ലജ്ജിതരായിത്തീരുകയും ചെയ്യുന്നു. എനിയ്ക്കു മിശിഹായോടു ക്രിസ്ത്യാനികൾക്കുള്ളപോലെതന്നെ സ്നേഹ

ബഹുമാനവും ആത്മാർത്ഥമായ വിശ്വാസവികാരങ്ങളുമുണ്ട്. എന്നല്ല, ക്രിസ്ത്യാനികളെക്കാൾ കൂടുതൽ അദ്ദേഹത്തോട് എനിയ്ക്ക് ബന്ധമുണ്ട്. ക്രിസ്ത്യാനികൾക്ക് തങ്ങൾ പ്രകീർത്തിക്കുന്ന ആളെ അറിയുകയില്ല. എന്നാൽ, പ്രകീർത്തിക്കുന്ന ആളെ എനിക്കു നല്ലപോലെ അറിയാം. ഞാൻ അദ്ദേഹത്തെ കണ്ടിരിക്കുന്നു. അതിനാൽ, കുരിശു സംഭവവേളയിൽ, മരണപ്പെട്ട എല്ലാ പുണ്യാത്മാക്കളും നഗരത്തിൽ വീണ്ടും ഉയിർത്തുവന്നുവെന്ന സുവിശേഷ വിവരണത്തിന്റെ ശരിയായ വസ്തുതയെന്താണെന്നു ഞാനിപ്പോൾ വെളിപ്പെടുത്താം.

## സ്വപ്നത്തിന്റെ പുലർച്ച

കുരിശുസംഭവത്തിനുശേഷം ചില പരിശുദ്ധാത്മാക്കൾ സ്വപ്നരൂപത്തിൽ കണ്ടിരുന്ന ദർശനം(കശ്ഫ്) ആയിരുന്നു അതെന്നു വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. വിശുദ്ധരായ ആളുകൾ പുനർജ്ജീവിച്ചു പട്ടണത്തിൽ വരികയും ജനങ്ങളുമായി അഭിമുഖദർശനം നടത്തുകയും ചെയ്യുന്നതായി കണ്ടാൽ സ്വപ്നങ്ങൾക്ക് പുണ്യഗ്രന്ഥങ്ങളിൽ നല്കപ്പെട്ടതരത്തിലുള്ള അർത്ഥം പ്രസ്തുത ദർശനത്തിനു നല്കേണ്ടിയിരിക്കുന്നു. ആ സ്വപ്നത്തിന്റെ അർത്ഥം മിശിഹാ കുരിശിൽ മരിച്ചിട്ടില്ലെന്നും കുരിശു മരണത്തിൽനിന്നു അദ്ദേഹത്തിനു മോചനം ലഭിച്ചു വെന്നുമത്രെ. ഈ അർത്ഥം എവിടെനിന്നുകിട്ടിയെന്നു ചോദിച്ചാൽ, സ്വപ്നവ്യാഖ്യാതാക്കളായ മഹാപണ്ഡിതന്മാർ അപ്രകാരമാണ് എഴുതിയിരിക്കുന്നതെന്നും അവരെല്ലാംതന്നെ തങ്ങളുടെ അനുഭവങ്ങൾ മുഖേന ഇതിനെ സാക്ഷീകരിച്ചിട്ടുണ്ടെന്നുമാണ് എന്റെ മറുപടി. പുരാതനകാലത്തെ ഒരു സ്വപ്നവ്യാഖ്യാതാവായിരുന്ന **തഅ്ത്തീറുൽ അനാം** എന്ന സ്വപ്നശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവ് നല്കിയിട്ടുള്ള വിവരണം അസ്സൽ വാചകത്തിൽ ഞാനിവിടെ ഉദ്ധരിക്കട്ടെ

من رأى ان الموتى وثبوا من قبورهم ورجعوا الى دورهم فانه
يطلق من في السجن (تعطير الانام مصنفه قطب الزمان شيخ عبد الغني
النابلسي)

"മരിച്ചവർ ഖബ്റിൽനിന്ന് എണീറ്റുവരികയും തങ്ങളുടെ വീടുകളിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നതായി ആരെങ്കിലും സ്വപ്നം കാണുകയോ കശ്ഫ്- ജാഗ്രദർശന രൂപത്തിൽ കാണുകയോ ചെയ്യുകയാണെങ്കിൽ ഒരു തടവുകാരൻ തടവിൽ നിന്നു മോചനം പ്രാപിക്കുകയും അക്രമികളുടെ കൈകളിൽനിന്നു അയാൾ രക്ഷിക്കപ്പെടുകയും ചെയ്യുമെന്നാണർത്ഥം." ആ തടവുകാരൻ സമുന്നതനും വലിയ മഹാനും ആയിരിക്കുമെന്നാണ് വിവരണരീതികൊണ്ട് മനസ്സിലാവുന്നത്. ഈ വ്യാഖ്യാനം എത്ര യുക്തിയുക്തമായും സത്യമായുമാണ് മസീഹിൽ പുലർന്നിരിക്കുന്നതെന്നു നോക്കുക. ഇതേ യാഥാർത്ഥ്യത്തിലേക്ക് സൂചന നല്കിക്കൊണ്ടാണ് മരണമടഞ്ഞ സദ്വൃത്തന്മാർ കല്ലറകളിൽനിന്നു എണീറ്റു നഗരത്തിൽ പ്രവേശിച്ചതായി ചിലർ ദർശിച്ചതെന്നും, ഹദ്റത്ത് മസീഹ്(അ) കുരിശുമരണത്തിൽ നിന്നു രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന സത്യം അറിവുള്ളവർ മനസ്സിലാക്കിക്കൊള്ളുന്നതിനുവേണ്ടിയാണ് ഈ ദർശനം കാണിക്കപ്പെട്ടതെന്നും വ്യക്തമാണ്.

യേശു കുരിശിൽ മരിച്ചിട്ടില്ലെന്നു സുവിശേഷങ്ങളിലെ വേറെയും ധാരാളം പ്രസ്താവനകൾ വ്യക്തമായി തെളിയിച്ചുകാട്ടുന്നുണ്ട്. യേശു കുരിശുമരണത്തിൽനിന്നു രക്ഷിക്കപ്പെട്ടശേഷം മറ്റൊരു രാജ്യത്തേക്ക് മാറിപ്പാർത്തു. എന്നാൽ, ഇത്രത്തോളം പ്രതിപാദിച്ച സംഗതികൾതന്നെ നിഷ്പക്ഷ ചിന്തകർക്ക് മതിയായ തെളിവുകളാണെന്നു എനിക്കു തോന്നുന്നു.

യേശു കുരിശിൽവച്ചു മരിച്ചുവെന്നും പിന്നീട് ഉയിർത്തെഴുന്നേറ്റതോടെ ആകാശാരോഹണം ചെയ്തുവെന്നും സുവിശേഷങ്ങളിൽ ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ടല്ലോ എന്നു ചിലരുടെ ഹൃദയങ്ങളിൽ ഒരു സംശയം നിലനില്ക്കുന്നുണ്ടാവാം. ഈ സംശയത്തിന് ഞാൻ മുകളിൽ സംക്ഷിപ്തമായി മറുപടി നല്കിക്കഴിഞ്ഞിട്ടുണ്ട്. കുരിശുസംഭവത്തിനുശേഷം യേശു ശിഷ്യന്മാരെ കണ്ടുമുട്ടിയതും ഗലീലയിലേക്ക് യാത്ര നടത്തിയതും അപ്പവും മാംസവും ഭക്ഷിച്ചതും തന്റെ ശരീരത്തിലെ വ്രണങ്ങൾ ശിഷ്യർക്ക് കാണിച്ചുകൊടുത്തതും എമ്മാവുസ്സിൽ ശിഷ്യരോടൊപ്പം ഒരു രാത്രി കഴിച്ചുകൂട്ടിയതും പിലാത്തോസിന്റെ അധി

കാരാതിർത്തിയിൽനിന്നു ഒളിച്ചോടിപ്പോയതും പ്രവാചകന്മാരുടെ ചര്യക്കൊത്ത് അവിടെനിന്ന് മാറിപ്പാർത്തതും ഭയാക്രാന്തനായ നിലയിൽ സഞ്ചരിച്ചതുമെല്ലാംതന്നെ അദ്ദേഹം കുരിശിൽ മരിച്ചിട്ടില്ലെന്നും അദ്ദേഹത്തിന്റെ ശരീരം അപ്പോഴും മൃണ്മയം തന്നെയായിരുന്നുവെന്നും അദ്ദേഹത്തിൽ ഒരു ഭൗതികമാറ്റവും സംഭവിച്ചിരുന്നില്ലെന്നും വ്യക്തമായി തെളിയിച്ചുകാട്ടുന്നുണ്ട്.

## ആകാശാരോഹണം മിഥ്യ

യേശു ആകാശത്തിലേക്ക് ഉയർന്നുപോകുന്നത് ആരെങ്കിലും കണ്ടതായി സുവിശേഷങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല[8]. അതിലേക്ക് തെളിവുകളുണ്ടെങ്കിൽത്തന്നെ അതു വിശ്വസനീയമായിരുന്നില്ല. എന്തെന്നാൽ, **മൺകട്ടയെ മാമലയാക്കിമാറ്റുന്ന അതിവർണ്ണന** സുവിശേഷകർത്താക്കളുടെ രീതിയാണു. യേശു ദൈവപുത്രനാണെന്നു ആരെങ്കിലും പറഞ്ഞുവെന്നുവന്നാൽ, മറ്റൊരാൾ അദ്ദേഹത്തെ ദൈവം തന്നെയാക്കി മാറ്റാൻ പുറപ്പെടുന്നു. മൂന്നാമത്തെയാൾ സകല പ്രപഞ്ചങ്ങൾക്കുമേലും സർവ്വാധികാരം ആരോപിച്ചു തുടങ്ങുന്നു. നാലാമത്തെയാളാകട്ടെ, അവൻ തന്നെയാണ് എല്ലാമെന്നും അവനെക്കൂടാതെ മറ്റൊരു ദൈവമില്ലെന്നും തട്ടിവിടുന്നു. ചുരുക്കത്തിൽ, അതിവർണ്ണനകൾ അവരെ എങ്ങോകൊണ്ടെത്തിക്കുന്നു. മരിച്ചവർ കല്ലറകളിൽനിന്ന് പുറത്തുവന്നു നഗരത്തിലേക്ക് പുറപ്പെടുന്നതായിക്കണ്ട ഒരു ദർശനത്തെപ്പറ്റി ചിന്തിക്കുക. ആ സ്വപ്നത്തിന് പ്രത്യക്ഷാർത്ഥം നല്കുകയും മൃതശരീരങ്ങൾ കല്ലറകളിൽനിന്നു പ്രത്യക്ഷത്തിൽത്തന്നെ പുനർജ്ജീവിച്ചു പുറത്തുവന്നതായും യരൂശലേം നഗരത്തിലേക്ക് നടന്നുവന്നതായും അവർ ജനങ്ങളെ കണ്ടതായും വ്യാഖ്യാനിച്ചു തുടങ്ങുകയാണ് ചെയ്തത്. നോക്കണം, **ഒരു തൂവൽ ഇവിടെ കാക്കയായി** മാറിയതെങ്ങനെയെന്ന്. അതും ഒരു കാക്കയല്ല, അനേകലക്ഷം കാക്കകൾ. സംഗതികൾ ഇപ്രകാരം വർണ്ണിച്ചു പറയാൻ തുടങ്ങിയാൽ സത്യം കണ്ടെത്താൻ

8. യേശു ആകാശത്തിലേക്ക് കരേറിപ്പോയിട്ടുണ്ടായിരുന്നുവെന്നും താൻ ഇക്കാര്യത്തിൽ സാക്ഷിയാണെന്നും ആരുംതന്നെ പറയുന്നില്ലെന്നു ഓർക്കേണ്ടതാണ്.

നമ്മുടെ മുമ്പിൽ മാർഗ്ഗമൊന്നുമില്ല. ദൈവിക ഗ്രന്ഥങ്ങളെന്നു പറയപ്പെടുന്ന ഈ സുവിശേഷങ്ങൾ നിരർത്ഥകമായ അവകാശ വാദങ്ങളാണ് ഉന്നയിക്കുന്നതെന്നും ഇവിടെ ചിന്ത്യമാണ്. യേശു ചെയ്തിട്ടുള്ള കാര്യങ്ങൾ ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽതന്നെയും ഒതുങ്ങുകയില്ലത്രെ! ഇത്തരം അയുക്തികൾ വിശ്വസ്തതയും സത്യസന്ധതയും ആണോ വെളിപ്പെടുത്തുന്നത്? യേശുവിന്റെ പ്രവർത്തികൾ അപ്രകാരം അറ്റമില്ലാത്തതാണെങ്കിൽ, അത് എഴുതിവെക്കാൻ കഴിയാത്തത്ര അധികമാണെങ്കിൽ, അത് മൂന്നുകൊല്ലത്തേക്കു മാത്രം പരിമിതമായിരിക്കാൻ കാരണമെന്ത്? മുൻഗ്രന്ഥങ്ങളിൽനിന്ന് തെറ്റായ ഉദ്ധരണികൾ ചേർത്തിട്ടുണ്ടെന്നതാണ് സുവിശേഷങ്ങളെ സംബന്ധിച്ചിടത്തോളമുള്ള മറ്റൊരു ന്യൂനത. യേശുവിന്റെ വംശപാരമ്പര്യംപോലും ശരിയായിട്ടല്ല വിവരിച്ചിട്ടുള്ളത്. സുവിശേഷം എഴുതിയവർ കാര്യഗ്രഹണം കുറഞ്ഞവരാണെന്നാണ് മനസ്സിലാകുന്നത്. അവരിൽ ചിലർ യേശുവിനെ കണ്ടപ്പോൾ പ്രേതമാണെന്ന് തെറ്റുധരിച്ചില്ലേ? മൂലരേഖയുടെ പരിശുദ്ധി നിലനിറുത്താൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപത്തിന് ആദ്യകാലം മുതൽക്കുതന്നെ സുവിശേഷങ്ങൾ വിധേയങ്ങളായിരുന്നു[9]. സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന വേറെയും ഗ്രന്ഥങ്ങളുള്ളപ്പോൾ ആ സുവിശേഷ പുസ്തകങ്ങളിലെ പ്രസ്താവനകളെല്ലാം തള്ളിക്കളയാൻ ന്യായമായ എന്തു കാരണമാണുള്ളത്? സുവിശേഷങ്ങളെന്നു പൊതുവെ അറിയപ്പെടുന്ന ഈ പുസ്തകങ്ങളിലെ പ്രസ്താവനകൾ സത്യങ്ങളായി അംഗീകരിക്കണമെന്നത് എന്ത്? നാല് സുവിശേഷങ്ങളിലും കാണപ്പെടുന്ന അടിസ്ഥാന രഹിതങ്ങളായ അതിവർണ്ണനകൾ മറ്റു സുവിശേഷപുസ്തകങ്ങളിലുണ്ടെന്ന് ആർക്കും ഉറപ്പിച്ചുപറയാൻ കഴിയില്ല. യേശു വളരെ സാത്ത്വികനായ ഒരാളാണെന്നും അദ്ദേഹത്തിന്റെ സ്വഭാവം കളങ്കമറ്റതാണെന്നും ഒരുഭാഗത്ത് പറയുമ്പോൾ മറ്റൊരു ഭാഗത്ത് സാത്ത്വികനായ ഒരാളെക്കുറിച്ച് പറയാൻ പാടില്ലാത്ത കാര്യങ്ങൾ സുവിശേഷങ്ങൾത്തന്നെ ആ പുണ്യാത്മാവിൽ ആരോപിച്ചിരിക്കുന്നു. തൗറാത്തിന്റെ പാഠമനുസരിച്ച് ഇസ്രായേലി പ്രവാചക

ന്മാരിൽ ചില ർക്ക് ഒരേ അവസരത്തിൽ നൂറുകണക്കിന് ഭാര്യ മാരുണ്ടായിരുന്നു; അതുവഴി സാത്വികരുടെ തലമുറയെ പെരു പ്പിക്കാൻ വേണ്ടിതന്നെ. എന്നാൽ, ഏതെങ്കിലും ഒരു പ്രവാച കൻ അശുദ്ധയും വ്യഭിചാരിണിയുമായ ഒരു സ്ത്രീയെ, നഗര ത്തിലെ എണ്ണപ്പെട്ട ഒരു പാംസുലയെ, തന്റെ ദേഹം അവളുടെ കൈകൊണ്ട് സ്പർശിക്കാനും തന്റെ തലയിൽ അവളുടെ അസാ ന്മാർഗികപ്ര വർത്തികളുടെ കലാസിദ്ധി എന്നോണം എണ്ണപു രട്ടാനും, അവളുടെ ചികുരഭാരത്താൽ കാലുകൾ തുടയ്ക്കാനും അനുവദിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ സവിശേഷമായ ഒരു മാതൃക മുമ്പോട്ടു വച്ചതായി നിങ്ങൾ കേട്ടിരിക്കില്ല. ഇപ്രകാര

---

9. സ്വർഗാരോഹണത്തെപ്പറ്റി മാർക്കോസും ലൂക്കോസും മാത്രമേ പരാമർശിക്കു ന്നുള്ളൂ. മത്തായിയും യോഹന്നാനും ഇക്കാര്യത്തിൽ മൗനമവലംബിക്കുകയാണ് ചെയ്തിട്ടുള്ളത്. മാർക്കോസിൽ പറയുന്നു. 'അവരോടു സംസാരിച്ചു കഴിഞ്ഞ ശേഷം കർത്താവായ യേശു സ്വർഗത്തിലേയ്ക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ വല തുഭാഗത്ത് ഇരുന്നു' (മാർക്കോസ് 16:19). ലൂക്കോസ് പറയുന്നതു ഇങ്ങനെയാണ്: 'അവരെ ആശിർവദിച്ചുകൊണ്ടിരിക്കെ അവൻ അവരെ വിട്ടുപിരിഞ്ഞ് സ്വർഗത്തി ലേക്കു എടുക്കപ്പെട്ടു' (ലൂക്കോസ് 24:51).

ലൂക്കോസിന്റെ മേൽചേർത്ത വാചകത്തെപ്പറ്റി ജോസഫ് പുലിക്കുന്നേലിന്റെ ഏറ്റവും പുതിയ ബൈബിൾപരിഭാഷയിൽ പറയുന്നത്, സ്വർഗത്തിലേയ്ക്ക് എടു ക്കപ്പെട്ടുവെന്നു ചില കയ്യെഴുത്തുപ്രതികളിൽ കാണുന്നില്ല എന്നത്രെ. പുരാതന കയ്യെഴുത്തു പ്രതികളിലില്ലാത്ത ഈ വാചകം ലൂക്കോസിൽ പിന്നീട് എങ്ങനെ കടന്നുകൂടി? മാർക്കോസിലെ പരാമൃഷ്ട വാചകത്തെ സംബന്ധിച്ചാണെങ്കിൽ അതു തർക്കവിധേയമായ ഒടുവിലത്തെ പന്ത്രണ്ടു വചനങ്ങളിൽ ഉൾപ്പെട്ടതാണെന്നു ഓർക്കേണ്ടതാണ്. അവ മിക്കവാറും രണ്ടാം നൂറ്റാണ്ടിന്റെ തലയ്ക്കൽ നഷ്ടപ്പെട്ടു പോയതോ കുറ്റമുള്ളതായി കരുതപ്പെട്ടതോ ആയ ഒടുവിലത്തെ വാചകങ്ങൾക്ക് പകരമായി പിന്നീടു മൂലകൃതിയോട് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതാണെന്നും എൻ സൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ പറഞ്ഞിട്ടുണ്ട്. (Ency. Britt. Ed. II Vol 17 p. 730).ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസ സിദ്ധാന്തങ്ങളിലൊന്നായ യേശു വിന്റെ "സ്വർഗ്ഗാരോഹണ"ത്തെപ്പറ്റിയുള്ള സുവിശേഷ പ്രമാണങ്ങളെ സംബന്ധി ച്ചിടത്തോളം നാലു സുവിശേഷങ്ങളിൽ മത്തായിയും യോഹന്നാനും മൗനമവലം ബിക്കുമ്പോൾ മർക്കോസിലെയും ലൂക്കോസിലെയും പ്രസ്താവനകൾ കൂട്ടിച്ചേർ ത്തവ അഥവാ പ്രക്ഷിപ്തങ്ങളാണെന്ന് വ്യക്തമാവുകയും ചെയ്തിരിക്കുന്നു. എന്നി രിക്കെ ക്രിസ്തീയ വിശ്വാസങ്ങളുടെ അടിസ്ഥാനങ്ങൾ എത്ര ദുർബ്ബലങ്ങളാണെന്ന് നമുക്ക് മനസ്സിലാക്കാം. ജൂതന്മാരും ക്രിസ്ത്യാനികളും ദൈവവചനങ്ങളിൽ കയ്യേറ്റം നടത്തിയെന്നുള്ള ഖുർആന്റെ പ്രസ്താവന സത്യമാണെന്ന് തെളിഞ്ഞിരിക്കയാ ണ്. ഒത്തുനോക്കാനാണെങ്കിൽ സുവിശേഷങ്ങളുടെ മൂലരൂപം ഈ ലോകത്തെ വിടെയും സ്ഥിതി ചെയ്യുന്നില്ലതാനും. ഇതിന്നെതിരിൽ വള്ളിപുള്ളി വ്യത്യാസം വരാതെ ദിവ്യവാഗ്ദത്തപ്രകാരം സുരക്ഷിതമായി നിലകൊള്ളുന്ന ഒരേ ഒരു ദിവ്യ ഗ്രന്ഥമായി ഖുർആൻ ഇന്നും സ്ഥിതിചെയ്യുന്നു. – വിവ:

മെല്ലാം ചെയ്യുവാൻ ചാരിത്രശൂന്യയായ ഒരു പെണ്ണിനെ അനുവദിക്കുകയും അവളോട് അരുത് എന്ന് പറയാതിരിക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ സ്വാഭാവികമായും ഉയർത്തുന്ന സംശയങ്ങളാൽ വഴിതെറ്റി പോകുന്നതിൽനിന്ന് യേശുവിന്റെ നന്മയിലുള്ള വിശ്വാസത്താൽമാത്രമേ ആർക്കും രക്ഷപ്പെടാൻ കഴിഞ്ഞെന്നുവരൂ. ഏതായാലും, ഇത് മറ്റാർക്കും അനുവദിച്ചുകൂടാത്തതാണ്. സുവിശേഷങ്ങൾ മൂലരൂപത്തിൽ സംരക്ഷിച്ചു പോരാൻ കഴിഞ്ഞിട്ടില്ലെന്നോ അഥവാ, അവയുടെ കർത്താക്കൾ യേശുവിന്റെ ശിഷ്യരിൽപ്പെടാത്ത മറ്റാരെല്ലാമോ ആണെന്നോ വ്യക്തമാക്കിത്തരുന്ന പലതും അവയിൽ കാണാവുന്നതാണ്. "ഈ കഥ ഇന്നുവരെ യഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പാക്കിയിരിക്കുന്നു" എന്നുള്ള 'മത്തായി'യിലെ പ്രസ്താവന ഒരു ദാഹരണമത്രെ. മത്തായിയുമായി ബന്ധപ്പെടുത്താവുന്നതാണോ ഈ വാചകം? മത്തായിസുവിശേഷമെഴുതിയ ആൾ വിശുദ്ധ മത്തായി മരിച്ചു എത്രയോ നാൾ കഴിഞ്ഞ് ജീവിച്ച ആരോ ആയിരുന്നുവെന്നു ഇത് തെളിയിച്ചുതരുന്നില്ലേ? ഇതേ മത്തായിസുവിശേഷംതന്നെ പറയുന്നു: "അവർ ഒന്നിച്ചുകൂടി മൂപ്പന്മാരുമായി ആലോചന കഴിച്ചിട്ട് പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു. അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന് ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടുപോയി എന്നു പറവിൻ". ഈ പ്രസ്താവനകൾ എത്രമാത്രം വിശ്വസിക്കാൻ കൊള്ളാത്തതും യുക്തിരഹിതവും ആണെന്നു നോക്കുക. മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റ യേശുവെ ഒളിപ്പിക്കാൻ യഹൂദർ ശ്രമിച്ചുവെന്നും ഈ ഏറ്റവും വലിയ ദിവ്യാത്ഭുതം ജനങ്ങളെല്ലാം അറിഞ്ഞു പോകാതിരിക്കാനായി അവർ പടയാളികൾക്ക് കൈക്കൂലി കൊടുത്തിട്ടുണ്ടായിരുന്നുവെന്നുമാണ് ഇപ്പറഞ്ഞതിന്റെ അർത്ഥമെങ്കിൽ ഈ ദിവ്യാത്ഭുതം യഹൂദരിൽ ഘോഷിക്കാൻ കർത്തവ്യബദ്ധനായിരുന്ന യേശു അതൊരു രഹസ്യമാക്കിവച്ചതെന്തേ? അതുമല്ല, അതു പുറത്തു പറയുന്നതിൽനിന്ന് അദ്ദേഹം മറ്റുള്ളവരെ വിലക്കുകപോലും ചെയ്തല്ലോ? വീണ്ടും പിടിക്കപ്പെടുമെന്നു പേടിച്ചാണ് ഇങ്ങനെ ചെയ്തതെന്ന് പറയുകയാണെങ്കിൽ അദ്ദേ

ഹത്തിന്റെമേൽ ദൈവവിധി ഇറങ്ങുകയും അതനുസരിച്ച് മരണത്തിനുശേഷം ചൈതന്യമാത്രമായ സൂക്ഷ്മശരീരത്തോടുകൂടി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നിരിക്കെ ജൂതന്മാരെക്കുറിച്ച് അദ്ദേഹം ഭയപ്പെടേണ്ടിയിരുന്നുവോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. നിശ്ചയമായും അപ്പോൾ ജൂതന്മാർക്ക് അദ്ദേഹത്തിന്റെമേൽ ഒരു ശക്തി യും ഉണ്ടായിരുന്നില്ല. അദ്ദേഹം അപ്പോൾ ഭൗതികത്തിൽനിന്ന് തികച്ചും അതീതനായിരുന്നല്ലോ? ഒരു ഭാഗത്ത് അദ്ദേഹം ഉയിർത്തെഴുന്നേല്ക്കുകയും സൂക്ഷ്മശരീരം കൈക്കൊള്ളുകയും ചെയ്തുവെന്നും ശിഷ്യന്മാരെ കണ്ടുമുട്ടുകയും ഗലീലയ്ക്ക് ഗമിക്കുകയും അവിടെനിന്ന് സ്വർഗ്ഗത്തേയ്ക്ക് കരേറിപ്പോകുകയും ചെയ്തുവെന്നും അദ്ദേഹം നിസ്സാര കാര്യങ്ങൾക്കുപോലും ജൂതന്മാരെ പേടിച്ചുകൊണ്ടിരിക്കുകയും മഹത്ത്വപൂർണമായ ദേഹത്തിന്റെ ഉടമസ്ഥനായിരുന്നിട്ടും ജൂതന്മാരാൽ കണ്ടുപിടിക്കപ്പെടാതിരിക്കാൻവേണ്ടി നാട്ടിൽനിന്ന് ഒളിച്ചോടുകയും ചെയ്തുവെന്നും പ്രസ്താവിച്ചു കാണുമ്പോൾ ദുഃഖിക്കാനേ നിവർത്തിയുള്ളൂ. സ്വരക്ഷാർത്ഥം അദ്ദേഹം എഴുപത് നാഴികയകലെ ഗലീലയിലോളം യാത്ര ചെയ്യുകയും ഇക്കാര്യം ആരോടും പറയരുതെന്നു നിർദ്ദേശം നല്കുകയും ചെയ്യുന്നു. ചൈതന്യമാത്രമായ പുതുശരീരത്തിന്റെ ലക്ഷണവും സ്വഭാവവും ആണോ ഇത്? നിശ്ചയമായും അത് ചൈതന്യമാത്രമായിരുന്ന പൊതുശരീരമായിരുന്നില്ല. മരണത്തിൽനിന്നു രക്ഷപ്പെട്ട വ്രണപ്പാടുകളുള്ള അതേ മർത്ത്യശരീരംതന്നെ. ജൂതന്മാരെക്കുറിച്ചുള്ള ഭയം അപ്പോഴും അദ്ദേഹത്തിൽ അവശേഷിച്ചിട്ടുണ്ടായിരുന്നതിനാൽ എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചുകൊണ്ടുതന്നെ അദ്ദേഹം നാടുവിട്ടു. ഇതിനെതിരായിട്ടുള്ള എല്ലാ പ്രസ്താവനകളും അബദ്ധങ്ങളാണ്. പടയാളികൾ ഉറങ്ങിക്കിടക്കുമ്പോൾ യേശുവിന്റെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശരീരം കട്ടുകൊണ്ടുപോയി എന്ന് അവരെക്കൊണ്ടു പറയിക്കുന്നതിന് അവർക്ക് കൈക്കൂലി കൊടുത്തുവെന്ന പ്രസ്താവനയും അപ്രകാരംതന്നെ. പടയാളികൾ ഉറങ്ങുകയായിരുന്നുവെങ്കിൽ യേശുവിന്റെ മൃതദേഹം കട്ടുകൊണ്ടുപോയതായി ഉറക്കത്തിൽ

മനസ്സിലാക്കിയതെങ്ങനെയെന്ന് അവരോട് ചോദിക്കാമായിരുന്നു! യേശു കല്ലറയിൽ ഇല്ലെന്ന ഒരൊറ്റ കാരണത്താൽ അദ്ദേഹം സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയെന്ന് വിശ്വസിക്കാനാവുന്നതെങ്ങനെ? കല്ലറ ഒഴിഞ്ഞിരിക്കാൻ മറ്റു കാരണങ്ങളുണ്ടായിക്കൂടേ? സ്വർഗ്ഗത്തേക്ക് കരേറിപ്പോകുന്നതിനിടയിൽ ഏതാനും ആയിരം ജൂതന്മാരെയും പിലാത്തോസിനേയും അദ്ദേഹം കാണേണ്ടതായിരുന്നില്ലേ. ചൈതന്യമാത്രമായ ശരീരം സ്വീകരിച്ച യേശുവിന് ആരെയാണ് പേടിക്കാനുണ്ടായിരുന്നത്. എതിരാളികളെക്കണ്ട് തന്റെ സത്യത്തിലേക്കുള്ള ചെറിയൊരു തെളിവെങ്കിലും നല്കാൻ അദ്ദേഹം മെനക്കെട്ടില്ല. മറിച്ച്, അദ്ദേഹം ഭയപരവശനായി ഗലീലയിലേക്ക് ഓടിപ്പോവുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെ കല്ലറവിട്ടു എന്നത് ശരിതന്നെയെങ്കിലും- പ്രവേശന ദ്വാരത്തോടുകൂടിയുള്ള ഭവനതുല്യമായ കെട്ടിടമാണ് ഈ കല്ലറ- അദ്ദേഹം രഹസ്യത്തിൽ ശിഷ്യന്മാരെ കണ്ടുമുട്ടിയത് ശരിതന്നെയെങ്കിലും അദ്ദേഹത്തിന് ചൈതന്യമാർന്ന ഒരു പുതിയ ശരീരം നല്കപ്പെട്ടുവെന്ന് പറയുന്നത് ഒരിക്കലും ശരിയല്ലെന്ന് ഞങ്ങൾ ഖണ്ഡിതമായി വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ശരീരം യേശുവിന്റെ അതേ ശരീരം തന്നെയായിരുന്നു. അതേ വ്രണങ്ങളുംതന്നെ. ശപിക്കപ്പെട്ട ജൂതജനം വീണ്ടുംതന്നെ പിടികൂടുമെന്ന അതേ ഭയവും അദ്ദേഹത്തിൽ കൂടിക്കൊണ്ടിരുന്നു. മത്തായി 28-ാം അദ്ധ്യായം ഏഴു മുതൽ പത്തുവരെ വാക്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. യേശു ജീവനോടെ ഉണ്ടെന്നും ഗലീലയ്ക്ക് പോകയാണെന്നും ആരോ പറഞ്ഞറിഞ്ഞ സ്ത്രീകൾ ഇക്കാര്യം ശിഷ്യന്മാരെ അറിയിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടപ്പോൾ ഉള്ളിൽ നിസ്സംശയം ആശ്വാസം കൊള്ളുകയും ആഹ്ലാദിക്കുകയും ഉണ്ടായെങ്കിലും ഭയാക്രാന്തരായിരുന്നു. ഉപദ്രവകാരിയായ ഏതെങ്കിലും ഒരു ജൂതൻ യേശുവെ വീണ്ടും പിടികൂടുമെന്ന ഭയമാണ് അവരെ അലട്ടിക്കൊണ്ടിരുന്നത്. ഈ സ്ത്രീകൾ വിവരം ശിഷ്യന്മാരെ അറിയിക്കാനായി ധൃതിയിൽ നടന്നുപോകുമ്പോൾ യേശു അവരെ കണ്ട് വന്ദിച്ചുവെന്ന് ഒമ്പതാം വാക്യത്തിൽ പറയുന്നു. 'പേടിക്കേണ്ട' എന്ന് യേശു സ്ത്രീകളോട്

പറഞ്ഞതായി പത്താം വാക്യത്തിൽ കാണുന്നു. എന്നുവച്ചാൽ, ജൂതന്മാർ തന്നെ വീണ്ടും പിടികൂടുമെന്ന് ഒട്ടും പേടിക്കേണ്ട എന്നുതന്നെ. ഗലീലയ്ക്ക് വരണമെന്നും[10] അവിടെവച്ച് തമ്മിൽ കാണാമെന്നും എല്ലാ സഹോദരന്മാരെയും അറിയിക്കണമെന്നും യേശു നിർദ്ദേശിച്ചു. ജൂതന്മാരെക്കുറിച്ചുള്ള ഭയം നിമിത്തം തനിക്ക് അവിടെ കുറേനേരം തങ്ങാൻ തരപ്പെടുകയില്ലെന്നും അവരോട് പറഞ്ഞു. ചുരുക്കത്തിൽ, യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചൈതന്യമയമായ പുതിയൊരു ശരീരം സ്വീകരിക്കുകയുമാണ് ചെയ്തിരുന്നതെങ്കിൽ അത്തരം ഒരു പുതുജീവൻ തനിക്ക് ലഭിച്ചതായി ജൂതന്മാർക്ക് കാണിച്ചു കൊടുക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരുന്നു. ഇതദ്ദേഹം ചെയ്തിട്ടില്ലെന്ന് നമുക്കറിയാമെന്നിരിക്കെ യേശു ഉയിർത്തെഴുന്നേറ്റു എന്നതിലേക്കുള്ള തെളിവുകൾ കളവാക്കാൻ ജൂതന്മാർ ശ്രമിച്ചതായുള്ള ആരോപണം നിരർത്ഥമാകുന്നു. താൻ ഉയിർത്തെഴുന്നേറ്റതിലേക്കുള്ള ചെറിയൊരു തെളിവുപോലും യേശു തന്നെയും നല്കിയിട്ടില്ല. മറിച്ച് രഹസ്യമായ ഒളിച്ചോട്ടത്തിലൂടെയും ആഹാരം കഴിച്ചും ഉറങ്ങിയും കൈകളിലെ ആണിപ്പഴുതുകൾ എല്ലാവർക്കും കാണിച്ചുകൊടുത്തും താൻ കുരിശിന്മേൽ മരിച്ചിട്ടില്ലെന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ യേശു ശ്രമിക്കുകയും അപ്രകാരം തെളിയിച്ചു കാട്ടുകയുമാണ് ഉണ്ടായത്.

---

10. ചൈതന്യമയമായ പുതിയ ശരീരം താൻ ആർജ്ജിച്ചിരിക്കയാണെന്നും ഇനി യാർക്കും തന്റെമേൽ കയ്യിടാൻ കഴിയില്ലെന്നും പറഞ്ഞല്ല യേശു ഇവിടെ സ്ത്രീകളെ സമീപിച്ചത്. സ്ത്രീകളുടെ ചാപല്യങ്ങൾ കണ്ടറിഞ്ഞു സാധാരണ പുരുഷന്മാർ അവരെ സാന്ത്വനപ്പെടുത്തുകയും സമാശ്വസിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ അദ്ദേഹം അവരോട് സംസാരിച്ചു. ചൈതന്യമയമായ പുതിയ ശരീരം അവർക്ക് കാണിച്ചുകൊടുത്തില്ല. മറിച്ച് മാംസവും എല്ലും തോലുമുള്ള തന്റെ ശരീരം കാണിച്ചുകൊടുത്തുകൊണ്ട് അത് സാധാരണനിലയിലുള്ള മർത്ത്യശരീരം തന്നെയെന്ന് അവർക്ക് ഉറപ്പ് വരുത്തിക്കൊടുക്കുകയാണ് ചെയ്തത്.

# അധ്യായം 2

(ഹദ്റത്ത് മസീഹ്(അ) രക്ഷപ്പെട്ടതിനെ സംബന്ധിച്ച് വിശുദ്ധഖുർ ആനിൽനിന്നും ഹദീഥുകളിൽനിന്നും നമുക്ക് കിട്ടിയ തെളിവുകൾ)

# ഈസാനബി കുരിശുസംഭവത്തിനു ശേഷം

ഖുർആനും ഹദീഥും ഇക്കാര്യത്തിൽ എന്തുപറയുന്നുവോ അതു സ്വീകരിക്കാൻ ക്രിസ്ത്യാനികൾ ബാദ്ധ്യസ്ഥരല്ലാത്തതിനാൽ, ഞാനിപ്പോൾ വിവരിക്കാൻ പോകുന്ന കാര്യങ്ങൾ അവരെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനകരമായിരിക്കാമെങ്കിലും നമ്മുടെ ഖുർആന്റെയും തിരുനബിയുടെയും ഒരു ദിവ്യാത്ഭുതത്തെപ്പറ്റി ക്രിസ്ത്യാനികൾ അറിഞ്ഞിരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നത്; വിശുദ്ധനബിയും പരിശുദ്ധ ഖുർആനും നൂറ്റിക്കണക്കായ കൊല്ലങ്ങൾക്കുമുമ്പേതന്നെ പ്രഖ്യാപിച്ച സത്യമാണ് ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതെന്ന് അവരെ ധരിപ്പിക്കാൻവേണ്ടി മാത്രം. അതുകൊണ്ട്, അവയിൽ ചിലത് ഞാനിവിടെ വിവരിച്ചുകൊള്ളാം. ഖുർആൻ പറയുന്നു:

**"വമാ ഖതലൂഹു വമാ സ്വലബൂഹു വലാക്കിൻ ശുബ്ബിഹലഹൂം... വമാ ഖതലൂഹു യഖീനാ"**

"അവർ (യഹൂദന്മാർ) അദ്ദേഹത്തെ (ഈസാനബിയെ) വധിച്ചിട്ടില്ല; അവർ അദ്ദേഹത്തെ ക്രൂശിച്ചു കൊന്നിട്ടുമില്ല. പക്ഷേ, കുരിശിന്മേൽ മരിച്ചതുപോലെ അവർക്ക് കാണപ്പെട്ടു. അദ്ദേഹം കുരിശിന്മേൽ മരിച്ചുവെന്ന് ബോധ്യപ്പെടുത്തുന്ന ഒരു തെളിവും അവരുടെ പക്കലില്ല (4:158).

ഈസാനബിയെ കുരിശിന്മേൽ പ്രത്യക്ഷത്തിൽത്തന്നെ തറച്ചുവെന്നതും അദ്ദേഹത്തെ കൊല്ലുവാൻ യഹൂദന്മാർ തീർച്ചപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്നതും സത്യമാണെങ്കിലും അദ്ദേ

ഹം കുരിശിൽവച്ച് യഥാർത്ഥത്തിൽ മരിച്ചുവെന്ന് ജൂതരും ക്രിസ്ത്യാനികളും ഘോഷിക്കുന്നത് തെറ്റാണെന്നാണ് ഈ വാക്യങ്ങളിൽ ദൈവം പറയുന്നത്. കുരിശുമരണത്തിൽനിന്ന് യേശുവിനെ രക്ഷപ്പെടുത്തുന്നതിനുള്ള മാർഗ്ഗമൊരുക്കുകയാണ് ദൈവം ചെയ്തത്. ജൂദന്മാർക്കും ക്രിസ്ത്യാനികൾക്കുമെതിരെ ഖുർആൻ പറഞ്ഞതെന്തോ അത് ഒടുവിൽ സത്യമായി പുലർന്നുവെന്ന് നീതിമാനായ ഏതൊരാൾക്കും ഇപ്പോൾ സമ്മതിച്ചു പറയേണ്ടിവന്നിരിക്കുന്നു. കുരിശുമരണത്തിൽനിന്ന് യേശു യഥാർത്ഥത്തിൽ രക്ഷപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന് വളരെ ഉയർന്നനിലവാരത്തിലുള്ള ആധുനിക ഗവേഷണങ്ങൾവഴി സുസ്ഥാപിതമായിത്തീരുകയും ചെയ്തിരിക്കുന്നു. യേശുവിന്റെ എല്ലുകളൊന്നും ഒടിക്കപ്പെട്ടിട്ടില്ലായിരുന്നിരിക്കെ, അദ്ദേഹം ഒന്നോ രണ്ടോ മണിക്കൂറിനുള്ളിൽ മരിച്ചുപോയതെങ്ങനെ? എന്ന ചോദ്യത്തിന്നു ജൂതന്മാർക്ക് ഒരിക്കലും ഉത്തരം പറയാൻ കഴിഞ്ഞിട്ടില്ലെന്നാണ് ചരിത്രരേഖകൾ മനസ്സിലാക്കിത്തരുന്നത്.

മറ്റൊരു ന്യായം പടച്ചുണ്ടാക്കാൻ ഈ സ്ഥിതി വിപര്യയം ജൂതന്മാർക്കു പ്രേരണ നല്കി; യേശുവിനെ തങ്ങൾ വാൾ കൊണ്ട് വെട്ടിക്കൊന്നുവെന്നു! എന്നാൽ, യേശു വാൾകൊണ്ടു വധിക്കപ്പെടുകയാണുണ്ടായതെന്ന് പ്രാക്തന ജൂതചരിത്രം തെളിയിക്കുന്നില്ല. യേശുവിനെ രക്ഷപ്പെടുത്താൻവേണ്ടി ദൈവം അവന്റെ പ്രതാപ ശക്തികൾ വെളിപ്പെടുത്തുകയാണുണ്ടായത്. അവിടെയെല്ലാം ഇരുട്ടു വ്യാപിച്ചിരുന്നു. അപ്പോൾത്തന്നെ ഒരു ഭൂകമ്പമുണ്ടായി. പിലാത്തോസിന്റെ ഭാര്യ ഒരു ദിവ്യസ്വപ്നം ദർശിച്ചു. ശബ്ബത്തു രാത്രി അടുക്കാറായിരുന്നു. ശബ്ബത്തുനാളിൽ കുരിശിൽ ഒരു ശരീരം തൂങ്ങിക്കിടക്കുന്നത് അവലക്ഷണമായിട്ടാണ് ജൂതർ കരുതിപ്പോന്നിരുന്നത്. പേടിപ്പെടുത്തുന്ന സ്വപ്നം കാരണം ന്യായാധിപൻ യേശുവിനെ വിട്ടയയ്ക്കാൻ ബദ്ധപ്പെട്ടിരുന്നു. യേശുവിനെ രക്ഷപ്പെടുത്താൻവേണ്ടി ദൈവം ഇക്കാര്യമെല്ലാം ഒരുമിച്ചു സംഭവിക്കുമാറാക്കി. മരിച്ചുപോയെന്നു മറ്റുള്ളവർക്ക് തോന്നുമാറ് യേശു താനും അപ്പോൾ കുരിശിന്മേൽ മോ

ഹാലസ്യപ്പെട്ടുപോകയും ചെയ്തിരുന്നു. ഭൂകമ്പം തുടങ്ങിയ ഭയങ്കര ദൃഷ്ടാന്തങ്ങൾവഴി ജൂതരിൽ ഭീരുത്വവും ഭീതിയും ദൈവശിക്ഷാ ഭയവും ഉടലെടുക്കുകയാണുണ്ടായത്. ശബ്ബത്തു രാത്രിയിൽ മൃതശരീരം കുരിശിന്മേൽ തൂങ്ങിക്കിടക്കുമാറാകുമോ എന്ന ഭീതിയും യഹൂദികളിൽ അങ്കുരിച്ചു. യേശുവിനെ മൂർച്ഛിതാവസ്ഥയിൽ കണ്ടപ്പോൾ, അദ്ദേഹം മരിച്ചതുതന്നെയെന്നു ജൂതർ മനസ്സിലാക്കുകയുണ്ടായി. എങ്ങും അന്ധകാരം വ്യാപിച്ചിട്ടുണ്ടായിരുന്നു. ഭൂചലനം കാരണം സർവ്വത്ര പരിഭ്രാന്തിയും പരന്നിട്ടുണ്ടായിരുന്നു. സ്വന്തം ഭവനങ്ങളിലെ സ്ഥിതിഗതികളെക്കുറിച്ചും അവരിൽ ഉൽക്കണ്ഠ ജനിച്ചിരുന്നിരിക്കണം. ആ അന്ധകാരത്തിലും ഭൂകമ്പത്തിലും തങ്ങളുടെ കുഞ്ഞുകുട്ടികളുടെ സ്ഥിതിയെന്തായിരിക്കും, അവരെല്ലാം എത്രവലിയ സംഭ്രമത്തിലായിരിക്കും എന്നെല്ലാം അവർ ചിന്തിച്ചുതുടങ്ങി. തങ്ങൾ കരുതിയതുപ്രകാരം ഈ മനുഷ്യൻ - യേശു - ഒരു കള്ളവാദിയോ അവിശ്വാസിയോ ആണെങ്കിൽ അദ്ദേഹത്തിന്റെ ഈ കഷ്ടാനുഭവവേളയിൽ എന്തേ മുമ്പേയൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ഇപ്രകാരമുള്ള ശക്തിമത്തായ അത്ഭുതാടയാളങ്ങൾ വെളിപ്പെടുമാറായത്? ഇങ്ങനെയുള്ള നാനാതരം ചിന്താഗതികളാൽ മഥിതചിത്തരായി തീർന്നിരുന്ന യഹൂദർ അപ്പോൾ, യേശു യഥാർത്ഥത്തിൽ മരിച്ചുവോ ഇല്ലേ, അദ്ദേഹത്തിന്റെ ശരിയായ സ്ഥിതിയെന്ത് എന്നൊന്നും ഖണ്ഡിതമായി അറിയാൻ മെനക്കെട്ടുമില്ല. എന്നാൽ, യേശുവിനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ദിവ്യപദ്ധതി പ്രാവർത്തികമാക്കപ്പെടുകയാണ് യഥാർത്ഥത്തിൽ ഉണ്ടായത്. അതാണ്, "യഹൂദർ അദ്ദേഹത്തെ കൊന്നിട്ടില്ല" എന്ന വാക്യത്തിൽ പ്രസൂചിതമായിരിക്കുന്നത്. തങ്ങൾ യേശുവെ കൊന്നുവെന്നു കരുതാൻ യഹൂദർ പ്രേരിതരായിത്തീരുന്ന സംഭവവികാസങ്ങൾ ദൈവമുണ്ടാക്കി. ദൈവം അവന്റെ വരിഷ്ഠന്മാരെ ഏതു സന്നിഗ്ദ്ധഘട്ടത്തിൽനിന്നും രക്ഷിക്കാൻ പോരുന്നവനാണെന്ന സുദൃഢമായ വിശ്വാസം ഉറപ്പിക്കുന്നതിന് സാത്ത്വികരെ പ്രോത്സാഹിപ്പിക്കുന്ന സംഭവ വികാസങ്ങളാണിതെല്ലാം. ഖുർആനിൽ ഇപ്രകാരവും പറയുന്നു: "അദ്ദേഹത്തിന്റെ പേര്

മസീഹു ഈസബ്നുമർയം എന്നായിരിക്കും. ഈ ലോകത്തും പരലോകത്തും അദ്ദേഹം സമാദൃതനും ദൈവത്തിന്റെ സാമീപ്യം സിദ്ധിച്ചയാളുമായിരിക്കും"(3:46)

## ഭൂമിയിലും ആദരം

ഈസാനബിയ്ക്ക് ഈ ലോകത്ത് ആദരവും ഔന്നത്യവും സിദ്ധിക്കുകയും അദ്ദേഹം ബഹുജനങ്ങളാൽ മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുമെന്നു മാത്രമല്ല, പരലോകത്തും അപ്രകാരം തന്നെയായിരിക്കുമെന്നുമാണ് ഈ വചനം മനസ്സിലാക്കിത്തരുന്നത്. എന്നാൽ, ഹെരോദാവിന്റെയും പിലാത്തോസിന്റെയും നാട്ടിൽ യേശുവിനു ആദരം ലഭിച്ചിരുന്നില്ല എന്നതു വ്യക്തമാണല്ലോ. മറിച്ചു, അദ്ദേഹം അവഹേളിക്കപ്പെടുകയാണുണ്ടായത്. അദ്ദേഹം തന്റെ രണ്ടാം വരവിൽ ഭൂമിയിൽ ആദരിക്കപ്പെടുമെന്നാണിതിന്റെ അർത്ഥമെന്നു പറയുന്നതു അടിസ്ഥാനരഹിതമാണ്. ദൈവവചനങ്ങൾക്കും ദൈവത്തിന്റെ ശാശ്വതമായ പ്രകൃതിനിയമങ്ങൾക്കും നിരക്കാത്തതുമത്രെ ഇത്. എല്ലാറ്റിനുംപുറമെ, അതിലേക്ക് ഒരു തെളിവുമില്ല. എന്നാൽ, ആ ശപിക്കപ്പെട്ട ജനത്തിൽനിന്നു മോചിതനായശേഷം യേശു പഞ്ചാബിൽ വരികയും തന്റെ സന്ദർശനത്താൽ പഞ്ചനദത്തെ പര്യാദരിക്കുകയും ചെയ്തതോടുകൂടി ദൈവം അദ്ദേഹത്തിനു അത്യുദാരമായ സ്ഥാനം നല്കുകയും ഇവിടെവച്ച് അദ്ദേഹത്തിനു ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ പത്ത് ഗോത്രങ്ങളെ കണ്ടുമുട്ടുവാൻ ഇടവരുത്തുകയും ചെയ്തു. ഈ ഇസ്രായേൽക്കാരിൽ വളരെപേർ ബുദ്ധമതം സ്വീകരിക്കുകയും ചിലർ താണതരം വിഗ്രഹാരാധകരായിത്തീരുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. എന്നാൽ, യേശുവിന്റെ വരവോടുകൂടി അവരിൽ ഭൂരിഭാഗവും സന്മാർഗ്ഗത്തിലേക്ക് തിരിച്ചുവന്നു. യേശുവിന്റെ പ്രബോധനങ്ങളിൽ, വരുവാനുള്ള ആ പ്രവാചകനിൽ വിശ്വസിക്കണമെന്ന പാഠവും കൂടിയുണ്ടായിരുന്നതിനാൽ, ഈ പ്രദേശത്ത്, അഫ്ഗാനികളെന്നും കശ്മീരികളെന്നുമുള്ള പേരുകളിൽ ആ പത്ത് ഇസ്രായേൽ ഗോത്രക്കാരും ഒടുവിൽ മുസ്ലിം

കളായിത്തീരുകയും അങ്ങനെ ഇസ്ലാംമതത്തിൽ ലയിക്കുകയുമാണ് ചെയ്തത്. യേശു ഇപ്രകാരം വലിയ ബഹുമാനാദരങ്ങളോടുകൂടിയാണ് ഈ രാജ്യത്ത് വന്നത്. ഈ പഞ്ചാബിൽ തന്നെ, ഈയിടെ 'പാലി' അക്ഷരങ്ങളിൽ യേശുവിന്റെ പേർ കൊത്തിയ നാണയം കണ്ടുകിട്ടിയിരുന്നു. ഈ നാണയം യേശുവിന്റെ കാലത്തുള്ളതാണുതാനും. യേശു ഈ രാജ്യത്ത് വരികയും അദ്ദേഹം രാജോചിതം സ്വീകരിക്കപ്പെടുകയുമുണ്ടായി എന്നാണിതു തെളിയിക്കുന്നത്. യേശുവിന്റെ അനുചരനായിത്തീർന്ന ഒരു രാജാവ് അടിച്ചിറക്കിയിരുന്നതായിരിക്കണം അത്. ഒരു യിസ്രായേൽക്കാരന്റെ രൂപമുള്ള മറ്റൊരു നാണയവും കണ്ടെടുത്തിട്ടുണ്ട്. ഇത് യേശുവിന്റെ രൂപമാണെന്നാണ് തോന്നുന്നത്. ഈസാനബി(അ) പോയിടത്തൊക്കെയും ദൈവത്താൽ അനുഗ്രഹിക്കപ്പെടുകയാണുണ്ടായതെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതിനെ ഖുർആൻ എടുത്തുദ്ധരിക്കുന്നു: "ഞാൻ എവിടെയായിരുന്നാലും എന്നെ ദൈവം അനുഗ്രഹിച്ചു" (19:32). അതുകൊണ്ട് ഈസാനബിക്ക് ദൈവത്തിൽനിന്ന് വലുതായ ബഹുമാനവും അനുഗ്രഹങ്ങളും ലഭിച്ചിട്ടുണ്ടായിരുന്നുവെന്നും രാജകീയമായ ബഹുമതി ലഭിക്കുവോളം അദ്ദേഹം ജീവിച്ചിരുന്നിട്ടുണ്ടെന്നുമാണ് ഈ നാണയങ്ങൾ തെളിയിച്ചുതരുന്നത്. ഇപ്രകാരംതന്നെ ഖുർആനിൽ മറ്റൊരു വചനം കൂടിയുണ്ട്. "അല്ലയോ ഈസാ, എല്ലാ കുറ്റാരോപണങ്ങളിൽനിന്നും ഞാൻ നിന്നെ ശുദ്ധനാക്കും" (3:56). അതായത്, ഞാൻ നിന്റെ നിരപരാധിത്വം തെളിയിക്കുകയും ജൂതന്മാരും ക്രിസ്ത്യാനികളും നിനക്കെതിരായി കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളെയെല്ലാം നീക്കുകയും ചെയ്യും. ഇതു ഒരു മഹത്തായ പ്രവചനമത്രെ. ക്രൂശിൽ തറച്ചുകൊല്ലപ്പെടുകയാൽ യേശു ഒരു ശപ്തൻ ആയിത്തീർന്നു (മഅ്ൂദല്ലാഹ്) എന്നാണ് യഹൂദികൾ ആരോപിച്ചത്. ശപിക്കപ്പെട്ടവനാകയാൽ അദ്ദേഹം ദൈവത്തിന്റെ സ്നേഹത്തിനു അനർഹനും! 'ശാപം' എന്ന പദത്തിന്റെ അനിവാര്യമായ അർത്ഥമനുസരിച്ചു അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിൽനിന്ന് ദൂരപ്പെട്ടതുമായിരുന്നുവെന്നു ജൂതർ പറഞ്ഞു. എന്നുവച്ചാൽ, അദ്ദേഹം ദൈവത്തെ

വെറുത്തു: അദ്ദേഹത്തിന്റെ ഹൃദയം അന്ധകാരത്തിന്റെ കട്ടിമറയാൽ ആച്ഛാദനം ചെയ്യപ്പെട്ടിരുന്നു; അതു തിന്മയെ സ്നേഹിക്കുകയും നന്മയുടെ നേരെ ചുളുങ്ങുകയും ചെയ്തു. അതു ദൈവത്തിൽനിന്ന് വേർപെട്ടുപോവുകയും പിശാചിന്റെ പിടിയിൽ അകപ്പെടുകയും ചെയ്തു; അദ്ദേഹത്തിനും ദൈവത്തിനും തമ്മിൽ വലിയ ശത്രുതയായിരുന്നു; എന്നൊക്കെത്തന്നെ! യേശു ശപ്തനാണെന്ന ഇതേ ആരോപണം തന്നെയാണല്ലോ ക്രിസ്ത്യാനികളും പുറപ്പെടുവിച്ചത്. എന്നാൽ, ക്രിസ്ത്യാനികൾ, ഇതിനുപുറമെ, മണ്ടത്തരം കൊണ്ട്, പരസ്പരവിരുദ്ധങ്ങളായ രണ്ടു എതിർന്യായങ്ങളെ കൂട്ടിഘടിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. യേശു ദൈവപുത്രനാണെന്നു അവർ പറയുന്നു. എന്നാൽ, അതേയവസരത്തിൽത്തന്നെ അദ്ദേഹം ശപ്തനാണെന്നും അവർ പറയുന്നു! ശപ്തനായ ഒരാൾ അന്ധകാരത്തിന്റെയും ദുഷ്ടാത്മാവിന്റെയും സന്തതിയും ദുഷ്ടാത്മാവുതന്നെയും ആണെന്നു അവർ സമ്മതിക്കുന്നുണ്ട്. ഇതെല്ലാമാണ് യേശുവിന്നെതിരെ ഇവർ കൊണ്ടുവന്നിട്ടുള്ള നീചമായ ആരോപണങ്ങൾ. ഈ എല്ലാ ആരോപണങ്ങളിൽനിന്നും ദൈവം യേശുവെ ശുദ്ധീകരിക്കുന്ന നാളുകൾ വരുമെന്നാണ് ഖുർആനിലെ '**മുത്വഹ്ഹിറുക്ക**' എന്ന ദൈവവചനത്തിലടങ്ങിയ പ്രവചനത്തിലെ സൂചന. ആ കാലം ഇതുതന്നെയാണ്!

## യേശു വിശുദ്ധീകരിക്കപ്പെടുന്നു

നമ്മുടെ തിരുനബിയുടെ സാക്ഷ്യംമുഖേന ചിന്തകന്മാരുടെ കണ്ണിൽ യേശുവിന്റെ നിർദ്ദോഷിത്വം സുസ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടെന്നതിൽ സംശയമേതുമില്ല. ഈസാനബിയുടെ പേരിൽ കൊണ്ടുവന്നിട്ടുള്ള എല്ലാ ആരോപണങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്നു തിരുനബിയും തിരുഖുർആനും സാക്ഷ്യം വഹിച്ചിരിക്കുന്നു. എന്നാൽ, ആ ദൃഷ്ടാന്തങ്ങൾ തുലോം സൂക്ഷ്മവും സാമാന്യജനങ്ങളിൽ ദൃഢബോദ്ധ്യം വരുത്താൻ വിഷമകരമായിട്ടുള്ളതുമത്രെ. അതിനാൽ, യേശുവിന്റെ ക്രൂശ്സംഭവം പ്രത്യക്ഷവും പ്രസിദ്ധവുമായ ഒരു സംഭവമായിരുന്നതുപോലെ

തന്നെ, എല്ലാവർക്കും കാണത്തക്കനിലയിൽ യേശുവിന്റെ പരിശുദ്ധതയും പ്രത്യക്ഷമാക്കപ്പെടേണ്ടതു ദിവ്യനീതിയുടെ ഒരാവശ്യമായിത്തീർന്നു. അതുതന്നെയാണ് സംഭവിച്ചതും. യേശുവിന്റെ നിർദ്ദോഷിത്വം ന്യായവാദങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടുവെന്നു മാത്രമല്ല ഏറ്റവും പ്രത്യക്ഷമായ നിലയിൽ തെളിയിച്ചു കാണിക്കപ്പെടുകയുമുണ്ടായി. എന്തെന്നാൽ, ലക്ഷക്കണക്കായ ജനങ്ങൾ തങ്ങളുടെ സ്വന്തം കണ്ണുകൊണ്ടുതന്നെ കശ്മീരിലെ ശ്രീനഗറിൽ സ്ഥിതിചെയ്യുന്ന ഈസാനബിയുടെ കല്ലറ നോക്കിക്കണ്ടു. അദ്ദേഹം ഗോല്ഗോഥായിൽ അതായത് “ശ്രീ” എന്ന സ്ഥലത്ത്വച്ചു ക്രൂശിക്കപ്പെട്ടതുപോലെതന്നെ അദ്ദേഹത്തിന്റെ ഖബ്റും “ശ്രീ” എന്ന സ്ഥലത്ത് അതായത് ശ്രീനഗറിൽ കണ്ടെത്തപ്പെട്ടിരിക്കുകയാണ്. രണ്ടു സ്ഥലങ്ങളുടെയും “ശ്രീ” ശബ്ദം വളരെ സാദൃശ്യമുള്ളതത്രെ. യേശുവിനെ ക്രൂശിച്ച സ്ഥലത്തിന്നു ഗിൽഗിത്ത് അഥവാ “ശ്രീ” എന്നാണ് പേരായിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അപരാർദ്ധത്തിൽ യേശുവിന്റെ ഖബ്ർ കണ്ടുപിടിക്കപ്പെട്ട സ്ഥലത്തിനും ഗിൽഗിത്ത് അഥവാ “ശ്രീ” എന്നു തന്നെയാണ് പറയപ്പെടുന്നത്. കശ്മീരിലെ ‘ഗിൽഗിത്ത്’ എന്നു വിളിക്കപ്പെടുന്ന സ്ഥലം “ശ്രീ” എന്ന ശബ്ദത്തെക്കുറിച്ചുള്ള സൂചന നല്കുന്നുണ്ട്. യേശുവിന്റെ കാലത്തായിരിക്കണം ഈ നഗരം പണിതിട്ടുണ്ടായിരുന്നത്. കുരിശു സംഭവത്തിന്റെ സ്മരണയെ നിലനിറുത്തുന്ന ഒരു സ്ഥലമെന്ന നിലയിൽ അതിനു ‘ഗിൽഗിത്ത്’ അഥവാ “ശ്രീ” എന്നു നാമകരണം ചെയ്തിരുന്നതാവാം.[11] “ആരാധ്യമായ നഗരം” എന്നർത്ഥമുള്ള “ലാസ്സാ” എന്ന നാമം പോലെ ഇതും ഒരു അബ്രാനി പദമാണ്. ഇതും യേശുവിന്റെ കാലത്ത് രൂപപ്പെട്ടുവന്ന ഒരു നഗരമായിരിക്കണം.

ഈസാനബി(അ) 125 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടെന്ന് നമ്മുടെ നബി(സ) അരുളിയിട്ടുള്ളതായി വിശ്വാസയോഗ്യമായ ഹദീഥുനിവേദനങ്ങൾ തെളിയിക്കുന്നു. ഇതിനുപുറമെ, ഈസാനബിക്ക് രണ്ടു പ്രത്യേകതകളുണ്ടെന്നതായി ഇസ്ലാമിലെ എല്ലാ

കക്ഷികളും ഒരുപോലെ വിശ്വസിക്കുന്നുമുണ്ട്. ആ പ്രത്യേകതകൾ മറ്റൊരു പ്രവാചകരിലും കാണാത്തതുമത്രെ. അവ(1) വളരെ വയസ്സാവോളം അതായത് 125 വയസ്സുവരെ അദ്ദേഹം ജീവിച്ചിരുന്നുവെന്നും, (2) ലോകത്തിന്റെ പലഭാഗങ്ങളിലും അദ്ദേഹം സഞ്ചരിച്ചിരുന്നതിനാൽ "സഞ്ചാരി പ്രവാചകൻ" എന്നും അദ്ദേഹം വിളിക്കപ്പെട്ടിരുന്നുവെന്നുമുള്ളതത്രെ. അദ്ദേഹം 33-ാം വയസ്സിൽത്തന്നെ ആകാശത്തേക്ക് എടുത്തുകൊള്ളപ്പെട്ടുവെങ്കിൽ 125 വയസ്സ് സംബന്ധിച്ച നിവേദനം സത്യമാകാൻ നിവർത്തിയില്ലല്ലോ! 33 വയസ്സുള്ളപ്പോൾ അത്രയും വലിയ യാത്രകൾ നടത്തിയിരിക്കാനും നിർവ്വാഹമില്ല. ഈ നിവേദനങ്ങൾ ഏറ്റവും വിശ്വാസയോഗ്യമായ ഹദീഥുഗ്രന്ഥങ്ങളിൽ കാണപ്പെടുന്നതിനു പുറമെ, വിഭിന്ന മുസ്‌ലിം വിഭാഗങ്ങളിലെല്ലാം കേൾവിപ്പെട്ടതുമത്രെ. ഇത്രയും വിപുലമായി അറിയപ്പെടുന്ന മറ്റൊരു നിവേദനം ഈ വ്യത്യസ്ത കക്ഷികൾക്കിടയിൽ പ്രചാരപ്പെട്ടിട്ടുണ്ടെന്നു കരുതാൻതന്നെ പ്രയാസം. "കൻസുൽ ഉമ്മാൽ" എന്ന ബൃഹദ്ഹദീഥ് ഗ്രന്ഥത്തിന്റെ 34-ാം പേജിൽ (2-ാം വാല്യം) അബൂഹുറയ്റ (റ) രിവായത്ത് ചെയ്തിട്ടുള്ള ഹദീഥ് കാണാം.

ദൈവം ഈസായ്ക്ക് ഇപ്രകാരം വെളിപാടിറക്കി: "അല്ലയോ ഈസാ! ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറി പാർത്തുകൊണ്ടിരിക്കുക (അതായത്, ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തിലേക്ക് പോകുക.)- തിരിച്ചറിയപ്പെടാതിരിക്കാനും മർദ്ദനമേല്ക്കാതിരിക്കാനുംവേണ്ടി." വിവിധ രാജ്യങ്ങളിൽ യാത്രചെയ്തുകൊണ്ടിരിക്കണമെന്ന് ദൈവം കല്പിച്ചുവെന്നുതന്നെയാണിതിന്റെ അർത്ഥം.

ഇതേ ഗ്രന്ഥത്തിൽത്തന്നെ ജാബിറിന്റെ നിവേദനമനുസരിച്ചുള്ള വേറൊരു ഹദീഥുമുണ്ട്.

---

11. ഗോല്ഗോഥയ്ക്ക് (ഗിൽഗിത്ത്) തലയോടിടം എന്നാണ് സുവിശേഷത്തിൽ അർത്ഥം നല്കിയിട്ടുള്ളത്. സർ എന്നതിന് തലയെന്നാണല്ലോ അർത്ഥം. സർ നഗരമാണ് ശ്രീനഗരമായത്. തലനഗരം അഥവാ തലയോടിടം - വിവ:

“ഈസാനബി എപ്പോഴും സഞ്ചരിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഒരു നാട്ടിൽനിന്ന് മറ്റൊരു നാട്ടിലേക്ക് യാത്രചെയ്തുകൊണ്ടിരിക്കുകയും രാത്രിയായാൽ എത്തിയിടം വിശ്രമിക്കുകയും കാട്ടുചെടികൾ ഭക്ഷിച്ചും ചോലവെള്ളം കുടിച്ചും കഴിച്ചുകൂട്ടുകയും ചെയ്തു.” (വാല്യം 2, പേ.71)

ഇതേ ഗ്രന്ഥത്തിൽതന്നെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ നിവേദനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള മറ്റൊരു ഹദീഥും കാണാം. അതിപ്രകാരമാണ്.

“നബി(സ) പറഞ്ഞു: “ദൈവദൃഷ്ടിയിൽ ഏറ്റവും അനുഗൃഹീതൻ ‘ഗരീബ്’ ആകുന്നു. ‘ഗരീബ്’ എന്നാൽ ആരെയാണ് കുറിക്കുന്നതെന്നു ചോദിക്കപ്പെട്ടു. ഈസാമസീഹിനെപോലെ തങ്ങളുടെ നാട്ടിൽനിന്ന് വിശ്വാസത്തെ രക്ഷിക്കാൻ ഓടിപ്പോകുന്നവർ” (വാല്യം 6. പേ.51)

## അധ്യായം– 3

(വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽനിന്നെടുത്തിട്ടുള്ള തെളിവുകൾ)

# മർഹമെ ഈസാ

### ക്രൂശിൽനിന്നു രക്ഷിക്കപ്പെട്ട യേശുവിന്റെ വ്രണങ്ങളിൽ പുരട്ടാനുപയോഗിച്ച കൂട്ടുമരുന്ന്

യേശു കുരിശിൽനിന്നു രക്ഷപ്പെട്ടതു സംബന്ധിച്ചുള്ള അതിപ്രധാനവും അനിഷേധ്യവുമായ മറ്റൊരു തെളിവ് 'മർഹമെ ഈസാ' അഥവാ 'യേശുവിന്റെ ലേപനം' (Ointment of Jesus) എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടുമരുന്നാകുന്നു. ശതക്കണക്കിനുള്ള വൈദ്യഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളിൽ ചിലതു ക്രിസ്ത്യാനികൾ തയ്യാറാക്കിയതും മറ്റു ചിലതു മജൂസികളോ ജൂതരോ രചിച്ചതും ചിലതു മുസ്ലിംകൾ എഴുതിയിട്ടുള്ളതുമത്രെ. ഇവയിൽ മിക്കതും ചിരപുരാതനങ്ങളാണ്. ആദ്യമാദ്യം, പരമ്പരയാ പറഞ്ഞതുകേട്ടാണ് ഈ കൂട്ടുമരുന്നിനെപ്പറ്റിയുള്ള അറിവ് ലക്ഷക്കണക്കിനാളുകളിൽ പ്രചരിക്കുമാറായതെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. പിന്നീട് അവരത് രേഖപ്പെടുത്തിവച്ചു. കുരിശു സംഭവം കഴിഞ്ഞുടനെ, യേശുവിന്റെ കാലത്തുതന്നെ ഈ കൂട്ടുമരുന്നിനെപ്പറ്റിയുള്ള പരാമർശമടങ്ങിയ ഒരു ഔഷധിഗ്രന്ഥം ലത്തീൻ ഭാഷയിൽ വിരചിതമായി. ഈ കൂട്ടുമരുന്ന് യേശുവിന്റെ വ്രണങ്ങളിൽ പുരട്ടാൻവേണ്ടി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണെന്നും അതിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് ഈ കൃതി നിരവധി ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. ഒടുവിൽ, മാമൂൻ അൽ റശീദിന്റെ കാലത്ത് അറബിഭാഷയിലും അതിന്റെ ഒരു തർജ്ജമയുണ്ടായി. ക്രിസ്ത്യരും ജൂതരും മജൂസികളും മുസ്ലിംകളുമായ എല്ലാ മതക്കാരിലുംപെട്ട വൈദ്യശാസ്ത്രകോവിദന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഈ ഔഷധത്തെപ്പറ്റി പ്രതിപാദിക്കുകയും ഇത് യേശുവിനുവേണ്ടി അദ്ദേഹത്തിന്റെ ശിഷ്യന്മാർ തയ്യാറാ

ക്കിയിരുന്നതാണെന്ന് പ്രസ്താവിക്കുകയും ചെയ്യപ്പെട്ടിട്ടുള്ളത് ദൈവത്തിന്റെ അത്ഭുതപ്രവർത്തിയല്ലാതെ മറ്റൊന്നുമല്ല. അടിയേറ്റും വീഴ്ചപറ്റിയും ഉണ്ടാകുന്ന പരിക്കുകളിൽ നിന്നുള്ള രക്തസ്രാവം നിറുത്തുന്നതിന് ഈ കൂട്ടുമരുന്ന് വളരെ ഫലപ്രദമാണെന്ന് ഔഷധനിർമ്മാണ ശാസ്ത്രഗ്രന്ഥങ്ങളിൽ നിന്ന് തെളിയുന്നുണ്ട്. "മൂറും" (Myrrh) ചേർന്നിട്ടുള്ളതിനാൽ വ്രണം വിഷമയമാകാതെയിരിക്കുന്നു. ഈ ലേപനം പ്ലേഗിനും വളരെ ഫലപ്രദമാണ്. എല്ലാതരത്തിലുള്ള പൊള്ളലുകൾക്കും പുണ്ണുകൾക്കും ഇതു അത്യുത്തമമത്രെ. ഈ ലേപനം ദൈവികവെളിപാടുകളനുസരിച്ചു യേശുതന്നെ ക്രൂശ് സംഭവത്തിനുശേഷം തയ്യാറാക്കിയതാണോ, ഭിഷഗ്വരന്മാരുടെ ഉപദേശപ്രകാരം തയ്യാറാക്കപ്പെട്ടതാണോ എന്നൊന്നും വ്യക്തമല്ല. കൂട്ടുമരുന്നിലെ ചില ഘടകങ്ങൾ ഒറ്റമൂലികപോലുള്ളതാണ്; വിശേഷിച്ചും മൂറ്! അതിനെക്കുറിച്ചു തൗറാത്തിലും (പഴയനിയമം) പറയപ്പെട്ടിട്ടുണ്ടല്ലോ. അതെന്തായാലും യേശുവിന്റെ വ്രണങ്ങൾ ഈ ലേപനം മൂലം ഏതാനും ദിവസങ്ങൾക്കകംതന്നെ ഉണങ്ങി. മൂന്നു ദിവസത്തിനകം യരൂശലേമിൽനിന്ന് ഗലീലവരെ 70 നാഴിക നടക്കുവാനാകുവോളം അദ്ദേഹത്തിന്റെ വേദനകൾക്കു ശമനം കിട്ടി. ഈ കൂട്ടുമരുന്നിന്റെ ഫലസിദ്ധിയെ സംബന്ധിച്ചിടത്തോളം, "യേശു മറ്റുള്ളവരെ സുഖപ്പെടുത്തി, ഈ മരുന്നു യേശുവെ സുഖപ്പെടുത്തി" എന്നു നമുക്ക് പറയാം! ഈ ഔഷധത്തെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഒരായിരത്തിലധികംവരും. അവയുടെയെല്ലാം പേരുദ്ധരിച്ചാൽത്തന്നെ വളരെ വളരെ നീണ്ടുപോകുന്നതാണ്. യൂനാനി വൈദ്യശാസ്ത്രജ്ഞന്മാർക്കിടയിൽ ഈ കൂട്ടുമരുന്നു സുജ്ഞാതമത്രെ. ആ ഗ്രന്ഥങ്ങളുടെയെല്ലാം പേരുകൾ ഉദ്ധരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇവിടെയുള്ള ഏതാനും ഗ്രന്ഥങ്ങളുടെ പേരുകൾ ഞാൻ ചുവടെ കുറിക്കാം:

**ഖാനൂൻ**– ശേയ്ഖുർറഈസ് ബൂ അലി സീനാ, വാല്യം 3, പേജ് 133.

**ശറഹ്ഖാനൂൻ** – അല്ലാമാ ഖുത്ബുദ്ദീൻ ശീറാസി, വാല്യം 3.

**കാമിലുസ്സ്വനാഅഃ** - അലി ബിൻ അൽ അബ്ബാസ് അൽ മജൂസി, വാല്യം 2, പേജ് 602.

**കിതാബ് മജ്മൂഅഃ ബഖായി** - മഹ്മൂദ് മുഹമ്മദ് ഇസ്മായീൽ, മുഖാത്തിബ് അസ് ഖാഖാൻ ബഖിത്വാബ് പിദ്ർ മുഹമ്മദ് ബഖാ ഖാൻ, വാല്യം 2, പേജ് 497.

**കിതാബ് തദ്ക്കിറയെ ഉലുൽ അൽബാബ്** - ശേയ്ഖ് ദാവൂദ് അദ്ദരീർ അൽ അന്ത്വാക്കീ, പേജ് 303.

**ഖറാബാദീൻ റൂമി-** യേശുവിനുശേഷം തൊട്ടടുത്തകാലത്ത് രചിക്കപ്പെട്ടതും മാമൂൻ റശീദിന്റെ ഭരണകാലത്ത് അറബിയിൽ വിവർത്തനം ചെയ്യപ്പെട്ടതുമാണിത്. ചർമ്മ രോഗങ്ങൾ എന്ന ഭാഗം നോക്കുക.

**ഉംദത്തുൽ മുഹ്താജ്** - അഹ്മദ് ബിൻ ഹസൻ അർറശീദീ അൽഹക്കിം. നൂറോളം, ഒരുപക്ഷേ നൂറിലധികം പുസ്തകങ്ങളിൽനിന്ന് "മർഹമെ ഈസാ"യും മറ്റു കൂട്ടുമരുന്നുകളും സംബന്ധിച്ച വിവരണങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഈ പുസ്തകങ്ങളെല്ലാം ഫ്രഞ്ച് ഭാഷയിലുള്ളതുമാണ്.

**ഖറാബാദീൻ** - (പേർസ്യൻ) ഹക്കീം മുഹമ്മദ് അക്ബർ അറസാനി- ചർമ്മരോഗങ്ങൾ.

**ശിഫാഉൽ അസ്ഖാം** - വാല്യം 2, പേജ് 230

**മിർഅത്തുശ്ശിഫാ** - ഹക്കീം നഥോശാഹ് (കൈയെഴുത്തുരേഖ)- ചർമ്മരോഗങ്ങൾ

**ദഖീറയെ ഖാർസം ശാഹി** - ചർമ്മരോഗങ്ങൾ

**ശറഹ് ഖാനൂൻ ജീലാനി** - വാല്യം 3

**ശറഹ് ഖാനൂൻ ഖർശീ** - വാല്യം 3

**ഖറാബാദീൻ** - ഉൽവീഖാൻ; ചർമ്മ രോഗങ്ങൾ

**ഇലാജുൽ അംറാദ്**- ഹക്കീം മുഹമ്മദ് ശരീഫ്ഖാൻ സാഹിബ്, പേജ് 893.

**ഖറാബാദീൻ**, (യൂനാനി) - ചർമ്മരോഗങ്ങൾ

**തുഹ്ഫത്തുൽ മുഅ്മിനീൻ** - മഖ്സനുൽ അദവിയയുടെ മാർജിനിൽ, പേജ് 713.

**മുഹീത്വ് ഫിത്ത്വിബ്ബ്** - പേജ് 367

**അക്സീറെ അഅ്ദ്വം** - വാല്യം 4, ഹക്കീം മുഹമ്മദ് അഅ്ദ്വം ഖാൻ സാഹിബ്, അൽമുഖാത്വബ് ബനാദ്വിമെ ജഹാൻ, പേജ് 331

**ഖറാബാദീൻ മഅ്സ്വൂമി** - അൽമഅ്സ്വൂം ബിൻ കരീമുദ്ദീൻ അൽശൂസ്ത്രീ ശീറാസി.

**ഉജാലയെ നാഫിയ** - മുഹമ്മദ് ശരീഫ് ദഹ്ലവി, പേജ് 410.

**ത്വിബ്ബെ ശിബ്രീ** (ബൽവാമിഅ് ശിബ്രിയ്യഃ എന്നും പേരുണ്ട്) - സയ്യിദ് ഹുസയ്ൻ ശിബ്ർ കാദ്വിമി, പേജ്.471)

**മഖ്സനെ സുലയ്മാനി** (അക്സീർ അറബി എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം) -മുഹമ്മദ് ശംസുദ്ദീൻ സാഹിബ് ഭാവൽപുരി, പേജ് 599.

**ശിഫാഉൽഅംറാദ്** - മൗലാനാ അൽ ഹക്കീം മുഹമ്മദ് നുർകരീം, പേജ് 282.

**കിതാബ് അത്വിബ്ബ് ദാറാശക്കോഹി** - നൂറുദ്ദീൻ മുഹമ്മദ് അബ്ദുൽ ഹക്കീം ഐനുൽമുൽക്ക് അശ്ശീറാസി, പേജ് 360.

**മിൻഹാജുദ്ദുകാൻ ബ ദസ്തൂറുൽഅഅ്യാൻ ഫീ അഅ്മാൽ വ തർക്കീബിന്നാഫിഅഃ ലിൽ അബ്ദാൻ** - അഫ്ലാത്തൂനെ സമാന വറയീസെ അവാനാ അബുൽമിന്നാ ബിൻ അബീനസ്റിൽഅത്വാ അൽ ഇസ്റായീലി അൽഹാറൂനീ (ജൂദൻ) പേജ് 86.

**സുബദ്ത്തുത്ത്വിബ്ബ്** - സയ്യിദുൽഇമാം അബു ഇബ്റാഹീം ഇസ്മായീൽ ബിൻ ഹസനുൽഹുസയ്നി അൽ ജർജാനീ പേജ് 182.

**ത്വിബ്ബെ അക്ബർ** - മുഹമ്മദ് അക്ബർ അർസാനീ, പേജ് 242.

**മീസാനുത്ത്വിബ്ബ്** - മുഹമ്മദ് അക്ബർ അർസാനീ, പേജ് 152.

**സദീദീ** - റയീസുൽമുതകല്ലിമീൻ ഇമാമുൽ മുഹഖ്ഖിഖീൻ അസ്സദീദുൽ കാദ്റൂനി, വാല്യം 2, പേജ് 283.

**ഹാവീ** - കബീർ ഇബ്നു സകരിയ്യ - ചർമ്മരോഗങ്ങൾ

**ഖറാബാദിൻ** - ഇബ്നു തൽമീദ് - ചർമ്മരോഗങ്ങൾ

**ഖറാബാദിൻ** - ഇബ്നു അബീസ്വാദിഖ് - ചർമ്മരോഗങ്ങൾ

ഉദാഹരണാർത്ഥം മാത്രമാണ് ഈ ഗ്രന്ഥങ്ങളുടെയെല്ലാം പേരുകൾ ഇവിടെ കുറിച്ചിട്ടുള്ളത്. പണ്ടുകാലങ്ങളിൽ മുസ്ലിം ഭരണത്തിൻ കീഴിലുള്ള പ്രധാന വിജ്ഞാനകേന്ദ്രങ്ങളിലെല്ലാം ഈ ഗ്രന്ഥങ്ങൾ പഠിപ്പിച്ചുവന്നിരുന്നുവെന്നു പണ്ഡിതന്മാർക്കെല്ലാം വിശിഷ്യ, വൈദ്യവിദ്വാന്മാർക്ക് അറിവുള്ളതാണ്. യൂറോപ്യൻ വിദ്വാന്മാർപോലും അവ പഠിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ പഠിച്ചറിഞ്ഞ ലക്ഷക്കണക്കിനാളുകൾ ഓരോ നൂറ്റാണ്ടിലും ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞാൽ അതൊരതിശയോക്തിയല്ല; ഒരു പരമാർത്ഥം മാത്രമാകുന്നു. അവരിൽ ലക്ഷക്കണക്കിനാളുകൾ അവ ആമൂലാഗ്രം പാരായണം ചെയ്തിട്ടുള്ളവരുമത്രെ. മേൽ ചേർത്ത ലിസ്റ്റിൽ ഏതാനും പുസ്തകങ്ങളെ കുറിച്ചെങ്കിലും അറിഞ്ഞുകൂടാത്തവരായി യൂറോപ്പിലെയും ഏഷ്യയിലെയും വിദ്വാന്മാരിൽ ഒരാളും ഉണ്ടായിരിക്കില്ലെന്നും എനിയ്ക്കു തറപ്പിച്ചു പറയാൻ കഴിയും. സ്പെയിനിലും ഖസ്തോണിയയിലും ശാൻത്രീനിലും[12] സർവ്വകലാശാലകളുണ്ടായിരുന്നപ്പോൾ അവിടെനിന്നു യൂറോപ്യന്മാർ ബൂഅലി സീനായുടെ 'ഖാനൂൻ' എന്ന മഹദ്ഗ്രന്ഥവും– 'മർഹമെഈസാ' എന്ന ലേപനം തയ്യാറാക്കുന്നതിനുള്ള ചാർത്ത് ഇതിൽ കാണാം– ഭൗതികശാസ്ത്രം,

ജ്യോതിശാസ്ത്രം, തത്ത്വജ്ഞാനം ഇവ സംബന്ധിച്ച ശിഫാ, ബിശാറത്ത് തുടങ്ങിയ ഗ്രന്ഥങ്ങളും സകൗതുകം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു പോന്നിട്ടുണ്ടായിരുന്നു. ഇപ്രകാരം തന്നെ, അബുനസ്ർ ഫാറാബി, അബൂറെഹാൻ, ഇസ്റായീൽ, ഥാബിത് ബിൻ ഖുർറ, ഹുനയ്ൻ ബിൻ ഇസ്ഹാഖ് തുടങ്ങിയ വരുടെ- വിജ്ഞാനതേജപുഞ്ജങ്ങളായിരുന്നു ഇവരെല്ലാം!- കൃതികളും, ഗ്രീക്കിൽനിന്ന് അവർ വിവർത്തനം ചെയ്ത മറ്റു കൃതികളുമെല്ലാം പഠിപ്പിക്കപ്പെട്ടിരുന്നു. അവരുടെ ഗ്രന്ഥങ്ങളുടെ തർജ്ജമകൾ യൂറോപ്പിൽ ഇന്നും പ്രചാരത്തിലുണ്ട്. മുസ്ലിം ഭരണകർത്താക്കൾ, വൈദ്യശാസ്ത്രത്തിൽ വലിയ തൽപരരാ യിരുന്നതിനാൽ, അവർ ധാരാളം ഗ്രീക്ക് കൃതികളുടെ വിവർത്ത നങ്ങൾ തയ്യാറാക്കുകയുണ്ടായി. സാമ്രാജ്യവിപുലീകരണത്തി ലേറെ വിജ്ഞാനവിതരണത്തിൽ ദത്തശ്രദ്ധരായിരുന്ന രാജാക്ക ന്മാരിലാണ് ഖിലാഫത്തിന്റെ സർവ്വാധികാരം ഏറിയകാലം സമ ർപ്പിതമായിരുന്നതു. ഇക്കാരണത്താലാണ് അവർ ഗ്രീക്ക് ഗ്രന്ഥ ങ്ങളുടെ അറബി വിവർത്തനങ്ങൾ തയ്യാറാക്കിയതിനുപുറമെ, ഇന്ത്യയിൽനിന്നു വലിയ വലിയ ഹിന്ദുപണ്ഡിതന്മാരെ ക്ഷണി ച്ചുകൊണ്ടുപോയി ഭീമമായ തുകകൾ പ്രതിഫലമായി നല്കി ക്കൊണ്ട് അവരുടെയും വൈദ്യശാസ്ത്രഗ്രന്ഥങ്ങളും മറ്റു കൃതി കളും തർജ്ജമ ചെയ്യിക്കുകയുമുണ്ടായി. ആകയാൽ, യഥാർത്ഥ മായ ജ്ഞാനം തേടുന്നവർക്ക് അവരോടുള്ള വലിയ കടപ്പാടു കളിലൊന്നു അവർ “യേശുവിന്റെ ലേപന” ത്തെപ്പറ്റി പ്രതിപാ ദിക്കുന്ന ലത്തീൻ-ഗ്രീക്ക് വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ വിവ ർത്തനങ്ങൾ തയ്യാറാക്കി എന്നുള്ളതത്രെ. ഈ ലേപനൗഷധം യേശുവിന്റെ വ്രണങ്ങളിൽ പുരട്ടാൻവേണ്ടി തയ്യാറാക്കപ്പെട്ടിരു ന്നതാണെന്ന യാഥാർത്ഥ്യം, കൊത്തിവെച്ചതുപോലെ അവയിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. വൈദ്യവിജ്ഞാനീയത്തിനുപുറമെ ഭൗതികശാസ്ത്രത്തിലും തത്ത്വചിന്തയിലും അഗാധ പണ്ഡിത ന്മാരായിരുന്ന ഥാബിത് ബിൻ ഖുർറ, ഹുസയ്ൻ ബിൻ ഇസ്ഹാ

12. ഹിസ്പാനിയ അഥവാ അന്തലൂസ്; കെസ്മനോ അഥവാ ഖസ്തമോണിയ; സത്ലേർനം അഥവാ ശാൻത്രീൻ. - വിവ:

ഖ് തുടങ്ങിയ ഇസ്ലാമിന്റെ പഴയ പ്രതാപകാലത്തെ വിദ്വൽ ശിരോമണികൾ '**മർഹമെ ഈസാ**'യെ കുറിച്ചുള്ള വിവരണമടങ്ങിയ ഖറാബാദിൻ തർജ്ജമ ചെയ്തപ്പോൾ ഗ്രീക്ക് ഭാഷയിലുള്ള ഖറാബാദിൻ എന്ന ഔഷധി നിർമ്മാണ ശാസ്ത്രഗ്രന്ഥത്തിൽ നിന്നാണതു വിവർത്തനം ചെയ്തതെന്ന സൂചനയെ ശാശ്വൽക്കരിക്കുന്നതിനുവേണ്ടി 'ശ്ലീഖാ' എന്ന ഗ്രീക്ക്ശബ്ദം അതേപടി അറബിയിൽ നിലനിറുത്തിയതു ബുദ്ധിപൂർവ്വകമായിരിക്കുന്നു. അതുകൊണ്ടത്രെ, മിക്കവാറും എല്ലാ ഗ്രന്ഥങ്ങളിലും 'ശ്ലീഖാ' എന്ന പദവും കാണപ്പെടുമാറായത്.

ഇതിനെല്ലാംപുറമെ ചരിത്രത്തിലെ രഹസ്യവസ്തുതകളെ പുറത്തുകൊണ്ടുവരുന്നതിൽ പുരാതനനാണ്യങ്ങളും മറ്റും വിലപ്പെട്ട തെളിവുകളായിരിക്കുന്നുണ്ടെങ്കിലും, ദശലക്ഷക്കണക്കിൽ ജനങ്ങൾക്കിടയിൽ വിവിധ കാലങ്ങളിലായി അറിയപ്പെട്ടുപോന്നതും വലിയ വലിയ വിജ്ഞാനകേന്ദ്രങ്ങളിൽ പാഠപുസ്തകങ്ങളായി അംഗീകരിക്കപ്പെടുകയും ഇപ്പോഴും അങ്ങനെ തുടർന്നുവരികയും ചെയ്യുന്നതുമായ ആ പ്രാചീന ഗ്രന്ഥങ്ങൾ, നാണ്യങ്ങളേക്കാളും കൊത്തെഴുത്തുകളേക്കാളും ആയിരംമടങ്ങ് വിലയേറിയതാണെന്നു മനസ്സിലാക്കേണ്ടതുണ്ട്. നാണ്യങ്ങളുടെയും കൊത്തെഴുത്തുകളുടെയും കാര്യത്തിൽ കൃത്രിമങ്ങൾക്ക് സാദ്ധ്യതയുണ്ട്. രചനാകാലം മുതല്ക്കു പ്രസ്തുത വിജ്ഞാനഗ്രന്ഥങ്ങൾ ലക്ഷക്കണക്കിനാളുകളിൽ അറിയപ്പെടുമാറാകുകയും, എല്ലാ ജനതകളും ഇന്നേവരെ സൂക്ഷിച്ചും സംരക്ഷിച്ചും വരികയും ചെയ്തിട്ടുള്ളതുതന്നെ നാണയങ്ങൾക്കും കൊത്തെഴുത്തുകൾക്കും അതിനോടു ഒരു താരതമ്യവുമില്ലെന്നതിലേയ്ക്കു ദൃഷ്ടാന്തമായിരിക്കുന്നുണ്ട്. ബൂഅലി സീനായുടെ (Avicenna) 'ഖാനൂൻ' എന്ന ഗ്രന്ഥത്തേക്കാളും പ്രസിദ്ധിയും പ്രമാണ്യവു മുള്ള ഏതെങ്കിലും നാണയത്തേയോ കൊത്തെഴുത്തിനേയോ കുറിച്ചു, കഴിയുമെങ്കിൽ ആരെങ്കിലും പറഞ്ഞുതരട്ടെ! ചുരുക്കത്തിൽ, 'യേശുവിന്റെ ലേപനം സത്യാന്വേഷകരെ സംബന്ധി ച്ചിടത്തോളം അതിപ്രധാനമായൊരു തെളിവായിരിക്കുകയാണ്. ഈ

സാക്ഷ്യത്തെ അവിശ്വസിക്കാമെങ്കിൽ, ചരിത്രപരമായ എല്ലാ സാക്ഷ്യങ്ങളെയും അപ്പടി തള്ളേണ്ടിവരും. എന്തെന്നാൽ 'മർഹമെ ഈസാ' യെക്കുറിച്ചുള്ള പരാമർശമടങ്ങിയ അത്തരം ഗ്രന്ഥങ്ങളുടെ എണ്ണം ആയിരത്തിലുമധികം വരുമെന്ന വസ്തുതയ്ക്കുപുറമെ ആ ഗ്രന്ഥങ്ങളും അവയുടെ രചയിതാക്കളും ദശലക്ഷക്കണക്കിനാളുകളിൽ പുകൾപെറ്റവരുമത്രെ. ഉദാത്തമായ, ലളിതമായ, സുശക്തമായ ഈ തെളിവിനെ നിരാകരിക്കുന്നയാൾക്ക് ചരിത്രപരായ എല്ലാ തെളിവുകളേയും തള്ളിക്കളയേണ്ടിവരുന്നതാണ്. ഇത്രയും പ്രബലമായ ഈ സാക്ഷ്യത്തെ കളവാക്കാൻ ഒരാൾക്ക് കഴിയുമോ? യൂറോപ്പിലും ഏഷ്യയിലുമെല്ലാം പ്രചരിച്ചു കഴിഞ്ഞതും, ജൂതരും ക്രിസ്ത്യരും മജൂസികളും മുസ്ലിംകളുമായ എണ്ണപ്പെട്ട തത്ത്വചിന്തകന്മാരുടെ പ്രസ്താവനകളെ ആസ്പദമാക്കിയിട്ടുള്ളതുമായ ഈ കനത്ത സാക്ഷ്യത്തിൽ നമുക്ക് സംശയം പ്രകടിപ്പിക്കാൻ കഴിയുന്നതെങ്ങനെ?

സുമനസ്സുകളായ ഗവേഷകന്മാർ ഒന്നിവിടെ ശ്രദ്ധിക്കട്ടെ: ഈ ഉദാത്തമായ ദൃഷ്ടാന്തത്തിലേയ്ക്ക് അവർ ഓടിയടുക്കുകയും അതിനെക്കുറിച്ചു പരിചിന്തിക്കുകയും ചെയ്യട്ടെ! ഇത്രയും ജാജ്ജ്വല്യമാനമായ ഒരു സാക്ഷ്യത്തെ അവർക്ക് അവഗണിക്കാനൊക്കുമോ? ഈ സത്യത്തിന്റെ 'സൂര്യ'നിൽനിന്നു നാം 'ജീവൻ' ഉൾക്കൊള്ളേണ്ടതല്ലെ? ദൗത്യത്തിനു മുമ്പേ യേശുവിനു ചില പരിക്കുകൾ ഏറ്റിട്ടുണ്ടായിരുന്നിരിക്കാമെന്നും അഥവാ, ദൗത്യകാലത്തു എപ്പോഴോ പറ്റിയ ചില മുറിവുകളായിരിക്കാം അതെന്നും ക്രൂശുസംഭവത്തിലുണ്ടായ വ്രണങ്ങൾ അല്ലെന്നും, അദ്ദേഹത്തിനു വീഴ്ച പറ്റിയിരുന്നിരിക്കാമെന്നും ഈ വീഴ്ചയിലുണ്ടായ പരിക്കുകൾക്കുവേണ്ടി പ്രസ്തുത ലേപനം തയ്യാറാക്കിയിരുന്നതാവാമെന്നും മറ്റും തട്ടിമൂളിക്കുന്നതു അസംബന്ധമത്രെ. എന്തെന്നാൽ, ദൗത്യത്തിനുമുമ്പേ അദ്ദേഹത്തിനു ശിഷ്യന്മാരാരും ഉണ്ടായിരുന്നില്ല; ഈ ലേപനത്തെക്കുറിച്ചുള്ള പരാമർശത്തിൽത്തന്നെ അപ്പോസ്തലന്മാരെപ്പറ്റിയും പറയുന്നുണ്ട്. ഈ ഗ്രന്ഥങ്ങളിലെല്ലാം 'ശ്ലീഖാ' എന്ന ഗ്രീക്ക് പദം കാണാം. ഇതിനെല്ലാം

പുറമെ, യേശുവിന്റെ ജീവിതസംഭവങ്ങളെല്ലാം രേഖപ്പെടുത്തിയിരിക്കുമാറ് അദ്ദേഹം ദൗത്യത്തിനുമുമ്പേ ഒരു പ്രസിദ്ധ വ്യക്തിയായി കരുതപ്പെട്ടിരുന്നുമില്ല. മൂന്നരക്കൊല്ലത്തെ അദ്ദേഹത്തിന്റെ ദൗത്യകാലത്തിനിടയിലാകട്ടെ, കുരിശുസംഭവമല്ലാതെ മറ്റെന്തെങ്കിലും അപകടത്തിൽ അദ്ദേഹം അകപ്പെടുകയോ ചതവേല്ക്കുകയോ ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ലതാനും. ഇനി, മറ്റെന്തെങ്കിലും കാരണത്താലാണ് യേശുവിനു ആ വ്രണങ്ങൾ ഉണ്ടായതെന്നു ആരെങ്കിലും അഭിപ്രായപ്പെടുന്നുവെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ഭാരം അവർക്കാണല്ലോ! എന്നാൽ, ഞങ്ങൾ പറയുന്ന സംഭവമാകട്ടെ, ജൂതന്മാർക്കോ ക്രിസ്ത്യാനികൾക്കോ നിഷേധിക്കാൻ സാധിക്കാത്തവിധം സുസ്ഥാപിതവും സുസമ്മതവുമത്രേ. അതായതു ക്രൂശു സംഭവം! യേശുവിനു മറ്റേതെങ്കിലും വിധത്തിൽ പരിക്കുകളേറ്റിട്ടുണ്ടെന്ന സംഗതി ഏതായാലും ചരിത്രരേഖകൾകൊണ്ട് ഉറപ്പിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട്, ഇത്തരമൊരു ദുർന്യായം കൊണ്ടുവരുന്നതു ബോ ധപൂർവ്വം അറിഞ്ഞുകൊണ്ടുതന്നെ, സത്യമാർഗത്തിൽനിന്നു വ്യതിചലിക്കലാണ്. ഏതാദൃശമായ ജല്പനങ്ങളെ മുൻനിറുത്തി തള്ളിക്കളയാൻ മാത്രം നിസ്സാരമല്ല ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള തെളിവെന്നു ഓർക്കേണ്ടിയിരിക്കുന്നു.

ഇപ്പോഴും പ്രാചീനഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ കാണാം. ബൂഅലി സീനായുടെ 'ഖാനൂൻ' എന്ന ഗ്രന്ഥത്തിന്റെ ഒരു കയ്യെഴുത്തുപ്രതി അക്കാലത്തെഴുതിയതു എന്റെ പക്കലുമുണ്ട്. അതിനാൽ, ഇത്രയും സ്ഫടികസമാനമായ തെളിവിനെ വലിച്ചെറിയുന്നതു അങ്ങേയറ്റത്തെ അനീതിയായിരിക്കും; അല്ല, സത്യത്തെ ഞെക്കിക്കൊല്ലുന്നതിനു തുല്യമത്രേ. ഇതിനെക്കുറിച്ചു വീണ്ടും വീണ്ടും ആലോചിക്കുവിൻ; ഗഹനമായി ചിന്തിക്കുവിൻ! ഈ ഗ്രന്ഥങ്ങൾ ജൂതന്മാരുടെയും മജൂസികളുടെയും ക്രിസ്ത്യാനികളുടെയും അറബികളുടെയും പേർസ്യക്കാരുടെയും ഗ്രീക്കുകാരുടെയും റോമക്കാരുടെയും ജർമൻകാരുടെയും ഫ്രഞ്ചുകാരുടെയും പക്കലും അപ്പോലെതന്നെ മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും ഏഷ്യയിലെയും പുരാതനഗ്രന്ഥാലയങ്ങളി

ലും ഇപ്പോഴും കാണാവുന്നതാണ്. ഒരു നിഷേധിയുടെ കണ്ണ ഞ്ചിപ്പിക്കുമാറ് ഒളിചിതറുന്ന ഈ സാക്ഷ്യത്തിൽനിന്ന് മുഖം തിരിച്ചുകളയുന്നതു ഔചിത്യമാണോ? ഈ ഗ്രന്ഥങ്ങളെല്ലാം മുസ്ലിംകളാൽ മാത്രം വിരചിതങ്ങളാണെങ്കിൽ, ഇസ്ലാംമതാ നുയായികൾ മാത്രമാണ് ഇവ സൂക്ഷിച്ചുപോന്നിട്ടുള്ളതെങ്കിൽ, ക്രിസ്തുമതത്തിനെതിരെ ഉപയോഗപ്പെടുത്താൻവേണ്ടി അവ യെല്ലാം മുസ്ലിംകൾ കൃത്രിമമായി നിർമ്മിച്ച രേഖകളാണെന്നു പറഞ്ഞുതള്ളാൻ തയ്യാറാകുന്നവരെയും കണ്ടേയ്ക്കുമായിരുന്നു. എന്നാൽ, ഞാൻ വഴിയെ വിവരിക്കാൻ പോകുന്ന കാരണങ്ങൾ ക്കെല്ലാം പുറമെ, അത്തരം ഒരു കൃത്രിമരേഖാനിർമ്മാണക്കുറ്റം മുസ്ലിംകളിൽ ആരോപിച്ചുകൂടാത്തതാണെന്ന യാഥാർത്ഥ്യ ത്തെ പരിഗണിക്കുമ്പോഴും അതു അടിസ്ഥാനരഹിതമാണെന്നു പറയാതെ നിവർത്തിയില്ല. എന്തെന്നാൽ ക്രിസ്ത്യാനികളെപ്പോ ലെ മുസ്ലിംകളും വിശ്വസിച്ചുപോന്നിട്ടുള്ളത് കുരിശുസംഭവ ത്തിനുശേഷം ഉടൻതന്നെ യേശു അഥവാ ഈസാനബി(അ) ആകാശത്തേയ്ക്കുയർന്നുപോയെന്നത്രെ! ഇതിനുംപുറമെ, യേശുവിനെ കുരിശിൽ തറച്ചതായോ കുരിശുസംഭവത്തെ തുട ർന്നു അത്തരം പരിക്കുകൾ യേശുവിനുണ്ടായിട്ടുള്ളതായോ മുസ്ലിംകൾ വിശ്വസിക്കുന്നുമില്ല. എന്നിരിക്കെ, തങ്ങളുടെ വിശ്വാസത്തിനു വിപരീതമായി അറിഞ്ഞുകൊണ്ടു അവർക്ക് ആ സംഗതികൾ കറ്റുകെട്ടിയുണ്ടാക്കാൻ കഴിയുമായിരുന്നതെ ങ്ങനെ? ഇത്രയുമല്ല, 'യേശുവിന്റെ ലേപനം' സംബന്ധിച്ച ചാർ ത്തും ഈ ലേപനം യേശുവിനുവേണ്ടി അപ്പോസ്തലന്മാർ തയ്യാ റാക്കിയിരുന്നതാണെന്ന വിവരണവുമടങ്ങിയ ഈ വൈദ്യഗ്രന്ഥ ങ്ങൾ ലത്തീനിലും ഗ്രീക്കിലും രചിക്കപ്പെടുകയും ലക്ഷക്കണ ക്കിനാളുകൾക്കിടയിൽ പ്രചരിതമാകുകയും ചെയ്തുതുടങ്ങിയ കാലത്തു ഇസ്ലാംമതം ലോകത്തു ആവിർഭവിച്ചിട്ടുതന്നെ ഉണ്ടാ യിരുന്നില്ല. ജൂതന്മാരും ക്രിസ്ത്യാനികളും മുസ്ലിംകളും മജൂ സികളുമാകട്ടെ മതപരമായ അന്യോന്യം എതിർത്തുപോന്നിട്ടു ള്ളവരുമത്രെ. ആകയാൽ, അവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഈ ലേപനത്തെപ്പറ്റി പ്രസ്താവിച്ചുവെന്ന വസ്തുതയും സ്വന്തം മത

വിശ്വാസങ്ങളെപ്പോലും അവർ ഇക്കാര്യത്തിൽ ഗണ്യമാക്കുന്നി ല്ലെന്ന യാഥാർത്ഥ്യവും വ്യക്തമായി തെളിയിച്ചുതരുന്നതു ഈ ലേപനത്തിന്റെ തയ്യാറിപ്പ് ഒരു സമുദായത്തിനും ജനതയ്ക്കും നിഷേധിക്കാനാവാത്തവിധം അത്രയേറെ സുപ്രസിദ്ധമായൊരു സത്യവസ്തുതയായി അംഗീകരിക്കപ്പെട്ടിരുന്നുവെന്നത്രേ. നൂറ്റു ക്കണക്കായ ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും വിവിധ രാഷ്ട്രങ്ങളിലെ ലക്ഷക്കണക്കിനാളുകൾക്കിടയിൽ അറിയപ്പെ ട്ടിട്ടുള്ളതുമായ ഈ ഔഷധക്കുറിപ്പിൽനിന്നു, വാഗ്ദത്ത മസീ ഹിന്റെ പ്രത്യക്ഷകാലംവരെ, ഈ ഒരു ജനവിഭാഗത്തിനുംതന്നെ മുതലെടുക്കാൻ തോന്നിയിട്ടില്ലെന്നതു നേരാണല്ലോ, അതിനാൽ, ക്രൂശിലുള്ള വിശ്വാസത്തെ തകർക്കുന്ന ഈ ഉജ്ജ്വലദൃഷ്ടാ ന്തവും സത്യം വെളിപ്പെടുത്തുന്ന ന്യായവാദവും വാഗ്ദത്തമ സീഹുതന്നെ ലോകത്തിനു വിവരിച്ചുകൊടുക്കണമെന്നാണ് ദൈവം ഇച്ഛിച്ചിരുന്നതു - വിധിച്ചിരുന്നതു - എന്നു സമ്മതി ക്കുകയേ നമുക്ക് നിർവ്വാഹമുള്ളൂ. എന്തെന്നാൽ, വാഗ്ദത്തമ സീഹ് ലോകത്തു വെളിപ്പെടുന്നതുവരെ കുരിശുമതം തളരു കയോ അതിന്റെ പുരോഗതിയെ തടയാനാവുകയോ ചെയ്യുക യില്ലെന്നു നബി(സ) പ്രവചിച്ചിട്ടുണ്ട്. 'സ്വലീബയെ മുറിക്കൽ' വാഗ്ദത്തമസീഹ് മുഖേനയാണ് സാധിക്കേണ്ടിയിരുന്നതും! വാഗ്ദത്തമസീഹിന്റെ കാലത്ത് കുരിശുസംഭവത്തിന്റെ സത്യ വസ്തുതകളെല്ലാം പുറത്തുവരുന്നതിനുള്ള സാഹചര്യങ്ങൾ ദൈവം ഒരുക്കുമെന്നത്രെ ഈ പ്രവചനത്തിലടങ്ങിയിട്ടുള്ള സൂച ന. പിന്നെയാണ് അന്ത്യം വന്നെത്തുക. കുരിശുമതത്തിന്റെ കാലാ വധി അതോടെ അവസാനിക്കുകയും ചെയ്യും. എന്നാലതു ആ ക്രാമകമായ യുദ്ധം മുഖേനയല്ല; പിന്നെയോ? ന്യായവാദങ്ങളു ടെയും കണ്ടുപിടിത്തങ്ങളുടെയും രൂപത്തിൽ ലോകത്തു വെളി പ്പെടുന്ന ദൈവികസാഹചര്യങ്ങളാൽത്തന്നെ. **ബുഖാരി**യിലും മറ്റും രേഖപ്പെടുത്തിയ ഹദീഥിന്റെ താൽപര്യവും ഇതത്രേ. അതു കൊണ്ട്, വാഗ്ദത്തമസീഹ് വെളിപ്പെടുന്ന കാലംവരെ ഈ ദൃഷ്ടാ ന്തങ്ങളും നിർണ്ണായകസാക്ഷ്യങ്ങളുമെല്ലാം സുഗുപ്തങ്ങളായി രിക്കേണ്ടതു അനുപേക്ഷണീയമായിരുന്നു. അങ്ങനെതന്നെ

സംഭവിക്കുകയും ചെയ്തിരിക്കുന്നു. വാഗ്ദത്തപുരുഷന്റെ പ്രാദുർഭാവത്തോടെ ഇനിയങ്ങോട്ടു ജനങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുകയും ചിന്തകന്മാരെല്ലാം പ്രസ്തുത പ്രശ്നത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങുകയും ചെയ്യും. എന്തെന്നാൽ, ദൈവത്തിന്റെ മസീഹ് വെളിപ്പെട്ടിരിക്കുന്നു! ബുദ്ധിശക്തികൾക്കെല്ലാം ഇനി കൂർമം കൂട്ടേണ്ടതുണ്ടു. ഹൃദയങ്ങൾ ശ്രദ്ധാബദ്ധങ്ങളായിരിക്കട്ടെ. പേനകൾ ഊർജ്ജസ്വലങ്ങളായി ചലിച്ചുതുടങ്ങുകയും വേണം. സദ്വൃത്തന്മാരായ സത്യാത്മാക്കൾക്ക് തിരിച്ചറിവ് പ്രദാനം ചെയ്യപ്പെടും. വിനയശീലരെല്ലാം വിവേകശാലികളായിത്തീരും. എന്തെന്നാൽ, സ്വർഗ്ഗത്തിൽ തിളങ്ങിവിളങ്ങുന്നതു ഭൂമിയെയും പ്രദീപ്തമാക്കാതിരിക്കില്ല. ഈ പ്രകാരത്തിൽ പങ്കു ലഭിക്കുന്നവനാരോ അവനത്രെ അനുഗൃഹീതനും ഭാഗ്യവാനും! കാലത്തിലല്ലോ ഫലം കായ്ക്കാറ്. അപ്പോലെതന്നെ തക്കസമയത്ത് ദിവ്യപ്രകാശവും വെളിപ്പെടുന്നു. നിശ്ചിതകാലത്തിനുമുമ്പേ അതിനെ അവതരിപ്പിക്കുവാൻ ആർക്കും ആവില്ല. അവതരിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താനും ആർക്കും സാദ്ധ്യമല്ല. അഭിപ്രായവ്യത്യാസങ്ങളും തർക്കവിതർക്കങ്ങളുമെല്ലാം ഉണ്ടാകും. എന്തായാലും, ഒടുവിൽ സത്യം വിജയിക്കുകതന്നെവേണം. എന്തുകൊണ്ടെന്നാൽ, ഇതൊന്നും മനുഷ്യന്റെ പണിയല്ല. മനുഷ്യപുത്രന് ഇതിൽ ഒരു കയ്യും ഇല്ല! - ഋതുക്കളിൽ വ്യത്യാസമുണ്ടാക്കുന്ന തും സമയങ്ങളെ ചലിപ്പിക്കുന്നതും പകലിനെ രാവും രാവിനെ പകലുമാക്കുന്നതും ആരോ ആ ദൈവത്തിൽനിന്നുള്ളതത്രെ ഇതെല്ലാം- അവൻ അന്ധകാരത്തെ പടച്ചു, എങ്കിലും പ്രകാശത്തെ ഇഷ്ടപ്പെടുന്നു. 'ശിർക്ക്' (അന്യാരാധന) ലോകത്തു നിലനിന്നുകൊള്ളാൻ അവനനുവദിക്കുന്നു; എങ്കിലും 'തൗഹീദി'നെ-ഏകദൈവതത്ത്വത്തെ അവൻ സ്നേഹിക്കുന്നു. തന്റെ മഹിമ മറ്റാർക്കെങ്കിലും വിട്ടുകൊടുക്കാൻ അവൻ ഇച്ഛിക്കുന്നില്ല! മനുഷ്യൻ പിറവിയെടുത്തനാൾ തൊട്ടു, ലോകത്തുനിന്ന് അവൻ ഇനി അപ്രത്യക്ഷപ്പെടുന്ന നാൾവരെ ദൈവം തൗഹീദിനെ-അവന്റെ ഏകത്വത്തെ- നിലയുറപ്പിക്കുന്നു എന്നതത്രെ ദൈവികനീതി. മനുഷ്യാരാധനയേയും മറ്റെല്ലാ വിഗ്രഹാ

രാധനയേയും തുടച്ചുനീക്കുവാനും ദൈവാരാധനയെ സംസ്ഥാപിക്കുവാനുമായിട്ട ല്ലോ സകല പ്രവാചകന്മാരെയും ദൈവം പ്രേഷണം ചെയ്തിരിക്കുന്നത്. '**ലാ ഇലാഹ ഇല്ലല്ലാഹ്**!' (അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ല) എന്ന ദിവ്യമന്ത്രം സ്വർഗത്തിലെന്നപോലെ ഭൂമിയിലും പ്രകാശിക്കുമാറാകാനത്രെ അവരെല്ലാം പാടുപെട്ടത്. ഈ ദിവ്യസൂത്രം ജാജ്ജ്വല്യമാനമായി പ്രശോഭിക്കുമാറാകാൻ സർവ്വോപരിയായ സംഭാവനകളർപ്പിച്ചതാരോ, യുക്തിന്യായങ്ങളാലും ദിവ്യശക്തികളാലും പൊയ്ദൈവങ്ങളുടെ നിശ്ചേതനത്വത്തെ തുറന്നുകാട്ടുകയും അവയുടെ പൊള്ളത്തരം വെളിപ്പെടുത്തുകയും ചെയ്തതാരോ, അങ്ങനെ എല്ലാം സുസ്ഥാപിതമാക്കിക്കഴിഞ്ഞശേഷം, ***ലാ ഇലാഹ ഇലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്***, (അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ല, മുഹമ്മദ് അവന്റെ പ്രവാചകനത്രെ) എന്ന മന്ത്രതൂര്യം മുഴക്കിക്കൊണ്ട് തന്റെയാ നിർണ്ണായകവിജയത്തിന്റെ നിത്യസ്മരണ നിലയുറപ്പിച്ചതാരോ ആ മഹാത്മാവത്രെ ആ എല്ലാ പ്രവാചകന്മാരിലും അഗ്രേസരൻ, ശുഷ്കശൂന്യമായ ഒരു വെറും മുദ്രാവാക്യമായിട്ടല്ല '***ലാ ഇലാഹ ഇല്ലല്ലാഹ്***' എന്ന് ആ മഹാത്മാവ് ഘോഷിച്ചത്. പിന്നെയോ, ആദ്യമദ്ദേഹം തെളിവുകളെല്ലാം നിരത്തിവെച്ചു; അന്ധവിശ്വാസങ്ങളുടെ ആബദ്ധ്യങ്ങളെ തുറന്നു കാണിച്ചു. എന്നിട്ടു തങ്ങളുടെ പ്രതാപത്തെ തകർക്കുകയും പ്രഭാവത്തെ നിലംപരിശാക്കുകയും ചെയ്ത ആ സത്യദൈവത്തിനു പുറമെ മറ്റൊരാരാധ്യനില്ലെന്നു കൺതുറന്നുനോക്കാൻ ജനങ്ങളോട് ആ പുണ്യാത്മാവ് ആഹ്വാനം ചെയ്തു. ഈ സുസ്ഥാപിതമായ യാഥാർത്ഥ്യത്തിന്റെ സ്മാരകമെന്നോണം ആ ഉദാത്തമായ ദിവ്യസൂത്രം ആ ദിവ്യാത്മാവ്  പഠിപ്പിക്കുകയും ചെയ്തു. അതത്രെ; '***ലാ ഇലാഹ ഇല്ലല്ലാഹു, മുഹമ്മദുർറസൂലുല്ലാഹ്***' എന്ന കലിമ!

# അധ്യായം- 4

(ചരിത്രഗ്രന്ഥങ്ങളിൽനിന്ന് നമുക്ക് ലഭിച്ച തെളിവുകൾ)

ഈ അധ്യായത്തിൽ വിവിധ രീതിയിലുള്ള തെളിവുകളുണ്ട്. അതിനാൽ വ്യക്തമായ ക്രമീകരണത്തിന് നാം ഇതിനെ വിവിധ കാണ്ഡങ്ങളായി തിരിച്ചിരിക്കുന്നു.

## ഒന്നാം കാണ്ഡം

യേശുവിന്റെ സഞ്ചാരത്തെ സ്ഥാപിക്കുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽനിന്നെടുത്തിട്ടുള്ള തെളിവുകൾ

# യേശു സഞ്ചാരികളുടെ തലവൻ

പേർസ്യൻ ഭാഷയിലുള്ള വിശ്രുതചരിത്രഗ്രന്ഥമായ 'റൗദത്തുസ്സ്വഫാ'യിൽ 130-135 പേജുകളിൽ കാണുന്ന ചില സംഗതികൾ ചുവടെ വിവർത്തനം ചെയ്തു ചേർത്തു-കൊള്ളുന്നു.

'ഈസാനബിക്ക് മസീഹ് എന്ന പേർ നല്കപ്പെട്ടത് അദ്ദേഹം വലിയൊരു സഞ്ചാരിയായിരുന്നതുകൊണ്ടാണ്. അദ്ദേഹം രോമനിർമിതമായ ശിരസാടയും കമ്പിളിയങ്കിയുമാണ് ധരിക്കാറുണ്ടായിരുന്നത്. കയ്യിൽ ഒരു ഊന്നുവടിയും ഉണ്ടാകുമായിരുന്നു. അദ്ദേഹം രാജ്യാന്തരങ്ങളിലും നഗരംതോറും ചുറ്റിത്തിരിഞ്ഞു പോന്നു. സന്ധ്യയായാൽ എത്തിയടം വിശ്രമിക്കും. വനസസ്യങ്ങൾ ഭക്ഷിക്കുകയും ചോലവെള്ളം കുടിക്കുകയും പദയാത്ര നടത്തുകയുമാണ് ചെയ്തിരുന്നത്. ഒരു യാത്രയിൽ അദ്ദേഹത്തിനുവേണ്ടി കൂട്ടുകാർ ഒരു കുതിരയെ വാങ്ങി. ഒരു ദിവസം അദ്ദേഹം കുതിരപ്പുറത്ത് സവാരി നടത്തി. കുതിരയ്ക്കു തീറ്റകൊടുക്കാനുള്ള വക കാണാത്തതുകൊണ്ട് അതിനെ തിരിച്ചുനല്കുകയാണുണ്ടായത്. നാട്ടിൽനിന്ന് യാത്രപുറപ്പെട്ടു നൂറുകണക്കിൽ നാഴികയകലെ നസീബയ്ൻ എന്നിടത്ത് അദ്ദേഹം എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ കൂടെത്തന്നെ ഏതാനും ശിഷ്യ

ന്മാരും ഉണ്ടായിരുന്നു. അവരെ അദ്ദേഹം നഗരത്തിൽ ഉപദേശിക്കാൻ നിയോഗിച്ചു. നഗരത്തിൽ യേശുവിനെയും മാതാവിനെയും പറ്റി യഥാർത്ഥവും അയഥാർത്ഥവുമായ ഒട്ടേറെ പ്രസ്താവങ്ങൾ പ്രചരിച്ചിരിക്കുകയായിരുന്നു. അതുകാരണം നഗരഭരണാധികാരികൾ ശിഷ്യരെ ബന്ധനസ്ഥരാക്കുകയും യേശുവിനെ ഹാജരാക്കാൻ കല്പിക്കുകയും ചെയ്തു. യേശു ചിലരുടെ രോഗങ്ങൾ അത്ഭുതകരമായി സുഖപ്പെടുത്തുകയും മറ്റു ചില ദിവ്യാത്ഭുതങ്ങൾ കാണിക്കുകയും ചെയ്തു. ഇതിനെ തുടർന്നു നസീബയ്ൻ പ്രദേശത്തെ രാജാവ് സൈന്യങ്ങളോടും ജനങ്ങളോടും ഒപ്പം അദ്ദേഹത്തിന്റെ ശിഷ്യരായിത്തീർന്നു. ഖുർആനിലെ ഭക്ഷ്യാവതരണകഥ ഈ യാത്രകളിലേതാണ്.'

ഇതാണ് 'റൗദത്തുസ്സഫാ'യിലെ വിവരണത്തിന്റെ ചുരുക്കം. ഗ്രന്ഥകർത്താവ് യേശു കാണിച്ചതായുള്ള യുക്തിരഹിതവും അർഥശൂന്യവുമായ ഒട്ടേറെ അത്ഭുതകൃത്യങ്ങളെപ്പറ്റി പറയുന്നുണ്ട്. അസത്യങ്ങളും അതിവർണ്ണനകളുമെല്ലാം വിട്ടുകളഞ്ഞു യേശു തന്റെ യാത്രയ്ക്കിടയിൽ നസീബയ്നിലെത്തിച്ചേർന്നുവെന്നു മനസ്സിലാക്കിത്തരുന്ന അടിസ്ഥാനവസ്തുതയിൽമാത്രം ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ. ഇംഗ്ലീഷുഭൂപടങ്ങളിൽ നിസിബസ് (Nisibus) എന്നു കാണിച്ചിട്ടുള്ള നസീബയ്ൻ, മുസൂളിനും (Mosul) സിറിയയ്ക്കുമിടയിലാണ് സ്ഥിതിചെയ്യുന്നത്. സിറിയയിൽനിന്നു പേർഷ്യയിലേക്കുള്ള യാത്രയിൽ യരുശലേമിനു 450 നാഴികയകലെയുള്ള നസീബയ്നിലൂടെ കടന്നുപോകണം. നസീബയ്നിൽനിന്ന് 48 നാഴികയും യരുശലേമിൽനിന്ന് 500 നാഴികയും അകലെയാണ് മുസൂൾ. മുസൂളിൽനിന്ന് 100 നാഴിക മാത്രമെ പേർഷ്യൻ അതിർത്തിയിലേക്കു ദൂരമുള്ളൂ. എന്നുവച്ചാൽ, നസീബയ്നിൽനിന്ന് 150 നാഴിക മാത്രം. പേർഷ്യയുടെ കിഴക്കൻ അതിർത്തി അഫ്ഗാനിസ്താനിലെ ഹിറാത്ത് (Herat) പട്ടണത്തോ ടുതൊട്ടാണ് സ്ഥിതിചെയ്യുന്നത്. അതായത് ഹിറാത്ത്, അഫ്ഗാനിസ്താന്റെ പടിഞ്ഞാറൻ അതിർത്തിയിൽ പേർഷ്യൻ പ്രദേശത്തിന്നടുത്തായി കിടക്കുന്നു. പേർഷ്യയുടെ പടിഞ്ഞാറൻ അതിർത്തി

യിൽനിന്ന് ഹിറാത്തിലേയ്ക്കു 900 നാഴികവരും. ഹിറാത്തിൽ നിന്ന് ഖയ്ബർ പാസ്സിലേയ്ക്കു 500 നാഴികയാണ് ദൂരം. യേശു സഞ്ചരിച്ച മാർഗ്ഗം കാണിക്കുന്ന ഭൂപടം നോക്കുക.

**കശ്മീരിലേക്കുള്ള ഈസാനബിയുടെ സഞ്ചാരമാർഗ്ഗം**




ലണ്ടൻ നിവാസിയായ ബയ്ൻമർ എന്നയാൾ 1650ൽ ഇംഗ്ലീഷിൽ തർജ്ജമ ചെയ്ത യു.സി.ബി. എസ്.എ ക്രൈസ്തവ യൂനാനി ചരിത്രം എന്ന ഗ്രന്ഥത്തിന്റെ ആദ്യ അധ്യായം 14-ാം കാണ്ഡത്തിൽ ഒരു കത്തുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നത് അബ്ഗേരീസ് എന്ന രാജാവ് ഫിറാത്ത് നദിയുടെ അക്കരെനിന്ന് ഹദ്റത്ത് ഈസാ(അ)യെ തന്റെ അടുത്തേക്ക് ക്ഷണിച്ചുവെന്നാണ്. അബ്കേരീസ് ഹദ്റത്ത് ഈസായ്ക്ക് അയച്ച കത്തും ഹദ്റത്ത് ഈസായുടെ മറുപടിയും കളവും അതിശയോക്തി നിറഞ്ഞതുമാണെങ്കിലും യഹൂദികളുടെ ദ്രോഹം അറിഞ്ഞ ആ രാജാവ് തനിക്ക് വിവരം നല്കാനാണ് ഹദ്റത്ത് ഈസായെ വിളിച്ചിരുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാകുന്നുണ്ട്. അദ്ദേഹം സത്യപ്രവാചകനാണെന്ന വിചാരം രാജാവിനുണ്ടായിരുന്നു.

## യേശു കശ്മീരിലേക്ക്

കശ്മീരിലേയ്ക്കുള്ള യാത്രയിൽ യേശു അവലംബിച്ച സഞ്ചാരപഥമാണ് പടത്തിൽ കാണിച്ചിട്ടുള്ളത്. ശൽമൻദർ രാ ജാവ് മേദ്യായിലേയ്ക്ക് തടവുകാരായി നാടുകടത്തിയ ഇസ്രായേൽക്കാരെ കണ്ടുമുട്ടുകയായിരുന്നു ഈ യാത്രയുടെ ഉദ്ദേശ്യം. ക്രിസ്ത്യാനികൾ പ്രസിദ്ധപ്പെടുത്തിയ ഭൂപടങ്ങളിൽ മേദ്യാ, ഖിർസ് കടലിന്നു (Azov) തെക്കുള്ള പ്രദേശമായിട്ടാണ് കാണിച്ചിട്ടുള്ളത്. ഈ പ്രദേശം ഇപ്പോൾ പേർസ്യ (ഇറാൻ) ആയി അറിയപ്പെടുന്നു. പേർസ്യയുടെ കിഴക്കൻ അതിർത്തി അഫ്ഗാനിസ്താനോടു തൊട്ടുകിടക്കുന്നു. തെക്കുഭാഗത്ത് കടലും പടിഞ്ഞാറ് തുർക്കിസാമ്രാജ്യവും സ്ഥിതിചെയ്യുന്നു. റൗദത്തുസ്സ്വഫായിലെ വിവരണം ശരിയാണെങ്കിൽ നസീബയ്നിൽ നിന്ന് പേർസ്യയിലൂടെ അഫ്ഗാനിസ്താനിലേയ്ക്കു വരാനും അഫ്ഗാനികൾ എന്ന പേരിൽ അറിയപ്പെട്ടുപോന്നിരുന്ന കാണാതായ ജൂദന്മാരെ സത്യത്തിലേയ്ക്ക് ക്ഷണിക്കാനുമാണ് യേശു ഉദ്ദേശിച്ചിരുന്നതെന്നാണ് മനസ്സിലാകുന്നത്. 'അഫ്ഗാൻ' എന്ന പദം ഹിബ്രുവിൽ നിന്ന് നിഷ്പന്നമാണ്. ധീരൻ എന്നർത്ഥമുള്ള വാക്കാണ് ഇതിന്റെ മൂലം. തങ്ങളുടെ പ്രഭാവകാലത്ത് അവർ സ്വീകരിച്ചതായിരിക്കണം ഈ പേർ.[13]

ചുരുക്കത്തിൽ, അഫ്ഗാനിസ്താനിലൂടെ ഈസാ(അ) പഞ്ചാബിലേക്ക് വന്നു. പഞ്ചാബും ഹിന്ദുസ്താനും സന്ദർശിച്ച് പി ന്നീട് കശ്മീരിലേയ്ക്കു പോകുക എന്നതായിരുന്നു ഉദ്ദേശ്യം. ചി ത്രാൾ സ്റ്റേറ്റും പഞ്ചാബിന്റെ ഒരു ഭാഗവുമാണ് കശ്മീരിനെ അ ഫ്ഗാനിസ്താനിൽനിന്നു വേർതിരിയ്ക്കുന്നത്. അഫ്ഗാനിസ്താനിൽ നിന്നു കശ്മീരിലേയ്ക്കു ഒരാൾ പഞ്ചാബിലൂടെ

13. ജൂദന്മാർ അവസാനത്തെ പ്രവാചകനിൽ വിശ്വസിക്കുന്ന പക്ഷം കുറെ കഷ്ടാനുഭവങ്ങൾക്കുശേഷം അവർക്ക് രാജത്വവും ഭരണാധികാരവും നല്കപ്പെടുമെന്നു തൗറാത്തിൽ ഒരു പ്രവചനം ഉണ്ടായിരുന്നു. യിസ്രായേല്യരിലെ പത്തു ഗോത്രങ്ങൾ ഇസ്ലാം അവലംബിച്ചതോടെ ഈ വാഗ്ദത്തം പുലർന്നു. അതുകൊണ്ടാണ് അഫ്ഗാനിസ്താനികളിലും കശ്മീരികളിലും പ്രഭാവശാലികളായ രാജാക്കന്മാർ ഉണ്ടായത്.

യാത്ര ചെയ്യുമ്പോൾ 80 നാഴികയോ 130 മൈലോ ദൂരം സഞ്ചരിക്കേണ്ടിവരും.

യേശു അഫ്ഗാനിസ്താൻ വഴി സഞ്ചരിക്കാൻ നിശ്ചയിച്ചത് ബുദ്ധിപൂർവ്വകമായിരുന്നു. അഫ്ഗാനികളെന്ന പേരിൽ അറിയപ്പെട്ട കാണാതെപോയ യഹൂദഗോത്രങ്ങൾക്ക് അതുകൊണ്ട് ഗുണമുണ്ടാകുമെന്നദ്ദേഹം കരുതി. കശ്മീരിന്റെ കിഴക്കൻ അതിർത്തി തിബത്തിനോടു ചേർന്നു മുട്ടുന്നു. കശ്മീരിൽനിന്ന് അദ്ദേഹത്തിന് നിഷ്പ്രയാസം തിബത്തിലെത്താം. പഞ്ചാബിൽ പ്രവേശിച്ചശേഷം കശ്മീരിലേയ്ക്കോ തിബത്തിലേയ്ക്കോ പോകുന്നതിനുമുമ്പേ ഹിന്ദുസ്താനിലെ പ്രധാന സ്ഥലങ്ങളിലും ചുറ്റിസഞ്ചരിക്കാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. അതുകൊണ്ട്, ഈ രാജ്യത്തിലെ ചില പുരാതന ചരിത്രരേഖകളിൽ കാണപ്പെടുന്ന പ്രകാരം യേശു നേപ്പാൾ, ബനാറസ് തുടങ്ങിയ സ്ഥലങ്ങൾ കണ്ടിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ജമ്മു വഴിയോ റാവൽപിണ്ടി മാർഗ്ഗത്തിലോ കശ്മീരിലേക്ക് പോയിരിക്കണം. അദ്ദേഹം ഒരു ശീതരാജ്യത്തിലെ ആളാകയാൽ ഈ പ്രദേശങ്ങളിൽ ശൈത്യകാലത്ത് മാത്രം താമസിക്കുകയും മാർച്ച് ഒടുവിലോ ഏപ്രിൽ ആദ്യത്തിലോ കശ്മീരിലേക്ക് യാത്രയാവുകയും ചെയ്തിരിക്കണം. കശ്മീർ, ശാമിനു (സിറിയയും ചുറ്റുവട്ടവും) സദൃശ്യമായ ഒരു പ്രദേശമാകയാൽ അദ്ദേഹം അവിടെത്തന്നെ സ്ഥിരം കേന്ദ്രമാക്കിയിട്ടുണ്ടാവാം. അദ്ദേഹം അഫ്ഗാനിസ്താനിലും കുറച്ചുനാൾ താമസിച്ചിരുന്നിരിക്കാം. അവിടെ വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ അതും സംഭവിച്ചുകൂടായ്കയില്ല. അഫ്ഗാനികളിൽ ഒരു ഗോത്രത്തിന്റെ പേർതന്നെ “ഈസാഖേൽ” എന്നാണ്. അവർ ഈസാനബിയുടെ സന്താനപരമ്പരയാണെന്നുവന്നാലും അത്ഭുതപ്പെടേണ്ടതില്ല. അഫ്ഗാനികളുടെ ചരിത്രം വളരെ കുഴഞ്ഞുമറിഞ്ഞാണുള്ളതെന്നതു ഒരു ദുഃഖസത്യമത്രെ. അവരുടെ ഗോത്രവിവരങ്ങൾ മാത്രം വായിച്ചു ഖണ്ഡിതമായൊരു തീരുമാനത്തിലെത്തുക വിഷമമാണ്. എന്നാൽ, അഫ്ഗാനികൾ കശ്മീരികളെപ്പോലെതന്നെ ഇസ്രായേല്യരാ

ണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇതിന്നെതിരായ അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുള്ളവർ അങ്ങേയറ്റം തെറ്റുധരിപ്പിക്കപ്പെട്ടിരിക്കുന്ന വസ്തുതകളെക്കുറിച്ചുള്ള സൂക്ഷ്മപഠനം അവർ നടത്തീട്ടില്ല. തങ്ങൾ ഖയ്സിന്റെ സന്തതികളാണെന്നു അഫ്ഗാനികൾതന്നെ സമ്മതിക്കുന്നുണ്ട്. ഖയ്സ് ഇസ്രായേല്യനാണ്. ഇവിടെ ഈ ചർച്ച ഏതായാലും നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യമില്ല. എന്റെ ഒരു ഗ്രന്ഥത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചുകഴിഞ്ഞിട്ടുണ്ട്. യേശു നസീബയ്ൻ, അഫ്ഗാനിസ്താൻ, പഞ്ചാബ് എന്നിവിടങ്ങളിലൂടെ കശ്മീരിലും തിബത്തിലും നടത്തിയ യാത്രയെക്കുറിച്ചാണ് ഞാൻ വിവരിക്കുന്നത്. ഈ സുദീർഘമായ പ്രയാണങ്ങൾ കാരണം യേശു 'സഞ്ചാരി പ്രവാചകൻ' എന്നു വിളിക്കപ്പെട്ടിരുന്നു. അല്ല, സഞ്ചാരികളുടെ നേതാവ് എന്നുതന്നെ. ആരിഫ് ബില്ലാഹ് അബൂബക്കർ മുഹമ്മദ് ബിൻ മുഹമ്മദ് ബിൻ അൽ വലീദ് അൽഫഹ്രി അത്വർത്വൂശി അൽമാലിക്കി എന്ന മുസ്‌ലിം ജ്ഞാനി തന്റെ 'സിറാജുൽ മുലൂക്ക്' (മക്തബെ ഖയ്രിയ്യ, ഈജിപ്ത് 1306 ഹി.) എന്ന ഗ്രന്ഥത്തിൽ 6–ാം ഭാഗത്ത് ഇപ്രകാരം പറയുന്നു:

"സാത്ത്വികരുടെ നേതാവും സഞ്ചാരികളുടെ തലവനുമായിരുന്ന 'റൂഹു'ല്ലായും 'കലിമത്തുല്ലാ'യുമായ ഈസാ എവിടെ?" അതായത്, അദ്ദേഹം മരിച്ചുപോയിരിക്കുന്നു. അദ്ദേഹത്തെപോലുള്ള മഹാനായ ഒരാൾക്കുപോലും ഈ ലോകം വിട്ടുപിരിയേണ്ടിവന്നിട്ടുണ്ടെന്നുതന്നെ. ഈ മഹാപണ്ഡിതൻ യേശുവിനെപ്പറ്റി 'സഞ്ചാരി' എന്നു മാത്രമല്ല 'സഞ്ചാരികളുടെ തലവൻ' എന്നുകൂടി വിളിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധാർഹമാണ്.

"എല്ലായ്പ്പോഴും ചുറ്റിസഞ്ചിരിക്കുകയും ഒരു സ്ഥാനത്ത് സ്ഥിരമായി പാർക്കാതിരിക്കുകയും ചെയ്തിരുന്നതിനാലാണ് യേശുവിന് മസീഹ് എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്നത്" എന്ന് 'ലിസാനുൽ അറബ്' എന്ന ഗ്രന്ഥത്തിൽ 461–ാം ഭാഗത്ത് രേഖപ്പെടുത്തിക്കാണുന്നു. 'താജുൽ അറൂസ്' എന്ന 'ശറഹ് ഖാമൂ

സി’ലും ഇപ്രകാരം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നന്മയും അനുഗ്രഹവും നല്കപ്പെട്ടയാളാണ് “മസീഹ്”. എന്നുവച്ചാൽ, അദ്ദേഹത്തിന്റെ സ്പർശനംപോലും അനുഗൃഹീതമായിരിക്കുമാറ് അത്രയധികം ഈ ഗുണങ്ങൾ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു അവനിഷ്ടപ്പെടുന്നവർക്ക് ഈ നാമം നല്കുന്നതിനാലാണ് യേശുവിനും ഈ നാമം നല്കപ്പെട്ടത്. ഇതിന്നെതിരിൽ മറ്റൊരു ‘മസീഹ്’ കൂടിയുണ്ട്. ആ മസീഹിന്റെ സ്പർശനം ശപിക്കപ്പെട്ടതത്രേ. എന്നുവച്ചാൽ, തിന്മയും ശാപവുമാണ് ആ മസീഹിന്റെ പ്രകൃതിയിൽ അടങ്ങിയിട്ടുള്ളത്. അവന്റെ സ്പർശനം തിന്മയുടെയും ശാപത്തിന്റെയും അന്ധകാരം പരത്തും. ദജ്ജാലിനും അവനെപ്പോലെയുള്ളവർക്കുമാണ് ഈ പേർ നല്കപ്പെട്ടിരിക്കുന്നത്. ‘സഞ്ചാരിയായ മസീഹ്’ എന്നും ‘അനുഗ്രഹിക്കപ്പെട്ട മസീഹ്’ എന്നുമുള്ള പേരുകൾ പരസ്പരവിരുദ്ധമല്ല. ഒന്നു മറ്റേതിന്റെ മൂല്യം നശിപ്പിക്കുന്നില്ല. ദൈവമൊരാൾക്ക് ഒന്നിലധികം പേർ നല്കുന്നതും അവയെല്ലാം ആ ആൾക്ക് യോജിച്ചിരിക്കുന്നതും ദൈവികമായ പ്രവർത്തനരീതിയിൽപ്പെട്ടതാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, യേശു സഞ്ചാരിയെന്നനിലയിൽ ഇസ്ലാമിക ചരിത്രത്തിൽ തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. അത്തരം ഗ്രന്ഥങ്ങളിൽനിന്നെല്ലാം ആ വിവരങ്ങൾ പകർത്തെടുക്കാമെന്നുവച്ചാൽ അതുതന്നെ ഒരു കൂറ്റൻ ഗ്രന്ഥമാകും. ഞാനിത്രയും പ്രതിപാദിച്ചിട്ടുള്ളതുതന്നെ വസ് തുത തെളിയിക്കാൻ ധാരാളം മതി.

## രണ്ടാം കാണ്ഡം

# ബുദ്ധമത ഗ്രന്ഥങ്ങളിൽ

യേശു പഞ്ചാബ്, കശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽ വന്നിരിക്കണമെന്ന് തെളിയിച്ചു കാട്ടാൻ മതിയായ പലതരം സാക്ഷ്യങ്ങൾ ബുദ്ധമതക്കാരുടെ പുണ്യഗ്രന്ഥങ്ങൾ നമുക്ക് നല്കുന്നുണ്ടെന്നതു ഒരു സത്യവസ്തുതയാകുന്നു. നിഷ്പക്ഷരായ ആളുകൾ അതു പഠിച്ചറിയുകയും തങ്ങളുടെ മനസ്സിൽ രൂപപ്പെടുത്തിയ ആശയങ്ങളുമായി അവയെ തട്ടിച്ചുനോക്കുകയും ചെയ്ത ശേഷം മുകളിൽപ്പറഞ്ഞ നിഗമനത്തിൽ എത്തിച്ചേരുമാറാകുന്നതിന് ഞാനാ തെളിവുകൾ ഇവിടെ നിരത്തിവയ്ക്കാം.

ഒന്നു, ബുദ്ധനു നല്കപ്പെട്ട സ്ഥാനപ്പേരുകളെല്ലാം യേശുവിന് നല്കപ്പെട്ട പേരുകളോട് തികച്ചും സാമ്യമുള്ളവയാണ്. ബുദ്ധന്റെ ജീവിതത്തിലെ സംഭവങ്ങളെല്ലാം യേശുവിന്റെ ജീവിതത്തിലും നടന്നിട്ടുള്ളതിനോടു സാദൃശ്യമുള്ളതായും കാണാം. ലേഹ്, ലാസ്സാ, ഗിൽഗിത്ത്, ഹിമിസ് തുടങ്ങി തിബത്തൻ അതിർത്തിയിൽപെടുന്ന പ്രദേശത്തുള്ള ബുദ്ധമതത്തെക്കുറിച്ചാണ് ഇവിടെ സൂചന. ഈ പ്രദേശങ്ങളിൽ യേശു സഞ്ചരിച്ചിരുന്നതായിട്ടാണ് തെളിഞ്ഞിരിക്കുന്നത്.[14] പേരുകളിലുള്ള സാമ്യത്തെ സംബന്ധിച്ചിടത്തോളം ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നതു ഇതാണ്: യേശു തന്നെപ്പറ്റി 'വെളിച്ചം' ആണെന്നു പറയുന്നുവെങ്കിൽ ഗൗതമനെപ്പറ്റി 'ബുദ്ധൻ' എന്ന് പറയപ്പെട്ടിരിക്കുന്നു. സംസ്കൃതത്തിൽ ഇതിന് വെളിച്ചം എന്നർത്ഥമുണ്ട്. യേശുവിനെപ്പറ്റി 'ഗുരു' എന്നു പറയപ്പെട്ടത് പോലെ ബുദ്ധനെ

14. യേശു അഥവാ ഈശോ കശ്മീർ, ലഡാക്ക്, തിബത്ത് എന്നല്ല, മദ്ധ്യേഷ്യയിലെങ്ങും സഞ്ചരിച്ചിരുന്നുവെന്നു ആളുകൾക്കിടയിൽ ബലമായ വിശ്വാസമുണ്ട്. അദ്ദേഹം ഇന്ത്യ സന്ദർശിച്ചുവെന്നുകൂടി ചിലർ വിശ്വസിക്കുന്നു. ഇതിനെപ്പറ്റി ഒന്നും തീർത്തുപറഞ്ഞുകൂടാ. എങ്കിലും യേശുവിന്റെ ജീവചരിത്രം സൂക്ഷിച്ചുപഠിച്ചിട്ടുള്ള മിക്ക പ്രാമാണികന്മാരും അദ്ദേഹം ഇന്ത്യയിലോ മദ്ധ്യേഷ്യയിലോ വന്നിരുന്നതായി വിശ്വസിക്കുന്നില്ല. എന്നാൽ അതത്രയൊന്നും അസംഭാവ്യമാണെന്നു തോന്നുന്നില്ല." (ജവഹർലാൽ നെഹ്റു – വിശ്വചരിത്രാവലോകം, ഭാ. 115) – വിവ:

പ്പറ്റി ശാസ്താവ് അഥവാ 'ഗുരു' എന്നു പറയപ്പെട്ടിരിക്കുന്നു. യേശുവിനെപ്പറ്റി സുവിശേഷങ്ങളിൽ 'അനുഗ്രഹിക്കപ്പെട്ടവൻ' എന്നു കാണാം. ബുദ്ധനെപ്പറ്റി 'സുഗതൻ' (അനുഗൃഹീതൻ) എന്നു പറയപ്പെട്ടിരിക്കുന്നു. യേശുവിനെപ്പറ്റി 'രാജകുമാരൻ' എന്നു പറഞ്ഞിട്ടുണ്ട്. ബുദ്ധനും രാജകുമാരൻ ആണ്. തന്റെ 'വരവിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവൻ' എന്ന് യേശുവിനെ പ്പറ്റി സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ളതുപോലെ ബുദ്ധ ൻ 'സിദ്ധാർത്ഥൻ' അഥവാ ഉദ്ദേശ്യം സാധിച്ചവൻ എന്നു വിളി ക്കപ്പെട്ടിരിക്കുന്നു. 'തളർന്നവന് അഭയം നല്കുന്നവൻ' ആയി സുവിശേഷങ്ങളിൽ യേശുവിനെപ്പറ്റി വിവരിച്ചിട്ടുള്ളതുപോലെ 'അശരണശരണൻ' എന്ന് ബുദ്ധനെപ്പറ്റി ബുദ്ധമതഗ്രന്ഥങ്ങ ളിലും പറഞ്ഞുകാണാം. യേശുവിനെപ്പറ്റി 'രാജാവ്' എന്നു സുവി ശേഷങ്ങളിലുള്ളതു പ്രകാരം– ഇതദ്ദേഹം സ്വർഗരാജ്യത്തിലെ 'രാജാവ്' എന്ന അർത്ഥത്തിലാണ് വ്യാഖ്യാനിച്ചിട്ടുള്ളതെങ്കിലും – ബുദ്ധനെപ്പറ്റിയും 'രാജാവ്' എന്നു പറയപ്പെട്ടിരിക്കുന്നു.

ജീവിതസംഭവങ്ങളിലുള്ള താദാത്മ്യം ഇപ്രകാരമാണ്: യേശു സാത്താനാൽ പരീക്ഷിക്കപ്പെട്ടതുപോലെ ബുദ്ധനും പരീക്ഷി ക്കപ്പെട്ടിരുന്നു. ജീവിതത്തിലെ കഷ്ടാനുഭവങ്ങൾ ഉപേക്ഷിച്ചു വീട്ടിലേയ്ക്ക് മടങ്ങിയാൽ രാജകീയമായ പ്രൗഢിയും മറ്റെല്ലാ സുഖങ്ങളും ലഭിക്കുമെന്നു പറഞ്ഞു പിശാച് ബുദ്ധനെ പ്രലോ ഭിപ്പിച്ചു. യേശു സാത്താനു വഴങ്ങാതിരുന്നതുപോലെ ബുദ്ധനും വഴങ്ങിയില്ലെന്നു രേഖപ്പെടുത്തിയിരിക്കുന്നു. (ടി.ഡബ്ല്യു. റൈസ് ഡേവിഡ്സിന്റെ 'ബുദ്ധിസം', സർ മോണ്യർ വില്യംസ് എഴുതി യ 'ബുദ്ധിസം' എന്നീ ഗ്രന്ഥങ്ങൾ കാണുക)[15]

## പിശാചിന്റെ പരീക്ഷണം

സുവിശേഷങ്ങളിൽ യേശു തനിക്കായി സ്വീകരിച്ച സ്ഥാന പ്പേരുകൾ, വില്യംസിനാൽ രചിക്കപ്പെട്ട ബുദ്ധമതഗ്രന്ഥങ്ങളിൽ അതേപടി ബുദ്ധനിലും ആരോപിച്ചിട്ടുണ്ടെന്നത് ഈ സംഗതി

15. Budhism - T. W. Rhys Davids, Budhism - Sir Monier Willians. Also see Chinese Budhism - Edkins; Budha - Oldenberg, translated by W. Hoey; Life of Budha - translated by Rickill

വ്യക്തമാക്കിത്തരുന്നു. യേശുവിനെ പിശാച് പരീക്ഷിച്ചതുപോലെ ബുദ്ധനും പരീക്ഷിക്കപ്പെട്ടതായി ഈ ഗ്രന്ഥങ്ങൾ പറഞ്ഞുതരുന്നു. ക്രിസ്തീയ സുവിശേഷങ്ങളിൽ യേശുവിനെ പിശാചു പരീക്ഷിച്ചതിനെപ്പറ്റിയുള്ള വിവരണത്തെയ്ക്കാൾ ദീർഘിച്ചതാണ് ബുദ്ധനെപ്പറ്റി ഈ ഗ്രന്ഥങ്ങളിൽ കാണുന്ന വിവരങ്ങൾ. ഐശ്വര്യവും രാജകീയപ്രൗഢിയും ബുദ്ധന്റെ മുൻപിൽ പിശാച് വെച്ചുകാട്ടിയപ്പോൾ ബുദ്ധൻ വീട്ടിലേക്ക് മടങ്ങാൻ ഒരുങ്ങിയെങ്കിലും ഈ മോഹത്തിന് അടിപ്പെട്ടില്ല. എന്നാൽ, അതേ പിശാച് അദ്ദേഹത്തെ വീണ്ടും രാത്രിയിൽ കണ്ടുമുട്ടിയപ്പോൾ അയാളോടൊപ്പം മുഴുവൻ സന്താനങ്ങളെയും ഒന്നിച്ചു കൊണ്ടുവരികയും ഭീഷണരൂപങ്ങൾ കാട്ടി പേടിപ്പെടുത്തുകയും ചെയ്തു. ഈ പിശാചുക്കൾ പാമ്പുകളുടെ കോലങ്ങളിൽ പ്രത്യേക്ഷപ്പെടുകയും അവയുടെ മുഖത്തുനിന്ന് തീ വമിക്കുകയും ചെയ്തിരുന്നു. ആ 'പാമ്പുകൾ' തീയും വിഷവും അദ്ദേഹത്തിന്റെ നേർക്ക് ചീറ്റി. എന്നാൽ, അവയുടെ വിഷം പുഷ്പങ്ങളായി രൂപാന്തരപ്പെട്ടു. തീയാകട്ടെ ബുദ്ധന്റെ തലക്കുചുറ്റും പ്രഭാപരിവേഷമായി മാറി.

പിശാച് ഇപ്രകാരം വിജയിക്കാതെ വന്നപ്പോൾ, തന്റെ പതിനാറ് പുത്രിമാരെ വിളിച്ച് തങ്ങളുടെ മുഴുവൻ സൗന്ദര്യങ്ങളും ബുദ്ധനു മുമ്പിൽ പ്രദർശിപ്പിക്കാൻ കല്പിച്ചു. എന്നിട്ടും അദ്ദേഹത്തിന്റെ മനസ്സിളക്കാൻ കഴിഞ്ഞില്ല. സാത്താൻ അങ്ങനെ തന്റെ ഉദ്ദേശ്യത്തിൽ പരാജയപ്പെട്ടപ്പോൾ മറ്റു മാർഗ്ഗങ്ങളവലംബിച്ചു. എങ്കിലും, സ്ഥിതപ്രജ്ഞനായ ബുദ്ധനെ അശേഷവും മാറ്റാൻ കഴിഞ്ഞില്ല. ബുദ്ധനാകട്ടെ, ആത്മീയതയുടെ ഉയരങ്ങളിൽ ഉയർന്നുയർന്നുകൊണ്ടിരുന്നു. ദീർഘമായ രാത്രിയ്ക്കുശേഷം എന്നുവച്ചാൽ, നീണ്ടതും വിഷമപൂർണ്ണവുമായ പരീക്ഷകൾക്കുശേഷം ബുദ്ധൻ പിശാചിന്റെമേൽ ജയം നേടി. ജ്ഞാനവെളിച്ചം അദ്ദേഹത്തിന്റെമേൽ പ്രകാശിച്ചു. പ്രഭാതം പുലർന്നതോടെ എന്നുവച്ചാൽ, പരീക്ഷകളിൽനിന്ന് മുക്തനായതോടെ അദ്ദേഹം സംഭവിച്ചതെല്ലാമറിഞ്ഞു. ഈ വൻസമരം അവസാനിച്ച ദിവസമാണ് ബുദ്ധമതത്തിന്റെ പിറവിനാൾ. ആ സമയത്ത്

ഗൗതമൻ, 'ബുദ്ധൻ' എന്നു വിളിക്കപ്പെട്ടു. അദ്ദേഹം ഏതൊരു വൃക്ഷത്തിന്റെ കീഴിൽ അപ്പോൾ ധ്യാനനിഷ്ഠനായിരുന്നുവോ ആ വൃക്ഷത്തിന് 'ബോധിവൃക്ഷം' എന്നു പേരായി.

നിങ്ങൾ ബൈബിൾ തുറന്നുനോക്കിയാൽ യേശുവിനെ പിശാച് പരീക്ഷിച്ചതിനോട് ബുദ്ധനെ ദുർഭൂതങ്ങൾ പരീക്ഷിച്ച സംഭവങ്ങൾക്ക് എത്രത്തോളം സാമ്യമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ബുദ്ധന്റെ വയസ്സ് അപ്പോൾ യേശുവിന്റെ അതേ വയസ്സ് തന്നെയായിരുന്നു എന്നു കാണാം. പിശാച് ബുദ്ധന്റെ മുമ്പിൽ ദൃശ്യമായ ജഡരൂപത്തിലല്ല വെളിപ്പെട്ടിരുന്നതെന്നും ബുദ്ധമത ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാകുന്നു. അത് ബുദ്ധനുമാത്രം അനുഭവപ്പെട്ട ഒരു ദൃശ്യമായിരുന്നു. പിശാചിന്റെ ഭാഷണം ഒരു ദുഷ്പ്രചോദനം ആയിരുന്നു. അതായത്, സ്വന്തമാർഗ്ഗം കൈവിട്ടു തന്നെ പിന്തുടർന്നുകൊള്ളണമെന്നും എന്നാൽ, ഭൂലോകത്തിലെ മുഴുവൻ സമ്പത്തും നല്കുമെന്നും പിശാച് ബുദ്ധനോടു പറഞ്ഞു. ഇപ്രകാരംതന്നെ, പിശാച് യഹൂദരുടെ മുമ്പിലൂടെ തെരുവുകളും ഇടവഴികളും താണ്ടിക്കടന്ന് ജഡരൂപത്തിൽ – മനുഷ്യക്കോലത്തിൽ – യേശുവിന് പ്രത്യക്ഷപ്പെട്ടു. കൂടിയിരുന്നവരെല്ലാം കേൾക്കെ യേശുവിനോട് സംസാരിക്കുകയല്ല ഉണ്ടായതെന്നാണ് ക്രിസ്തീയ പണ്ഡിതന്മാരും വിശ്വസിക്കുന്നത്. നേരേമറിച്ച് യേശുവിന് മാത്രം അനുഭവപ്പെട്ട ഒരു ദിവ്യദർശനത്തിന്റെ (കശ്ഫ്) രൂപത്തിലാണ് പിശാചുമായുള്ള ആ അഭിമുഖം സംഭവിച്ചത്. അവർക്കിടയിലുണ്ടായ സംഭാഷണവും അശരീരിരൂപത്തിലായിരുന്നു. ഹൃദയത്തിൽ ദുർമന്ത്രണം ചെയ്യുകയാണ് പിശാചിന്റെ രീതി. എന്നാൽ, യേശു അതിന് വഴങ്ങിക്കൊടുക്കാതെ പിശാചിന്റെ നിർദ്ദേശങ്ങൾ നിരാകരിച്ചു.

ബുദ്ധനും യേശുവും തമ്മിൽ ഇത്രയേറെ സാദൃശ്യങ്ങൾ ഉണ്ടായതെങ്ങനെ എന്നത് തുലോം ചിന്താർഹമായ ഒരു പ്രശ്നമാണ്. ഇന്ത്യയിലേക്കുള്ള യാത്രക്കിടയിൽ യേശു ബുദ്ധമതത്തെക്കുറിച്ച് അറിയാനിടയാവുകയും ബുദ്ധന്റെ ജീവിത യാഥാർത്ഥ്യത്തെക്കുറിച്ച് അറിവുകൾ നേടിയ ശേഷം തന്റെ നാട്ടിൽ തിരി

ച്ചെത്തി സുവിശേഷങ്ങൾ നിർമ്മിക്കുകയും ചെയ്തുവെന്നാണ് ആര്യസമാജികൾ പറയുന്നത്. ബുദ്ധന്റെ ധർമ്മോപദേശങ്ങൾ യേശു കട്ടെടുത്തു സ്വന്തത്തിൽ തന്റേതായ ധർമ്മോപദേശങ്ങൾ നിർമ്മിക്കുകയാണുണ്ടായതത്രെ! ബുദ്ധൻ തന്നെപ്പറ്റി വെളിച്ചം എന്നും ജ്ഞാനം എന്നും സ്ഥാനപ്പേരുകൾ സ്വീകരിച്ചതുപോലെ ആ സ്ഥാനപ്പേരുകളെല്ലാം യേശു തന്നിലും ആരോപിച്ചു. എത്ര ത്തോളമെന്നാൽ, ബുദ്ധന്റെ പരീക്ഷയെക്കുറിച്ചുള്ള നീണ്ട കഥ പോലും തന്റേതാക്കിത്തീർത്തു. ഇതുപക്ഷേ, ആര്യസമാജിക ളുടെ ഒരു കറ്റുകെട്ടുമാത്രമാണ്. കുരിശുസംഭവത്തിനുമുമ്പേ യേശു ഇന്ത്യയിൽവന്നുവെന്നത് തികച്ചും അയഥാർത്ഥമാകു ന്നു. ആ അവസരത്തിൽ, അദ്ദേഹം അത്തരമൊരു ദീർഘപ്ര യാണം നടത്തേണ്ട ഒരു കാര്യവുമുണ്ടായിരുന്നില്ല. എന്നാൽ, ശാംദേശത്തെ (പലസ്തീൻ) ജൂതന്മാർ തന്നെ നിഷേധിക്കുകയും അവരുടെ വിശ്വാസപ്രകാരം ക്രൂശിക്കുകയും ചെയ്തപ്പോൾ അദ്ദേ ഹത്തിന് അതിന്റെ ആവശ്യമുണ്ടായിരുന്നുതാനും. എന്നാൽ, സുന്ദരമായ ഈ ദൈവികതന്ത്രം ഇവിടെ അദ്ദേഹത്തിന്റെ രക്ഷയ് ക്കെത്തി. ഇപ്രകാരം ജൂതന്മാരോടുള്ള അനുകമ്പയും അവർക്കു പദേശിക്കുന്ന കാര്യത്തിലുള്ള തന്റെ ഉത്ക്കണ്ഠയും നഷ്ടപ്പെ ട്ടപ്പോൾ ജൂതന്മാർ അവരുടെ ദുഷ്പ്രകൃതി നിമിത്തം സത്യം സ്വീകരിക്കാൻ കെല്പില്ലാത്തവിധം ഹൃദയകാഠിന്യം ബാധിച്ച വരായി തീർന്നിരുന്നതിനാലും, ജൂതന്മാരിൽപ്പെട്ട പത്തു ഗോത്ര ങ്ങൾ ഇന്ത്യയിൽ കുടിയേറിപ്പാർത്തിരിക്കുന്നതായി ദൈവം അദ്ദേ ഹത്തെ അറിയിച്ചതനുസരിച്ചും ആ പ്രദേശത്തേക്ക് അദ്ദേഹം യാത്രപുറപ്പെട്ടു. ജൂതന്മാരിൽപ്പെട്ട ചില സംഘങ്ങൾ ഇതിനകം ബുദ്ധമതം സ്വീകരിച്ചിരുന്നതിനാലും ഈ സത്യപ്രവാചകന്, തന്റെ ശ്രദ്ധ ആ ബുദ്ധമതാനുയായികളുടെനേരെ തിരിക്കുകയ ല്ലാതെ നിവർത്തിയുണ്ടായിരുന്നില്ല. ആ രാജ്യത്തിലെ ബുദ്ധമ തപുരോഹിതന്മാർ ബുദ്ധനായ മിശിഹായുടെ ആവിർഭാവം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. അതുകൊണ്ട്, യേശു വിന്റെ സ്ഥാനപ്പേരുകളും 'നിന്റെ ശത്രുവെ സ്നേഹിക്കുക, തിന്മയെ എതിരിടായ്ക' എന്നിത്യാദി ധർമ്മോപദേശങ്ങളും ഗൗത

മബുദ്ധൻ പ്രവചിച്ചതിൻവണ്ണം യേശുവിന്റെ വെളുത്ത നിറവും തുടങ്ങി എല്ലാ അടയാളങ്ങളും പൂർത്തിയായിക്കണ്ടപ്പോൾ ബൗദ്ധപുരോഹിതന്മാർ യേശുവെ ബുദ്ധനായിതന്നെ കരുതി സ്വീകരിച്ചു.

യേശുവിന്റെ ചില സ്ഥാനപ്പേരുകളും ഉപദേശങ്ങളും ജീവിതവസ്തുതകളും അറിഞ്ഞോ അറിയാതെയോ അക്കാലത്ത് ബുദ്ധനിൽ ആരോപിക്കപ്പെട്ടിരുന്നിരിക്കാം. എന്തെന്നാൽ, ചരിത്രം രേഖപ്പെടുത്തുന്ന കാര്യത്തിൽ ഹിന്ദുക്കൾ വലിയ താൽപര്യം പ്രദർശിപ്പിച്ചിരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല. യേശുവിന്റെ കാലംവരെയും ബുദ്ധന്റെ ജീവിതസംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിരുന്നില്ല. അതിനാൽ, തങ്ങളാഗ്രഹിക്കുന്നതെന്തും ബുദ്ധനിൽ ആരോപിക്കാൻ ബുദ്ധമത പുരോഹിതന്മാർക്ക് നല്ല അവസരം ആയിരുന്നു. ഇപ്രകാരം യേശുവിന്റെ ജീവിതത്തെക്കുറിച്ചും ധാർമ്മികോപദേശങ്ങളെക്കുറിച്ചും അറിയാനിടയായപ്പോൾ, അവർ തങ്ങളുടെ മനോവിലാസത്തിനൊത്ത് മറ്റു പലതിനോടൊപ്പം ഇവയും ബുദ്ധനിൽ ആരോപിച്ചു.[16] ബൈബിളിലെ ധർമ്മോപദേശങ്ങളും വെളിച്ചം തുടങ്ങിയ യേശുവിന്റെ ചില സ്ഥാനപ്പേരുകളും സാത്താന്റെ പരീക്ഷയെക്കുറിച്ചുള്ള കഥയും മറ്റും ബുദ്ധനിൽ ആരോപിച്ചു രേഖപ്പെടുത്തിക്കാണുന്നതെല്ലാം ബുദ്ധമതഗ്രന്ഥങ്ങളിൽ എഴുതിച്ചേർത്തതും കുരിശുസംഭവാനന്തരം യേശു ഈ രാജ്യത്തുവന്ന കാലത്താണെന്നു ഞാനിപ്പോൾ തെളിയിച്ചു കാണിക്കാം.

ബുദ്ധനും യേശുവും തമ്മിൽ മറ്റൊരു സാമ്യവും കൂടിയുണ്ട്. പരീക്ഷയുടെ നാളുകളിൽ ബുദ്ധൻ ഉപവാസത്തിലായിരുന്നുവെന്ന് ബുദ്ധമതഗ്രന്ഥങ്ങളിൽ പറയുന്നു. ആ ഉപവാസം നാല്പതു ദിവസം നീണ്ടുനിന്നിരുന്നു. യേശുവും നാല്പതു

16. ബുദ്ധമതത്തിൽ വളരെ മുമ്പേതന്നെ വലിയൊരു ഭാഗം ധാർമ്മികപാഠങ്ങൾ അടങ്ങിയിരുന്നുവെന്ന വസ്തുത നാം നിഷേധിക്കുന്നില്ല. എന്നാൽ, സുവിശേഷങ്ങളിലെ അന്യാപദേശങ്ങളും ഉദ്ധരണികളുമടങ്ങിയ ഭാഗങ്ങൾ നിസ്സംശയം ഹദ്റത്ത് മസീഹ് ഇന്ത്യയിൽവന്ന കാലത്ത് ബുദ്ധമതഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർത്തവയാണെന്നാണ് ഞാൻ പറയുന്നത്.

നാൾ ഉപവസിച്ചിരുന്നതായി സുവിശേഷങ്ങൾ വായിച്ചവർ ഓർക്കുമല്ലോ.

ഞാനിപ്പോൾ പ്രസ്താവിച്ചതിൻവണ്ണം ബുദ്ധന്റേയും യേശുവിന്റെയും ധാർമ്മികോപദേശങ്ങളിൽ കാണപ്പെടുന്ന സാമ്യം രണ്ടും പഠിച്ചിട്ടുള്ളവരെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്യും. തിന്മയെ എതിർക്കൊല്ല, ശത്രുവെ സ്നേഹിക്കുക, ദരിദ്രനായി ജീവിക്കുക, അഹംഭാവം, കളവ്, അത്യാർത്തി എന്നിവ കൈവെടിയുക എന്നിങ്ങനെ സുവിശേഷങ്ങൾ പഠിപ്പിക്കുന്നതുതന്നെയാണ് ബുദ്ധന്റേയും പാഠങ്ങൾ. അല്ല, ബുദ്ധൻ ഇക്കാര്യങ്ങൾ കൂടുതൽ ഊന്നിപ്പറഞ്ഞു. എത്രത്തോളമെന്നാൽ ഏതുജീവിയേയും ഒരു എറുമ്പിനേയോ ചെറുപ്രാണിയേയോ പോലും കൊല്ലുന്നതു പാപമാണ്. ലോകത്തോടു മുഴുവൻ അനുകമ്പ കാണിക്കുക, മനുഷ്യസമുദായത്തിന്റേയും ജന്തുജാലങ്ങളുടെപോലും ക്ഷേമം കാംക്ഷിക്കുക, ഐക്യവും പരസ്പര സ്നേഹവും വളർത്തുക ഇവയാണ് ബുദ്ധമതത്തിന്റെ മുഴച്ചു നില്ക്കുന്ന പ്രത്യേക പാഠങ്ങൾ. ഇതുതന്നെയാണ് സുവിശേഷങ്ങളുടെയും പാഠങ്ങൾ. യേശു തന്റെ ശിഷ്യന്മാരെ വിവിധ രാജ്യങ്ങളിലേക്ക് ഉപദേശിക്കാൻ അയച്ചു. താനും ഈ ഉപദേശങ്ങളുമായി ഒരു രാജ്യത്തേക്കു പുറപ്പെട്ടു. ബുദ്ധനും ഇപ്രകാരംതന്നെ ശിഷ്യന്മാരെ വിവിധ രാജ്യങ്ങളിലേക്ക് അയച്ചതായി മോണ്യർ വില്യംസ് ബുദ്ധമതം എന്ന തന്റെ പുസ്തകത്തിൽ പറയുന്നു. അവരോടദ്ദേഹം പറഞ്ഞു: 'അന്യരാജ്യത്തേക്കു പുറപ്പെട്ടു പോക. എല്ലാ ഭാഗത്തേക്കും  നീങ്ങിക്കൊൾക. ലോകത്തിന്റെ ദുഃഖമകറ്റാനും ദേവതകളുടെയും മനുഷ്യരുടെയും ക്ഷേമത്തിനായും ഒറ്റക്കൊറ്റക്ക് വിവിധരൂപത്തിൽ പുറപ്പെട്ട് ചെല്ലുക. പൂർണ്ണവൈരാഗിയായിരിക്കുവാനും ഹൃദയശുദ്ധിയുള്ളവരാകാനും ബ്രഹ്മചര്യം അഥവാ ചാരിത്ര്യവും നിസ്സംഗതയും കൈക്കൊള്ളാനും ഉപദേശിക്കുക'. ഞാനും ഈ തത്ത്വങ്ങൾ ഉപദേശിക്കുവാനായി പുറപ്പെടുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു (മഹാവഗ്ഗ).[17]

17. Budhism - Sir, Monier Williams - published by John Murray, Lond. 1889, p.45

# ബുദ്ധമതക്കാരിൽ മസീഹ്

ഈ ധാർമ്മികപാഠങ്ങളും ഈ പ്രബോധന ശൈലിയും - അതായത് ഉപമാ കഥകളും മറ്റും - ആണ് യേശുവിന്റെ സവിശേഷരീതികൾ. ഈ പ്രബോധന ശൈലിയോടും സദാചാര പാഠങ്ങളോടും മറ്റു ചില സാഹചര്യങ്ങൾകൂടി ചേർന്നപ്പോൾ അത് യേശുവിന്റെ അനുകരണം തന്നെയെന്ന് എളുപ്പം മനസ്സിലാക്കാൻ സഹായകമായി. യേശു ഇവിടെ ഇന്ത്യയിൽ ഉണ്ടായിരുന്നു. അദ്ദേഹം ചെന്നിടത്തെല്ലാം ഉപദേശപ്രസംഗം നടത്തി. ബുദ്ധമതാനുയായികൾ അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം അത്ഭുതകൃത്യങ്ങൾ കാണിക്കുകമൂലം ഒരു ദിവ്യാത്മാവാണെന്നു മനസ്സിലാക്കി അവർ അതെല്ലാം തങ്ങളുടെ പുണ്യഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി. അല്ല, അദ്ദേഹം ബുദ്ധൻ തന്നെയെന്നും അവർ ഘോഷിച്ചു. നല്ലകാര്യങ്ങൾ എവിടെ കണ്ടാലും സ്വന്തമാക്കുകയെന്നത് മനുഷ്യസ്വഭാവമാണല്ലോ. ഇങ്ങേയറ്റം സാമർത്ഥ്യമുള്ള വാക്ക് ആരെങ്കിലും പറഞ്ഞുകേട്ടാൽ അത് ഓർമ്മിക്കാനും രേഖപ്പെടുത്താനും ആളുകൾ ശ്രമിക്കുന്നു. അതിനാൽ, സുവിശേഷ ചിത്രീകരണങ്ങൾ അത്രയുംതന്നെ തങ്ങളുടെ പുണ്യഗ്രന്ഥങ്ങളിൽ പുനഃപ്രസാധനം ചെയ്യാൻ ബുദ്ധമതക്കാർ ശ്രമിച്ചിരുന്നിരിക്കാം. ഉദാഹരണമായി, യേശുവും ബുദ്ധനും രണ്ടുപേരും നാല്പതു ദിവസം ഉപവസിച്ചത്, രണ്ടുപേരും പരീക്ഷിക്കപ്പെട്ടത്, രണ്ടുപേരും പിതാവില്ലാതെ ജനിച്ചത്, ഇരുവരുടെയും ധാർമ്മിക പാഠങ്ങൾ, രണ്ടുപേരും തങ്ങളെപ്പറ്റി 'വെളിച്ചം' എന്നു വിശേഷിപ്പിച്ചത്, തങ്ങളെ 'ഗുരു' എന്നും കൂട്ടുകാരെ 'ശിഷ്യർ' എന്നും വിളിച്ചത്, ഇവയെല്ലാം സാമ്യമുള്ള കാര്യങ്ങളാണ്. 'മത്തായി' 10-ാം അദ്ധ്യായം 8ഉം 9ഉം വചനങ്ങളിൽ 'പൊന്നും വെള്ളിയും പിച്ചളയും നിങ്ങളുടെ കീശയിൽ കരുതരുത്' എന്ന് കല്പ്പിച്ച പ്രകാരം ബുദ്ധനും തന്റെ ശിഷ്യരോടു കല്പിച്ചതായി കാണാം. യേശു ബ്രഹ്മചര്യത്തെ ഉപദേശിച്ചതുപോലെ ബുദ്ധനും ഉപദേശിക്കുകയുണ്ടായി. യേശുവിനെ കുരിശിലേറ്റിയപ്പോൾ ഒരു ഭൂകമ്പം ഉണ്ടായതുപോലെ ബുദ്ധന്റെ ചരമ

വേളയിലും ഒരു ഭൂകമ്പം സംഭവിച്ചു. ഈ സമാന വസ്തുതകളെല്ലാം യേശു ഇന്ത്യ സന്ദർശിച്ചുവെന്ന യാഥാർത്ഥ്യത്തിൽനിന്നാണ് സമുൽഭവിക്കുന്നത്. ബുദ്ധമതാനുയായികളെ സംബന്ധിച്ചിടത്തോളം അത് അവർക്കൊരു സൗഭാഗ്യത്തിന്റെ അംശം പ്രദാനം ചെയ്തു. നീണ്ട കാലത്തോളം അവർക്കിടയിൽ യേശു പ്രബോധനം ചെയ്തതിനാൽ, അദ്ദേഹത്തിന്റെ ജീവിതത്തേയും അധ്യാപനങ്ങളേയും കുറിച്ച് നല്ലവണ്ണം പഠിക്കാൻ അവർക്ക് സാധിച്ചു. അതുകാരണം, യേശുവിന്റെ വലിയഭാഗം പാഠങ്ങളും ആചാരസംസ്കാരങ്ങളും ബുദ്ധമതഗ്രന്ഥങ്ങളിൽ ഉൾപ്പെടുമാറായത് അനിവാര്യം മാത്രമായിരുന്നു. എന്തെന്നാൽ, യേശുവിനെ അവർ ബുദ്ധനായിട്ടാണ് സ്വീകരിച്ചാദരിച്ചിരുന്നത്. അതിനാൽ ഇവർ അദ്ദേഹത്തിന്റെ തിരുമൊഴികൾ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയും അവ ബുദ്ധനിൽ ആരോപിക്കുകയും ചെയ്തു.

## അന്യാപദേശങ്ങൾ

യേശുവിനെപ്പോലെത്തന്നെ ബുദ്ധനും തന്റെ ശിഷ്യന്മാർക്ക് ഉപമാ കഥകളിലൂടെയാണ് ഉപദേശിച്ചിരുന്നത് എന്നത് അത്ഭുതാവഹമായിരിക്കുന്നു. വിശേഷിച്ചും സുവിശേഷങ്ങളിൽ കാണപ്പെടുന്ന അതേ അന്യാപദേശങ്ങൾ (Parables). ഇത്തരം ഉപമാകഥകളിൽ ഒന്നിൽ ബുദ്ധൻ ഇപ്രകാരം പറയുന്നു: “കർഷകർ വിത്തുവിതയ്ക്കുന്നു. എന്നാൽ, നെല്ല് ഇന്ന് മുളക്കുമെന്നോ നാളെ പൊടിച്ചു വളരുമെന്നോ പറയാനാവില്ല. ഒരു ശിഷ്യന്റെ നിലയും ഇതുതന്നെ. അവൻ കല്പന അനുസരിക്കണം. ധ്യാന ചട്ടങ്ങൾ പാലിക്കണം. സൂത്രങ്ങൾ പഠിക്കണം. ഇന്നോ നാളെയോ താൻ മോക്ഷം പ്രാപിക്കുമെന്ന് അഥവാ പാറമേൽ വിതറിയ വിത്തുപോലെ ആകുമോ എന്ന് അവനു പറയാനാവില്ല.”[18]

സുവിശേഷങ്ങളിൽ ഇന്നും കാണാൻ സാധിക്കുന്ന അതേ ഉപമാ കഥയാണിതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

---

18. Budhism - Monier Williams - p. 51

ബുദ്ധൻ മറ്റൊരു ഉപമാ കഥ പറയുന്നതിങ്ങനെയാണ്: "ഒരു മാൻകൂട്ടം കാട്ടിൽ യഥേഷ്ടം കഴിയുന്നു. അപ്പോൾ ഒരാൾ വന്നെത്തി അതിന്റെ നാശത്തിലേക്കുള്ള വഴി തുറന്നുവെക്കുന്നു. ഒടുവിൽ അത് കെണിയിൽ അകപ്പെട്ട് മരിക്കാൻ ഇടയാകുന്നു. മറ്റൊരാൾ വന്ന് നല്ല വഴി തുറന്നുവെക്കുന്നു. എന്നു വച്ചാൽ, അയാൾ മേച്ചിൽ ഒരുക്കുന്നു. കുടിക്കാൻ വെള്ളത്തിനുവേണ്ടി ചാലു കീറുന്നു. അവ സന്തോഷത്തോടെ ജീവിക്കുമാറാകുന്നു. ഇപ്രകാരംതന്നെ മനുഷ്യന്റെ സ്ഥിതിയും. **അവൻ സുഖത്തിലായിരിക്കുമ്പോൾ സാത്താൻ കടന്നുവന്നു നാശത്തിലേക്കുള്ള തിന്മയുടെ എട്ടുവഴികളും തുറന്നിടുന്നു.** അപ്പോൾ പരിപൂർണ്ണനായ ആൾ വന്നു സത്യത്തിന്റെയും ദൃഢ വിശ്വാസത്തിന്റെയും രക്ഷയുടെയും എട്ടു വഴികൾ അവർക്കായി തുറന്നുവെക്കുന്നു- അവർ രക്ഷപ്പെടാൻവേണ്ടി." (Olden berg, 191-192)

ബുദ്ധൻ പിന്നെയും പറഞ്ഞു: "സാത്ത്വികത സുരക്ഷിതമായൊരു നിധിയാകുന്നു. അതാർക്കും കവർച്ച ചെയ്യാൻ സാധ്യമല്ല. മരണത്തിനുശേഷവും മനുഷ്യനെ അനുഗമിക്കുന്ന നിധിയാണത്; എല്ലാ ജ്ഞാനങ്ങളുടെയും, എല്ലാ പരിപൂർണ്ണതയുടെയും ഉറവിടമായ നിധിയാണത്."

ഇതുതന്നെയാണ് സുവിശേഷങ്ങളുടെയും പാഠമെന്ന് കാണാൻ പ്രയാസമില്ല. ഈ ഉപദേശങ്ങളടങ്ങുന്ന പുരാതന ബുദ്ധമത രേഖകൾ യേശുവിന്റെ കാലത്തിന് വളരെയൊന്നും മുമ്പേയുള്ളതല്ല- അല്ല, അത് അതേ കാലഘട്ടത്തിൽത്തന്നെയുള്ളതത്രെ. തന്റെ കുറ്റമറ്റ ജീവിതത്തെപ്പറ്റി ആർക്കുംതന്നെ തന്റെ സ്വഭാവ പ്രകൃതിയിൽ ഒരു കളങ്കവും ചൂണ്ടിക്കാണിക്കാനാവില്ലെന്ന് പ്രസ്താവിച്ചതായി ഇതേ പുസ്തകത്തിൽത്തന്നെ 135-ാം ഭാഗത്ത് കാണുന്നു. ഇതും യേശുവിന്റെ അരുളപ്പാടിനോടു തികച്ചും സദൃശമായിട്ടുള്ളതത്രേ.[19]

'ബുദ്ധമതം' (Budhism) എന്ന ഗ്രന്ഥത്തിൽ 45-ാം ഭാഗത്ത്

19. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധ്യംവരുത്തുന്നു?" (യോഹ. 8:46)-വിവ:

പറയുന്നു: “ബുദ്ധന്റെ ധാർമ്മിക പാഠങ്ങൾക്ക് ക്രിസ്തുമതത്തിന്റെ പാഠങ്ങളോട് പ്രത്യക്ഷമായ സാമ്യമുണ്ട്.”

ഞാനിത് സമ്മതിക്കുന്നു, ഈ ലോകത്തെ സ്നേഹിക്കൊല്ല, ഈ ലോകത്തിലെ സമ്പത്തിനേയും സ്നേഹിക്കൊല്ല, ശത്രുവിനെ വെറുക്കൊല്ല; തിന്മ പ്രവർത്തിക്കൊല്ല; തിന്മയെ നന്മകൊണ്ടു ജയിക്കുക. ‘നിങ്ങളോടു ചെയ്യാൻ നിങ്ങളിഷ്ടപ്പെടുന്നത് നിങ്ങളങ്ങോട്ടും ചെയ്യുക.’ എന്നിങ്ങനെ ഇരുവരും പറഞ്ഞു. സുവിശേഷങ്ങളിലേയും ബുദ്ധധർമ്മത്തിലേയും പാഠങ്ങളിലുള്ള പ്രത്യക്ഷമായ ഈ സാരൂപ്യ സാദൃശ്യങ്ങൾ കൂടുതൽ ഉദ്ധരിച്ചുകാട്ടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

‘മത്തിയ’ (Metteyya) എന്ന പേരിലുള്ള മറ്റൊരു ബുദ്ധന്റെ ആവിർഭാവത്തെപ്പറ്റി ഗൗതമബുദ്ധൻ പ്രവചിച്ചിരുന്നതായി ബുദ്ധമത ഗ്രന്ഥങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഈ പ്രവചനം ‘ലഗ്ഗാവതി സുത്ത’ എന്ന ബൗദ്ധഗ്രന്ഥത്തിൽ കാണാവുന്നതാണ്. ഓൾഡൻ ബർഗിന്റെ പുസ്തകത്തിൽ 142–ാം ഭാഗത്ത് ഈ പ്രവചനം ചേർത്തു കാണാം. പ്രവചനം ഇപ്രകാരമാണ്:

“ഞാൻ ഇന്നു നൂറുകണക്കിൽ ശിഷ്യന്മാരുടെ ഗുരുവായിരിക്കുന്നതുപ്രകാരം മത്തിയാ ലക്ഷക്കണക്കിൽ ശിഷ്യരുടെ ഗുരുവായിരിക്കും.”[20]

## മൈത്രേയാ – മിശിഹാ

അബ്രാനിയിൽ ‘മിശിഹാ’ എന്നതുതന്നെയാണ് പാലിഭാഷയിൽ ‘മത്തിയാ’ ആയി മാറിയതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഭാഷയിലുള്ള ഒരു പദം മറ്റൊരു ഭാഷയിൽ വരുമ്പോൾ അതിനു ഇപ്രകാരം ചില മാറ്റങ്ങൾ സംഭവിക്കുന്നുവെന്നത് എല്ലാവർക്കുമറിയാവുന്ന ഒരു വസ്തുത മാത്രമാണ്. ഇംഗ്ലീഷ്

---

20. "He will be the leader of a band of a disciples numbering hundreds of thousands, as I am now the leader of bands of disciples, numbering hundreds" (Chakkamma Hisuttanta - Budha - His Life, His Doctrine. His Order- Oldenberg, Dr. Hermann p..142)

പദവും മറ്റൊരു ഭാഷയിൽ മറിച്ചെഴുതുമ്പോൾ മാറിപ്പോകുന്നതായി നമുക്കനുഭവമുണ്ട്. മാക്സ്മുള്ളർ തന്റെ 'സേക്രഡ് ബുക്സ് ഓഫ് ദ ഈസ്റ്റ്' എന്ന ഗ്രന്ഥത്തിൽ (വാല്യം 11) ഒരു പട്ടിക ചേർത്തുകൊണ്ട് 318-ാം ഭാഗത്ത്, ഇംഗ്ലീഷിലെ 'ത്' (th) എന്ന അക്ഷരം പേർഷ്യനിലോ അറബിക്കിലോ മാറി വരുമ്പോൾ 'സ്' (s) എന്നു എഴുതേണ്ടിവരുന്നുവെന്ന് പ്രസ്താവിക്കുന്നു.[21] ഈ മാറ്റങ്ങളെപ്പറ്റി നല്ലവണ്ണം മനസ്സിരുത്തിയാൽ 'മിശിഹാ' എന്ന പദംതന്നെയാണ് പാലിഭാഷയിൽ 'മത്തിയാ' ആയി മാറിയതെന്നു ആർക്കും എളുപ്പം ഗ്രഹിക്കാനാകും. ബുദ്ധൻ പ്രവചിച്ച വരുവാനുള്ള 'മത്തിയാ' (മൈത്രേയാ) യഥാർത്ഥത്തിൽ മസീഹ് അഥവാ മിശിഹാ അല്ലാതെ മറ്റാരുമല്ലെന്ന് ഇത് വ്യക്തമാക്കിത്തരുന്നു. താൻ പടുത്തുയർത്തിയ മതധർമ്മം 500 കൊല്ലത്തിനപ്പുറം നിലനില്ക്കുകയില്ലെന്നും തന്റെ സിദ്ധാന്തങ്ങളും ഉപദേശങ്ങളും മങ്ങിത്തുടങ്ങുന്ന കാലത്തു ഈ രാജ്യത്തു 'മത്തിയാ' പ്രത്യക്ഷപ്പെട്ടു ലോകത്ത് അതിനെ പുനഃസ്ഥാപിക്കുമെന്നും ബുദ്ധൻ പ്രവചിച്ചിട്ടുണ്ടെന്ന വസ്തുതയെ ഇതു ബലപ്പെടുത്തുന്നു. ബുദ്ധനു 500 കൊല്ലം കഴിഞ്ഞാണ് യേശു പ്രത്യക്ഷപ്പെട്ടതെന്നു നമുക്കറിയാം. ബുദ്ധൻ തന്റെ മതധർമം ക്ഷയിക്കുന്നതിനു 500 കൊല്ലക്കാലം ക്ലിപ്തപ്പെടുത്തിപ്പറഞ്ഞ പ്രകാരം നിശ്ചിതകാലത്തുതന്നെ ബുദ്ധമതം ക്ഷയിക്കുകയും ചെയ്തു. യേശു കുരിശിൽനിന്ന് രക്ഷപ്പെട്ടശേഷം ഈ രാജ്യത്തേയ്ക്കു യാത്രതിരിച്ചതും ഇക്കാലത്ത് തന്നെയായിരുന്നു.

ബുദ്ധമതക്കാർ അദ്ദേഹത്തെ തിരിച്ചറിയുകയും അത്യാദരപൂർവം കൈക്കൊള്ളുകയും ചെയ്തു. ബുദ്ധൻ ലോകത്ത് സ്ഥാപിച്ചുകാണിച്ച ധാർമികസംഹിതയും ആത്മീയമാർഗ്ഗവും യേശു ലോകത്ത് പുനഃസ്ഥാപിച്ചുവെന്നതിൽ ആർക്കും സംശയത്തിന്നവകാശമില്ല. സുവിശേഷത്തിലെ പർവ്വതപ്രസംഗത്തിലടങ്ങിയ ധാർമ്മികോപദേശങ്ങളും മറ്റു സദാചാരപാഠങ്ങളും അഞ്ഞൂറുവർഷം മുമ്പേ ബുദ്ധൻ ഘോഷിച്ചിട്ടുണ്ടായിരുന്നവ

21. Sacred Books of the East. Vol.II p.318

തന്നെയെന്നു പ്രസ്തുത ക്രിസ്തീയ ചരിത്രകാരന്മാർ അംഗീകരിക്കുന്നുമുണ്ട്. ബുദ്ധൻ ധാർമികപാഠങ്ങൾ മാത്രമല്ല, മറ്റുപല സത്യങ്ങളും പ്രബോധനം ചെയ്തിട്ടുണ്ടായിരുന്നുവെന്നും ബുദ്ധനെപ്പറ്റി 'പൗരസ്ത്യദീപം' (Light of Asia) എന്നു പറയപ്പെട്ടിട്ടുള്ളത് അനുയുക്തമാണെന്നും അവർ സമ്മതിക്കുന്നു. ബുദ്ധന്റെ പ്രവചനപ്രകാരം 500 കൊല്ലം കഴിഞ്ഞാണ് യേശു പ്രത്യക്ഷനായത്. മിക്ക ക്രിസ്തീയ പണ്ഡിതന്മാരും ഏറ്റുപറയുന്നതിൻവണ്ണം അവരുടെ ധാർമ്മികപാഠങ്ങൾ ബുദ്ധന്റെ പാഠങ്ങൾതന്നെയാണുതാനും. അതിനാൽ, ബുദ്ധന്റെ ആത്മീയ സാദൃശ്യത്തിലാണ് യേശു അവതരിച്ചിരുന്നതെന്നതിൽ സംശയമേതുമില്ല. ബുദ്ധന്റെ അനുയായികൾ ഭാവിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് മത്തിയായുടെ ശിഷ്യരെപ്പോലെ തങ്ങൾക്കും നിർവ്വാണം ലഭിക്കുമെന്നു ആശ്വാസം കൊണ്ടതായി 'ലഗ്ഗാവതീ സുതതാ'യെ അടിസ്ഥാനമാക്കി ഓൾഡൻബർഗ്ഗ് പ്രസ്താവിക്കുന്നു. അതായത്, മത്തിയാ തങ്ങൾക്കിടയിൽ വെളിപ്പെടുമെന്നും അദ്ദേഹം മുഖേന തങ്ങൾ നിർവ്വാണം പ്രാപിക്കുമെന്നും അവർ ഉറച്ചു വിശ്വസിച്ചിരുന്നു. മത്തിയായെപ്പറ്റി ബുദ്ധൻ നല്കിയ സദ്വാർത്തയിൽ തന്റെ അനുയായികൾ അദ്ദേഹത്തെ കണ്ടെത്തുമെന്നു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ആ ജനവിഭാഗത്തിന്റെ മാർഗ്ഗദർശനാർത്ഥം ദൈവം രണ്ടു സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന വിശ്വാസത്തെ മേൽപുസ്തകം ദൃഢീകരിക്കുന്നു. "ഒരുമിച്ചു കൂട്ടുന്നവൻ" എന്നർത്ഥമുള്ള 'ആസിഫ്' എന്ന സ്ഥാനപദം അനുസരിച്ചു (ഉല്പത്തി 3:10) ജൂദന്മാർ കുടിയേറിപ്പാർത്തുപോന്ന ഈ പ്രദേശത്ത് യേശുവിനു സന്ദർശനം നടത്താതിരിക്കാൻ നിവർത്തിയില്ലായിരുന്നു. രണ്ടാമതായി, ബുദ്ധന്റെ പ്രവചനപ്രകാരം ബുദ്ധന്റെ അനുയായികൾ അദ്ദേഹത്തെ കാണുകയും അദ്ദേഹത്തിൽനിന്നു ആത്മീയനേട്ടങ്ങൾ കരസ്ഥമാക്കുകയും വേണം. ഈ രണ്ടു വസ്തുതകളും ഒന്നിച്ചുചേർത്തു ചിന്തിക്കുന്നപക്ഷം യേശു തിബത്ത് സന്ദർശിക്കണമെന്നു മിക്കവാറും തീർച്ചപ്പെടുത്താൻ കഴിയും. ക്രിസ്തീയ തത്ത്വങ്ങളും കല്പന

കളും തിബത്തൻബുദ്ധമതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യവും യേശു തിബത്ത് സന്ദർശിച്ചിരിക്കണമെന്നു മനസ്സിലാക്കിത്തരുന്നു. ഇതിനുപുറമെ, തീവ്രവിശ്വാസികൾ അദ്ദേഹത്തെ കണ്ടെത്തുമെന്ന പ്രതീക്ഷയിൽ കഴിഞ്ഞുപോന്നതായി ബുദ്ധമത രേഖകളിൽ പറഞ്ഞുകാണുന്നതു ഈ രാജ്യത്തു അദ്ദേഹത്തിന്റെ സമാഗമത്തെക്കുറിച്ചുള്ള മുന്നറിവുകളായിരുന്നെന്ന കാര്യം വിളിച്ചറിയിക്കുന്നുണ്ട്. ഈ രണ്ടുവസ്തുതകളുംവച്ചുനോക്കുമ്പോൾ നിഷ്പക്ഷനായ ഒരാളെ സംബന്ധിച്ചിടത്തോളം യേശു തിബത്തിൽ വന്നെത്തിയെന്ന കാര്യത്തിൽ ബുദ്ധമതരേഖകൾ പരിശോധിക്കേണ്ട ആവശ്യം തന്നെ അവശേഷിക്കുന്നില്ല. ബുദ്ധന്റെ രണ്ടാം ആവിർഭാവത്തെക്കുറിച്ചുള്ള പ്രവചനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രത്യാശകൾ തീവ്രമായിട്ടുള്ളതാകയാൽ, പ്രസ്തുത പ്രവചനംതന്നെ മസീഹിനെ തിബത്തിലേയ്ക്ക് ആകർഷിച്ചിട്ടുണ്ടായിരുന്നിരിക്കണം. ബുദ്ധമത ഗ്രന്ഥങ്ങളിൽ അടിക്കടി കാണപ്പെടുന്ന 'മത്തിയാ' എന്ന വാക്ക് മസീഹാ എന്ന വാക്ക് തന്നെയാണെന്നതിൽ ഒരു സംശയവുമില്ല. എച്ച്.ടി. പ്രിൻസെപ് എഴുതിയ ടിബറ്റ്, ടാർടറി, മംഗോളിയ[22] എന്ന പുസ്തകത്തിന്റെ 14-ാം ഭാഗത്ത്, മത്തിയാ ബുദ്ധനെപ്പറ്റി - യഥാ ർത്ഥത്തിൽ മസീഹ് തന്നെയാണിത് - ക്രിസ്തീയ മിഷണറിമാർ തിബത്തിൽ പോയപ്പോൾ തങ്ങളുടെ കണ്ണുകൊണ്ടു കാണുകയും ചെവികൊണ്ട് കേട്ടറിയുകയും ചെയ്തിട്ടുള്ള കാര്യങ്ങളിൽനിന്ന് ലാമമാരുടെ പക്കലുള്ള പ്രാചീന ബുദ്ധമതഗ്രന്ഥങ്ങളിൽ ക്രിസ്തുമതത്തിന്റെ ചില അടയാളങ്ങൾ കാണാനുണ്ടായിരുന്നുവെന്ന തീരുമാനത്തിലെത്തുകയുണ്ടായെന്നു പറയുന്നു. ക്രിസ്തീയതത്ത്വങ്ങൾ ഈ പ്രദേശത്ത് എത്തിയിരുന്നപ്പോൾ ക്രിസ്തുവിന്റെ ശിഷ്യന്മാർ ജീവിച്ചിരിക്കുന്നുണ്ടായിരുന്നുവെന്നു ഈ ക്രിസ്തീയ പുരോഹിതന്മാർ കരുതുന്നുവെന്നതിൽ ഒരു സംശയവുമില്ലെന്ന് അതേ

---

22. Tibet, Tartary, Mangolia - H.T. Princep.

ഭാഗത്തുതന്നെ പ്രസ്താവിച്ചു കാണുന്നു. ഇതിനുംപുറമെ, ഒരു വലിയ രക്ഷകൻ വെളിപ്പെടുമെന്ന പൊതുവായ വിശ്വാസം അക്കാലത്ത് അവിടെ വ്യാപകമായി നിലനിന്നിരുന്നുവെന്നും പുസ്തകത്തിന്റെ 171-ാം ഭാഗത്ത് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഈ സംരക്ഷകന്റെ ആവിർഭാവത്തെ സംബന്ധിച്ച വിശ്വാസം പരത്തിയതു ജൂതന്മാർ മാത്രമല്ലെന്നും ബുദ്ധമതക്കാർതന്നെയും ഈ വിശ്വാസത്തിനു അടിസ്ഥാനമിട്ടവരാണെന്നും- അതായത്, മത്തിയായുടെ ആവിർഭാവത്തെ ക്കുറിച്ചുള്ള പ്രവചനമുണ്ടെന്നു-ടാസിറ്റസ് പറയുന്നുണ്ട്. പുസ്തകത്തിന്റെ കർത്താവ് ഒരു അടിക്കുറുപ്പിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "പിടക്കടയൻ," "തഥാഗത" എന്നീ ഗ്രന്ഥങ്ങളിൽ മറ്റൊരു ബുദ്ധന്റെ അവതാരത്തെക്കുറിച്ചുള്ള പ്രവചനമുണ്ട്, ഗൗതമന്റെ അഥവാ ശാക്യമുനിയുടെ കാലത്തിനു ആയിരം കൊല്ലം ശേഷമാണ് ഇതു സംഭവിക്കുക. താൻ ഇരുപത്തഞ്ചാമത്തെ ബുദ്ധനാണെന്നും 'ഭഗ്വാ മത്തിയാ' പ്രത്യക്ഷപ്പെടാനുണ്ടെന്നും, എന്നുവച്ചാൽ തന്റെ തിരോധാനത്തിനുശേഷം ഈ രാജ്യത്ത് അദ്ദേഹം പ്രത്യക്ഷനാകുമെന്നും അദ്ദേഹത്തിന്റെ പേർ 'മത്തിയാ' എന്നായിരിക്കുമെന്നും അദ്ദേഹം വെളുത്ത നിറത്തോടു കൂടിയവനായിരിക്കുമെന്നും ഗൗതമൻ പ്രസ്താവിക്കുന്നു. ഇംഗ്ലീഷുകാരനായ ഗ്രന്ഥകർത്താവ് തുടർന്നു പറയുന്നതു, 'മത്തിയാ' എന്ന പദം മിശിഹാ എന്ന പദത്തോടു വളരെയേറെ സാമ്യമുള്ളതാണെന്നത്രേ. ചുരുക്കത്തിൽ, ഗൗതമ ബുദ്ധൻ ഈ പ്രവചനത്തിൽ തെളിച്ചു പറഞ്ഞതു, തന്റെ നാട്ടിൽ തന്റെ അനുചരന്മാർക്കിടയിൽ ഒരു മസീഹ് പ്രത്യക്ഷപ്പെടുമെന്നത്രെ. തങ്ങളുടെ രാജ്യത്ത് മസീഹ് വെളിപ്പെടുമെന്ന പ്രതീക്ഷ ബുദ്ധമതക്കാർക്കിടയിൽ പരക്കാനുള്ള അടിസ്ഥാന കാരണവും ഇതുതന്നെയാകുന്നു. ബുദ്ധൻ തന്റെ പ്രവചനത്തിൽ 'ഭഗ്വാ മത്തിയാ' എന്നാണ് അദ്ദേഹത്തെ കുറിച്ചു പറഞ്ഞതു. ഭഗ്വാ എന്നതിനു സംസ്കൃതത്തിൽ വെളുത്ത എന്നർത്ഥമാണത്രെ. സിറിയൻ പ്രദേശക്കാരനാകയാൽ യേശു വെളുത്ത തൊലിയുള്ള ആളായിരുന്ന താനും.

## ഭഗ്‌വാ മത്തിയാ

ഈ പ്രവചിതനാട്ടിലെ ജനങ്ങൾ അതായത്, രാജഗൃഹം ഉൾപ്പെടുന്ന മഗധരാജ്യത്തിലെ നിവാസികൾ കറുത്തവരത്രെ. ഗൗതമബുദ്ധൻതന്നെയും കറുത്ത ആളായിരുന്നു. ഭാവി ബുദ്ധനെ സംബന്ധിച്ചു അദ്ദേഹം ഖണ്ഡിതമായ രണ്ടു അടയാളങ്ങൾ അനുയായികൾക്ക് പറഞ്ഞുകൊടുത്തിരുന്നു. ഒന്നു അദ്ദേഹം ഭഗ്‌വാ അഥവാ വെളുത്ത ചർമ്മമുള്ള ആളായിരിക്കും. രണ്ടു അദ്ദേഹം മത്തിയാ അഥവാ സഞ്ചാരിയും വിദേശത്തുനിന്നു വരുന്ന ആളുമായിരിക്കും. ഈ ജനവിഭാഗം പ്രസ്തുത ലക്ഷണങ്ങളോടുകൂടിയ ആളെയും പ്രതീക്ഷിച്ചുനിന്നു. ഒടുവിൽ, യേശുവിൽ ആ വാഗ്ദത്ത പുരുഷനെ കണ്ടെത്തുകയും ചെയ്തു. ബുദ്ധനുശേഷം അഞ്ഞൂറു കൊല്ലം കഴിഞ്ഞാൽ 'ഭഗ്‌വാ മത്തിയാ' അഥവാ 'വെളുത്ത മസീഹ്' തങ്ങളുടെ രാജ്യത്ത് പ്രത്യക്ഷനായിയെന്നു ഓരോ ബുദ്ധമതക്കാരനും വിശ്വസിക്കേണ്ടതുണ്ട്. അതുകൊണ്ട്, മത്തിയായുടെ (മൈത്രേയായുടെ) മസീഹിന്റെ ആവിർഭാവത്തെപ്പറ്റിയും ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തെപ്പറ്റിയും ബുദ്ധമത ഗ്രന്ഥങ്ങളിൽ പറയപ്പെട്ടു കാണുന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. അത്തരം പരാമർശങ്ങളൊന്നും ഇല്ലെന്നുവന്നാൽതന്നെയും തനിക്കുണ്ടായ ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലും 'ഭഗ്‌വാ മത്തിയാ' തങ്ങളുടെ രാജ്യത്ത് വരുമെന്ന വിശ്വാസപ്രതീക്ഷ ബുദ്ധൻ സ്വശിഷ്യരിൽ വളർത്തിയിട്ടുണ്ടായിരുന്നതിനാൽ ഈ പ്രവചനത്തെക്കുറിച്ചു നേരിട്ടറിവുള്ള ഒരു ബുദ്ധമതക്കാരനും 'ഭഗ്‌വാ മത്തിയാ'യുടെ അഥവാ 'വെളുത്ത മസീഹി'ന്റെ ആഗമനത്തെ നിഷേധിക്കുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ, പൂർത്തിയായില്ലെങ്കിൽ മതവിശ്വാസം കളവാണെന്നുവന്നുപോകും. പ്രവചനം പൂർത്തിയാകുന്നതിനു ഒരു കാലപരിധി നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനു പുറമെ അതു ഗൗതമബുദ്ധൻ അനുയായികൾക്ക് അടിക്കടി വിവരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഈ പ്രവചനം തക്കസമയത്തു പൂർത്തിയായില്ലെങ്കിൽ ബുദ്ധമതക്കാർക്കിടയിൽ അദ്ദേഹത്തിന്റെ സത്യ

ത്തിൽ സംശയം ജനിക്കുകയും ഈ പ്രവചനം പൂർത്തിയായി ല്ലെന്നു ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുമായി രുന്നു.

## മി–ശി–ഹു

ഈ പ്രവചനം പൂർത്തിയായിട്ടുണ്ടെന്നതിലേയ്ക്കുള്ള മറ്റൊരു തെളിവ് മസീഹ് എന്ന പേർതന്നെ ഉൾക്കൊണ്ട ഗ്രന്ഥ ങ്ങൾ എ.ഡി. ഏഴാം നൂറ്റാണ്ടിൽ തിബത്തിൽ കണ്ടെത്തുകയു ണ്ടായെന്നതാണ്. അതായതു, യേശുവിന്റെ പേർതന്നെ മി–ശി –ഹു (Mi-Shi-Hu) എന്നു എഴുതപ്പെട്ടിരിക്കുന്നു. മി–ശി–ഹു എന്ന വാക്ക് ഉൾക്കൊള്ളുന്ന ഒരു പേരുവിവരപ്പട്ടിക ക്രോഡീകരിച്ചി ട്ടുള്ള ആൾ ഒരു ബുദ്ധമതക്കാരൻ തന്നെയാണ്. ജീ.തകാകുസു (G.Takakusu) വിവർത്തനം ചെയ്ത ഐത്സിങ്ങിന്റെ (I-Tsing) ഒരു ബുദ്ധമതരേഖ (A Record of the Budhist Religion) എന്ന ഗ്രന്ഥം നോക്കുക. ഐത്സിംഗിന്റെ ഈ ഗ്രന്ഥം തർജ്ജമ ചെയ്ത തകാ കുസു പറയുന്നത് അതിപ്രാചീനമായ ഒരു ഗ്രന്ഥത്തിൽ മി–ശി –ഹു (മസീഹ്) എന്ന പേർ കാണപ്പെട്ടിട്ടുണ്ടെന്നാണ്. ഈ പുസ് തകം മിക്കവാറും ഏഴാം നൂറ്റാണ്ടിലുള്ളതാണ്.[23] ജി. തകാകുസു എന്ന ജപ്പാൻകാരനാണ് ഇതു വിവർത്തനം ചെയ്തു 1896 ൽ ഓക്സ്ഫോർഡിലെ ക്ലാറണ്ടൻപ്രസ്സിൽനിന്നു പ്രസിദ്ധപ്പെടു ത്തിയത്! 'മസീഹ്' എന്ന പദം ഏതായാലും അതിൽ അടങ്ങി യിട്ടുണ്ട്. ഈ പേർ ബുദ്ധമതക്കാർക്കിടയിൽ പുറത്തുനിന്നു കട ന്നുവന്നതല്ലെന്നും ബുദ്ധന്റെ പ്രവചനങ്ങളിൽനിന്നുതന്നെയാ ണ് ഇത് അവർ എടുത്തതെന്നും ഇതിൽനിന്നു നമുക്കുറപ്പി ക്കാൻ കഴിയും. അതു ചിലപ്പോൾ മസീഹെന്നും ചിലപ്പോൾ 'ഭഗ്വാ മത്തിയാ' എന്നും അവർ എഴുതിപ്പോന്നു.

## യസാ–യസു

ബുദ്ധമതരേഖകളിൽ അടങ്ങിയ മറ്റൊരു തെളിവ് ഇതാണ്: സർ മോണിയർ വില്യം എഴുതിയ ബുദ്ധമതം എന്ന ഗ്രന്ഥ ത്തിന്റെ 45-ാം പേജിൽ ബുദ്ധന്റെ ആറാമത്തെ ശിഷ്യൻ 'യസാ'

23. പുസ്തകത്തിന്റെ 169, 223 പേജുകൾ നോക്കുക.

എന്ന ആളായിരിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ട്. യസു എന്ന നാമപദത്തിന്റെ രൂപാന്തരമാണിതെന്നാണ് തോന്നുന്നത്. ബുദ്ധന്റെ ചരമത്തിനുശേഷം അഞ്ഞൂറു വർഷം കഴിഞ്ഞാണ് അതായത് ആറാം നൂറ്റാണ്ടിലാണ് യേശു പ്രത്യക്ഷനായതു. അങ്ങനെ അദ്ദേഹം ആറാമത്തെ ശിഷ്യൻ എന്ന് വിളിയ്ക്കപ്പെട്ടു. പ്രഫസർ മാക്സ്മുള്ളർ 'നൈന്റീൻത്ത് സെൻചറി'[24] (Nineteenth Century) 517-ാം ഭാഗത്ത് (1894 ഒക്ടോബർ ലക്കം) മേൽ പ്രസ്താവനയെ പിന്താങ്ങിയിട്ടുണ്ടെന്നു ഓർക്കേണ്ടതാണ്. യേശു ബുദ്ധമതതത്ത്വങ്ങളിൽ ആകൃഷ്ടനായിരുന്നുവെന്നു പ്രസിദ്ധരായ പല എഴുത്തുകാരും പലപ്പോഴായി അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്തുവിന്റെ കാലത്ത് ബുദ്ധമതം പലസ്തീനിലെത്താൻ സാധിച്ചതിന്റെ യഥാർത്ഥമായ ചരിത്രമാർഗ്ഗം ഇന്നുവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. യസു, ബുദ്ധന്റെ ശിഷ്യനായിരുന്നുവെന്നെഴുതിയ ബുദ്ധമതഗ്രന്ഥങ്ങളെ ഇതു പിന്താങ്ങുന്നു. മാക്സ്മുള്ളറെപോലുള്ള സമുന്നതരായ ക്രിസ്ത്യാനികൾ ബുദ്ധമതതത്ത്വങ്ങൾ യേശുവിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടായിരുന്നുവെന്നു സമ്മതിക്കുമ്പോൾ അതു യേശു, ബുദ്ധന്റെ ശിഷ്യനായിരുന്നുവെന്നു പറയുന്നതിനു തുല്യമാണല്ലോ. മസീഹിനെ സംബന്ധിച്ചു അത്തരം വാക്കുകൾ ഉപയോഗിക്കുന്നതുപോലും അനാദരവും ധിക്കാരവുമാണെന്നു കരുതുന്നവനാണ് ഞാൻ. യസു, ബുദ്ധന്റെ ശിഷ്യൻ അഥവാ മുരീദ് ആയിരുന്നുവെന്നു ബുദ്ധമതഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണുന്നുവെങ്കിൽ അതവരുടെ പണ്ഡിതന്മാരുടെ പൗരാണിക രീതിയനുസരിച്ചുള്ള ഒരു പ്രയോഗം മാത്രമാണ്. വരാനിരിക്കുന്ന ഒരു മഹാത്മാവിനെക്കുറിച്ചു മുൻകഴിഞ്ഞ മറ്റൊരു മഹാത്മാവിന്റെ ശിഷ്യനായി വിവരിച്ചു കാട്ടുന്നതു അവരുടെ പഴയ രീതിയത്രെ. ഇതു കൂടാതെ മുൻവിവരിച്ചതുപോലെ യേശുവിന്റെയും ബുദ്ധന്റെയും വാദങ്ങളിൽ വലിയ സാമ്യമുള്ളപ്പോൾ ബുദ്ധൻ ഈസാമസീഹിനേക്കാൾ മുമ്പേവന്ന ആളെന്ന നില

24. The Nineteenth Century; Lond. Oct. 1894. Vol.3, July-December British Museum w.p.59,39

യ്ക്ക് ഗുരുശിഷ്യബന്ധം അവരിൽ ആരോപിക്കുന്നതു ആദര പ്രകടനമല്ലെങ്കിൽക്കൂടി നിരർത്ഥകമാണെന്നു പറഞ്ഞുകൂടാ. ബുദ്ധമതതത്ത്വങ്ങൾ യേശുവിന്റെ കാലത്ത് പലസ്തീനിൽ എത്തിയിട്ടുണ്ടായിരുന്നുവെന്നു യേനകേനപ്രകാരേണ തെളിയിച്ചു കാട്ടുകയെന്ന യൂറോപ്യൻ ഗവേഷകന്മാരുടെ പര്യേഷണരീതിയെ ഞാനേതായാലും അംഗീകരിക്കുന്നില്ല. ബുദ്ധമതത്തിന്റെ പ്രാചീനപുണ്യ ഗ്രന്ഥങ്ങളിൽ യേശുവിന്റെ നാമം ഉൾപ്പെട്ടു കണ്ടപ്പോൾ പലസ്തീനിൽ ബുദ്ധമതം എത്തിയതിന്റെ തെളിവുകൾ കണ്ടെത്താൻ പാടുപെടുകയെന്ന തലതിരിഞ്ഞ മാർഗ്ഗം അവർ സ്വീകരിച്ചത് തികച്ചും ഖേദകരമാണ്. നേപ്പാളിലെയും തിബത്തിലെയും കശ്മീരിലെയും കുന്നിൻപ്രദേശങ്ങളിൽ യേശുവിന്റെ പവിത്രമായ കാലടിപ്പാടുകൾ തിരഞ്ഞുപിടിക്കാൻ അവരെന്തുകൊണ്ട് ശ്രമിക്കുന്നില്ല. എന്നാൽ, ഒരായിരം അന്ധകാരത്തിന്റെ ചുരുളുകൾക്കുള്ളിൽ മറഞ്ഞുകിടക്കുന്ന ഈ സത്യങ്ങൾ ഈ ഗവേഷകന്മാർക്കൊ ന്നും കണ്ടെത്താൻ കഴിയുമായിരുന്നില്ലെന്നു എനിക്കറിയാം. സൃഷ്ടിപൂജ അതിന്റെ എല്ലാ സീമകളും കടന്നു ലോകമാകെ വ്യാപിക്കുകയും ക്രൂശാരാധനയും രക്തബലിയിലുള്ള വിശ്വാസവും കോടിക്കണക്കി നാളുകളെ സത്യദൈവത്തിൽ നിന്നു അകറ്റിക്കളയുകയും ചെയ്തിട്ടുള്ളതായി സ്വർഗസ്ഥനായ ദൈവം കണ്ടപ്പോൾ അവൻ തന്റെ വൈരാഗ്യത്താൽ ഈ കുരിശു വിശ്വാസത്തെ തകർക്കുന്നതിനു തന്റെ ഒരു വരിഷ്ഠദാസനെ യേശുമസീഹിന്റെ നാമത്തിൽ അയക്കുകയാണുണ്ടായത്. അങ്ങനെ പ്രവചനങ്ങളിലെ ആ വാഗ്ദത്ത പ്രകാരം അദ്ദേഹം വാഗ്ദത്ത മസീഹായി പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ, കുരിശിനെ ഉടയ്ക്കുന്ന സമയം വന്നെത്തി. എന്നുവച്ചാൽ, ഒരു മരക്കഷണം രണ്ടുതുണ്ടുകളാക്കപ്പെടുന്നതുപോലെ കുരിശുമതവിശ്വാസത്തിന്റെ പൊള്ളത്തരം വെളിപ്പെടുന്ന ആകാലം! അതുകൊണ്ട്, കുരിശി നെ ഉടയ്ക്കുന്നതിനു ദൈവം വഴിയൊരുക്കീട്ടുള്ള കാലം ഇതുതന്നെയാണ്. സത്യാന്വേഷകർ അതിനായി ചുറ്റും നോക്കുകയും തിരയുകയും ചെയ്തുകൊള്ളട്ടെ.

## പന്നിയെക്കൊല്ലൽ

യേശുവിന്റെ സ്വർഗ്ഗാരോഹണം അതൊരു തെറ്റായ സങ്കല്പമാണെന്നു വരുകിലും ഒരു രഹസ്യത്തെ ഉൾക്കൊള്ളുന്നു. അതായത്, മസീഹി ജീവിതത്തിന്റെ യാഥാർത്ഥ്യം വിസ്മരിക്കപ്പെടുകയും ഖബ്റടക്കം ചെയ്യപ്പെട്ട മൃതദേഹം മണ്ണിൽ ലയിക്കുന്നപ്രകാരം നാശമടയുകയും ചെയ്തിട്ടുണ്ടെങ്കിലും ആ യാഥാർത്ഥ്യം സ്വർഗ്ഗത്തിൽ ഒരു മനുഷ്യശരീരം കണക്കെ സ്ഥിതി ചെയ്യുന്നുണ്ടായിരുന്നുവെന്നു പറയാം. അന്ത്യകാലത്ത് ഈ മസീഹീസത്യം ഭൂമിയിൽ ഇറങ്ങിവരേണ്ടത് അനിവാര്യമായിരുന്നു. അങ്ങനെ ആ യാഥാർത്ഥ്യം ഇക്കാലത്ത് ഒരു മനുഷ്യന്റെ രൂപത്തിൽ അവതരിക്കുകയും കുരിശിനെ ഉടയ്ക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ നബി(സ) തിരുമേനി പന്നിയോടു സാദൃശ്യപ്പെടുത്തിയ ആ ചതിവാക്കുകളും അസത്യപൂജയും, കുരിശുടയ്ക്കലിനോടൊപ്പം ഒരു പന്നി വാളുകൊണ്ടു വെട്ടിനുറുക്കപ്പെടുന്നതുപോലെ വെട്ടിനുറുക്കപ്പെട്ടിരിക്കുന്നു. വാഗ്ദത്ത മസീഹ് കാഫിർ-സത്യനിഷേധികളെ കൊല്ലുകയും മരക്കുരിശുകളെ മുറിച്ചിടുകയും ചെയ്യുമെന്നായിരുന്നില്ല ഈ ഹദീഥുകളുടെ താൽപര്യം. കുരിശുവിശ്വാസസൗധം ആകപ്പാടെ പൊടുന്നനെ തകർന്നു തരിപ്പണമാകുന്ന തരത്തിൽ ആകാശഭൂമികളുടെ നാഥനായ ദൈവം ഒളിഞ്ഞുകിടന്ന സത്യങ്ങളെ ആ നാളിൽ പുറത്തുകൊണ്ടുവരുമെന്നാണ് കുരിശുടയ്ക്കുമെന്നതിന്റെ അർത്ഥം. പന്നികളെ കൊല്ലും എന്നു പറഞ്ഞതിന്റെ പൊരുളാകട്ടെ മനുഷ്യരെയോ പന്നികളെയോ കൊന്നിടുകയെന്നതല്ല. മറിച്ച്, പന്നി സ്വഭാവത്തെ അതായത്, അസത്യത്തിൽ ഉറച്ചുനില്ക്കൽ, അസത്യത്തെ മറ്റുള്ളവരുടെ മുമ്പിൽ വിളമ്പാനുള്ള ത്വര എന്നിവയെ ഇല്ലാതാക്കുക എന്നതത്രെ. ഇതു അമേധ്യം ഭുജിക്കുന്നതിനു തുല്യമാണ്. ചത്ത പന്നിയ്ക്ക് കാഷ്ടം തിന്നാനാവില്ലെന്നതുപോലെ ഇത്തരത്തിലുള്ള ചേറ് ഭക്ഷിക്കുന്നതിൽനിന്നു ദുസ്വഭാവികളെ പിന്തിരിപ്പിക്കുന്ന ഒരു കാലം വരും. അല്ല, ആ കാലം ഇതാ വന്നു കഴിഞ്ഞിരിക്കുന്നു. മുസ്‌ലിം ഉലമാക്കന്മാർക്ക് തിരുനബിയുടെ ഈ പ്രവചനം മനസ്സിലാക്കുന്നതിൽ പിഴവ് പറ്റി.

കുരിശിനെ ഉടയ്ക്കലിന്റെയും പന്നിയെ കൊല്ലലിന്റെയും ശരിയായ അർത്ഥം ഞാൻ വിവരിച്ചിട്ടുള്ളതുതന്നെയാണ്. വാഗ്ദത്തമസീഹിന്റെ കാലത്ത് മതയുദ്ധങ്ങളുടെ അറുതിവരുത്തുമെന്നും, സ്വർഗ്ഗത്തിൽനിന്നു പ്രകാശോജ്ജ്വലങ്ങളായ സത്യതത്ത്വങ്ങൾ വെളിപ്പെടുമെന്നും അതുമുഖേന ഹഖും (സത്യവും) ബാത്വിലും (അസത്യവും) തമ്മിലുള്ള സുദീപ്തമായ വിവേചനം സംഭവിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ഞാൻ വാളുമായി വന്നുവെന്നു നിരൂപിക്കേണ്ട. എല്ലാ വാളുകളും ഉറകളിൽ തിരുകിക്കുന്നതിനായിട്ടത്രെ ഞാൻ വന്നിരിക്കുന്നത്. ലോകം വളരെക്കാലമായി അന്ധകാരത്തിൽ പൊരുതുകയായിരുന്നു. അനേകർ തങ്ങളുടെ ആത്മാർത്ഥഗുണകാംക്ഷികളെതന്നെ എതിർത്തുകൊണ്ടിരുന്നു. വേദനിക്കുന്ന സ്നേഹജനങ്ങളുടെ ഹൃദയങ്ങളെ ദുഃഖിപ്പിക്കുകയും പ്രിയപ്പെട്ടവരെ വ്രണപ്പെടുത്തുകയും ചെയ്തു. ഇനി അന്ധകാരം നിലനില്ക്കുകയില്ല. രാത്രി അസ്തമിച്ചു പകൽ പ്രകാശിച്ചുതുടങ്ങി. ഈ പ്രകാശത്തിൽനിന്നു അകന്നിട്ടില്ലാത്തവൻ അനുഗൃഹീതൻ.

## രാഹുല്ല-റൂഹുല്ല

ബുദ്ധനെപ്പറ്റിയുള്ള ഓൾഡൻബർഗ്ഗിന്റെ ഗ്രന്ഥത്തിൽ 149-ാം പേജിൽ ചേർത്തുകാണുന്ന ബുദ്ധമതരേഖയാണ് മറ്റൊരു തെളിവ്."മഹാവഗ്ഗ" എന്ന ഗ്രന്ഥത്തെ ആധാരമാക്കി (പേ.54, സർഗ്ഗം1) രാഹുല എന്നു പേരുള്ള ആൾ ബുദ്ധന്റെ പിൻഗാമിയായിരിക്കുമെന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം ഒരു ഭക്തശിഷ്യനാണെന്നും, അല്ല അദ്ദേഹത്തിന്റെ പുത്രൻ തന്നെയാണെന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധമതഗ്രന്ഥങ്ങളിലെ 'രാഹുല' ഈസാനബിയുടെ 'റൂഹുല്ല' എന്ന സ്ഥാനപദത്തിന്റെ രുപവികാരമാണെന്നു ഞാൻ ശക്തിയുക്തം പ്രസ്താവിച്ചുകൊള്ളട്ടെ. 'രാഹുല' ബുദ്ധന്റെ പുത്രനായിരുന്നുവെന്നും ശിശുവായിരിക്കുമ്പോൾത്തന്നെ 'രാഹുല'യെ ഉപേക്ഷിച്ച നിലയിൽ അദ്ദേഹം പുറദേശത്തേക്കുപോയിക്കളഞ്ഞുവെന്നും സ്വന്തം ഭാര്യയെ അവർ ഉറങ്ങിക്കിടക്കുകയായിരുന്നപ്പോൾ അവരറിയാതെയും

അവരോടു വിട ചോദിക്കാതെയും എന്നന്നേക്കുമായി വിട്ടുപിരിയാൻ നിശ്ചയിച്ചുകൊണ്ടു മറ്റേതോ രാജ്യത്തേയ്ക്കോടിപ്പോയെന്നുമുള്ള ഒരു കഥയുണ്ട്. ഈ കഥ തികച്ചും അടിസ്ഥാനരഹിതവും അസംബന്ധവും മഹാത്മാവായ ബുദ്ധന്റെ ഔന്നത്യത്തിനു നിരക്കാത്തതുമത്രെ. നിരാലംബയായ സ്വപത്നിയെ കാരുണ്യത്തിന്റെ കണികപോലും കാണിക്കാതെ അവൾ ഉറങ്ങിക്കിടക്കവെ ഉപേക്ഷിച്ചുപോവുകയും, ഒരാശ്വാസവാക്കുപോലും ഉച്ചരിക്കാതെ അങ്ങനെയങ്ങ് തസ്കരനെപ്പോലെ കടന്നുകളയുകയും ഇണയോടുള്ള ബാദ്ധ്യതകളെ തികച്ചും അവഗണിച്ചുകൊണ്ടും അവളെ വിവാഹമുക്തയാക്കാതെയും എങ്ങോട്ടെന്നും എന്നേയ്ക്കെന്നുമില്ലാതേയും പെട്ടെന്ന് അപ്രത്യക്ഷനാവുകയും അവളുടെ മനസ്സിന് ഒരാഞ്ഞടി നല്കി അവളെ നിത്യശോകത്തിലാഴ്ത്തുകയും സ്വപുത്രൻ വലിയൊരാളായി വളരുന്നതുവരെ ഒരു സന്ദേശം പോലും അയക്കാതിരിക്കുകയും ഒരു ശിശുവിന്റെ നേരെ ഒരു കാരുണ്യവും കാണിക്കാതിരിക്കുകയും ചെയ് തിട്ടുള്ള ഒരാൾ, താൻ നല്കിയ ധാർമ്മികപാഠങ്ങളോടുപോലും ആദരം പുലർത്താത്ത ഒരാൾ സദ്വൃത്തനാണെന്നുപോലും കരുതാനാവില്ല. എന്റെ മനസാക്ഷി ഇതൊരിക്കലും അംഗീകരിക്കുന്നില്ല.[25] യേശു ഒരിക്കൽ തന്റെ മാതാവിന്റെ നേരെ അനാദരം കാണിച്ചതായുള്ള സുവിശേഷകഥയെപോലെതന്നെ ഞാനിതും തള്ളിക്കളയുന്നു.

---

25. വിശ്രുത ബൗദ്ധപണ്ഡിതനായ ധർമാനന്ദ കോസംബി 'ഭഗവാൻ ബുദ്ധൻ' എന്ന ബുദ്ധചരിത്രത്തിൽ (കേന്ദ്ര സാഹിത്യ അക്കാദമി പ്രസിദ്ധീകരണം) വാഗ്ദത്ത മസീഹിന്റെ ഈ വീക്ഷണത്തെ ശരിവച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:

'പ്രാചീന സൂക്തങ്ങളിലൊന്നും ഈ അസംഭാവ്യങ്ങളായ ഐതിഹ്യങ്ങൾക്ക് ഒരടിസ്ഥാനവും കാണുന്നില്ല'. 'അരിയപരിയേനസൂതതാ'യിൽ തന്റെ ഗൃഹത്യാഗ കഥ ബുദ്ധഭഗവാൻതന്നെ വിവരിച്ചിട്ടുള്ളതിൽ അച്ഛനമ്മമാരോടു അനുവാദം ചോദിച്ചിരുന്നതായി പറയുന്നു. 'മഹാസാക്തകസുതതാ'യിലും ഇപ്രകാരം തന്നെയാണ് വിവരിച്ചിട്ടുള്ളതെന്നു പറഞ്ഞുകൊണ്ട് കോസംബി ഇങ്ങനെ പറയുന്നു: "ബോധിസത്വൻ സ്വഗൃഹത്തിലുള്ളവരെ അറിയിക്കാതെ മിത്രനോടുകൂടി ഒളിച്ചുപോയിയെന്നു പറയുന്നതു വെറും തെറ്റാണെന്നു തെളിയുന്നു.... ശുദ്ധോദനനും ഗോതമിക്കും അദ്ദേഹം പരിവ്രാജകനാകുമെന്നുള്ള പരമാർത്ഥം വളരെ മുമ്പേതന്നെ അറിയാമായിരുന്നു. അവരുടെ ഇച്ഛയ്ക്കു വിരുദ്ധമായി അവരുടെ മുമ്പിൽവച്ചുതന്നെ അദ്ദേഹം പ്രവചിച്ചുവെന്നും ബുദ്ധവാക്യത്തിൽനിന്നു സ്പഷ്ടമാകുന്നു". (ഭഗവാൻ ബുദ്ധൻ- ധർമാനന്ദ കോസംബി, വിവ. പി. ശേഷാദ്രി. ഭാ. 184-185) വിവ:

യേശുവിന്റെ യടുക്കൽ തന്റെ മാതാവ് വന്നപ്പോൾ അദ്ദേഹം അവരോടു അനാദരം കാണിച്ചുവെന്നും അവർ അടുത്തുചെന്നു യേശുവിനെ സംബോധന ചെയ്തപ്പോൾ അവരെ അവഹേളിക്കും വിധം ചില വാക്കുകൾ ഉച്ചരിച്ചുവെന്നുമാണ് ആ കഥ!

ഭാര്യയുടെയും മാതാവിന്റെയും വികാരങ്ങളെ വ്രണപ്പെടുത്തിയതിനെ സംബന്ധിച്ച കഥകളിൽ ചില സാദൃശ്യങ്ങളെല്ലാമുണ്ടെന്നിരിക്കിലും, യേശുവിന്റേയോ ഗൗതമബുദ്ധന്റെയോ സാധാരണ സ്വഭാവ മാതൃകകളിൽ ഒരു പതനം സംഭവിച്ചതായി സൂചിപ്പിക്കുന്ന പ്രസ്തുത കഥകൾ അവരിലൊരിക്കലും ആരോപിച്ചുകൂടാത്തതാണ്. ബുദ്ധൻ സ്വന്തം ഭാര്യയെ സ്നേഹിച്ചില്ലെങ്കിൽപോലും, ഒരു പാവം പെണ്ണിന്റെയും അവളുടെ കഷ്ടപ്പെടുന്ന കുഞ്ഞിന്റെയും നേരെ നിശ്ചയമായും അദ്ദേഹത്തിനു കാരുണ്യം തോന്നേണ്ടതായിരുന്നില്ലേ? ഇതു തീർച്ചയായും ഗൗരവാവഹമായ സ്വാഭാവദൂഷ്യംതന്നെയാണ്. എത്രത്തോളം ഗൗരവമുള്ളതെന്നാൽ, നൂറുക്കണക്കിൽ കൊല്ലങ്ങൾ കഴിഞ്ഞിട്ടും എനിക്കതിനെപ്പറ്റി ഓർക്കുന്തോറും നൊമ്പരം അനുഭവപ്പെടുന്നു. എന്തിനാണദ്ദേഹം ഇത്രയൊക്കെ ചെയ്തതെന്ന് മനസ്സിലാക്കാൻ ആർക്കും സാധിക്കുന്നില്ല. അധാർമികയോ ധാർഷ്ട്യവതിയോ അവിശ്വാസ്യയോ ഭർത്താവിന് എതിർ നില്ക്കുന്നവളോ അല്ലെന്നാകിൽ സ്വന്തം ഭാര്യയെ തിരിഞ്ഞുനോക്കാതിരുന്നാൽതന്നെ ഒരാൾ കൊള്ളരുതാത്തവനായിത്തീരുന്നു. എന്നിരിക്കെ, ബുദ്ധനിൽ ഇത്തരമൊരു പെരുമാറ്റം ആരോപിക്കാൻ എങ്ങനെ കഴിയും? അതുതന്നെയും തന്റെ സ്വന്തം പാഠങ്ങൾക്ക് എതിരായിട്ടു! ചുരുക്കത്തിൽ, ഈ കഥ തികച്ചും തെറ്റാണെന്നാണ് ഇതെല്ലാം വിളിച്ചറിയിക്കുന്നത്.

യഥാർത്ഥത്തിൽ, 'രാഹുല' എന്നതു യേശുവിനെപ്പറ്റിതന്നെ പറയപ്പെട്ടിട്ടുള്ളതും യേശുവിന്റെ മറ്റൊരു നാമമായ 'റൂഹുല്ലാ' യുടെ രൂപവികാരവുമാകുന്നു. 'റൂഹുല്ല' എന്നു ഹിബ്രുവിലെഴുതിയാൽ 'രാഹുല' എന്ന് വായിക്കാനാവും. യേശു, ബുദ്ധന്റെ ശിഷ്യരിൽ ഒരാളായി കണക്കാക്കപ്പെട്ടിരിക്കുന്നു. ബുദ്ധനു ശേഷം ബുദ്ധന്റേതു പോലുള്ള അദ്ധ്യാപനങ്ങൾ അദ്ദേഹം

കൊണ്ടുവന്നിരുന്നതിനാൽ ബുദ്ധമതാനുയായികൾ ആ അദ്ധ്യാപനങ്ങളുടെ ഉറവിടം ബുദ്ധനിൽ ആരോപിക്കുകയും മസീഹിനെ ബുദ്ധന്റെ ശിഷ്യനായി കരുതുകയും ചെയ്തു. ബുദ്ധൻ ദൈവത്തിൽനിന്നുള്ള വെളിപാടുകളുടെ അടിസ്ഥാനത്തിൽ മിശിഹായെ തന്റെ പുത്രനായി പ്രഖ്യാപിച്ചിരിക്കുകയുമാവാം. രാഹുല തന്റെ മാതാവിൽനിന്ന് വേർപെട്ടുപോയപ്പോൾ ബുദ്ധന്റെ ശിഷ്യയായ മഗ്ദാലിയാന[26] ഒരു ദൂതിയായി വർത്തിച്ചുവെന്നും പ്രസ്തുത ഗ്രന്ഥത്തിൽതന്നെ പറഞ്ഞുകാണാം. യഥാർത്ഥത്തിൽ, മഗ്ദാലിയാന സുവിശേഷങ്ങളിൽ പറയപ്പെട്ട യേശുശിഷ്യയായ മഗ്ദലനമറിയം അല്ലാതെ മറ്റാരുമില്ല.

മുകളിൽപറഞ്ഞ ഈ എല്ലാ സാക്ഷ്യങ്ങളുംവച്ചുനോക്കിയാൽ യേശു അഥവാ ഈസാനബി (അ) ഈ രാജ്യത്ത് സമാഗതനായിട്ടുണ്ടായിരുന്നുവെന്ന നിഗമനത്തിലാണ് ഒരു നിഷ്പക്ഷ ചിന്തകനെത്തിച്ചേരുക. പ്രകാശോജ്ജ്വലങ്ങളായ ഈ എല്ലാ സാക്ഷ്യങ്ങളും ബുദ്ധമതത്തിലേയും ക്രിസ്തുമതത്തിലേയും അദ്ധ്യാപനങ്ങൾക്കും ആചാരങ്ങൾക്കുമുള്ള പരിസ്പരസാമ്യതകളും- തിബത്ത് പ്രദേശത്ത് ഇക്കാര്യങ്ങളാർക്കും നിഷേധിക്കാൻ സാധ്യമല്ലാത്തവിധം മുഴച്ചു കാണപ്പെടുന്നു- വച്ചു നോക്കിയപ്പോൾ ക്രിസ്തീയഗവേഷകന്മാരിൽ ഭൂരിപക്ഷവും ബുദ്ധമതം പൗരസ്ത്യദേശത്തെ ക്രിസ്തുമതമാണെന്നും ക്രിസ്തുമതം പാശ്ചാത്യദേശത്തെ ബുദ്ധമതമാണെന്നും പറയാവുന്നതാണെന്നുപോലും കരുതുമാറായി. സുവിശേഷങ്ങളിൽ യേശുവിനു രക്ഷകൻ എന്നു പേരുള്ളതുപോലെ ബുദ്ധനും തന്റെ പേർ രക്ഷകൻ എന്ന് വെളിപ്പെടുത്തീട്ടുണ്ട്. നോക്കുക ഞാൻ വെളിച്ചമാകുന്നുവെന്നും ഞാൻ നേർവഴിയാകുന്നുവെന്നും മസീഹു പറഞ്ഞു. ഇപ്രകാരംതന്നെ ബുദ്ധനും പറഞ്ഞതായി കാണുന്നു. ('ലളിതവിസ്തരം' നോക്കുക). യേശുവിനു പിതാവുണ്ടായിരുന്നില്ലെന്നു സുവിശേഷത്തിൽ പറയുന്നു. ബുദ്ധന്റെ ചരിത്രത്തിലും പറയുന്നതു അദ്ദേഹവും പിതാവില്ലാതെയാണ് ജനിച്ച

26. മൗദ്ഗലായന? ('ധർമ്മപദം' നോക്കുക. തർജ്ജമ, തേലപ്പുറത്ത് നാരായണനമ്പി, പേ. 13)- വിവ:

തെന്നത്രെ. എന്നാൽ, പ്രത്യക്ഷത്തിൽ മസീഹിനു, യൂസുഫ് പിതാവുണ്ടായിരുന്നതുപോലെ ബുദ്ധനും ഒരു പിതാവുണ്ടായിരുന്നു. ബുദ്ധന്റെ ജനനവേളയിലും ഒരു നക്ഷത്രം ഉദിച്ചതായി എഴുതപ്പെട്ടിരിക്കുന്നു. ഒരു കുട്ടിയെ രണ്ടു കഷണങ്ങളാക്കി വെട്ടിമുറിക്കാനും ഓരോ ഭാഗവും കുട്ടിയുടെ അമ്മയാണെന്നു അവകാശപ്പെട്ട ഓരോ സ്ത്രീക്കും നല്കാനും കല്പിച്ച ശലമോൻരാജാവിന്റെ കഥ ബുദ്ധന്റെ ജാതകത്തിലും കാണാവുന്നതാണ്. ഇതെല്ലാം യേശു ഈ രാജ്യത്ത് വന്നിട്ടുണ്ടായിരുന്നുവെന്നു തെളിയിച്ചുകാട്ടുന്നതിനു പുറമെ, ഈ പ്രദേശത്ത് വന്നുപാർത്ത ജൂദന്മാർ ബുദ്ധമതവുമായി ബന്ധം വളർത്തിയിരുന്നുവെന്നും തെളിയിക്കുന്നു. ബുദ്ധമതഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട ഉല്പത്തികഥയ്ക്ക് തൗറാത്തിലെ കഥയുമായി വ്യക്തമായ സാദൃശ്യം കാണപ്പെടുന്നു. പുരുഷനു സ്ത്രീയുടെമേൽ ശ്രേഷ്ഠപദവിയുണ്ടെന്നു തൗറാത്തിൽനിന്നു മനസ്സിലാകുന്നതുപോലെ ബുദ്ധമതത്തിന്റെ ദൃഷ്ടിയിലും ഒരു പുരുഷയോഗി ഒരു യോഗിനിയേയ്ക്കാൾ പദവിയിൽ ഉയർന്നവനത്രെ.

## പുനർജന്മവിശ്വാസം

ബുദ്ധൻ പുനർജന്മത്തിൽ വിശ്വസിച്ചിരുന്നതായി പറയപ്പെടുന്നുവെങ്കിലും അദ്ദേഹത്തിന്റെ പുനർജന്മം സുവിശേഷപാഠങ്ങൾക്ക് എതിരായിട്ടുള്ളതല്ല. ബുദ്ധന്റെ പക്കൽ പുനർജന്മം മൂന്നു തരത്തിലാണ്. (1) മരിക്കുന്ന ഒരാളുടെ കരുത്തിന്റെയും കർമങ്ങളുടെയും ഫലങ്ങൾ മറ്റൊരു ജഡരൂപം കൈക്കൊള്ളുന്നതിനെ അവശ്യമാക്കിത്തീർക്കുന്നു. (2) തിബത്തുകാർ തങ്ങളുടെ ലാമമാർക്കുണ്ടാകുന്നതായി വിശ്വസിക്കുന്നരീതിയിലുള്ള പുനർജന്മമാണ് മറ്റൊന്നു. ഏതാകിലും ബൗദ്ധന്റെയോ ബോധിസത്വന്റെയോ ചൈതന്യാംശം മറ്റൊരു ലാമയിൽ നിവേശിക്കുമാറാകുന്നു. അതായതു, ആ ലാമയുടെ ചൈതന്യവും സ്വഭാവവും ആത്മീയവൈശിഷ്ട്യങ്ങളും ഈ ലാമയിലേക്ക് സംക്രമിക്കുകയും ആദ്യത്തെയാളുടെ ആത്മാവ് മറ്റെയാളെ പ്രഭാവിതനാക്കുകയും ചെയ്യുന്നു. (3) മൂന്നാമത്തെ തരത്തിലുള്ള ജന്മം ഇതാ

ണ്: മനുഷ്യൻ ഐഹിക ജീവിതത്തിൽത്തന്നെ വിവിധ ജന്മാന്തരങ്ങളിലൂടെ കടന്നുപോകുന്നു. ഓരോരുത്തരും അയാളുടെ വ്യക്തിസ്വഭാവമനുസരിച്ചുള്ള ജന്തുരൂപങ്ങൾ കൈക്കൊള്ളുമാറാകുന്നു. ഒരു മനുഷ്യൻ കാളയായി മാറുന്നു. തൃഷ്ണയും ദോഷവും വർദ്ധിക്കുമ്പോൾ അവർ ഒരു നായയായിത്തീരുകയും ആദ്യത്തെ ജീവിതാവസ്ഥക്ക് മരണം സംഭവിക്കുകയും ചെയ്യുന്നു. ഒരു ജീവിതാവസ്ഥയിലെ കർമങ്ങളിൽനിന്നാണ് മറ്റൊരു ജീവിതാവസ്ഥ ജന്മമെടുക്കുന്നത്. എന്നാൽ, ഈ എല്ലാ പരിവർത്തനങ്ങളും ഐഹികജീവിതത്തിൽത്തന്നെയാണ് സംഭവിക്കുന്നത്. അതുകൊണ്ട്, ഈ വിശ്വാസങ്ങളും സുവിശേഷങ്ങളിലെ പാഠങ്ങൾക്ക് എതിരാണെന്നു പറയാവതല്ല.

ബുദ്ധൻ സാത്താനിലും വിശ്വസിച്ചിരുന്നുവെന്നു ഞാൻ പ്രസ്താവിച്ചുവല്ലോ. അതുകൊണ്ട് സ്വർഗ്ഗ നരകങ്ങളിലും[27] മലക്കുകളിലും ന്യായവിസ്താരനാളിലും വിശ്വസിച്ചിരുന്നു. ബുദ്ധൻ ദൈവ വിശ്വാസിയായിരുന്നില്ലെന്ന ആക്ഷേപം തികച്ചും കറ്റുകെട്ടാകുന്നു. ബുദ്ധൻ വേദാന്തങ്ങളിലോ പിൽക്കാലത്ത് ഹിന്ദുക്കളിൽ കടന്നുകൂടിയ ജഡദൈവങ്ങളിലോ വിശ്വസിച്ചിരുന്നില്ല. ബുദ്ധൻ വേദങ്ങളെ വളരെയെല്ലാം വിമർശിച്ചിരുന്നുവെന്നതും നേരാണ്. നിലവിലുണ്ടായിരുന്ന വേദങ്ങൾ സത്യമാണെന്നു ബുദ്ധൻ വിശ്വസിച്ചിരുന്നില്ല. അവയെല്ലാം അലങ്കോലപ്പെട്ടവയാ

---

27. ബുദ്ധൻ സ്വർഗ്ഗനരകങ്ങളിലൊന്നും വിശ്വസിച്ചിരുന്നില്ലെന്നു പറയുന്നവരുണ്ട്. എന്നാൽ, അതു ശരിയല്ല. ബുദ്ധൻ സ്വർഗ്ഗത്തെപ്പറ്റി പറഞ്ഞു:

സോ കരോഹി ദീപമത്തനോ ഖിപ്പം വായത് പണ്ഡിതോ ഭവ
നിദ്ധന്തമലോ അനങ്ങ ഗണോ ദിബ്ബം അരിയ ഭൂമിമേഹസി

(നീ തന്നത്താനൊരു ദീപമാക്കുക, നന്നെ യത്നിക്കുക, ഒരു പണ്ഡിതനായിത്തീരുക. നിന്റെ മലങ്ങൾ (അശുദ്ധികൾ) എപ്പോൾ അകലുന്നുവോ അപ്പോൾ നീ നിർദ്ദോഷിയാവുകയും ആര്യലോകമാകുന്ന സ്വർഗ്ഗത്തെ പ്രാപിക്കുകയും ചെയ്യും). നരകത്തെപ്പറ്റി ഇപ്രകാരവും:

അയസാ വമലം സ്മുടിഠിതം തതുഠടായ തമേവ ഖാദതി
ഏവം അതിധോന ചാരിനം സാനി കമ്മാനി നയന്തി ദുഗ്ഗതിം

(ഇരുമ്പിൽ നിന്നുണ്ടാകുന്ന കറ അതിനെത്തന്നെ നശിപ്പിക്കുന്നപോലെ ധർമത്തെ അതിക്രമിച്ചവന്റെ കർമങ്ങൾ അവനെ നരകത്തിലേക്ക് കൊണ്ടുപോകുന്നു.) –'ധർമ പദം'-മലവഗ്ഗോ അട്ഠാരസമോ', തർജ്ജമ: തേലപ്പുറത്ത് നാരായണ നമ്പി, പേ.83, 84–വിവ:

ണെന്നും പ്രക്ഷിപ്തങ്ങളാണെന്നും അദ്ദേഹം കരുതി. താൻ ഒരു ഹിന്ദുവായിരുന്നപ്പോഴും വേദങ്ങളെ പിന്തുടർന്നിരുന്നപ്പോഴുമുള്ള തന്റെ ജന്മങ്ങൾ ദുർജന്മങ്ങളാണെന്നു അദ്ദേഹം കരുതി. ഉദാഹരണാർത്ഥം താൻ കുറച്ചുകാലം വാനരനായിരുന്നു. കുറച്ചു കാലം ആനയും പിന്നെ ഹിരണ്യവും പിന്നെ ശ്വാവും ആയിമാറി. നാലുതവണ പിന്നഗവും പിന്നെ തവളയും രണ്ട് തവണ മത്സ്യവും പത്ത് വട്ടം പുലിയും നാല് തവണ കോഴിയും രണ്ടുതവണ പന്നിയും ഒരിക്കൽ മുയലും ആയിരുന്നു. മുയലായിരുന്നപ്പോൾ കുരങ്ങന്മാരെയും കുറുക്കന്മാരെയും നീർനായ്ക്കളെയും പഠിപ്പിച്ചുപോന്നു. പിന്നെ ഒരിക്കൽ ഭൂതമായിരുന്നു. മറ്റൊരിക്കൽ ഒരു സ്ത്രീ. പിന്നെ നർത്തകൻ. ഒരു പിശാചുമായി. ഈ സൂചനകളെല്ലാം ഭീരുത്വം, സ്ത്രൈണഭാവം, അശുദ്ധി, മൃഗീയത, കാടത്തം, ദുർനടപ്പ്, തീറ്റിഭ്രാന്ത്, അന്ധവിശ്വാസം ഇത്യാദികൾ നിറഞ്ഞ മുൻജീവിതത്തിന്റെ ഭാവവൈവിധ്യങ്ങളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. താൻ വേദാനുവർത്തിയായിരുന്ന കാലഘട്ടത്തിലേയ്ക്ക് അദ്ദേഹം ശ്രദ്ധ തിരിക്കുന്നതായിട്ടാണ് തോന്നുന്നത്. അതിനെ കയ്യൊഴിച്ചശേഷം തന്നിൽ പാപജീവിതത്തിന്റെ കണികയെങ്കിലും അവശേഷിച്ചതായി അദ്ദേഹം സൂചിപ്പിക്കുന്നില്ല. മറിച്ച്, അദ്ദേഹം വലിയ വലിയ വാദങ്ങളെല്ലാം ഉന്നയിക്കുന്നതായും താൻ ദൈവത്തിന്റെ പ്രതിബിംബമാണെന്നും നിർവ്വാണം[28] പ്രാപിച്ചവനാണെന്നും അവകാശപ്പെടുന്നതായും

---

28. ബുദ്ധൻ പഠിപ്പിച്ച നിർവ്വാണം എന്താണെന്നതിനെപ്പറ്റി വലിയ തെറ്റുധാരണയുണ്ട്. ചിലർ കരുതുന്നതുപോലെ അതു ജീവൻ മുക്തിയല്ല.

Nirvana is not, as some suppose, the state in which the Jeevatma is absorbed in Paramatma. "Nor is it, as others suppose, the annihilation of all activities... Nirvana is on the one side destruction of the three fires of lust, hatred and ignorance; and on the other it is the perfection of all human excellence."

(നിർവ്വാണം എന്നതു ചിലർ കരുതുന്നതുപോലെ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നതല്ല; മറ്റു ചിലർ കരുതുന്നതുപോലെ പ്രവർത്തനനാശവുമല്ല... നിർവ്വാണം എന്നാൽ, ഒരു ഭാഗത്തു, തൃഷ്ണ, ദ്വേഷം, അജ്ഞാനം എന്നീ മൂന്നു അഗ്നികളും വിനാശവും മറ്റൊരു ഭാഗത്തു എല്ലാ മാനവികശ്രേഷ്ഠതകളുടെയും പരിപൂർണ്ണതയും ആകുന്നു. – ധർമപദം– Introduction p.x.

യഥാർത്ഥത്തിൽ നിർവ്വാണം എന്നത് ഇസ്ലാമിലെ 'മുത് മയിന്ന' അഥവാ 'ശാന്തിയെ പ്രാപിച്ച ആത്മാവി'ന്റെ സ്ഥാനമാകുന്നു– വിവ:

നാം കാണുന്നു. നാരകീയകർമങ്ങളുമായി ഈ ലോകം വിട്ടു പിരിയുന്ന ആൾ നരകത്തിലേയ്ക്ക് എറിയപ്പെടുമെന്നും നരകത്തിലെ ദ്വാരപാലകന്മാർ അവനെ നരകരാജാവായ യമന്റെ അടുക്കലേക്ക് വലിച്ചിഴക്കുമെന്നും, ശിക്ഷിക്കപ്പെട്ട ആൾ, തന്നെ താക്കീതു ചെയ്യുന്നതിനായി അയക്കപ്പെട്ട പഞ്ചദൂതന്മാരെ കണ്ടിട്ടുണ്ടായിരുന്നില്ലയോ എന്നു ചോദിക്കപ്പെടുമെന്നും ബുദ്ധൻ പറയുന്നു–ആ ദൂതന്മാർ ശൈശവം, വാർദ്ധക്യം, രോഗം, കുറ്റവാളിയായി ഈ ലോകത്തിൽവച്ചുതന്നെ ശിക്ഷിക്കപ്പെടുന്ന അവസ്ഥ (ഇതു പരലോക ശിക്ഷയ്ക്കുള്ള ഒരു തെളിവാകുന്നു), പ്രപഞ്ചത്തിന്റെ നശ്വരത തെളിയിച്ചു കാട്ടുന്ന മരിച്ചവരുടെ ജഡങ്ങൾ എന്നിവയാകുന്നു – തന്റെ ഭോഷത്വം കാരണം ഇവയൊന്നും ശ്രദ്ധിച്ചതേയില്ലെന്നു കുറ്റവാളി മറുപടി പറയും. അപ്പോൾ, നരകത്തിന്റെ കാവൽക്കാർ അവനെ ദണ്ഡന കേന്ദ്രത്തിലേയ്ക്ക് വലിച്ചിഴയ്ക്കും. ചുട്ടുപഴുത്ത ഇരുമ്പുചങ്ങലകൊണ്ടു അവൻ ബന്ധിക്കപ്പെടുകയും ചെയ്യും. കൂടാതെ, വിവിധതരത്തിലുള്ള കുറ്റക്കാരെ എറിഞ്ഞിടുന്ന അനേകം മുറികളും അറകളും നരകത്തിലുണ്ടെന്നും ബുദ്ധൻ പറയുന്നു. ചുരുക്കത്തിൽ, ഈ പാഠങ്ങളെല്ലാം ഉച്ചൈസ്തരം വിളിച്ചുപറയുന്നത് ബുദ്ധമതം, യേശുവിന്റെ വ്യക്തിപരമായ പ്രഭാവത്തിനു വിധേയമായിരുന്നിട്ടുണ്ടെന്നത്രെ. ഏതായാലും, ഈ ചർച്ച ഇനിയും നീട്ടിക്കൊണ്ടുപോകാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ അദ്ധ്യായം ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. യേശു ഈ രാജ്യത്ത് വരുന്നതു സംബന്ധിച്ച വ്യക്തമായ പ്രവചനം– ആർക്കും നിഷേധിക്കാനാവാത്ത പ്രവചനം– ബുദ്ധമത ഗ്രന്ഥങ്ങളിൽ കാണപ്പെട്ടിരിക്കെ, സുവിശേഷങ്ങളിലെ ഉപമാകഥകളും ധാർമികപാഠങ്ങളും യേശുവിന്റെ കാലത്ത് വിരചിതങ്ങളായ ബുദ്ധമതഗ്രന്ഥങ്ങളിൽ കാണപ്പെടുമ്പോൾ യേശു ഈ രാജ്യത്ത് വന്നെത്തിയതു സംബന്ധിച്ച ഒരു സംശയത്തിനും അവകാശമില്ലാതായിത്തീരുന്നു. അതിനാൽ, ബുദ്ധമതരേഖകളിലൂടെ നാം കണ്ടെത്താൻ ശ്രമിച്ച തെളിവുകൾ മുഴുവനും നാം ഇവിടെ കണ്ടെത്തിയിരിക്കുന്നു; അല്ലാഹുവിന് സ്തുതി!

## മൂന്നാം കാണ്ഡം

# ഇസ്രായേല്യർ ഇന്ത്യയിൽ

കുരിശിൽനിന്ന് രക്ഷപ്പെട്ടശേഷം യേശു ഇന്ത്യയിൽ വന്ന തെന്തിനായിരുന്നുവെന്ന ചോദ്യം സ്വാഭാവികമായും പൊന്തി വരുന്നുണ്ട്. ഇത്രയും ദീർഘമായ യാത്ര ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നു? ഈ ചോദ്യത്തിനു വിശദമായ മറുപടി പറയേണ്ടതു ആവശ്യമാണെന്നു തോന്നു ന്നു. ഇതേപ്പറ്റി ഞാൻ ചില സംഗതികൾ നേരത്തെ പറഞ്ഞുകഴി ഞ്ഞിട്ടുണ്ട്. എന്നിരിക്കിലും ഇക്കാര്യം ഈ ഗ്രന്ഥത്തിൽ വിശദ മായി ചർച്ച ചെയ്യേണ്ടതുണ്ടെന്നു ഞാൻ കരുതുന്നു.

യേശുവിനെ സംബന്ധിച്ചിടത്തോളം പഞ്ചാബിലും അതി ന്റെ പ്രാന്തപ്രദേശങ്ങളിലും സഞ്ചരിക്കേണ്ടതു ഒരു ദിവ്യദൂത നെന്ന നിലയിൽ അദ്ദേഹത്തിന്റെ കർത്തവ്യമായിത്തീർന്നി രുന്നുവെന്ന കാര്യം ആദ്യമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, സുവിശേഷങ്ങളിൽ "ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആട്ടിൻ കൂട്ടങ്ങൾ" എന്നു വിശേഷിപ്പിക്കപ്പെ ട്ടിട്ടുള്ള ഇസ്രായേലിലെ പത്തു ഗോത്രങ്ങൾ ഈ രാജ്യത്ത് കുടി യേറിപ്പാർത്തിട്ടുണ്ടായിരുന്നു. ഒരു ചരിത്രകാരനും ഇന്നുവരെ നിഷേധിച്ചിട്ടില്ലാത്ത ഒരു യാഥാർത്ഥ്യമാണിത്. അതിനാൽ, യേശു ഈ രാജ്യത്ത് സഞ്ചരിക്കുകയും അവരെ കണ്ടെത്തിയ ശേഷം അവർക്ക് തന്റെ സുവിശേഷം പ്രബോധനം ചെയ്യുകയും ചെയ്തിട്ടുണ്ടായിരിക്കേണ്ടതാവശ്യമാണ്.

ഇപ്രകാരം ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ, അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാകാതെ കിടക്കുമായിരുന്നു.എന്തെന്നാൽ, ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആട്ടിൻകൂട്ടങ്ങളെ തിരഞ്ഞുപിടിച്ചു അവർക്ക് പ്രബോധനം ചെയ്കയായിരുന്നു യേശുവിന്റെ ദൗത്യകർത്തവ്യം. കാണാതെപോയ ഗോത്രങ്ങളെ കണ്ടെത്താതെയും, അവയെ കണ്ടെത്തിയശേഷം മോക്ഷമാർഗ്ഗ ത്തെക്കുറിച്ചു അവർക്ക് ഉപദേശിക്കാതെയും അദ്ദേഹം ഈ

ലോകത്തുനിന്ന് തിരോധാനം ചെയ്യുന്നത് കർത്തവ്യ നിർവ്വഹണം ആവുകയില്ല. വനത്തിൽ വസിക്കുന്ന ഒരു ഗോത്രത്തിന്റെ അടുക്കൽച്ചെന്ന് അവർക്ക് ജലവിതരണത്തിനായി ഒരു കിണർ കുഴിപ്പിക്കാൻ രാജാവിനാൽ ചുമതലപ്പെടുത്തപ്പെട്ട ഒരാൾ മറ്റെവിടെയെങ്കിലുംചെന്നു മൂന്നോ നാലോ കൊല്ലം കഴിച്ചുകൂട്ടിയ ശേഷം ആ ഗോത്രത്തെ കണ്ടെത്താൻ ഒരു ശ്രമവും ചെയ്യാതിരിക്കുന്നതുപോലെയായിരിക്കുമത്. അങ്ങനെയുള്ള ഒരാൾ രാജാവിന്റെ കല്പ്പന നടപ്പാക്കിയ ഒരാളായിരിക്കുമോ? ഇല്ല! ഒരിക്കലുമില്ല. അയാൾ ആ ഗോത്രത്തെ കണ്ടുപിടിക്കാൻ ഒരു ശ്രമവും നടത്താതെ സ്വന്തത്തിൽ സംതൃപ്തി നേടാൻ തുനിഞ്ഞവനായിട്ടാണ് കണക്കാക്കപ്പെടുക.

എന്നാൽ, ഇസ്രായേലിലെ പത്തു ഗോത്രങ്ങൾ ഈ രാജ്യത്ത് വന്നിട്ടുണ്ടെന്നു കരുതാവുന്നതെങ്ങനെയെന്നും എന്തിനെന്നും ചോദിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ വളരെ വ്യക്തമായ തെളിവുകൾ നിരത്തി വെക്കാനുണ്ടെന്നും സാധാരണക്കാർക്കുപോലും വ്യക്തമായി മനസ്സിലാക്കാവുന്ന തെളിവുകളാണവയെന്നുമാണ് പ്രത്യുത്തരം. അഫ്ഗാനികളും കശ്മീരിലെ പൂർവ്വനിവാസികളും യഥാർത്ഥത്തിൽ യിസ്രായേൽ വംശജരാണെന്നത് പ്രസിദ്ധമാണ്, ഉദാഹരണമായി, ഹസാറാ ജില്ലയിൽ നിന്ന് രണ്ടോ മൂന്നോ ദിവസത്തെ വഴിദൂരമുള്ള ആലായി (Alai) കുന്നിൻപ്രദേശത്തെ ജനങ്ങൾ അജ്ഞാതകാലം മുതൽക്കേ ബനീഇസ്രായേൽ എന്നാണ് തങ്ങളെ വിളിച്ചുപോന്നിട്ടുള്ളത്. ഇപ്രകാരംതന്നെ, ഈ മേഖലയിലെ 'കാലാദക്കാ' (Kala Dakah) എന്ന പേരിലറിയപ്പെടുന്ന മറ്റൊരു കുന്നിൻപ്രദേശത്തെ നിവാസികളും ഇസ്രായേൽ വംശജരാണ് തങ്ങളെന്നു അവകാശപ്പെടുന്നതിൽ അഭിമാനം കൊള്ളുന്നുണ്ട്. ഇസ്രായേൽ വംശജരാണ് തങ്ങളെന്ന് അവകാശപ്പെടുന്ന ഒരു ഗോത്രം ഹസാറാ ജില്ലയിൽതന്നെയുണ്ട്. ചാലാസിനും (Chalas) കാബൂലിനും (Kabul) ഇടയിലുള്ള മലമ്പ്രദേശത്തെ ജനങ്ങളും ഇസ്രായേല്യരാണ് തങ്ങളെന്നവകാശപ്പെടുന്നു.

കശ്മീർ നിവാസികളെ സംബന്ധിച്ചിടത്തോളം **ഡോ.ബർണ്യർ** ചില ഇംഗ്ലീഷു പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി Travels in Moghul Empire (മുഗളസാമ്രാജ്യത്തിലൂടെ യാത്രകൾ)[29] എന്ന തന്റെ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് പറഞ്ഞിട്ടുള്ള സംഗതികൾ തികച്ചും ശരിയാണ്. അതായതു, കശ്മീരിലെ ജനങ്ങൾ ഇസ്രായേൽ വംശജരാണെന്നതുതന്നെ. അവരുടെ വേഷവിധാനങ്ങളും ഭാവങ്ങളും ആചാര നടപടികളും അവർ ഇസ്രായേൽ വംശജരാണെന്ന യാഥാർത്ഥ്യം ഖണ്ഡിതമായി സൂചിപ്പിച്ചുതരുന്നു. കശ്മീരിൽ താമസിച്ചപ്പോൾ താൻ ജൂതന്മാരുടെ ഒരു ഗോത്രത്തിന്റെ നടുവിലാണുള്ളതെന്നു തോന്നിപ്പോയെന്ന് ജോർജ് ഫോർസ്റ്റർ (George Forster) എന്ന ഒരു ഇംഗ്ലീഷുകാരൻ തന്റെ പുസ്തകത്തിൽ പറയുന്നു.[30] അഫ്ഗാൻകാർ സിറിയയിൽനിന്ന് വന്നവരാണെന്ന് 'ദ റെയിസസ് ഓഫ് അഫ്ഗാനിസ്താൻ' എന്ന ഗ്രന്ഥത്തിൽ എച്ച്. ഡബ്ല്യൂ, ബെല്ലോസ്, സി.എസ്.ഐ. പ്രസ്താവിക്കുന്നു.[31] നബൂ ക്കദ്നസ്ർ ചക്രവർത്തി (Nebuchadnezzar) അവരെ തടവുകാരായി പിടിക്കുകയും പേർസ്യയിലും മേദ്യയിലും അവരെ കുടിയിരുത്തുകയും ചെയ്തുവെന്നും അവിടെനിന്ന് കുറേ കാലത്തിനുശേഷം അവർ കിഴക്കോട്ടുനീങ്ങി ഗോർ (Ghour) കുന്നുകളിൽ പാർപ്പുറപ്പിക്കുകയും അവിടെ അവർ ബനീയിസ്രായേൽ എന്ന പേരിൽ അറിയപ്പെടുമാറാകുകയും ചെയ്തുവെന്നുമാണ് അതിൽ പറഞ്ഞിട്ടുള്ളത്. ഇദ്രീസ് നബിയുടെ അഥവാ ഇനോഖിന്റെ (Enoch) പ്രവചനം ഇതിലേയ്ക്ക് തെളിവായിട്ടുണ്ട്. തടവുകാരാക്കപ്പെട്ടിരുന്ന ഇസ്രായേലിലെ പത്തു ഗോത്രങ്ങൾ ബന്ധനത്തിൽനിന്നു രക്ഷപ്പെട്ട ശേഷം 'അർസാറത്ത്' (Arsarath) എന്നു പറയപ്പെടുന്ന സ്ഥലത്ത് (ഗോർ പ്രദേശത്തിൽ ഉൾപ്പെട്ട ഹസാറ എന്ന പേരിൽ ഇന്നു അറിയപ്പെടുന്ന ഭാഗത്ത്) അഭയം പ്രാപിക്കുകയുണ്ടായി. ചെങ്കി

29. Travels in the Moghul Empire-Francis Bernier-Archibald Constable, Lond. 1891 p.930-932.

30. Letters on a Journey from Bengal to England - George Forster; Pub. R. Faulder, Lond. 1808. p. 20

31. Races of Afghanistan, - H.W.Bellows. C.S.I. Pub. Thacker Spink & WZ. 1884, p.

സ്ഖാൻ അഫ്ഗാൻ പിടിച്ചടക്കിയതിനെപ്പറ്റിയുള്ള വിവരണമടങ്ങിയ 'ത്വബഖാത്തെ നാസ്വിരി' (Tabqathi-Nasiri) എന്ന ഗ്രന്ഥത്തിൽ[32] ശനുബയ്സി വംശക്കാരുടെ ഭരണകാലത്ത് ബനീഇസ്രായേൽ എന്ന പേരിൽ ഒരു ഗോത്രം അവിടെ പാർത്തിരുന്നുവെന്നും അവരിൽ ചിലർ നല്ല കച്ചവടക്കാരാണെന്നും പ്രസ്താവിച്ചുകാണാം. എ.ഡി.622 ൽ **ഖാലിദ് ബിൻ വലീദ്** എന്നു പേരായ ഒരു ഖുറയ്ശിനേതാവ്, തിരുനബിയുടെ ആവിർഭാവത്തെ സംബന്ധിച്ച സന്തോഷവർത്തമാനം ഇക്കൂട്ടരെ റസൂലിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന്നുദ്ദേശിച്ചു അവരെ അറിയിക്കുകയുണ്ടായത്രെ. അഞ്ചോ ആറോ തലവന്മാർ അദ്ദേഹത്തോടൊപ്പം ചേർന്നു. അവരിൽ പ്രധാനി **ഖയ്സ്** എന്ന ഒരാളായിരുന്നു. അയാളുടെ മറ്റൊരുപേർ '**കിശ്**' എന്നായിരുന്നു. ഇസ്ലാം അവലംബിച്ചതിനുശേഷം ഇവർ ഇസ്ലാമിനുവേണ്ടി ധീരധീരം അടരാടുകയും നിരവധി വിജയങ്ങൾ കരസ്ഥമാക്കുകയുമുണ്ടായി. അവർ യുദ്ധം ജയിച്ചുവന്നപ്പോൾ നബിതിരുമേനി(സ) അവർക്ക് പല പാരിതോഷികങ്ങളും സമ്മാനിക്കയുമുണ്ടായി. ഈ ഗോത്രത്തിന്റെ തലവന്മാർ 'മലിക്ക്'കൾ എന്ന പേരിൽ അറിയപ്പെടുമെന്നും നബിതിരുമേനി(സ) അരുളിയിട്ടുണ്ട്. ഖയ്സിനു, അബ്ദുർറശീദ് എന്ന പേർ നബി(സ) നല്കുകയും 'പത്താൻ' എന്ന ബഹുമതിപ്പേർ അനുഗ്രഹിച്ചരുളുകയും ചെയ്തു. 'പങ്കായം' എന്നർത്ഥമുള്ള സുറിയാനി പദമാണിതെന്ന് അഫ്ഗാൻ എഴുത്തുകാർ പറയുന്നു. പുതുമുസ്ലിമായ ഖയ്സ് തന്റെ ഗോത്രത്തിൽ ഒരു കപ്പലി ന് പങ്കായം എന്നപോലെ മാർഗദർശകനായിരുന്നതിനാലാണ് അദ്ദേഹത്തിന് 'പത്താൻ' എന്ന ഈ ബഹുമതിപ്പേർ നല്കപ്പെട്ടതത്രെ.

ഗോറിലെ അഫ്ഗാനികൾ മുന്നോട്ടുനീങ്ങി കണ്ടഹാറിനടുത്ത പ്രദേശത്ത് കുടിപാർത്തതു എന്നുമുതല്ക്കാണെന്ന് പറയാൻ സാദ്ധ്യമല്ല. ഇന്നു അവരുടെ വാസസ്ഥാനം ഇതാണ്.

32. The Cyclopaedia of India and of Eastern and Southern Asia, Edward Balfour (Surgeon General) 3rd Ed.Pub. Bernard Quariteh 15, Piccadilly, W. 1;1885 p.31.

ഇസ്ലാമിക കലണ്ടറിൽ ഒന്നാം നൂറ്റാണ്ടിലാവണം മിക്കവാറും ഇതു സംഭവിച്ചിട്ടുണ്ടാവുക. ഖയ്സ്, ഖാലിദ് ബിൻ വലീദിന്റെ മകളെയാണ് വിവാഹം ചെയ്തതെന്നാണ് അഫ്ഗാനികളുടെ വിശ്വാസം. അതിൽ അദ്ദേഹത്തിനു മൂന്നു പുത്രന്മാരുണ്ടായിരുന്നു. സറാബാൻ, പത്താൻ, ഗുർഗശ്ത്ത് എന്നിവരായിരുന്നു അവർ. സറാബാന് സച്ച്റജ്യുൻ, കൃശ്യുൻ എന്നീ രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇവരുടെ സന്താനപരമ്പരയാണ് അഫ്ഗാനികൾ. അതായത് ബനീ യിസ്രായേല്യർ. ഏഷ്യാമൈനർ നിവാസികളും, പടിഞ്ഞാറുള്ള മുസ്ലിം ചരിത്രകാരന്മാരും അഫ്ഗാനികളെ "സുലയ്മാനികൾ" എന്നാണ് വിളിക്കുന്നത്. ബാൾഫർ എഴുതിയ "സൈക്ലോപീഡിയ ഓഫ് ഇന്ത്യാ ഈസ്റ്റേൺ ആന്റ് സതേൺ ഏഷ്യ" എന്ന വിജ്ഞാനകോശത്തിൽ ഇതരജാതിക്കാർ ഏഷ്യയുടെ മദ്ധ്യ-ദക്ഷിണ-പൂർവ്വ പ്രദേശങ്ങളിൽ പരന്നുകിടക്കുന്നതായി[33] പറയുന്നു. പൂർവ്വകാലങ്ങളിൽ ഇവർ ചൈനയിൽ ധാരാളമായി കുടിപാർത്തിട്ടുണ്ടായിരുന്നു; 'ഷു' ജില്ലയുടെ തലസ്ഥാനമായ യിഹ്ചു(Yih Chu)വിൽ അവർക്കൊരു ക്ഷേത്രമുണ്ട്. അഫ്ഗാനികൾ യാക്കോബിന്റെ സന്താനങ്ങളിൽപ്പെട്ടവരായിരിക്കുമെന്നാണ് ബനീഇസ്രായേലിലെ കാണാതെ പോയ പത്തു ഗോത്രങ്ങളെ തിരഞ്ഞു വളരെക്കാലം അലഞ്ഞു തിരിഞ്ഞ **ഡോ. വുൾഫ്** അഭിപ്രായപ്പെടുന്നത്.[34] യഹൂദികൾ താത്താരിലേക്ക് (Tartary) നാടുകടത്തപ്പെട്ടവരാണെന്നാണ് മറ്റൊരു റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബുഖാറാ, മെർവ്, ഖീവാ എന്നിവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ അവർ ധാരാളമായി വസിച്ചുപോന്നിട്ടുണ്ടായിരുന്നു. താത്താരി ചക്രവർത്തിയായിരുന്ന പ്രസ്റ്റർ ജോൺ (Prester John) കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിയായിരുന്ന അലക്സ് കോംനിനസിന് (Alex Comninus) അയച്ച ഒരു ലിഖിതത്തിൽ നദിയ്ക്ക് (ആമുനദി) അപ്പുറം

33. The Cyclopaedia of India and of Eastern and Southern Asia, Edward Balfour (Surgeon General) IIIrd Ed. Pub. Burnard Quariteh 15, Piccadilly, W. I:1885 p.31.

34. Narrative of a Mission to Bokhara - Rev. Joseph Wolf D.D; LLD; Pub. John W. Parker, Lond. 1845. p. 9-17 Vol. 2nd Ed.

ഇസ്രായേലിലെ പത്തു ഗോത്രക്കാരാണുള്ളതെന്നും അവർ തങ്ങളുടെ സ്വന്തം രാജാവിനു കീഴിലാണെന്നും യഥാർത്ഥത്തിൽ തന്റെ പ്രജകളും സാമന്തന്മാരുമാണെന്നും പറഞ്ഞിട്ടുണ്ട്. ചൊസാൻ എന്ന പേരിൽ അറിയപ്പെടുന്ന താത്താരി ഗോത്രങ്ങൾ ജൂദവംശജരാണെന്നും പുരാതനജൂദമതത്തിന്റെ അടയാളങ്ങൾ അവർക്കിടയിൽ കാണാവുന്നതാണെന്നും ഡോ. മൂറിന്റെ ഗവേഷണങ്ങൾ വ്യക്തമാക്കുന്നു.[35] ഉദാഹരണമായി അവർ ചേലാകർമ്മം (Circumcision) അനുഷ്ഠിക്കുന്നവരാണ്. തങ്ങൾ ഇസ്രായേലിലെ കാണാതെപോയ പത്തു ഗോത്രങ്ങളാണെന്ന പാരമ്പര്യം അഫ്ഗാനികൾ പുലർത്തിവരുന്നു. യരൂശലേം കൊള്ളയ്ക്കുശേഷം നബുക്കദ്നസ്ർ രാജാവ് അവരെ തടവുകാരായി പിടിക്കുകയും ബാമിയാൻ എന്ന സ്ഥലത്തിന്നടുത്തുള്ള ഗോറിൽ (Ghour) അവരെ കുടിയിരുത്തുകയും ചെയ്തു. ഖാലിദ് ബിൻ വലീദിന്റെ വരവിനുമുമ്പേ അവർ യഹൂദമതം കണിശമായും പുലർത്തിപ്പോന്നിരുന്നു.

## അഫ്ഗാനികൾ

കാഴ്ചയിൽ അഫ്ഗാനികൾ എല്ലാ നിലയിലും ജൂതന്മാർക്ക് സദൃശ്യരാണ്. അവരെപ്പോലെ ഇവർക്കിടയിലും ഇളയസഹോദരൻ മൂത്ത സഹോദരന്റെ വിധവയെ വിവാഹം ചെയ്യുന്ന വഴക്കമുണ്ട്. ഹിറാത്തിലൂടെ കടന്നുപോയ ഫ്രഞ്ച് സഞ്ചാരി എൽ. പി. ഫെരിയർ (L.P.Ferrier)[36] ഈ പ്രദേശത്ത് ധാരാളം ഇസ്രായേൽക്കാരുണ്ടെന്നും തങ്ങളുടെ മതവിശ്വാസപ്രകാരമുള്ള ആചാരമര്യാദകൾ അനുഷ്ഠിക്കാൻ അവർ പൂർണ്ണസ്വാതന്ത്ര്യമുള്ളവരാണെന്നും പ്രസ്താവിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്പെയിനിലെ ടോളെഡോ (Toledo)കാരനായ **റബ്ബിബിൻ യാമിൻ** 'കാണാതെപോയ ഗോത്രങ്ങ'ളെയും തിരഞ്ഞു പുറപ്പെട്ടു. ഈ ജൂതന്മാർ ചൈന, ഇറാൻ, തിബത്ത് എന്നിവിടങ്ങളിലാണ് കുടിയി

35. The Lost Tribes - George Moore, M.D. p. 143 - 147.
36. History of the Afghans - L.P. Ferrier, tran. W.M. Jesse Pub, John Murray, Lond. P.I. (Footnote)

രുത്തപ്പെട്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. എ.ഡി. 93ൽ ജൂതന്മാരുടെ പൂർവ്വികചരിത്രമെഴുതിയ **ജോസിഫസ്** (Josephus) തന്റെ പതിനൊന്നാമത്തെ പുസ്തകത്തിൽ എസ്രാപ്രവാചക നോടൊപ്പം ബന്ധനത്തിൽനിന്ന് മോചനം പ്രാപിച്ച ജൂദന്മാരെ ക്കുറിച്ച് വിവരിക്കുന്ന കൂട്ടത്തിൽ പത്തു ഗോത്രങ്ങൾ അക്കാ ലത്തുതന്നെ യൂഫ്രട്ടീസിനുമപ്പുറമാണ് കുടിയിരുത്തപ്പെട്ടതെ ന്നും അവരുടെ ജനസംഖ്യ എണ്ണിക്കണക്കാക്കാനാവില്ലെന്നും പറയുന്നു. "യൂഫ്രട്ടീസിന്നപ്പുറത്ത്" എന്നുവച്ചാൽ പേർസ്യയും കിഴക്കൻ പ്രദേശങ്ങളും എന്നുതന്നെയാണർത്ഥം. അഞ്ചാം നൂറ്റാ ണ്ടിൽ ജീവിച്ച ജെറോം പുണ്യവാളൻ (St. Jerome) ഇതു സംബ ന്ധിച്ചുതന്നെ ഹോശിയാ പ്രവാചകനെക്കുറിച്ചു പ്രതിപാദിക്കവെ അന്നുതൊട്ടു യിസ്രായേലിലെ പത്തുഗോത്രങ്ങൾ പർത്ത്യരാ ജാവിന്റെ–പോറസിന്റെ–കീഴിലായിരുന്നുവെന്നും മാർജിനിൽ പറ യുന്നു. അതേ പുസ്തകത്തിന്റെ ഒന്നാം വാല്യത്തിൽ കൗണ്ട് ജുവാൻ സ്റ്റെറാം (Count Juan Steram) ഗ്രന്ഥത്തിന്റെ 233–234–ാം ഭാഗ ത്ത്, യരൂശലേം നാശത്തിന്നുശേഷം നബുക്കദ്നസ്ർ അവരെ ബാമിയാൻ പ്രദേശത്തേയ്ക്ക് (അഫ്ഗാനിസ്താനിൽ ഗോറിനു സമീപത്താണ് ഈ സ്ഥലം) നാടുകടത്തിയതായി അഫ്ഗാനി കൾ സമ്മതിക്കുന്നുണ്ടെന്നു പ്രസ്താവിക്കുന്നു.

ജി.ടി. വിഗ്നെ എഫ്.ജി.എസ്. (G.T. Vigne F.G.S) എഴുതിയ 'ഗസ്നി, കാബൂൾ, അഫ്ഗാനിസ്താൻ സന്ദർശനവിവരണം' (A Narrative of a visit to Ghazni, Kabul and Afghanistan-1940) എന്ന പുസ്തകത്തിൽ 'മുല്ലാ ഖുദാദാദ്' എന്നൊരാൾ 'മജ്മഉൽ അൻ സാബ്' എന്ന ഗ്രന്ഥത്തിൽനിന്നു, ഇപ്രകാരം വായിച്ചുകേൾപ്പി ച്ചതായി പറയുന്നു: "യാക്കൂബിന്റെ മൂത്ത പുത്രൻ യഹൂദാ അവ രുടെ പുത്രൻ ഉസ്റക്ക്, ഉസ്റക്കിന്റെ പുത്രൻ അഖ്നൂർ, അഖ്നൂ റിന്റെ പുത്രൻ മആലിബ്, മആലിബിന്റെ പുത്രൻ ഫർലായി, ഫർലായിയുടെ പുത്രൻ ഖയ്സ്, ഖയ്സിന്റെ പുത്രൻ താലൂത്ത്, താലൂത്തിന്റെ പുത്രൻ അർമിയ, അർമിയയുടെ പുത്രൻ അഫ്

ഗാൻ, അഫ്ഗാനിന്റെ പിന്തുടർച്ചക്കാർ അഫ്ഗാനികൾ. അഫ്ഗാനിന്റെ പേരിൽനിന്നാണ് അഫ്ഗാൻ ജനതയുടെ പേരുണ്ടായത്. നബൂക്കദ്നസ്റിന്റെ സമകാലീനനായിരുന്നു അഫ്ഗാൻ. യിസ്രായേലിന്റെ പിന്തുടർച്ചക്കാരനായിട്ടാണ് അദ്ദേഹത്തെപ്പറ്റി പറയപ്പെട്ടുപോന്നത്. അദ്ദേഹത്തിന് നാല്പത് മക്കളുണ്ടായിരുന്നു. 2000 കൊല്ലം ശേഷം 34-ാം തലമുറയിലാണ് തിരുനബിയുടെ കാലത്ത് ജീവിച്ച ഖയ്സ് ജനിച്ചത്. അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാർ 64 തലമുറകളായി പെരുകി. അഫ്ഗാന്റെ മൂത്തപുത്രനായ സൽമ് സ്വദേശമായ സിറിയയിൽനിന്നു ഹിറാത്തിനടുത്തുള്ള ഗൗറെ മശ്കോഹ് (Ghaur Mash Koh)ൽ കുടിയേറിത്താമസിച്ചു. അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാർ അഫ്ഗാനിസ്താനിൽ പരന്നു.

അഫ്ഗാൻകാർ തങ്ങളുടെ വംശപാരമ്പര്യം ഇസ്രായേൽ രാജാവായിരുന്ന ശൗലിൽനിന്നാരംഭിക്കുന്നതായി അവകാശപ്പെടുകയും തങ്ങളെ ഇസ്രായേൽ സന്തതികളായി കരുതുകയും ചെയ്യുന്നതായി **ജെയിംസ് ബ്രൈസിന്റെ** (James Bryce F.G.S) 'എൻസൈക്ലോപീഡിയ ഓഫ് ജ്യോഗ്രഫി' (Encyclopaedea of Geography) എന്ന ഗ്രന്ഥത്തിൽ പറയുന്നു (പേ.11). അഫ്ഗാനികൾ തങ്ങൾ ജൂതവംശജരാണെന്നു പ്രസ്താവിക്കുന്നതായി **അലക്സാണ്ടർ ബേൺസ്** രേഖപ്പെടുത്തിയിട്ടുണ്ട്. അവരെ ബാബൂൽ രാജാവ് കീഴടക്കിയശേഷം കാബൂളിന് വടക്ക് പടിഞ്ഞാറുള്ള ഗൗറിൽ(Ghaur) കുടിപാർപ്പിക്കുകയുണ്ടായത്രെ. എ.ഡി. 622 വരെ, അവർ ജൂദമതത്തിൽതന്നെ ഉറച്ചുനില്ക്കുകയുണ്ടായെങ്കിലും ഖാലിദ് ബിൻ അബ്ദുല്ലാഹ് (ഖാലിദ് ബിൻ വലീദ് ആയിരിക്കണം- ഗ്ര.) ഈ ഗോത്രത്തിന്റെ ഒരു തലവന്റെ മകളെ കല്ല്യാണം കഴിക്കുകയും അവരെല്ലാം അക്കൊല്ലംതന്നെ ഇസ്ലാംമതമവലംബിക്കയും ചെയ്തുവെന്നും അതിൽ പറയുന്നു.

**കേണൽ ജി.ബി. മല്ലേസൺ** (Col.G.B. Malleson) 'അഫ്ഗാൻ ചരിത്രം' (History of Afghanistan) എന്ന ഗ്രന്ഥത്തിൽ (Lond. 1878) അഫ്ഗാൻകാർ ബനീയിസ്രായേൽ വംശപരമ്പരയിൽപെട്ടവരാ

ണെന്ന കാര്യത്തിൽ ഹിറാത്തിലെ **അബ്ദുദുല്ലാഹ്ഖാൻ**, ഫ്രഞ്ച് സഞ്ചാരിയായ **ഫ്രിയർ ജോൺ** (Friar John) വിശ്രുത ഓറിയന്റലിസ്റ്റായ **സർ വില്യം ജോൺസ്** (Sir William Johns) എന്നിവർ ഏകാഭിപ്രായക്കാരാണെന്നു പറയുന്നു. അവർ ബനീയിസ്രായേലിലെ കാണാതെപോയ പത്തുഗോത്രങ്ങളുടെ പിന്തുടർച്ചക്കാരാകുന്നു (p.39). അഫ്ഗാൻകാർ യിസ്രായേലിലെ കാണാതെപോയ പത്തുഗോത്രങ്ങളുടെ പിന്തുടർച്ചക്കാരാണെന്നും, അഫ്ഗാൻകാരുടെ തന്നെയും അഭിപ്രായമിതാണെന്നും പൗരസ്ത്യചരിത്രകാരന്മാരിൽ ഭൂരിപക്ഷവും അഭിപ്രായപ്പെടുന്നതായി **എൽ.പി. ഫെരിയർ** 'അഫ്ഗാനികളുടെ ചരിത്രം' (History of Afghans, Lond. 1858) എന്ന പുസ്തകത്തിൽ- ക്യാപ്റ്റൻ ഡബ്ല്യൂ. എം. ജസ്സി (Captain W.M. Jasse) തർജ്ജമ ചെയ്തത്- ഒന്നാം ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. **നാദിർശാഹ്** ഇന്ത്യയെ ആക്രമിച്ച അവസരത്തിൽ പിശാവറിൽവച്ച് യൂസ്ഫ് സെയ് (Yusuf Zai) ഗോത്രത്തിന്റെ തലവന്മാർ അദ്ദേഹത്തിനു ഹിബ്രുവിലെഴുതിയ ബൈ ബിളിന്റെ ഒരു പ്രതിയും, പ്രസ്തുത കുടുംബങ്ങളിൽ സൂക്ഷിക്കപ്പെട്ടുവന്നതും പണ്ടു പണ്ടേ പുലർത്തിപ്പോന്ന മതവിശ്വാസാചാരങ്ങൾ അനുഷ്ഠിക്കുന്നതിൽ ഉപയോഗപ്പെടുത്തിപ്പോന്നതുമായ മറ്റുവസ്തുക്കളും സമ്മാനിച്ചിരുന്നു വെന്നതിലേയ്ക്ക് അഫ്ഗാനികളുടെ പക്കൽ തെളിവുകളുണ്ടെന്നു അതേ ചരിത്രകാരൻ പ്രസ്തുത ഗ്രന്ഥത്തിന്റെ നാലാം പേജിൽ പറയുന്നു. നാദിർശായുടെ കേമ്പിലും ജൂദന്മാരുണ്ടായിരുന്നു. ഈ വസ്തുക്കൾ കണ്ടപ്പോൾ ജൂദന്മാർ അവയെ വേഗത്തിൽ തിരിച്ചറിഞ്ഞു. ഹിറാത്തിലെ അബ്ദുല്ലാഹ്ഖാന്റെ അഭിപ്രായങ്ങൾ വിശ്വസനീയമാണെന്നും അതേ ചരിത്രഗ്രന്ഥത്തിൽ ത്തന്നെ നാലാം പേജിൽ പറയുന്നുണ്ട്. ഈ അഭിപ്രായങ്ങൾ ചുരുക്കത്തിൽ ഇതാണ്; താലൂത്ത് രാജാവിനു (ശൗലിനു) രണ്ടു മക്കളുണ്ടായിരുന്നു. അഫ്ഗാനും ജാലൂത്തും. ഈ കൂട്ടരുടെ കുലപതിയായിരുന്നു അഫ്ഗാൻ. ദാവൂദിന്റെയും ശലമോന്റെയും ഭരണത്തിനുശേഷം യിസ്രായേൽ ഗോത്രങ്ങൾ തമ്മിൽ യുദ്ധങ്ങൾ നടന്നിരുന്നു. ഇതിന്റെ ഫലമായി ഓരോ

ഗോത്രവും ഭിന്നിച്ചു അകന്നുപോയി. നബൂക്കദ്നസ്റിന്റെ കാലത്തോളം ഈ അവസ്ഥ തുടർന്നിരുന്നു. നബൂക്കദ്നസ്ർ ആക്രമണം സംഘടിപ്പിക്കുകയും 70,000 ജൂതന്മാരെ കൊല്ലുകയും ചെയ്തു. അയാൾ നഗരം നശിപ്പിക്കുകയും അവശേഷിച്ച ജൂതന്മാരെ തടവുകാരായി ബാബേലിലേക്ക് പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. ഈ വിപത്തിനുശേഷം അഫ്ഗാൻ സന്തതികൾ ഭയപ്പെട്ടു. ജൂദിയയിൽനിന്നു അറേബ്യയിലേക്ക് ഓടിപ്പോകുകയും അവിടെ ഏറെക്കാലം വസിക്കുകയും ചെയ്തു. എന്നാലും, വെള്ളവും ഭൂമിയും വളരെ കുറവായിരുന്നതിനാലും മനുഷ്യരും ജന്തുക്കളുമെല്ലാം കഷ്ടപ്പെട്ടുതുടങ്ങിയിരുന്നതിനാലും അവർ ഇന്ത്യയിലേക്ക് മാറിത്താമസിക്കാൻ തീരുമാനിച്ചു. അബ്ദാലികളായ ഒരു വിഭാഗം അറേബ്യയിൽത്തന്നെ തങ്ങി. ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് അവരുടെ തലവന്മാരിലൊരാൾ ഖാലിദ് ബിൻ വലീദുമായി വൈവാഹിക ബന്ധത്തിലേർപ്പെട്ടു. ഇറാൻ, അറബികൾക്ക് അധീനപ്പെട്ടപ്പോൾ ഈ വിഭാഗം അറേബ്യയിൽനിന്നു ഇറാനിലെ സംസ്ഥാനങ്ങളായ ഫാറാബിലും കിർമാനിലും കുടിമാറിത്താമസിച്ചു. ചെങ്കിസ്ഖാന്റെ ആക്രമണകാലംവരെ അവർ അവിടെതന്നെയാണ് വസിച്ചത്. ചെങ്കിസ്ഖാന്റെ ആക്രമണങ്ങൾക്കെതിരെ അബ്ദാലികൾ നിസ്സഹായരായിരുന്നു. അവർ, മക്രാൻ, സിന്ധ്, മുൾത്വത്താൻ എന്നിവിടങ്ങളിലൂടെ ഇന്ത്യയിൽ വന്നെത്തി. അവർക്ക് ഇവിടേയും സമാധാനം ലഭിച്ചില്ല. ഒടുവിൽ, അവർ കോഹെ സുലയ്മാനിലേയ്ക്കുപോയി. മറ്റു അബ്ദാലിഗോത്രക്കാരും അവരോടൊപ്പം ചേർന്നു. അവരെല്ലാം കൂടി 24 ഗോത്രങ്ങളുണ്ടായിരുന്നു. അഫ്ഗാനു മൂന്നു മക്കളായിരുന്നു. സറാബത്ത് (സറാബാൻ), അർക്കിശ് (ഗർഗശ്ത്), കർലാൻ (ബതൻ). ഓരോരുത്തർക്കും എട്ടു മക്കൾവീതം. അവർ 24 ഗോത്രങ്ങളായി പെരുകി. ഓരോ ഗോത്രവും ഓരോ പുത്രന്റെ പേരിലാണ് അറിയപ്പെട്ടത്. അവരുടെ പേരും ഗോത്രവും ചുവടെ കൊടുക്കുന്നു.

| **സറാബന്തിന്റെ മക്കൾ** | **ഗോത്രപ്പേര്** |
| --- | --- |
| അബ്ദാൽ | അബ്ദാലി |
| യൂസുഫ് | യൂസുഫ്സയി |
| ബാബൂർ | ബാബൂരി |
| വസീർ | വസീരി |
| ലോഹാൻ | ലോഹാനി |
| ബർച്ച് | ബർച്ചി |
| ഖൂഗിയൻ | ഖൂഗിയാനി |
| ശറാൻ | ശറാനീ |
| **ഗർഗശ്ത് (അർക്കാശ് മക്കൾ)** | **ഗോത്രപ്പേര്** |
| ഖിൽജ് | ഖിൽജി |
| കാക്കർ | കാക്കരി |
| ജമൂരീൻ | ജമൂരീനി |
| സതൂരിയാൻ | സതൂർയാനി |
| പീൻ | പീനി |
| കസ് | കസി |
| തകാൻ | തകാനി |
| നസ്ർ | നസ്രി |
| **കർലാന്റെ മക്കൾ** | **ഗോത്രപ്പേര്** |
| ഖടക്ക് | ഖടക്കി |
| സൂർ | സൂരീ |
| ആഫ്രീദ് | ആഫ്രീദീ |
| ത്വൂർ | ത്വൂരി |
| സാസ് | സാസീ |
| ബാബ് | ബാബി |
| ബംഗനേശ് | ബംഗനേശി |
| ലന്തിപൂർ | ലന്തിപൂരി |

ജഹാംഗീർ ചക്രവർത്തിയുടെ കാലത്ത് ഹിജ്റ 1018-ൽ എഴുതപ്പെട്ട ഹിറാത്തിലെ ഖാജാ നിഅ്മത്തുല്ലായുടെ 'മഖ്സനെ അഫ്ഗാനി' (ഖർക്കി യൂനിവേർസിറ്റിയിലെ പ്രൊഫസർ ബേൺ

ഹാർഡ് ഡോറാൻ തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയത്. 1836 ലണ്ടൻ) എന്ന ഗ്രന്ഥത്തിൽ താഴെ കാണിച്ച അദ്ധ്യായങ്ങളിൽ ഇപ്രകാരം പറയുന്നു:

ഒന്നാം അദ്ധ്യായത്തിൽ ഈ ജനതയുടെ (അഫ്ഗാനികളുടെ) വംശപാരമ്പര്യം ആരംഭിക്കുന്ന യാക്കോബിന്റെ - യിസ്രായേലിന്റെ - ചരിത്രമാണുള്ളത്. രണ്ടാം അദ്ധ്യായത്തിൽ, താലൂത്ത് രാജാവിന്റെ ചരിത്രമാണുള്ളത്. അതായത്, അഫ്ഗാനികളുടെ വംശപരമ്പര താലൂത്തിൽനിന്നാണ് തുടങ്ങുന്നതത്രെ.

22–ഉം 23–ഉം ഭാഗങ്ങളിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: താലൂത്തിനു രണ്ടു മക്കളുണ്ടായിരുന്നു. ബർഖിയായും അർമിയാഹും. ബർഖിയായ്ക്ക് ഒരു പുത്രനുണ്ടായിരുന്നു ആസിഫ്. അഫ്ഗാനു 24 പുത്രന്മാരാണുണ്ടായിരുന്നത്. ഇസ്രായേല്യരിൽ ആരുംതന്നെ അഫ്ഗാന്റെ പിന്തുടർച്ചക്കാരോട് തുല്യപ്പെടുത്താവുന്നവരില്ല.

65–ാം ഭാഗത്ത് നബൂക്കദ്നസ്ർ, ശാം(സിറിയ) മുതലായ രാജ്യങ്ങൾ മുഴുവനും കീഴടക്കുകയും യിസ്രായേലി ഗോത്രക്കാരെ നാടുകടത്തുകയും ഗോർ, ഗസ്നി, കാബൂൾ, കണ്ടഹാർ, കോഹെഫിറോശ് എന്നിവിടങ്ങളിൽ കുടിയിരുത്തുകയും ചെയ്തുവെന്നും ഇവിടങ്ങളിലാണ് ആസിഫിന്റെയും അഫ്ഗാന്റെയും വംശപരമ്പരകൾ പ്രത്യേകിച്ചും വാസമുറപ്പിച്ചതെന്നും പ്രസ്താവിച്ചിരിക്കുന്നു.

പ്രസ്തുത പുസ്തകത്തിന്റെ 37 ഉം 38 ഉം പേജുകളിൽ 'മജ്മഉൽ അൻസാബ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവിനെയും 'താരീഖെഗുസിദാ'യുടെ കർത്താവായ മസ്തൗഫിയെയും ആധാരമാക്കിക്കൊണ്ടു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. തിരുനബിയുടെ കാലത്ത് ഖാലിദ് ബിൻ വലീദ്, ഗോർപ്രദേശത്ത് നബൂക്കദ്നസ്റിന്റെ കാലത്ത് പാർപ്പുറപ്പിച്ചിട്ടുണ്ടായിരുന്ന അഫ്ഗാനികളെ ഇസ്ലാം മതത്തിലേയ്ക്ക് ക്ഷണിക്കുകയുണ്ടായി. താലൂത്തിന്റെ 37–ാം പരമ്പരയിലെ പിന്തുടർച്ചക്കാരനായ ഖയ്സിന്റെ

നേതൃത്വത്തിൽ അഫ്ഗാൻ തലവന്മാർ തിരുനബിയുടെയടുക്കൽവന്നു. (ഇവിടെ അബ്ദുർ റശീദ് ഖയ്സിന്റെ വംശപരമ്പര ശൗലിൽ അഥവാ താലൂത്തിൽ ചെന്നുമുട്ടുന്നതായി കാണിച്ചിട്ടുണ്ട്). തിരുനബി (സ) പ്രസ്തുത ഗോത്രത്തലവന്മാർക്ക് 'കപ്പലിന്റെ പങ്കായം' എന്നർത്ഥമുള്ള 'പത്താൻ' എന്ന ബഹുമാന നാമം അനുഗ്രഹിച്ചരുളുകയുണ്ടായി. കുറച്ചു നാളുകൾക്കുശേഷം തലവന്മാർ, തങ്ങളുടെ പ്രദേശത്തേയ്ക്ക് തിരിച്ചുചെന്നു ഇസ്ലാംമതത്തെ പ്രബോധനം ചെയ്യാൻ തുടങ്ങി.

'മഖ്സനെ അഫ്ഗാൻ' എന്ന ഇതേ ഗ്രന്ഥത്തിൽ 63-ാം ഭാഗത്ത് ബനീ അഫ്ഗാൻ, ബനീ അഫ്ഗാനാ എന്നീ ബഹുമാനപ്പേരുകളെപ്പറ്റി ഫരീദുദ്ദീൻ അഹ്മദ്, തന്റെ രിസാലാ അസ്നാബെ അഫ്ഗാനിയ്യ' എന്ന പുസ്തകത്തിൽ താഴെപറയുന്ന ഒരു പ്രസ്താവന നല്കിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മജൂസിയായിരുന്ന നബൂക്കദ്നസ്ർ യിസ്റായേലികളേയും ശാംപ്രദേശവും കീഴടക്കുകയും ജറൂസലം കൊള്ളയടിക്കുകയും ചെയ്തശേഷം ഇസ്രായേലി തടവുകാരെ പിടിച്ചുകൊണ്ടുപോയി അടിമകളാക്കി നാടുകടത്തുകയുണ്ടായി. അയാൾ മോശെയുടെ ന്യായപ്രമാണം പിന്തുടർന്ന പല ഗോത്രങ്ങളെയും പിടിച്ചുകൊണ്ടുപോയി. അവരുടെ പാരമ്പര്യവിശ്വാസങ്ങൾ കയ്യൊഴിച്ചു ദൈവത്തിനുപകരം തന്നെ ആരാധിക്കുവാൻ നിർബന്ധിക്കുകയുണ്ടായെങ്കിലും അവർ അപ്രകാരം ചെയ്യാൻ കൂട്ടാക്കിയില്ല. അതുകാരണം, നബൂക്കദ്നസ്ർ ആ ഗോത്രത്തിൽപ്പെട്ട മഹാബുദ്ധിമാന്മാരും അറിവുള്ളവരുമായ രണ്ടായിരത്തോളം പേരെ കൊന്നുകളയുകയും ബാക്കിയുള്ളവരോടു തന്റെ സാമ്രാജ്യത്തുനിന്നും ശാംപ്രദേശത്തുനിന്നും ഒഴിഞ്ഞുപോയിക്കൊള്ളണമെന്നു കല്പിക്കുകയുമുണ്ടായി. അവരിൽ ഒരു വിഭാഗം നബൂക്കദ് നസ്റി ന്റെ ഭരണപ്രദേശത്തുനിന്നു ഒരു തലവന്റെ കീഴിൽ ഒഴിഞ്ഞുപോയി, ഗൌർ കുന്നുകളിൽ വാസമുറപ്പിച്ചു. അവരുടെ തലമുറക്കാർ ഇവിടെതന്നെ കുടിയുറപ്പിക്കുകയും പെറ്റുപെരുകുകയും ജനങ്ങൾ അവരെ ബനീഇസ്രായേൽ എന്നും ബനീ ആസിഫ് എന്നും ബനീ അഫ്ഗാൻ എന്നും വിളിച്ചുതുടങ്ങുകയും ചെയ്തു.

64–ാം പുറത്ത് ഇപ്രകാരം പറയുന്നു: 'താരീഖെ അഫ്ഗാനി' 'താരീഖെ ഗോരി' തുടങ്ങിയ വിശ്വസനീയങ്ങളായ ചരിത്രരേഖ കൾ, അഫ്ഗാനികളധികവും ബനീയിസ്രായേലാണെന്നും അവ രിൽ ചിലർ ഖിബ്തി (Coptics)കളിൽപ്പെട്ടവരാണെന്നും ഊന്നിപ്പ റയുന്നവയാണ്. ഇതിനുപുറമെ, ചില അഫ്ഗാനികൾ തങ്ങളെ ഈജിപ്ഷ്യൻ പരമ്പരയിൽപ്പെട്ടവരായി കരുതുന്നുണ്ടെന്നും അബുൽഫദ്ൽ പ്രസ്താവിക്കുന്നുണ്ട്. ബനീഇസ്രായേൽ ഈജി പ്തിലേയ്ക്ക് യരുശലമിൽനിന്നു തിരിച്ചുപോയപ്പോൾ ഈ ഗോ ത്രം (അഫ്ഗാനികൾ) ഇന്ത്യയിൽ കുടിയേറിത്താമസിച്ചുവെ ന്ന താണ് ഇതിലേയ്ക്ക് കാരണമായി ചൂണ്ടിക്കാട്ടുന്നത്. 64–ാം പുറ ത്ത് ഫരീദുദ്ദീൻ അഹ്മദ്, 'അഫ്ഗാൻ' എന്ന ബഹുമതി പേരി നെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: 'അഫ്ഗാൻ' എന്ന സ്ഥാന പ്പേരിനെ സംബന്ധിച്ചിടത്തോളം (സിറിയയിൽനിന്നുള്ള) നാടു കടത്തലിനുശേഷം അവർ എപ്പോഴും വീടുകളെയോർത്തു തല യിട്ടടിക്കുകയും കരയുകയും (ഫഗാൻ) ചെയ്തുപോന്നിരുന്ന തിനാലാണ് അഫ്ഗാന എന്ന പേർ വന്നതെന്നു ചിലർ രേഖ പ്പെടുത്തിയിരിക്കുന്നു. സർ ജോൺ മാൽക്കം (Sir John Malcom) ഇതേ (History of Persia, vol,1, p.101) അഭിപ്രായക്കാരനാണത്രെ.

63–ാം ഭാഗത്ത്, മഹബത്ഖാന്റെ പ്രസ്താവന ഉദ്ധരിച്ചിട്ടുണ്ട്: "അവർ ശലമോന്റെ (സുലയ്മാൻ നബിയുടെ) അനുയായികളും ബന്ധുക്കളുമായിരിക്കയാൽ അവരെ അറബികൾ സുലയ്മാനി കൾ എന്നു വിളിച്ചു പോന്നു."

തങ്ങൾ ജൂതവംശജരാണെന്നു അഫ്ഗാൻകാർ സ്വയം കരു തിപ്പോരുന്നുവെന്നു മിക്കവാറും എല്ലാ ആധുനിക ചരിത്രകാര ന്മാരും ഗവേഷണങ്ങളും തെളിയിച്ചുകാട്ടുന്നതായി 65–ാം ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ചില ആധുനിക ചരിത്രകാരന്മാരും ഇതേ വീക്ഷണം തന്നെയാണ് അഥവാ, അതു സത്യമാണെന്നി ടത്തോളമുള്ള അഭിപ്രായമാണ് പുലർത്തുന്നത്.

അഫ്ഗാനികൾ ജൂതപ്പേരുകൾ സ്വീകരിച്ചത് ഇസ്ലാംമതം സ്വീകരിച്ചതുനിമിത്തമാണെന്ന അഭിപ്രായത്തെ സംബന്ധിച്ചി

ടത്തോളം തർജ്ജമക്കാരനായ ബർണാഡ് ഡോറന്റെ വീക്ഷണത്തെ പിന്താങ്ങുന്ന ഒരു തെളിവുമില്ലെന്നു പറയേണ്ടിരിക്കുന്നു. പഞ്ചാബിന്റെ ഉത്തരപശ്ചിമ ഭാഗങ്ങളിൽ ഹിന്ദുക്കളിൽ നിന്നു മുസ്ലിംകളായി മാറിയ ഗോത്രങ്ങൾ നിവസിക്കുന്നുണ്ട്. അവരുടെ പേരുകൾ ജൂദജാതിക്കാരുടേതുപോലുള്ള പേരുകളല്ല. മുസ്ലിംകളായി മാറുന്നതോടെ ജൂതപ്പേരുകൾ സ്വീകരിച്ചുകൊള്ളണമെന്നില്ലെന്ന് അതു വ്യക്തമാക്കിത്തരുന്നു.

അഫ്ഗാനികൾക്ക് ജൂതന്മാരുമായി അത്ഭുതാവഹമായ സാമ്യഭാവങ്ങളുണ്ട്. അഫ്ഗാനികൾ ജൂതവംശ്യരാണെന്ന വാദത്തോടു യോജിക്കാത്ത പണ്ഡിതന്മാർതന്നെ ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നു. അവർ ജൂതവംശ്യരാണെന്നതിലേക്ക് നമുക്ക് ലഭ്യമായ ഒരേയൊരു തെളിവ് ഇതായിരിക്കാം. ഇത് സംബന്ധിച്ചു സർ ജോൺ മാൽക്കം പറയുന്നതു ഇപ്രകാരമാണ്:

“ഖുറാസാന്റെയും സിന്ധു നദിയുടെയും ഇടയിലുള്ള പ്രദേശത്ത് താമസമുറപ്പിച്ച അഫ്ഗാൻ ഗോത്രങ്ങളുടെ തുടക്കത്തെപ്പറ്റി വിവിധ ചരിത്രകാരന്മാർ വ്യത്യസ്തങ്ങളായിട്ടാണ് വിവരിച്ചിട്ടുള്ളത്. അവർ നബൂക്കദ്നസ്റിനാൽ തടവുകാരായി പിടിക്കപ്പെട്ടിരുന്ന ജൂതഗോത്രങ്ങളെ വംശപരമായി പിന്തുടർന്നിട്ടുള്ളവരാണെന്നും ചിലർ ഊന്നിപ്പറയുന്നു. അവരുടെ തലവന്മാർ, കുടുംബങ്ങൾ ദാവീദിൽനിന്നും ശൗലിൽനിന്നും തുടങ്ങുന്നതായി അവകാശപ്പെടുന്നുമുണ്ട്. ഈ അഭിമാനപൂർണ്ണമായ പിന്തുടർച്ചയെക്കുറിച്ചുള്ള അവരുടെ അവകാശവാദം വളരെ സംശയാവഹമാണെങ്കിലും അവരുടെ പ്രത്യക്ഷഭാവങ്ങളിൽനിന്നും പ്രയോഗരീതികളിൽനിന്നും അവർ പേർസ്യക്കാരിൽനിന്നും താത്താരികളിൽനിന്നും ഇന്ത്യക്കാരിൽനിന്നും തികച്ചും വ്യത്യസ്തരായ ജാതിക്കാരാണെന്നു വ്യക്തമാകുന്നുണ്ട്. ഇതുമാത്രമാണ് അത്തരമൊരു പ്രസ്താവനയ്ക്ക് എന്തെങ്കിലും വിശ്വസനീയത കൈവരുത്തുന്നത്. എന്നാൽ, എത്രയോ ശക്തിമത്തായ യാഥാർത്ഥ്യങ്ങൾ മുഖേന ഇതു ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. ഇതിനെ ന്യായീകരിക്കത്തക്ക പ്രത്യക്ഷമായ തെളിവൊന്നും ഉന്നയിക്കപ്പെട്ടിട്ടുമില്ല.

ഒരു ജനവും മറ്റൊരു ജനവും തമ്മിലുള്ള ഭാവസാദൃശ്യങ്ങൾ പലതും തെളിയിച്ചു കാട്ടുന്നവയാകാമെങ്കിലും ജൂതന്മാരുടെ പ്രത്യക്ഷഭാവങ്ങളോടുകൂടിയ കശ്മീരികൾ ജൂതവംശ്യർ തന്നെയാണെന്നതിൽ സംശയിക്കാനില്ല. ഇതു ബർണ്യർ മാത്രമല്ല, ഫോർസ്റ്ററും, മറ്റു ചില പണ്ഡിതന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ബർണ്യറുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നില്ലെങ്കിലും താൻ കശ്മീരികളുടെ ഇടയിലായിരുന്നപ്പോൾ ജൂതജനത്തോടൊപ്പമാണെന്ന തോന്നലാണ് തനിയ്ക്കുണ്ടായിരുന്നതെന്നു ഫോർസ്റ്റർ വ്യക്തമാക്കിയിട്ടുണ്ട്.

'കശ്മീരി' എന്ന പദത്തെ സംബന്ധിച്ചിടത്തോളം എ.കെ. ജോൺസ്റ്റന്റെ 'ഭൂമിശാസ്ത്രനിഘണ്ടു' (Dictionary of Geography) എന്ന പുസ്തകത്തിൽ 259–ാം പേജിൽ താഴെ പറയുന്ന വാക്കുകൾ കാണാം.

250–ാം പേജിൽ കശ്മീർ (KASHMIR) എന്ന തലക്കെട്ടിനു കീഴിൽ ഇപ്രകാരം പറയുന്നു:

"പൊക്കം കൂടിയവരും കനത്തുറച്ച ശരീരഘടനയുള്ളവരും പൗരുഷം മുറ്റിയവരുമാകുന്നു കശ്മീരികൾ – സ്ത്രീകൾ അംഗസൗഷ്ഠവമുള്ളവരും സുന്ദരിമാരും ജൂതന്മാരുടെതുപോലുള്ള തത്തച്ചുണ്ടൻമൂക്കും ഭാവങ്ങളുമുള്ളവരുമാകുന്നു."

"സവാതി"(Sawathi)യും "ആഫ്റീദി"(Afridi)യും എന്ന തലക്കെട്ടിൽ 'സിവിൽ ആന്റ് മിലിറ്ററി ഗസറ്റ്' എന്ന പത്രത്തിൽ, (1898 നവംബർ 23) ബ്രിട്ടീഷ് അസോസിയേഷന്റെ നരവംശശാസ്ത്രവിഭാഗത്തിന്റെ അടുത്തുകഴിഞ്ഞ ഒരു യോഗത്തിൽ അവതരിപ്പിച്ച ശ്രദ്ധേയവും വിലപ്പെട്ടതുമായ പ്രബന്ധം പുനഃപ്രസിദ്ധം ചെയ്തിട്ടുണ്ട്. നരവംശശാസ്ത്രഗവേഷണം സംബന്ധിച്ച കമ്മിറ്റിയുടെ ശീതകാലസമ്മേളനത്തിൽ അവതരിപ്പിക്കാനുള്ളതാണിത്. പ്രബന്ധത്തിൽ ഇപ്രകാരം പറയുന്നു:

"ബ്രിട്ടീഷ് അസോസിയേഷന്റെ അടുത്തുകഴിഞ്ഞ ഒരു യോഗത്തിൽ നരവംശവിഭാഗത്തിനുവേണ്ടി തയ്യാറാക്കിട്ടുള്ളതും

ആന്ത്രപോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ശീതകാല സമ്മേള നത്തിൽ അവതരിപ്പിക്കാനിരിക്കുന്നതുമായ, വളരെ വിലപ്പെട്ടതും ശ്രദ്ധേയവുമായ ഒരു പ്രബന്ധത്തിന്റെ പൂർണ്ണരൂപം ഞങ്ങൾ ചുവടെ കൊടുക്കുന്നു.

“ഇന്ത്യയുടെ പടിഞ്ഞാറൻ പ്രവേശനദ്വാരത്തിലുള്ള അസ്സൽ നിവാസികളായ പത്താൻ അഥവാ പത്താൻകാർ, വളരെ പുരാ തനചരിത്രത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടവരത്രെ; പല ഗോത്ര ങ്ങളെപ്പറ്റിയും ഹിറോഡോട്ടസും അലക്സാണ്ടറുടെ ചരിത്രകാ രന്മാരും പ്രതിപാദിച്ചിട്ടുള്ളതുമാണ്. മദ്ധ്യകാലങ്ങളിൽ, അവർ കയ്യടക്കിയ മലകളിൽ കൃഷി ചെയ്തിട്ടില്ലാത്ത പരുക്കൻ മരുഭൂ മിപ്രദേശം ‘റോഹ്’ എന്നും അവിടുത്തെ നിവാസികൾ ‘റോഹി ലര്’ എന്നുമാണ് വിളിക്കപ്പെട്ടിരുന്നത്. പുരാതനരായ ഈ റോഹി ലരിൽ അഥവാ പത്താൻ ഗോത്രക്കാരിൽ ഭൂരിപക്ഷവും അഫ്ഗാ ൻകാരെക്കാൾ മുമ്പേതന്നെ അവിടെയുണ്ടായിരുന്നു. പത്താൻ ഭാഷയായ ‘പുശ്ത്തു’ സംസാരിക്കുന്നുവെന്നതുകൊണ്ടുമാത്രം പത്താൻകാരായി എണ്ണപ്പെടുന്ന അഫ്ഗാൻകാരെല്ലാംതന്നെ നബൂക്കദ്നസ്ർ ബാബിലോണിയായിൽ തടവുകാരായി പിടി ച്ചുകൊണ്ടുവന്ന ഗോത്രങ്ങളുടെ പിന്തുടർച്ചക്കാരാണ് തങ്ങളെ ന്നു വാദിച്ചുകൊണ്ട് മറ്റുള്ളവരുമായി നേരിട്ടുള്ള കുടുംബബന്ധം സ്ഥാപിക്കാൻ കൂട്ടാക്കാതിരിക്കുന്നു. എന്നാൽ, അവരെല്ലാം തന്നെ പുശ്ത്തു ഭാഷ സ്വീകരിക്കുകയും പക്ത്താൻ വാലി എന്ന പേരിലുള്ള പൊതുവായ പത്താൻ സിവിൽ അനുഷ്ഠാനങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. അതാകട്ടെ, പല കാര്യങ്ങളിലും മോശെയുടെ പഴയനിയമങ്ങളെയും രജ്പുത്ത് ജാതിക്കാരുടെ പുരാതനമായ അനുഷ്ഠാനങ്ങളെയും ശ്രദ്ധേയമായി ഓർമ്മപ്പെ ടുത്തുന്നവയാണ് താനും.”

## ഇസ്രായേലി പാരമ്പര്യം

ഈ ചർച്ചയിൽ ഏറ്റവും ഒടുവിലായി നമുക്ക് ബന്ധപ്പെടേ ണ്ടിവരുന്ന പത്താൻകാരെ രണ്ടു പ്രധാന സമുദായവിഭാഗങ്ങ

ളായി വേർതിരിക്കാം. അതായത്, വസീറികൾ, ആഫ്രീദികൾ, ഓറക്ക് സെയികൾ തുടങ്ങിയ ഗോത്രങ്ങളും കുടുംബങ്ങളും ഉൾക്കൊണ്ട ഇന്ത്യൻ വംശീയർ; ശാമവംശീയരെന്നു (Semitics) അവകാശപ്പെടുന്നവരും നമ്മുടെ അതിർത്തിപ്രദേശങ്ങളിലുട നീളം പ്രബലരായിട്ടുള്ളവരുമായ അഫ്ഗാനികൾ. ഇവരെല്ലാ വരും ഒരുപോലെ അംഗീകരിക്കുന്ന അലിഖിത നിയമപ്രമാണ മായ പക്ത്താൻവാലി ഒരു സമ്മിശ്രമൂലമായിരിക്കാൻ സാദ്ധ്യ തയുണ്ടെന്നാണ് തോന്നുന്നത്. മോശെയുടെ ന്യായപ്രമാണത്തോ ടൊപ്പം രജപുത്ത് പാരമ്പര്യങ്ങളുമായി ഇണക്കിച്ചേർത്തതും മുസ്ലിം ആചാരനടപടികളിലൂടെ നവീകരിച്ചതുമായ പെരുമാ റ്റച്ചട്ടങ്ങളാണ് നാം അതിൽ കാണുന്നത്. 'ദുർ റാനി'കളെന്നു സ്വയം വിളിക്കുന്നവരും ഒന്നര നൂറ്റാണ്ടിനുമുമ്പേ ദുർറാനീ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടതുമുതൽ അങ്ങനെ ചെയ്തുപോ ന്നിട്ടുള്ളവരുമായ അഫ്ഗാനികൾ, കിശ് എന്ന പേരിലുള്ള ഒരു പൂർവ്വികൻ മുഖേന ഇസ്രായേലി ഗോത്രത്തിന്റെ പിന്തുടർച്ച ക്കാരാണെന്നാണ് പറയുന്നത്. തന്റെ ജനത്തെ ഇസ്ലാമിക പ്രവാഹത്തിലൂടെ തുഴഞ്ഞുനീക്കാൻ നിയുക്തനായ ആളെന്ന നിലയിൽ കിശിന്, മുഹമ്മദ് നബി(സ) പത്താൻ (സിറിയൻ ഭാഷയിൽ പങ്കായത്തിനു പറയുന്നതാണിത്) എന്ന പേർ നല്കു കയുണ്ടായി. പത്താൻ അഥവാ പക്ത്താൻ ദേശീയത്വം ഇസ്ലാ മിനു എത്രയോ മുമ്പേയുള്ളതാണെന്നു മുകളിൽ നാം സൂചി പ്പിച്ചിട്ടുണ്ടല്ലോ. ഇസ്രായേലി ജനതയുമായുള്ള വളരെ പുരാത നബന്ധം അംഗീകരിക്കാതെ, അഫ്ഗാനികൾക്കിടയിൽ വ്യാപ കമായി നിലനില്ക്കുന്ന ഇസ്രായേലി നാമങ്ങൾക്ക് ന്യായീക രണം കണ്ടെത്തുക തുലോം പ്രയാസമായിരിക്കും. ഇതിനേക്കാൾ പ്രയാസപൂർണ്ണമാണ് അവരുടെ ചില അനുഷ്ഠാനങ്ങളുടെ വേരുകൾ കണ്ടെത്തുക. ഉദാഹരണമായി, പെസഹതീറ്റ (Pass-over Feast) – അഫ്ഗാൻ ജനത വളരെ ശ്രദ്ധാപൂർവ്വം അനുഷ്ഠി ച്ചുവരുന്നതാണിത്– തീരെ വിദ്യാഭ്യാസമില്ലാത്ത അഫ്ഗാനി കൾപോലും പുലർത്തിവരുന്നു. മറ്റു പാരമ്പര്യങ്ങൾക്കും നിദാ നമായിട്ടുള്ള എന്തെങ്കിലും അടിസ്ഥാനസത്യം ഇല്ലാതിരിക്കാൻ

നിർവ്വാഹമില്ല. ഈ ഇസ്രായേലി ബന്ധം ഒരു യാഥാർത്ഥ്യം തന്നെയായിരിക്കാമെന്ന് ബെല്ലോസ് (Bellows) കരുതുന്നു. എന്നാൽ അദ്ദേഹം വിവരിക്കുന്നു: കിശിൽനിന്നു പരമ്പരയായി ഉടലെടുത്ത അഫ്ഗാൻ കുടുംബത്തിന്റെ മൂന്നു മഹാശാഖകളിലൊന്ന് സാരാബോർ എന്ന പേരിലറിയപ്പെടുന്നു. പുരാതന ഇന്ത്യൻ രേഖകളിൽ പറയുന്ന മഹാഭാരതയുദ്ധത്തിൽ ചന്ദ്രബൻ (ചന്ദ്രവംശക്കാർ)മാരാൽ തോല്പ്പിക്കപ്പെട്ടശേഷം അഫ്ഗാനിലേയ്ക്ക് കുടിയേറിപ്പാർത്ത രജപുത്രരുടെ സൂര്യവംശത്തിനുള്ള പുരാതനനാമത്തിന്റെ പുശ്ത്തു രൂപമാണ് സാരാബോർ എന്നത്. അതുകൊണ്ട്, അഫ്ഗാൻ പുരാതന രജപുത്രഗോത്രങ്ങളിൽ അലിഞ്ഞുചേർന്ന ഇസ്രായേല്യരായിരിക്കണം. അഫ്ഗാന്റെ വംശോല്പത്തിയെ സംബന്ധിച്ച പ്രശ്നത്തിനുള്ള ഏറ്റവും യുക്തമായ മറുപടിയായി എനിക്കെപ്പോഴും തോന്നിയിട്ടുള്ളതു ഇതുതന്നെയാണ്. ഇന്നത്തെ അഫ്ഗാൻകാരൻ തങ്ങളെ പാരമ്പര്യത്തിൽ അബ്റഹാമിന്റെ പിന്തുടർച്ചക്കാരായ വരിഷ്ഠജാതിക്കാരായിട്ടാണ് കരുതിപ്പോരുന്നത്. പൊതുവായ ഭാഷയും ഗോത്രമര്യാദയുടെ നിയമാവലിയും മുഖേനയാണ് അവർ മറ്റു പത്താൻകാരുമായുള്ള ബന്ധം അംഗീകരിക്കുന്നത്.

സുപ്രസിദ്ധരായ എഴുത്തുകാരുടെ ഈ എല്ലാ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ ഒന്നായി പരിശോധിക്കുമ്പോൾ, ഇന്ത്യയുടെ അതിർത്തികളിലും സമീപപ്രദേശങ്ങളിലുമായി കാണപ്പെടുന്ന അഫ്ഗാനികളും, കശ്മീരികളും ഇസ്രായേലിലെ കാണാതെപോയ ഗോത്രങ്ങളിൽപ്പെട്ട ബനീഇസ്രായേൽ തന്നെയാണെന്ന് നിഷ്പക്ഷനായ ഏതൊരാൾക്കും ദൃഢബോദ്ധ്യം വരിക തന്നെ ചെയ്യും. ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത്, അല്ലാഹു ഇച്ഛിച്ചുവെങ്കിൽ, യേശുവിന്റെ ഇന്ത്യയിലേക്കുള്ള യാത്രയുടെ അന്തിമലക്ഷ്യം എല്ലാ ഇസ്രായേലി ഗോത്രങ്ങളിലും സത്യപ്രബോധനം ചെയ്യുകയെന്ന തന്റെ കർത്തവ്യം പൂർത്തീകരിക്കുകയായിരുന്നുവെന്ന വസ്തുത കൂടുതൽ വിശദമായി തെളിയിച്ചുകാണിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. സുവിശേഷങ്ങളിൽ

അദ്ദേഹം വ്യക്തമാക്കീട്ടുള്ളതു ഈ യാഥാർത്ഥ്യമാണല്ലോ. അതിനാൽ, അദ്ദേഹം ഇന്ത്യയിലും കശ്മീരിലും വന്നിട്ടുണ്ടായിരിക്കാമെന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. നേരെമറിച്ച്, അദ്ദേഹം തന്റെ കടമകൾ പൂർത്തിയാക്കാതെയും നിർവ്വഹിക്കാതെയും സ്വർഗ്ഗത്തേയ്ക്ക് കരേറിപ്പോയി എന്നതാണ് ആശ്ചര്യാവഹമായിത്തീരുക! ഈ ചർച്ച ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു.

മിർസാ ഗുലാം അഹ്മദ്
മസീഹ് മൗഊദ്
ഖാദിയാൻ, ഗുർദാസ്പൂർ
1899 ഏപ്രിൽ 25

# അനുബന്ധം
# (APPENDICES)

## യേശുവിന്റെ ക്രൂശ്സംഭവം:
## പുനരുത്ഥാനമോ പുനരുജ്ജീവനമോ?
## RESURRECTION
## OR
## RESUSCITATION?

**മാർഗരറ്റ് ലോയിസ് ഡേവിഡ്**

(ബി.എ, ബി.ഡി; എസ്.ടി.ഡി)

**ട്രെവർ എ. ലോയിഡ് ഡേവിഡ്**

(എം.ഡി, എഫ്.ആർ.സി.പി.)

മനുഷ്യവംശത്തിന്റെ പാപപ്പൊറുതിക്കുവേണ്ടി യേശുക്രിസ്തു കുരിശിൽ പ്രാണത്യാഗം ചെയ്തുവെന്നാണ് ക്രിസ്തീയ ലോകം ഏകകണ്ഠമായി ഘോഷിക്കുന്നത്. 'കുരിശുമരണ'ത്തെയും (Crucifixion) 'പുനരുത്ഥാന'ത്തെയും (Resurrection) തങ്ങളുടെ മതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായി സ്വീകരിച്ച ക്രിസ്ത്യാനികൾ, പൗലോസ് അപ്പോസ്തലൻ പഠിപ്പിച്ചതനുസരിച്ച് "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു" (കൊരിന്ത്യൻ, 15:3) എന്നും "ക്രിസ്തു ഉയിർ ത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (കൊരിന്ത്യൻ I, 15:14) എന്നും "ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് നമ്മെ വിലക്കു വാങ്ങി" (ഗലാത്യർ, 3:13) എന്നും വിശ്വസിച്ചുപോരുന്നു.

യഹൂദർ പറയുന്നതാകട്ടെ, യേശു കള്ളപ്രവാചകനാകയാൽ തങ്ങൾ യേശുവെ കുരിശിൽ തറച്ചു കൊന്നുവെന്നും "തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവൻ" (ആവ.21:23) എന്ന തിരുവെഴുത്തുകൾ പ്രകാരം യേശു ശപിക്കപ്പെട്ടവൻ ആയിരുന്നുവെന്നുമത്രെ. യേശുവിന്റെ ആത്മാവ് സ്വർഗ്ഗത്തേയ്ക്ക് ഉയർത്തപ്പെടുകയല്ല, പാതാളങ്ങളിൽ (നരകത്തിൽ) പതിക്കുകയാണുണ്ടായതെന്നും യഹൂദർ ഘോഷിക്കുന്നു!

എന്നാൽ, കഴിഞ്ഞ ആയിരത്തിനാനൂറു കൊല്ലത്തിലേറെ കാലമായി വിശുദ്ധഖുർആനിൽ ഘോഷിച്ചുവന്നിട്ടുള്ളത് "അദ്ദേഹത്തെ അവർ (യഹൂദർ) വധിച്ചിട്ടില്ല; ക്രൂശിച്ചുകൊന്നിട്ടുമില്ല; മറിച്ചു, അവർക്ക് അദ്ദേഹം (ക്രൂശിക്കപ്പെട്ടവനെപ്പോലെ) സദൃശീകരിക്കപ്പെട്ടു" (4:157) എന്നും, "അവർ അദ്ദേഹത്തെ നിശ്ചയമായും കൊന്നിട്ടില്ല" (4:158) എന്നുമത്രെ.

ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ലെന്ന് കഴിഞ്ഞ രണ്ടു നൂറ്റാണ്ടു കാലത്തിനിടയിൽ എത്രയോ ബുദ്ധിരാക്ഷസന്മാർ പ്രഖ്യാപിക്കുകയും അതു സംബന്ധിച്ച ചർച്ച നടത്തുകയുമുണ്ടായി. അനേ

കം ഗവേഷണങ്ങൾ ഇതു സംബന്ധിച്ചു നടത്തിയിട്ടുമുണ്ട്. ക്രിസ്തു കുരിശിൽ മരിച്ചുവെങ്കിൽ മരിക്കാനുണ്ടായ ശരീരശാസ്ത്രപരമായ കാരണങ്ങൾ വ്യക്തമാക്കുന്നതിനു സൂക്ഷ്മമായ വിശകലനങ്ങൾ നടത്തേണ്ടതുണ്ടായിരുന്നു. അത്തരം വിശകലനങ്ങളിൽ ക്രൂശിൽ മരിച്ചുവെന്ന വിശ്വാസത്തിന്നൊരടിസ്ഥാനവുമില്ലെന്നാണ് തെളിഞ്ഞത്. ഈ യാഥാർത്ഥ്യം പല രൂപത്തിലും കൂടുതൽ കൂടുതലായി തെളിഞ്ഞുവരുമെന്ന് ഇസ്‌ലാമിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതുമാണ്. അതനുസരിച്ചുള്ള ഒരു വിശകലനപഠനമാണ് ഇവിടെ അനുബന്ധമായി ചേർത്തിട്ടുള്ളത്.

ക്രിസ്തുമത സംരക്ഷകൻ (Defender of the Faith) എന്ന ബഹുമതിപ്പട്ടം നല്കപ്പെട്ട ബ്രിട്ടീഷ് സിംഹാസനത്തിന്റെ അവകാശിയായ ബ്രിട്ടീഷ് രാജ്ഞിയുടെ മുൻരാജകീയ ചികിത്സകനായ ഡോ. ട്രെവർ എ.ലോയിഡ് ഡേവിഡും അദ്ദേഹത്തിന്റെ വൈദികവിദുഷിയായ പത്നിയും ചേർന്നു ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ ജർണലിൽ എഴുതിയ ഒരു ലേഖനത്തിൽ യേശു കുരിശിൽ തറച്ചതുകൊണ്ട് മരിച്ചിട്ടില്ലെന്ന് സൂക്ഷ്മവിശകലനം നടത്തി സ്ഥാപിച്ചിട്ടുള്ള കാര്യം ഇംഗ്ലണ്ടിലെ ക്രിസ്തീയ സഭകളിൽ വമ്പിച്ച കോളിളക്കം സൃഷ്ടിച്ച സംഭവമാണ്. 1991 ഏപ്രിലിൽ പ്രസിദ്ധപ്പെടുത്തിയ ഈ ലേഖനം ഇംഗ്ലണ്ടിൽ ഒരു വാർത്താവിപ്ലവം തന്നെ സൃഷ്ടിച്ചിരുന്നു.

– വിവർത്തകൻ

# പുനരുത്ഥാനമോ പുനരുജ്ജീവനമോ?

യേശുവിന്റെ കുരിശുസംഭവം സംബന്ധിച്ച മെഡിക്കൽ സ്റ്റോറി വളരെ ലളിതമാണ്. ഗത്ശമനയിലെ വിഷമപൂർണ്ണമായ ഒരു രാത്രിയ്ക്കുശേഷം യേശു അറസ്റ്റ് ചെയ്യപ്പെടുകയും തടവിലാക്കപ്പെടുകയും മോശെയുടെ ന്യായപ്രമാണത്തിന്നെതിരെ പ്രവർത്തിച്ചുവെന്നു ആരോപിക്കപ്പെട്ട നിലയിൽ തികച്ചും അനുഭാവശൂന്യമായ ഒരു ന്യായാസനത്തിനു മുമ്പിൽ, സുനേദ്രിയത്തിനു[1] മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്തു. യേശുവിനു കൊലശിക്ഷ വിധിയ്ക്കപ്പെട്ടതിനാൽ (വെള്ളിയാഴ്ച സൂര്യാസ്തമയത്തിനു മുമ്പേ[2] മരണം സംഭവിക്കണമെന്നുണ്ടായിരുന്നെങ്കിൽ തികച്ചും അസമർത്ഥമായി എന്നുതന്നെ പറയണം) റോമൻഗവർണ്ണറായ പൊന്തിയൂസ് പിലാത്തോസിന്റെ അടുക്കൽ കൊണ്ടുപോയി. സുനേദ്രിയം അസൂയയാലാണ് ഇപ്രകാരം പ്രവർത്തിച്ചിരുന്നതെന്നു പിലാത്തോസ് കാണുകയും, ലൂക്കോസിന്റെ സുവിശേഷപ്രകാരം യേശുവിനെ കൊലശിക്ഷയ്ക്കിരയാക്കുന്നത് ഒഴിവാക്കാൻ ഹെരോദാവുമായി കൂടിയാലോചന നടത്തുകയും ചെയ്തു. അവിടെ കൂടിനിന്ന ജനക്കൂട്ടത്തോടു യേശുവിനെ

---

1 ഇസ്രായേലിലെ 12 ഗോത്രങ്ങളിൽ ഓരോന്നിൽനിന്ന് 6 പ്രതിനിധികൾവീതം ഉൾക്കൊള്ളുന്നതാണ് സുനേദ്രീയം. നിരവധി പരിചാരകന്മാരുണ്ടാകും.

2 സുവിശേഷങ്ങൾ ഇക്കാര്യത്തിൽ ഖണ്ഡിതമായൊന്നും പറയുന്നില്ല. യേശുവിനെ രാത്രി വളരെ വൈകിയാണ് തടവിലാക്കിയത്. സുനേദ്രിയത്തിനുമുന്നിൽ (അതൊരു അടിയന്തിര യോഗമായിരിക്കണം) ഹാജരായതു അതിരാവിലേയും. പിലാത്തോസിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതാകട്ടെ ഉച്ചയ്ക്കും. അതായത്, പകൽ സമയം ആറു മണിക്കുമുമ്പേ, ചാട്ട അടി അടക്കമുള്ള പിന്നത്തെ സംഭവങ്ങളുടെ വിവരണത്തിൽ വ്യത്യാസമുണ്ട്. മൂന്നാം മണിക്കൂറിലാണ് അവർ അവനെ ക്രൂശിച്ചതെന്ന് മാർക്കോസ് പറയുന്നു(15:25) യോഹന്നാൻ സൂചിപ്പിക്കുന്നത് ആറാം മണിക്കുശേഷം (12 മണി) എന്നാണ്. ഈ ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയത്തോടെയാണ്. മോശയുടെ നിയമം പ്രമാണിച്ച നിലയിൽ യേശുവിന്റെ മരണം വെള്ളിയാഴ്ച അസ്തമയത്തിനു മുമ്പേ സംഭവിച്ചിരുന്നിരിക്കണം (ശനിയാഴ്ച ശബ്ബത്തു നാളാണല്ലോ!). ആറാം മണിനേരം മുതൽ (12 മണി) ഒമ്പതാം മണിവരെ (15 മണിക്കൂർ) അന്ധകാരം (സൂര്യഗ്രഹണം) ഉണ്ടായിരുന്നുവെന്നതിൽ മത്തായിയും മാർക്കോസും ലൂക്കോസും ഏകാഭിപ്രായക്കാരാണ്.

കൊല്ലാൻതന്നെ ഉത്തരവിട്ടതായി[3] പിലാത്തോസ് അറിയിച്ചു. മറ്റെല്ലാ കൊലപ്പുള്ളികളെയുംപോലെ ഇയ്യമണികളും ആട്ടിന്റെ മൂർച്ചയുള്ള എല്ലിൻകഷണങ്ങളും തൂക്കിയിട്ട അഞ്ചാറു തോൽ വാറുകൾ മെടഞ്ഞ ചാട്ടകൊണ്ടു യേശുവിനെ അവർ പ്രഹരിച്ചു. അതു കഠിനമായ നീറ്റലും പുകച്ചിലും വേദനയും ഉണ്ടാക്കുന്ന മുറിപ്പാടുകൾ സൃഷ്ടിച്ചു. എത്രതവണ അടിച്ചു എന്നറിയുന്നില്ല[4]. പടയാളികൾ കൊല്ലത്തിലൊരിക്കൽ വാർഷികച്ചടങ്ങായി ഒത്തുകൂടി മദിച്ചുല്ലസിക്കുന്ന സൈനികചത്വരത്തിൽ (Praetorium) അവർ യേശുവിനെ കൊണ്ടുപോയി. വളരെ ഇടുങ്ങിയ സ്ഥലത്ത് പട്ടാളക്കാരുടെ കൂട്ടം (600 ഓളം പേര്) ഒരുമിച്ചു കൂടിയാൽ ഹീനമായ എന്തും നടക്കുമെന്നു നിശ്ചയമാണല്ലോ. അതിനിടയിൽ യേശുവിന്റെ നെറ്റിത്തടത്തിൽ ഒരു കോലുകൊണ്ട് (ഗ്രീക്ക് കലമോസ്)[5] ഒരടി വീണു. ഇതുപക്ഷേ, പ്രാദേശികമായി റിക്രൂട്ട് ചെയ്ത പട്ടാളക്കാരെ സംബന്ധിച്ചിടത്തോളം[6] അധികാര ദണ്ഡിനുപകരമായുള്ള ഒരായുധമായിരുന്നു! ദൃക്സാക്ഷികളുടെ അഭാവത്തിൽ എന്തുനടന്നു എന്നതിനു രേഖകളില്ല. മൃഗീയമായ പെരുമാറ്റത്തിനാണെങ്കിൽ റോമൻ പടയാളികൾ ഒട്ടും കുറഞ്ഞവരല്ലതാനും.

നടുക്കം സൃഷ്ടിക്കുന്ന ക്രൂരവിനോദങ്ങൾ ദീർഘിപ്പിച്ചു

3. Penrose L.S."On the objective Study of Crowd Behaviour" Lond. H.K. Lewis 1952. 6-12.

4. Bucklin R. ക്രിസ്തുവിന്റെ വിചാരണയുടെയും മരണത്തിന്റെയും നിയമപരവും ദൈവശാസ്ത്രപരവുമായ വശങ്ങൾ – Science and Law 1970; 10:14-þ26 റോമക്കാർ മോശെയുടെ ന്യായപ്രമാണത്തിന്നെതിരായ കുറ്റങ്ങൾക്ക് നിശ്ചയിക്കപ്പെട്ട അടിയുടെ എണ്ണം നാല്പതിൽ വർദ്ധിപ്പിക്കില്ലെന്ന്– 39 ആണ് പ്രയോഗത്തിൽ– ബക്ക്ൾ തെറ്റായ നിലയിൽ കരുതുന്നു. മൂന്നിലൊരു ഭാഗം അടി മാറിടത്തിലും ബാക്കി പുറത്തും അടിക്കണം. കുറ്റവാളി മുന്നോട്ടാഞ്ഞ നിലയിൽ പുരോഹിതൻ ഈ ശിക്ഷ സിനഗോഗിൽവച്ച് പശുക്കുട്ടിയുടെ തോലുകൊണ്ടു മെടഞ്ഞുണ്ടാക്കിയ മൂന്നു വാറുള്ള ചമ്മട്ടികൊണ്ടു പ്രയോഗിക്കുന്നു.

5. ഗ്രീക്ക് മൂലത്തിൽ "കമലോസ്" എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ അർത്ഥം "ഞാങ്ങണക്കോൽ" അഥവാ ഞാങ്ങണ കൊണ്ടുണ്ടാക്കിയ ഏന്തു വടി, അമ്പ്, എഴുതാനുള്ള ഉപകരണം അണങ്ങണയെക്കാൾ കൂടുതൽ വസ്തുനിഷ്ഠമായ എന്തുമാകാം.

6. റോമൻ ഭരണകർത്താക്കൾ ചെങ്കോൽ, കയ്യിലേന്താറുണ്ടായിരുന്നില്ല.

കൂടായിരുന്നു. കഠിനമായ നൊമ്പരം നിമിത്തം നാഡീഭിത്തിക ളിൽ രക്തം കിനിഞ്ഞുകൂടി ശീർഷനാഡികളിൽ എരിച്ചിലുണ്ടാ ക്കുകയും അതു ഹൃദയത്തുടിപ്പിന്റെ താളവേഗം കുറക്കുകയും (Brady Cardia) ഉണ്ടായി. രക്തസമ്മർദ്ദവും നാഡിമിടിപ്പും വളരെ കുറയുകയും പിൻഭാഗത്തെ മുറിവുകളിൽനിന്ന് രക്തം കിനി ഞ്ഞൊഴുകുകയും ചെയ്തു. യേശു മണ്ഡപത്തിൽ നിവർന്നു നില്ക്കേണ്ടിവന്നിരുന്നു. അവിടെവച്ചുണ്ടായ പീഡനങ്ങളാലും നിന്ദനങ്ങളാലും ശരീരശാസ്ത്രപരമായ നഷ്ടപരിഹാരപ്രക്രി യകൾ തടസ്സപ്പെട്ടിരിക്കാനും സാദ്ധ്യതയുണ്ടായിരുന്നു. കൊല ശിക്ഷയ്ക്ക് വിധിക്കപ്പെട്ട എല്ലാവരേയുംപോലെ യേശുവിനും കൊലമരം (Patibulum) അഥവാ കുരിശു പ്രിട്ടോറിയത്തിൽനിന്ന് കൊലക്കളമായ ഗൊല്ഗോത്താവരെ 600–700 വാര (546–637) മീറ്റർ[7] ചുമക്കേണ്ടതുണ്ടായിരുന്നു. 7 അടി (2.1 മീറ്റർ) x 6 ഇഞ്ച് (15 സെ.മീ.) x 4 ഇഞ്ച് (10 സെ.മീ.) അളവിലുള്ള കട്ടിമരമാണെ ങ്കിൽ അതു 40 റാത്തൽ (18 കി.ഗ്രാം) തൂക്കം വരും. ഇതു ചുമ ക്കാൻ കഴിയാത്തവിധം യേശു ക്ഷീണിച്ചിരുന്നു.

യേശുവിന്റെ മുൻകൈകൾ മണിക്കണ്ടത്തിനു തൊട്ടുമുക ളിലായി കുരിശിന്മേൽ അതു നിലത്തുകിടക്കുമ്പോൾതന്നെ ആണി തറച്ചു ബന്ധിച്ചിരുന്നു. പെരുംഞരമ്പിനു പരിക്കേറ്റിട്ടി ല്ലെന്നാണ് തോന്നുന്നത്. പിന്നീട് കുരിശിനോടൊപ്പം യേശുവി നെയും ഉയർത്തിനിറുത്തി. അതിൽപിന്നെ കുരിശു തടിമര ത്തോടു ചേർത്തിട്ടു. അതോടെ കുരിശു സംവിധാനം പൂർത്തി യായി. യേശുവിന്റെ ചന്തി തടിമരത്തിൽനിന്നു ഉന്തിനിന്ന ഒരു താങ്ങിൽ കൊള്ളിച്ചുനിറുത്തി. നെരിയാണിയ്ക്കും കുതിഞര മ്പിനും ഇടയിലായി ആണിയടിക്കാൻ കഴിയുന്നതിന് കാൽമു ട്ടുകൾ ഇരുഭാഗത്തേയ്ക്കും പിണച്ചുവച്ചു.[8] യേശുവിന്റെ തല ഇപ്പോൾ കൂടിനിന്നവരിൽനിന്നു ഏതാണ്ടു 18 ഇഞ്ച് (45 സെ. മീ.) ഉയർന്നുകാണും; സാധ്യമായെങ്കിൽ അവരോടു സംസാരി

7. വാസസ്ഥലങ്ങൾ എവിടെയാണെന്നു നിശ്ചയമില്ല. അതിനാൽ കണക്കാക്ക പ്പെടുന്ന ദൂരവും സമയവും ഏറ്റവും നല്ല അഭ്യൂഹങ്ങളാണ്.
8. പാദങ്ങൾക്ക് താക്കം വെക്കുന്ന സമ്പ്രദായം പില്ക്കാലത്തുണ്ടായതാണ്.

ക്കാൻ കഴിയുംവിധംതന്നെ.

ഒരു വെള്ളിയാഴ്ചയാണ് യേശുവിനെ കുരിശിച്ചത്. മണിക്കൂറുകൾക്കുശേഷം (നിവേദനങ്ങൾ പ്രകാരം മൂന്നു) ഒരു സൂര്യഗ്രഹണം സംഭവിച്ചു. ഇതിൽപിന്നെ മൂന്നു മണിക്കൂറുകഴിഞ്ഞ് യേശു ഒരു ശബ്ദം പുറപ്പെടുവിച്ചു. ഇതിനു പലവിധത്തിലുള്ള വ്യാഖ്യാനങ്ങളും നല്കപ്പെട്ടിട്ടുണ്ട്. യേശു മരിച്ചുവെന്നതിൽ നോക്കിനിന്നവർക്ക് സംശയമുണ്ടായില്ല. ക്രൂശ് സംഭവം മൂലമുള്ള മരണം സാധാരണഗതിയിൽ മൂന്നുംനാലും ദിവസം വരെ നീണ്ടുനില്ക്കുന്നതും ധരാകർഷണത്തിന്നെതിരിൽ വളരെ പ്രയാസപ്പെട്ടു ശ്വാസം കഴിക്കാനുള്ള വെപ്രാളങ്ങളും പിടിപ്പും ഉണ്ടാക്കുന്നതുമായ ഒരു ദീർഘ പ്രക്രിയയാണ്.[9] ഇത്തരം കാര്യങ്ങളിൽ അത്യധികമായ അനുഭവപരിചയമുള്ള ആളായി കരുതപ്പെട്ട പിലാത്തോസ് താഴെയിറക്കാനുള്ള അനുവാദം നല്കുന്നതിനു മുമ്പേ യേശു മരിച്ചുകഴിഞ്ഞുവോ എന്നു ഉറപ്പുവരുത്തുന്നതിനുള്ള അന്വേഷണം നടത്തിച്ചു. ഗൊല്ഗോത്തായിൽ നിന്നു പിലാത്തോസിന്റെ കൊട്ടാരത്തിലേക്കുള്ള വഴിദൂരം കണക്കിലെടുത്താൽ യേശുവിനെ കുരിശിൽനിന്നു താഴത്തിറക്കാൻ പിലാത്തോസിൽനിന്ന് സമ്മതമെടുക്കുന്ന ഒന്നോ രണ്ടോ മണിക്കൂർ വേണ്ടിവന്നിരിക്കും. ഈ സംഭവവിവരണങ്ങളിലുള്ള മുഴച്ചുനില്ക്കുന്ന വലിയൊരു പോരായ്ക കുരിശിൽനിന്ന് ശരീരം ഇറക്കിയെടുക്കുന്നതു സംബന്ധിച്ച വിവരണം ഇല്ലെന്നുള്ളതാണ്. നാലു സുവിശേഷങ്ങളിൽ യോഹന്നാൻ[10] മാത്രമേ കുന്തം കൊണ്ട് വിലാപ്പുറത്ത് കുത്തിയപ്പോൾ രക്തവും വെള്ളവും തുളിച്ചുവന്നതായി പറയുന്നുള്ളൂ. അങ്ങനെ യഥാർത്ഥത്തിൽ സംഭവിച്ചുവെങ്കിൽ (ലാസറുടെ കഥ[11] മൂലവും മറ്റു കാരണങ്ങളാലും[12]

9. കുരിശിൽ തറച്ചുകൊല്ലൽ ഏറ്റവും ക്രൂരവും ഹീനവുമായ ശിക്ഷാരീതിയാണ്. Crudelissimum Laetertimumque supplicium - (In Verrem, V.64, The Verrineorations, Loeb Classical Library, London: Heinemann, 1928 - 1935). അത് അതിക്രൂരമാണെന്ന കാരണത്താൽ എ.ഡി. 351–ൽ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രൂശിച്ചു കൊല്ലൽ (Crucifixion) നിറുത്തലാക്കി.

10. യോഹന്നാൻ, 19:34

യോഹന്നാന്റെ വിശ്വാസ്യത വൈദ്യശാസ്ത്ര വീക്ഷണത്തിൽ സംശയാസ്പദമായിട്ടുണ്ട്) അതു ചമ്മട്ടി പ്രയോഗത്തിലുണ്ടായ ഒരു നീർകുമിള പടയാളി നേരംപോക്കിന് കുത്തിപ്പൊട്ടിച്ചതാവാം.[13,14]

ഒറിജിൻ (Origen) എ.ഡി. 185-254 - രക്തവും വെള്ളവും തുളിച്ചുവന്ന നിലയിലും യേശു മരിച്ചെന്നുതന്നെ വിശ്വസിച്ചെങ്കിലും മൃതദേഹത്തിൽനിന്ന് രക്തം കിനിയുകയില്ലെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി.[15] 1847ൽ സ്റ്റ്രൌഡ് (Stroud)[16] യേശുവിന്റെ മരണകാരണം കണ്ടുപിടിക്കാൻ പരിശ്രമിക്കുന്നതുവരെയും ആ വഴിക്ക് ഒരു ശ്രമവും നടത്തപ്പെട്ടിരുന്നില്ല. പ്രത്യക്ഷമായ തളർച്ചയെ പരിഗണിച്ചു ഹൃദയം നിശ്ചലമായതാണ് (Ruptured heart) മരണകാരണമെന്ന് അദ്ദേഹം വിശ്വസിച്ചു. അതേയവസരത്തിൽത്തന്നെ യേശു സ്വമേധയാ ആത്മാവിനെ വിടുകയാണോ ചെയ്തത് എന്ന പ്രശ്നം സ്റ്റ്രൌഡ് അനുഭാവപൂർവ്വം ചർച്ചചെയ്യുകയുമുണ്ടായി. 1887-ൽ റിസ്ഡൺ ബെന്നറ്റ് (Risdon Bennet)[17] "മാനസികപീഡനകളാലുണ്ടായ ഹൃദയത്തകർച്ചയാലാണ് (Rupture of heart from mental agony) യേശുവിന് മരണം സംഭവിച്ചതെന്നും അതു കുന്തംകൊണ്ടു വിലാപ്പുറത്ത് കുത്തേറ്റതിനെ തുടർന്ന് വർദ്ധിച്ചിരിക്കാമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു

11. യോഹന്നാൻ, 11:38
12. Barret C.K. - The Gospel according to St. John. London: SPCK, 1962, 461
13. Brown R.E. - Gospel according to John. The Anchor Bible London: Geoffry Chapman, 1978, Vol. 2, 935. Nyssein എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം നേരിയ മുനകൊണ്ട് സ്പർശിക്കുക, കുത്തുക, തുളയ്ക്കുക എന്നിങ്ങനെയാണ്. വൾഗേറ്റിൽ ഗ്രീക്ക്പാഠം തെറ്റായി വായിച്ചുകൊണ്ടു തുറക്കുക എന്നർത്ഥമുള്ള aperire എന്നാണ് അർത്ഥം നല്കീട്ടുള്ളത്. The AV and RSV use 'Pierced' to translate both nyssein and, more accurately. ekkentein in John 19:27.
14. Wilkinson J. യോഹന്നാൻ 19:34 ലെ രക്തവും വെള്ളവും തുളിച്ചുവന്ന സംഭവം Scot J. Theal 1975, 28:149 (Wilkinson was medically qualified and ordained.)
15. Origen, Contra Celsum, (trans.H.Chadwick), Cambridge: Cambridge University Press, 1953, 96
16. Stroud W-Treatise on the Physical Cause of the Death of Jesus Christ and its Relation to the Principles and Practice of Christianity. London: Hamilton & Adams, 1847, 489.
17. Risdon Bennett J. Diseases of the Bible, London: Religious Tract Society, 1887, 119 - 32 Sir James Risdon Bennett, FRS, was PRCP (London) 1876 - 1881

ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. **കാമറോണും** (Camaron)[18] **റെൻ ഡ്ൽഷോർട്ടും** (Rendle Short)[19] മാനസികാഘാതത്തെ തുടർന്ന് ആമാശയം വലുതായി വീർത്തുപോയതിനാലാണ് യേശുവിന്റെ മരണം സംഭവിച്ചതെന്നു വിശ്വസിച്ചു (Acute dilation of the stomach). കാമറോന്റെ അഭിപ്രായത്തിൽ അതുമാരകമായിരുന്നു. രക്ത വും വെള്ളവും തുളിച്ചുവന്നതിന്റെ കാരണമന്വേഷിക്കുന്നതി ലേറെ അവയുടെ ദൈവശാസ്ത്രപരമായ അർത്ഥങ്ങളിലാണ് റെൻഡൽഷോട്ടിന്ന് താൽപര്യം തോന്നിയത്. ഹൃദയത്തകർച്ച യാണ് മരണകാരണമെന്ന സ്റ്റ്രൌഡിന്റെ അഭിപ്രായത്തെ വൈദികശാസ്ത്രകാരണങ്ങളാൽത്തന്നെ അസംഭാവ്യമെന്നുവച്ച് അദ്ദേഹം തള്ളിക്കളഞ്ഞു. യേശു കുരിശിൽ മരിച്ചിട്ടേയില്ലെന്നു **പ്രിംറോസ്** (Primrose)[20] അഭിപ്രായപ്പെട്ടു. ശരീരാവയവങ്ങളുടെ പ്രവർത്തനം അത്യന്തം ബലഹീനമായ അവസ്ഥയിലാണ് ഉണ്ടാ യിരുന്നുത് (Somatic activities having been maintained at a very low level) എന്നും, ബാഹ്യമായി മരിച്ച നിലയിലായിരുന്നുവെന്നും അരിമത്യക്കാരനായ ജോസഫിനുവേണ്ടി നിർമ്മിച്ച കല്ലറക്കു ള്ളിൽ കൊണ്ടുവച്ചപ്പോൾ പൂർവ്വനില വീണ്ടെടുത്തുവെന്നും പ്രിംറോസ് അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വെള്ളം തുളിച്ചുവന്നതു വയറ്റിൽനിന്നായിരുന്നു. അതിനുകാ രണം യേശുവിനെ പുറത്തും വയറ്റത്തുമാണ് ചാട്ടവാർ അടിച്ച തെന്നു അദ്ദേഹം തെറ്റായി വിശ്വസിച്ചതാണ്. **വിൽകിൻസൺ** (Wilkinson)[21] ഈ ആശയത്തെ ഖണ്ഡിക്കുന്നു. യഥാർത്ഥത്തിൽ ഇതു ഊഹിച്ചുകൂടാത്തതാണ്. യേശു വേഗത്തിൽ മരിച്ചുപോ യതിനുള്ള കാരണം വിവരിക്കേണ്ടതിന്റെ ആവശ്യകതയെ വിൽ കിൻസൺ ചൂണ്ടിക്കാട്ടുകയും, സുവിശേഷകർത്താക്കൾ യേശു വിന്റെ അഭ്യൂഹിതമരണത്തെ വിവരിക്കാൻ ഉപയോഗിച്ച വ്യത്യ

---

18. Chameron JL - The Gospel according to Saint John (summarised by RGV Tasker). London: Tyndale Press. 1960.
19. Rendle Short A - The Bible and Modern Medicine, London: Paternoster Press, 1953, 95.
20. Primrose WR - A surgeon looks at the Crucifixion. Hobart J 1948; 47:387. Primrose was senion anaesthetist at Glasgow Royal Infirmary.
21. Wilkinson J - The physical cause of the death of Jesus Christ. Expository Times 1972; 83;104.

സ്ത ഗ്രീക്കു ക്രിയാപദങ്ങൾ[22] സ്വയമേവ ജീവൻ ഉപേക്ഷിക്കുന്നതിനെ കുറിക്കുന്നതായിരുന്നുവെന്നു എഴുതുകയും യേശു പുറപ്പെടുവിച്ച **മഹാശബ്ദം** അപ്രകാരമുള്ള കൈവെടിയലിനെ കാണിക്കുന്ന ഒന്നായിരുന്നുവെന്നു സൂചിപ്പിക്കുകയും ചെയ്യുന്നു.

**എഡ്വാഡ്സ് എറ്റ് അൽ** (Edwards at al) ഒരു പ്രബന്ധത്തിൽ[23] കുരിശുസംഭവത്തിന്റെ അസാധാരണമായ നിദാനശാസ്ത്രവിവരണത്തോടെ അവസാനിപ്പിക്കുന്നത് യേശു പുറപ്പെടുവിച്ച **മഹാശബ്ദം** ആപൽക്കരമായ എന്തോ സംഭവത്തിന്റെ മുന്നറിയിപ്പായിരുന്നുവെന്നും അതു കാരണമാണ് യേശു മരിച്ചതെന്നും പറഞ്ഞുകൊണ്ടാണ്. സംഭവിച്ചിരിക്കാവുന്ന കാരണം രക്തം കട്ടപിടിച്ചതോ രക്തം കുറഞ്ഞതോ പോലുള്ള ഒന്നാണെന്ന് (The likely cause was thrombotic or arrhithmic in nature) അവർ വിശ്വസിച്ചു. യേശു കുരിശിൽ മരിച്ചതു കഠിനമായ തളർച്ച, "ഹൈപോവോളീമിക്ക് ഷോക്ക്" എന്നിവ ഉൾപ്പെടെയുള്ള പല കാരണങ്ങളുടെയും കൂടിക്കുഴച്ചിൽ കൊണ്ടാണെന്ന വർ പറഞ്ഞുവെങ്കിലും ആ ആശയത്തെ കൂടുതൽ വിശദീകരിക്കാൻ അവർ മുതിരുന്നില്ല. വിലാപ്പുറത്ത് കുന്തം തുളച്ചു കടന്നിരിക്കാമെന്നതാണ് ഒരു വിവരണം. തീരെ നടന്നിട്ടില്ലാത്ത ഒരു സംഭവത്തിൽ വിശ്വാസം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതിനാൽ ഇതെത്രയും ദൗർഭാഗ്യകരമായിപ്പോയി!

**അനുമാനം:-** കൊലശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട എല്ലാവരുംതന്നെ ചാട്ടവാറുകൊണ്ട് പ്രഹരിക്കപ്പെട്ടിരുന്നു. എന്നാലും കുരിശു ചുമക്കാൻ കഴിയാത്തവണ്ണം അവരാരും അത്രയേറെ ക്ഷീണിച്ചുപോയിരുന്നില്ല. എന്നാൽ, യേശുവിനു മണ്ഡപത്തിൽ വച്ചു ഏല്ക്കേണ്ടിവന്ന പീഡനങ്ങൾ, മറ്റു കുറ്റവാളികൾക്ക് ചെയ്യാൻ കഴിഞ്ഞ കാര്യം അദ്ദേഹത്തിന് ചെയ്യാൻ കഴിയാത്ത ഒരവസ്ഥയുണ്ടാക്കി എന്നുള്ളതാണ് പ്രബലമായ നിഗമനം. കൂടു

22 Mark and Luke use exepneusen - he breathed out; Mathew apheken - he sent forth, let go; and John paredoken - he delivered up, handed over.

23 Edwards WP, Wesely JG. Hosmer FE. On the physical death of Jesus Christ. J Amer Med. Assoc. 1986; 255:1455.

തലായി തലയ്ക്ക് ഒരടിയേറ്റതു കുരിശിന്മേൽ വേഗത്തിൽ തളർന്നു കുഴഞ്ഞുപോകുന്നതിന് കാരണമായി. കുരിശിലേറ്റിയപ്പോൾ യേശുവിന് ഞെട്ടൽ (shock) ഉണ്ടായതുകൂടാതെ രക്തസമ്മർദ്ദം വളരെ കുറഞ്ഞതായി അനുഭവപ്പെടുകയും (Hypotensive) ചെയ്തു. തലച്ചോറിലേയ്ക്കുള്ള ചോരയോട്ടം കുറഞ്ഞുപോകയാൽ ബോധം നഷ്ടപ്പെടുകയുണ്ടായി. യേശുവിന്റെ ചർമ്മം ചാരനിറമാർന്നതും (Ashen Skin) ശരീരം ചലനരഹിതമായതും മരണമായി തെറ്റുധരിക്കാൻ ഇടയാക്കി. നോക്കിനിന്നവർ യേശു മരിച്ചുവെന്നുതന്നെ വിശ്വസിച്ചുവെന്നതിലൊരു സംശയവുമില്ല. യേശു പുറപ്പെടുവിച്ച **മഹാശബ്ദം** മോഹാലസ്യത്തിനു (Syncope) മുമ്പേയുണ്ടായ ഒച്ചയോടുകൂടിയ ശ്വാസംവിടലല്ലാതെ മറ്റൊന്നുമായിരുന്നില്ല. എന്താണ് ഒച്ചയിട്ടതെന്ന കാര്യത്തിൽ ഏകീകരിച്ച വിവരണമില്ലതാനും. തലച്ചോറിലേയ്ക്കുള്ള ഓക്സിജൻസപ്ലൈ വളരെ കുറഞ്ഞുപോയിരുന്നുവെങ്കിലും അപകടവിതാനത്തോളം താണിരുന്നില്ല. പിന്നീടു ശരീരം കുരിശിൽനിന്നിറക്കി തോട്ടത്തിലെ കല്ലറയിൽ കൊണ്ടുവച്ചതോടെ രക്തപരിവാഹം സാധാരണഗതിയിലായി. സൂര്യഗ്രഹണവേളയിൽ ഉണ്ടായ ശീതക്കാറ്റ് രക്തസമ്മർദ്ദം നിലനിറുത്താൻ സഹായകമാക്കി.

യേശു ജീവലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയപ്പോൾപിന്നെ കല്ലറയിൽവച്ചില്ല. ശബ്ബത്തിന്റെ തലേന്നാൾ രാത്രി ഖബ്റടക്കകർമ്മങ്ങൾ ഒഴിവാക്കുന്നതിനുദ്ദേശിച്ചിരുന്നിരിക്കാം. ശരീരം അവിടെനിന്നു എടുത്തുകൊണ്ടുപോയി കാത്തുസൂക്ഷിച്ചു.

യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷീകരണങ്ങൾ അതു യഥാർത്ഥമായാലും സാങ്കല്പികമായാലും പുനരുത്ഥാനത്തിന്റെയോ പുനരുജ്ജീവന്റെയോ അനിഷേധ്യദൃഷ്ടാന്തങ്ങളല്ല. സന്ദേഹാസ്പദമായ സ്വർഗ്ഗാരോഹണം[24] (Ascension) ഒഴിച്ചുനിറുത്തിയാൽ അദ്ദേഹത്തെ പിന്നീടുകണ്ടവർ ആരുമില്ല. യേശുവിന്റെ

24. കല്ലറയിൽ യേശുവിന്റെ ശരീരം സ്ത്രീ കാണാഞ്ഞപ്പോൾ സുവിശേഷങ്ങൾ ഒരൊറ്റ കാര്യത്തിൽ മാത്രമെ യോജിക്കുന്നുള്ളൂ. കല്ല് ഉരുട്ടി മാറ്റപ്പെട്ടിരിക്കുന്നു. യേശുവിനെ ആരും തന്നെ കണ്ടില്ല. (Visualised) മത്തായിയും (25:166) മാർക്കോസും(16:7) പറയു

**കാല്പനിക മരണത്തെ തുടർന്നുള്ള മണിക്കൂറുകളിലും ദിവ സങ്ങളിലും ആഴ്ചകളിലും ശിഷ്യന്മാരും സ്ത്രീജനങ്ങളും തങ്ങൾക്കു തീരെ നിയന്ത്രിക്കാനാവാത്ത വികാരതീവ്രത മൂല**

---

ന്നത് "അവൻ ഇവിടെ ഇല്ല" എന്നു ഒരു മാലാഖ അഥവാ ഒരു ചെറുപ്പക്കാരൻ പറഞ്ഞുവെന്നാണ് (ലൂക്കോസ് 24:16). മരിച്ചവരിൽ ജീവിച്ചിരിക്കുന്നവനെ നിങ്ങൾ തിരയുന്നതെന്തു? എന്നു അവർ ചോദിച്ചതായും നിവേദനം ചെയ്യുന്നു. യോഹന്നാൻ ആകട്ടെ, കൂടുതൽ കാരണങ്ങളടങ്ങിയ ഒരു കഥയാണ് അവതരിപ്പിച്ചിരിക്കുന്നത് (20:166). ശിഷ്യന്മാർ തങ്ങളുടെ വീടുകളിലേക്ക് പോയശേഷം മഗ്ദലനക്കാരി മറിയ ശൂന്യമായ കല്ലറയിൽ കുനിഞ്ഞുനോക്കിയപ്പോൾ തോട്ടക്കാരനെന്നു തെറ്റിദ്ധരിച്ച ഒരാൾ ഇരിക്കുന്നതു കണ്ടുവെന്നും എന്നിട്ടു യേശുവാണെന്ന് വിശ്വാസമായി എന്നതുമാണ് അതിൽ പറയുന്നത്. കല്ലറയുടെ ഉൾവശത്തെപ്പറ്റിയുള്ള (തോമസിന്റെ സാന്നിദ്ധ്യത്തിലോ അസാന്നിദ്ധ്യത്തിലോ) വിവരണം (20:19), (20:24) സംശയാസ്പദമായ തെളിവുകൾ ഉൾക്കൊള്ളുന്നതാണ്. ഗലീലയിൽ യേശുവിന്റെ സാന്നിദ്ധ്യം യോഹന്നാൻ അനുമാനിക്കുന്നുണ്ടെങ്കിലും (21:1) ആരെങ്കിലും കണ്ടതായി പറയുന്നില്ല. യരുശലേമിന് 7 നാഴിക അകലെ എമ്മാവുസ്സിലേക്കുള്ള വഴിയിൽ ഇതേ തരത്തിലുള്ള സംഭവം നടന്നതായി ലൂക്കോസ് (24:29) രേഖപ്പെടുത്തുന്നു. യേശുവിനെ ആരെങ്കിലും കണ്ടിരിക്കാമെന്നും ഒന്നാമത്തെ പ്രസ്താവന സ്വർഗ്ഗാരോഹണഘട്ടത്തിൽ, ബത്താനലയിലേക്കുള്ള "വഴിയിൽ അവർ നോക്കിനില്ക്കെ" (ഗ്രീക്കിൽ Blepo) എന്ന വാക്കുകളിലാണ് അടങ്ങിയിട്ടുള്ളത്. (അപ്പോ. പ്രവൃത്തികൾ 1:9)

ഈ പ്രത്യക്ഷീകരണങ്ങൾ സാങ്കല്പികതയുടെ സ്മരണികയായിരിക്കാമെന്ന ശക്തിമത്തായ അഭിപ്രായം ഗ്രീക്ക് മൂലത്തോട് യോജിക്കുന്നുണ്ട്. മത്തായിയും ലൂക്കോസും യോഹന്നാൻപോലും, ഈ പ്രത്യക്ഷീകരണങ്ങളെപ്പറ്റി വിവരിക്കുമ്പോൾ "ഹൊറാവോ" (Horao) എന്ന ഗ്രീക്ക് ക്രിയാപദമാണ് ഉപയോഗിച്ചിട്ടുള്ളത്. വസ്തുനിഷ്ഠമായ കാണൽ എന്നതിനോടൊപ്പം മനസ്സുകൊണ്ടു കാണുക, ദൃശ്യമാകുക, അനുഭവിച്ചറിയുക എന്നിങ്ങനെയും അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതാണ് ആ പദം. കേപ്പായ്ക്കും പന്ത്രണ്ടു പേർക്കും പിന്നീട് അഞ്ഞൂറിലധികം സഹോദരന്മാർക്കും യാക്കോബിനും തനിക്കും യേശു പ്രത്യക്ഷനായതിനെ വിവരിക്കുവാൻ പൗലോസ് ഇതേ വാക്കാണുപയോഗിച്ചിട്ടുള്ളത് (കൊരി, 15:5). പൗലോസിന്റെ കാര്യത്തിൽ ഡമസ്കസിലേക്കുള്ള വഴിയിൽവച്ചുണ്ടായ പ്രത്യക്ഷീകരണത്തിൽ യേശുവിന്റെ ശാരീരിക സാന്നിദ്ധ്യത്തിനു സാദ്ധ്യതയില്ലല്ലോ. മറ്റു പ്രത്യക്ഷീകരണങ്ങളും ഇതേതരത്തിലുള്ളതാണെന്ന് അദ്ദേഹം വ്യക്തമായും കരുതിയിരുന്നു.

"അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" എന്നിങ്ങനെയുള്ള യേശുവിന്റെ പ്രസ്താവന (യോഹന്നാൻ 16:16)യിൽ യേശു രണ്ടു വ്യത്യസ്ത ക്രിയാപദങ്ങളാണ് ഉപയോഗിച്ചതെങ്കിലും ഇംഗ്ലീഷിൽ ഇതു രണ്ടും "see"(കാണുക) എന്നാണ് പരിഭാഷപ്പെടുത്തീട്ടുള്ളത്. ആദ്യത്തെ കാണൽ (see) ഗ്രീക്കുഭാഷയിലെ 'തിയോറിയോ' (theoreo) എന്ന പദത്തിന്റെ തർജ്ജമയും (നേരിട്ടു പ്രത്യക്ഷമായിതന്നെ കാണുക എന്നാണിതിന്റെ അർത്ഥം) രണ്ടാമത്തെത് വീണ്ടും 'ഹൊറാവോ' (Horao) എന്ന പദത്തിന്റെ തർജ്ജമയും!

Lindard B (Bodily resurrectionb but not empty tomb theology 1986, 59:90) ശിഷ്യന്മാരുടെ മുന്നിൽ യേശുവിന്റെ പ്രത്യക്ഷീകരണങ്ങളെ വിശദീകരിക്കേണ്ടതിന്റെ ആവശ്യം കാരണമായിട്ടാണ് ഒഴിഞ്ഞ കല്ലറയെക്കുറിച്ചുള്ള കഥ ഉണ്ടായതെന്നും ശരീരികമായ ഉയിർത്തെഴുന്നേല്പ് തന്നെയായി അതിനർത്ഥം നല്കേണ്ടതായിട്ടില്ലെന്നും ചൂണ്ടിക്കാട്ടുന്നു.

മുള്ള മാനസിക വിഭ്രാന്തിക്ക് അടിപ്പെട്ടിരുന്നിരിക്കണം. വ്യക്തി പരവും കൂട്ടായുള്ളതുമായ ദർശനങ്ങൾ (Perceptions) സംഭവിച്ചിട്ടുണ്ടായിരുന്നിരിക്കാം. എന്നാൽ, നേരിട്ടുള്ള കണ്ടുമുട്ടലുകൾ (Visualisations) പ്രതീക്ഷിച്ചുകൂടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ അതിരുകടന്ന മാനസിക സംഘാതത്തിന്നിരയായി. ഉന്മാദപരമായ തോന്നലുകളും (ഇടവിട്ടുള്ള മറിച്ചുതോന്നലുകളും) അടിക്കടിയായി സംഭവിച്ചുകൊണ്ടിരുന്ന ഒരുതരം മസ്തിഷ്ക പ്രവർത്തനം അതുമൂലം നടക്കുകയായിരുന്നു.[25] തളർച്ചകളുടെ പോരാട്ടം (Battle fatigue) അഥവാ മസ്തിഷ്ക പ്രക്ഷാളനം (Brain-washing) എന്നെല്ലാം പറയാം. ശൗലിനെ (പൗലോസിനെ) പരമാർശിച്ചു പ്രതിപാദിക്കവെ, ആ മനശ്ശാസ്ത്രപരമായ പ്രക്രിയകളെ (Psychological Processes) ഒരു അന്വേഷണം, വെളിപാട്, ആദേശം എന്നിങ്ങനെ വിളിക്കാനാണ് **കൊഗ്ഗൻ** (Goggen)[26] ഇഷ്ടപ്പെട്ടത്. വീണ്ടുമൊരു ജീവിതത്തിന്റെ അനുഭവങ്ങൾ (Reliving experience) വികാരങ്ങൾ ഒഴിച്ചുമാറ്റാൻ സഹായകമാണ്. എന്നുവച്ചാൽ, ശിഷ്യരും സ്ത്രീകളുമെല്ലാം അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെ അണമുറിക്കുന്ന അനുഭവങ്ങളിലൂടെ (Abractions) കടന്നുനീങ്ങുകയും അങ്ങനെ ശാന്തിയും ദൃഢവിശ്വാസവും കൈവരിക്കുകയും ചെയ്തു.

മണ്ഡപത്തിൽവച്ചു നടത്തപ്പെട്ട ഹിംസകളാണ് യേശു തളർന്നു കുഴഞ്ഞുപോകാനും (Collapse) കാലേക്കൂട്ടി കുരിശിൽ നിന്നിറക്കപ്പെടുവാനും പിന്നീട് പുനരുജ്ജീവനം (Resuscitation) നടത്തപ്പെടാനും ഇടയാക്കിയത്. ശിഷ്യരിലും സ്ത്രീജനങ്ങളിലും കാണപ്പെട്ട വ്യക്തിഗതവും കൂട്ടായുള്ളതുമായ അഭിപ്രായപ്രകടനങ്ങൾ പിന്നീടുണ്ടായ പ്രത്യക്ഷീകരണങ്ങളുടെ റിപ്പോർട്ടുകൾക്ക് വിശദീകരണം നല്കുന്നു. ക്രൂശുസംഭവത്തെ വലയം ചെയ്യുന്ന ചരിത്രപരമായ സംഭവങ്ങളെ ഈ അനുമാനം അംഗീകരിക്കുന്നുവെങ്കിലും ആധുനിക വിജ്ഞാനത്തിന്റെ വെളിച്ച

25. Sargant W.'The mind Possessed' Lond. Hainemann. 1973, 13.
26. Coggan D Paul: Portrait of a Revolutionary London: Hodder & Stroughten, 1984, 37

ത്തിൽ എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്നു വിശദീകരിക്കുകയും ചെയ്യുന്നു.[27]

മതവിശ്വാസം ചിന്ത കയ്യൊഴിക്കണമെന്ന് ആവശ്യപ്പെടുകയോ ശാസ്ത്രീയമായി സ്വീകാര്യമല്ലാത്ത ധാരണകൾക്ക് സമ്മതമരുളുകയോ ചെയ്യുന്നില്ല. തെളിയിച്ചുകാണിക്കപ്പെട്ട അറിവുകൾ വിശ്വാസസംഹിതയിൽ ഉൾക്കൊള്ളുന്നതുകൊണ്ട് ചർച്ച്– ക്രിസ്തുമതം– കൂടുതൽ ശക്തിയാർജ്ജിക്കുകയേ ഉള്ളൂ. അങ്ങനെ ചെയ്യാനൊരുങ്ങുന്നില്ലെങ്കിൽ അവശേഷിക്കുന്നത് കണ്ണടച്ച വിശ്വാസം മാത്രമാകും. അധികമാളുകളുടെയും വകതിരിവില്ലാത്ത വിശ്വാസത്തിന്റെയും (Credulity) അപ്പുറത്തുള്ളതാണിത്.

**നന്ദി:** പ്രോത്സാഹനങ്ങൾ നല്കിയതിന് പ്രൊഫസർ, ആർ. എഫ്. എസ്.ഷില്ലിംഗ്, CBE, MD, FRCP അവർകൾക്ക് ഞങ്ങൾ നന്ദിപറയുന്നു.

The Observer, 28-04-1991

---

27. കുരിശിൽ എന്ത് സംഭവിച്ചുവെന്നാർക്കും ഒന്നുമറിയില്ല. മറിച്ചൊരഭിപ്രായം ഉന്നയിക്കാൻ ആഗ്രഹിക്കുന്നവർ:

a) യേശു സമയത്തിനുമുമ്പേ അപ്രത്യക്ഷമായ നിലയിൽ കുരിശിന്മേൽ കുഴഞ്ഞു വീണുപോയത് (Collapse) സംബന്ധിച്ചു വിശദീകരണം നല്കുകയും ഇന്നത്തെ മെഡിക്കൽ അറിവുകളുടെ വെളിച്ചത്തിൽ പരിചിന്തിക്കുകയും വേണം.

b) മത്തായിയുടെ സുവിശേഷപ്രകാരം, പിലാത്തോസിന്റെ കല്പനയനുസരിച്ച് യേശുവിനെ കല്ലറയിൽ വെച്ചിട്ടുണ്ടായിരുന്നുവെങ്കിൽ പടയാളികളായ കാവൽക്കൂട്ടംകൊണ്ടു സംരക്ഷണം ഉറപ്പുവരുത്തപ്പെട്ടനിലയിൽ അദ്ദേഹം രക്ഷപ്പെട്ടതെങ്ങനെയെന്നു വിശദീകരിക്കണം. അദ്ദേഹം മരിച്ചുപോയിരുന്നെങ്കിൽ, റോമക്കാർക്കും സുനേന്ദ്രിയർക്കും അവരുടെ വ്യാപകമായ രഹസ്യാന്വേഷണസംഘങ്ങൾ മുഖേന ശരീരം കണ്ടെത്താൻ കഴിയാതെ വന്നതെങ്ങനെ? അങ്ങനെ ചെയ്തിരുന്നെങ്കിൽ, അവരങ്ങനെ ചെയ്തിട്ടുണ്ടായിരുന്നുവെന്നു പറയുന്നതുതന്നെ കൈവരുത്തുമായിരുന്ന പ്രശ്നങ്ങൾ വമ്പിച്ചതാണ്.

c) മുഴുവൻ സംഭവവും യേശുവും അദ്ദേഹത്തിന്റെ ശിഷ്യന്മാരും– മിക്കവാറും ഇതു തോട്ടത്തിൽവച്ചുതന്നെയായിരിക്കണം – മരണമാണെന്നു വരുത്തിക്കൂട്ടി സമയത്തിനു മുമ്പേ ശരീരം കുരിശിൽനിന്നുമിറക്കിയെടുക്കണമെന്നു മുൻകൂട്ടി ആലോചിച്ചു തീർച്ചപ്പെടുത്തിയതായിരുന്നുവോ എന്നു പരിചിന്തിക്കണം.

d) രക്തം തുളിച്ചുവന്നതിനെപ്പറ്റി യോഹന്നാനിൽ (19:34) പറഞ്ഞത് ശരിയാണെങ്കിൽ യേശു ക്രൂശീകരണം (Crucifixion) കൊണ്ടല്ല, കുന്തംകൊണ്ടു കുത്തിയ മുറിവ് കാരണമാണ് മരിച്ചതെന്ന വാദം സ്വീകരിക്കണം!